T63.1
K96.

# ജീവിതം പൂവണിയുന്നു



എഫ്രേം കുന്നപ്പള്ളി

# ജീവിതം പൂവണിയുന്നു

രചയിതാവ്:

എഫ്റേം കുന്നപ്പള്ളി

T. 631 / K. 96
DHARMARAM COLLEGE LIBRARY, BANGALORE. 4813
P20

പ്രസാധകർ:

എസ്. എച്ച്. ലീഗ്,

ആലുവാ നോർത്ത്, P. O.

വില രൂ. ഒന്ന്.

ഒന്നാം പതിപ്പ്
മാർച്ച് 12, 1958

കോപ്പി 2000

NIHIL OBSTAT

Fr. Michael Angel, O. C. D.
*Rector, Ap. Seminary.*

Alwaye,
1-3-1958.

IMPRIMATUR

† **Joseph Attippetty,**
*Archbishop of Verapoly.*

Ernakulam,
3-3-1958.

പ്രകർപ്പവകാശം 'ലീഗി'ന്

---

PRINTED AT THE
MAR LOUIS MEMORIAL PRESS,
ALWAYE

# ഒരുവാക്ക്

ഭാവിയെക്കുറിച്ചു ചെറുപ്പത്തിലേതന്നെ മധുരക്കിനാക്കൾ കൊരുത്തുവയ്ക്കുക ചിന്താശക്തിയുള്ള മനുഷ്യനെ സ്സംബന്ധിച്ചിടത്തോളം നൈസർഗ്ഗികമായ ഒരു പ്രവണതയാണ്. ഞാൻ വളന്നു യൗവനത്തിൻെറ പടിവാതിൽ കടന്നുകഴിയുമ്പോൾ ഏതു ജീവിതപഥം തിരഞ്ഞെടുക്കണം? അല്ലെങ്കിൽ, എൻെറ കലാലയജീവിതം മുഴമിക്കുമ്പോൾ ഞാൻ ഏതു ജീവിതത്തുറയിലേക്കാണു കടന്നുനില്ക്കേണ്ടതു്?

ജീവിതത്തെ ആനന്ദത്തിൻെറ മണിയറയാക്കിപ്പകത്തുന്നതും നിരാശയുടെ നീർച്ചുഴിയാക്കിത്തകർക്കുന്നതും തങ്ങൾ തിരഞ്ഞെടുക്കുന്ന ജീവിതാവസ്ഥയാണെന്നുള്ള പരമാത്ഥം യുവഹൃദയങ്ങൾ പഠിച്ചുവച്ചിരുന്നെങ്കിൽ! ഭാവിജീവിതത്തിൻെറ ഭാഗധേയങ്ങൾ ഒുരുശതമാനവും ഈ തിരഞ്ഞെടുക്കലിനെ ആശ്രയിച്ചാണിരിക്കുന്നതെന്ന വിലപ്പെട്ട തത്വം അവർ മനസ്സിലാക്കിയിരുന്നെങ്കിൽ! എങ്കിൽ, ജീവിതവസന്തത്തിലേക്കു കാലുകുത്തിയിരിക്കുന്ന യുവതീയുവാക്കന്മാർ തങ്ങളുടെ ദൈവവിളി ഏതെന്നു കണ്ടെടുക്കുന്ന കാര്യത്തിൽ വളരെയധികം ചിന്തിച്ചതിനുശേഷം മാത്രമേ ഒരന്തിമതീരുമാനത്തിലെത്തിച്ചേരുകയുള്ളു.

ഹൃദയത്തിൽ ആനന്ദം പരത്തുന്ന ആയിരമായിരം മധുരപ്രതീക്ഷകളുമായിട്ടാവാം യുവഹൃദയങ്ങൾ ജീവിതത്തിൻെറ ഈ വഴിത്തിരിവിൽ വന്നു നില്ക്കുക! ദാമ്പത്യമലക്കാവിൽ കടന്നുനിന്നുകൊണ്ടു ദൈവത്തിനും രാജ്യത്തിനും തിരുസ്സഭയ്ക്കുംവേണ്ടി പണിയെടുക്കണമോ? അന

കരണാർഹനായ ഒരു പിതാവ് അല്ലെങ്കിൽ, സ്നേഹമയിയായ ഒരു മാതാവ് എന്ന നിലയിൽ ജീവിതത്തെ വിലയിരുത്തണമോ? അതോ, രക്തവും മാംസവുമുള്ള മനുഷ്യന് ആഗ്രഹിക്കാവുന്നതിൽ ഏററം വലിയ പദവിയെ ആഗ്രഹിക്കണമോ? ജീവിതമലരിനെ വിടിൎന്ന വിതുമ്പുന്ന സുഭഗതയിൽത്തന്നെ ദൈവത്തിനായി സമൎപ്പിച്ചുകൊണ്ടു് അവിടുത്തെ സ്നേഹൈക്യത്തിൽ ഒട്ടിച്ചേൎന്ന നിന്നുകൊണ്ടു്, മഞ്ഞും മഴയും കൂട്ടാക്കാതെ കല്ലും മുള്ളും ചവിട്ടിക്കടന്നു് ആത്മാക്കളുടെ രക്ഷയെപ്രതി ആജീവനാന്തം പണിയെടുക്കണമോ? ഒരു വൈദികനായിത്തീരണമോ? അല്ലെങ്കിൽ ഭൗതികജീവിതത്തെ മധുരിപ്പിക്കുന്ന എല്ലാ ചിന്തകളേയും വിട്ടകന്നു് ഏകാന്തതയിൽ നാഥനോടുകൂടിയിരുന്നു സല്ലപിക്കണമോ? ദൈവസ്നേഹത്തിൻെറ മുരളികയൂതിക്കൊണ്ടു് ഒരു സ്നേഹഗായികയായി—ദിവ്യനാഥൻെറ സ്നേഹമണവാട്ടിയായി വിരാജിക്കണമോ?

ഇതിനൊരുത്തരം കണ്ടെടുക്കുവാൻ വളരുന്ന തലമുറയെ സഹായിക്കണമെന്നുള്ളതാണു്, ദൈവവിളിയുടെ സാന്ദ്രധ്വനി ഹൃദയത്തിൻെറ വെൺഭിത്തികളിൽത്തട്ടി കുഞ്ഞലകൾ സൃഷ്ടിക്കുമ്പോൾ ആ മധുരസ്വരത്തിനു ചെവികൊടുക്കുവാൻ അവരെ ഉണർവ്വുററവരാക്കണമെന്നുള്ളതാണു് ഈ കൊച്ചുപുസ്തകത്തിൻെറ ലക്ഷ്യം. അനശ്വരമായ ജീവിതവിജയങ്ങൾ നേടിയെടുക്കുവാൻ അവർ തിരഞ്ഞെടുക്കുന്ന ജീവിതത്തുറ അവരെ കഴിവുററവരാക്കട്ടെ!

ഒരു അനുഗ്രഹീത ഗ്രന്ഥകാരനായ റവ. ഫാ ഫുൾജെൻസ് മേയർ O. F. M. Cap-ൻെറ "Youth's Pathfinder" എന്ന ഗ്രന്ഥം കൺമുമ്പിൽ വച്ചുകൊണ്ടുതന്നെയാണു്

ഈ പുസ്തകം കരുപ്പിടിച്ചത്. നാട്ടുരീതിയുമായി പൊരു ത്തപ്പെടുത്തുവാൻ പലതും വിട്ടുകളയുകയും പലതും കൂട്ടി ച്ചേർക്കുകയും ചെയ്തിട്ടുണ്ടു്. അതിനു മററുചില ഗ്രന്ഥ ങ്ങളും എനിക്കു സഹായകമായിട്ടുണ്ടു്.

എൻെറ പിതൃസഹോദരൻ റവ. ഫാ. ജോൺ കുന്ന പ്പള്ളിയോട്ട് എനിക്കുള്ള കടപ്പാടു് വാക്കുകളിൽ ഒതുക്കി നിറുത്താവുന്ന ഒന്നല്ല. ഇതിലെ ഭാഷാപരമായ വികല തകൾ പോക്കിയെടുക്കുവാൻ ഓരോ വാക്കിലൂടെയും അദ്ദേ ഹത്തിനു കണ്ണോടിക്കേണ്ടതായി വന്നിട്ടുണ്ടു്. പിതൃനിർ വിശേഷമായ സ്നേഹവാത്സല്യത്തോടെ എല്ലാകാര്യങ്ങളിലും എനി ക്കു സഹായഹസ്തം നീട്ടിത്തരുന്ന അദ്ദേഹത്തിനു് എൻെറ സ്നേഹത്തിൻെറയും കൃതജ്ഞതയുടേയും കൈക്കുമ്പിൾ ച്ചാർത്തുകൾ!

ഈ എളിയ ഉദ്യമത്തിൽ എന്നെ സഹായിച്ച എ ൻെറ സുഹൃത്തുക്കൾക്കു കൃതജ്ഞത ചൂടിയ കൂപ്പുകരങ്ങൾ!

രചയിതാവു്.

ആയിരത്തിത്തൊള്ളായിരത്തി
അൻപത്തെട്ടു മാർച്ചു പന്ത്ര
ണ്ട്—അന്നാണു ക്രിസ്തുനാഥ
ൻെറ പുരോഹിതനായി ഞാൻ
അഭിഷേചിക്കപ്പെട്ടതു്!

ആയിരത്തിത്തൊള്ളായിരത്തി
അൻപത്തെട്ടു മാർച്ചു പതി
മ്മൂന്ന്—അന്നാണു വിണ്ണിൽ
നിന്നും മണ്ണിലേക്ക് ഇറങ്ങിയ
ദൈവകുമാരൻ എൻെറ പാ
വപ്പെട്ട കരങ്ങളിൽ എഴുന്നരു
ളിയതു്!

എൻെറ ജീവിതവല്ലരി പൂ
ക്കൾചൂടിയ ആ പൊൻദിന
ങ്ങളുടെ മായാത്ത മധുരസ്മര
ണയെ നിറംകെടാതെ നില
നിറുത്തുവാൻ!

രചയിതാവു്.

# പേജുകളിൽ


| | | | |
|---|---|---|---|
| | ഒരുവാക്ക് | | iii |
| I. | ജീവിതരംഗത്ത് | .... | 1 |
| II. | മുന്തിരിത്തോപ്പിലേക്ക് | .... | 21 |
| III. | ക്രിസ്തുവിന്റെ പണിയാളർ | .... | 42 |
| IV. | ആനന്ദത്തിന്റെ ഉറവിടം | .... | 68 |
| V. | ജീവിതത്തെ ആനന്ദിപ്പിക്കുവാൻ | | 99 |
| VI. | അണിയഞ്ഞൊരുങ്ങുമ്പോൾ | .... | 125 |
| VII. | ദാമ്പത്യമലക്കാവിൽ | .... | 158 |

I

# ജീവിതരംഗത്ത്

## "ഞാൻ ഫിഡിൽ വായിച്ചുകൊണ്ടിരിക്കും"

ആയിരത്തിയെഴുന്നൂററിത്തൊണ്ണൂററിമൂന്നിലെ ഒരു ശരൽകാലരാത്രി. പൊന്നണിത്താരങ്ങൾ മിന്നിപ്പൊലിയുന്ന നീലാകാശത്തിൻ്റെതാഴെ പാരീസ്സ്നഗരം ഉറങ്ങിക്കിടക്കുകയായിരുന്നു. മാനംമുട്ടെ ഉയർന്നുനിന്നിരുന്ന മണിമാളികകളിൽ നിലാവൊളി അപ്പോഴും പററിപ്പിടിച്ചിരുന്നു. ചന്ദ്രികച്ചാർത്തണിഞ്ഞ ആ രാത്രിയിലും കഴിഞ്ഞുപോയ രക്തവിപ്ലവത്തെക്കുറിച്ചുള്ള പേക്കിനാവുകൾ പാരീസിനെ പേടിപ്പെടുത്തുന്നുണ്ടാവണം.

അപ്പോഴും തെരുവിൻെറ ഒരു കോണിൽനിന്ന് ഒരു സുന്ദരഗാനം ഉയരുന്നുണ്ട്. അതിൻെറ മധുരമധുരമായ കുഞ്ഞലകൾ അന്തരീക്ഷത്തെ ഇക്കിളി കൊള്ളിക്കുന്നു.

രണ്ടുപേർ അങ്ങോട്ടു നടന്നടുത്തു. നിയമത്തെ നിലനിറുത്തുവാൻ രാഷ്ട്രത്തിൻെറ ശമ്പളം പററുന്നവരാണവർ.

"നിറുത്തു നിൻെറ പാട്ട്. ങ്ഉം, രാത്രിയിലും പാട്ട്!" അവർ ആക്രോശിച്ചു.

തൻെറ ഫിഡിൽ മാറത്തടുക്കിപ്പിടിച്ചുകൊണ്ട് ആ ഗായകൻ എഴുന്നേററുനിന്നു.

"നിങ്ങളെ അറസ്റ്റ് ചെയ്തിരിക്കുന്നു."

അയാൾ ഞെട്ടിപ്പോയി.

"ഞാനാക്കും ഒരുപദ്രവവും വരുത്തിയില്ലല്ലോ."

"ഉപദ്രവം വരുത്തിയില്ലെന്നോ? നിങ്ങൾ ഒരു ചാരനാണെന്നു തെളിവു കിട്ടിയിരിക്കുന്നു. മനസ്സിലായോ?"

"ഞാനോ!"

"അതേ, നീ തന്നെ."

"ഞാൻ ആരുടേയും ചാരനല്ല."

"അക്കാര്യം കോടതിയിൽ പറയൂ" അവർ പുച്ഛരസത്തിൽ പൊട്ടിച്ചിരിച്ചു.

അയാൾ കോടതിയിൽ ഹാജരാക്കപ്പെട്ടു. അപ്പോഴും പിരിയാച്ചെങ്ങാതിയായ തൻെറ ഫിഡിൽ ഒരു നിധിപോലെ അയാൾ വലംകൈയിൽ അമത്തിപ്പിടിച്ചിരുന്നു. യാതൊരു ക്രൂസലുമില്ലാതെയുള്ള അയാളുടെ നില അധികാരികളെ വിസ്മയം കൊള്ളിച്ചു. നിരുപദ്രവനായ, മനുഷ്യസ്നേഹിയായ, ഒരു മനുഷ്യൻ നീതിന്യായാധികാരികളുടെ മുമ്പിൽ എന്തിനു ഭയപ്പെടണം?

"നിങ്ങളുടെ പേരു്?" ജഡ്ജി ചോദിച്ചു.

"പൊപ്പോ." വിനീതനായി അയാൾ ഉത്തരംപറഞ്ഞു.

"നിങ്ങളുടെ തൊഴിൽ?"

"ഫിഡിൽവായന."

"സ്വേച്ഛാധിപതിയായ ലൂയി പതിനാറാമൻ ജീവിച്ചിരുന്നപ്പോഠം നിങ്ങഠം എന്തു ചെയ്യുകയായിരുന്നു?"

"ഞാൻ ഫിഡിൽ വായിച്ചുകൊണ്ടിരുന്നു."

"ഇപ്പോഠം നിങ്ങഠം എന്തു ചെയ്യുന്നു?"

"ഫിഡിൽ വായിക്കുന്നു."

"ആകട്ടെ, ഇനിയും നിങ്ങഠം ജനങ്ങഠംക്കുവേണ്ടി എന്തു ചെയ്യും?"

"ഞാൻ ഫിഡിൽ വായിച്ചുകൊണ്ടിരിക്കും."

ഒരുദിനം നമുക്കും വന്നണയും. അന്നു ദൈവത്തിൻെറ ന്യായാസനത്തിങ്കൽ നാമോരോരുത്തരും നില്ക്കുവാനുള്ളവരാണു്. നീ എന്തെങ്കിലും അസാധാരണകൃത്യം ചെയ്തുവോ എന്നു നമ്മോടാരോടും അവിടുന്നു ചോദിക്കുകയില്ല. മറിച്ചു്, നിനക്കു നല്കിയ ജീവിതാവസ്ഥയെ നീ എങ്ങനെ വിലമതിച്ചു, സ്നേഹിച്ചു? അതിൻെറ കടമകളെ നീ എങ്ങനെ നിറവേററി? ആ ജീവിതാവസ്ഥയിൽ കാലുറപ്പിച്ചു നിന്നുകൊണ്ടു് നിൻെറ അനുദിനകൃത്യങ്ങളെ നീ എത്രമാത്രം വിശുദ്ധീകരിച്ചു? ഇതായിരിക്കും അവിടുന്നു നമ്മോടു ചോദിക്കുക.

നാം ഏതു ജീവിതാവസ്ഥയിലേക്കുവിളിക്കപ്പെട്ടിരിക്കുന്നുവോ അതുതന്നെയാണു നമ്മുടെ ജീവിതവല്ലരികളെ തളിരണിയിക്കുവാനുള്ള ഏകമാൎഗ്ഗം. അതാണു നമ്മെ ഓരോരുത്തരേയും സംബന്ധിച്ചിടത്തോളം ദൈവത്തിൻെറ മനോഹരമായ പ്ലാൻ. വി. അപ്പസ്തോലൻ നമ്മെ ഉൽബോധിപ്പിക്കുന്നു: "ഒരുവിധത്തിലുള്ളതായിട്ടും മറെറാരുവിധത്തിലുള്ളതായിട്ടും ഓരോരുത്തനും ദൈവത്തിൽനിന്നു ദാനം നല്കപ്പെട്ടിട്ടുണ്ടു്. എൻെറ സഹോദരന്മാരേ, ഓരോരു

ത്തനും ഏതിൽ വിളിക്കപ്പെട്ടുവോ അതിൽത്തന്നെ ദൈവസന്നിധിയിൽ നിലനില്ക്കട്ടെ" (1 കൊറ. 7:7, 24).

## ജീവിതവേദിയിൽ

ജീവിതം ഒരു നടനരംഗമാണ്. നാമെല്ലാവരും നടന്മാരും. ജീവിതനാടകത്തിന്റെ മാനേജരും ഡയറക്ടരും ദൈവമാണ്. അവിടുന്നാണ്, ഓരോരുത്തർക്കും അഭിനയിക്കേണ്ട ഭാഗങ്ങൾ വിഭജിച്ചു കൊടുക്കുന്നത്. അതനുസരിച്ചു നാമഭിനയിക്കണം. നാടകവേദിയിൽ പേരെടുത്ത നടീനടന്മാർക്കു മിക്കവാറും ഒരു വിഷയത്തിൽ മാത്രമേ വിജയകരമായി മികച്ച പാടവത്തോടെ അഭിനയിക്കുവാൻ കഴിയൂ. മററ് ഏതു 'പാട്ട്'കെട്ടിയാലും അവർ ശോഭിക്കുകയില്ല. ഇതുപോലെ, ദൈവവും ഓരോ വ്യക്തിയെയും ഓരോ ജീവിതത്തുറയിലേക്കു തിരഞ്ഞെടുക്കുന്നു. ദൈവഹിതത്തിനനുസരണമായി ആ ജീവിതത്തുറ സ്വീകരിക്കുകയും ഉചിതമായ ഉത്സാഹത്തോടും ശ്രദ്ധയോടുംകൂടി മുന്നേറുകയും ചെയ്യുന്നവൻ തീർച്ചയായും പ്രശസ്തമായ ജീവിതവിജയങ്ങൾ കൈവരിക്കും; മഹത്തായ സൗഭാഗ്യം ആസ്വദിച്ചറിയുകയും ചെയ്യും. മറിച്ച്, താൻ വിളിക്കപ്പെടാത്ത ഒരു ജീവിതത്തുറയിലേക്കു വലിഞ്ഞുകയറുന്നവൻ പരാജയത്തിലും നൈരാശ്യത്തിലുമായിരിക്കും ചെന്നു പതിക്കുക. ഉഷ്ണമേഖലകളിൽ തഴച്ചുവളരുന്ന പല ചെടികളും ശീതമേഖലകളിൽ മുരടിച്ചു നശിക്കുക സാധാരണമാണ്. അതുപോലെതന്നെ, ദൈവനിർദ്ദിഷ്ടമായ ജീവിതത്തുറയിൽ ഒരുവൻ അതിനിപുണനായി പരിലസിച്ചേക്കാം. എന്നാൽ, മറെറാരു തുറയിൽ അയാൾ വെറുമൊരു മഠയനായിത്തീരുവാനുംമതി.

## മൂന്നിൽ, ഒന്നു നിങ്ങളുടേതു്

ഭാവിജീവിതം ഭാസുരമാക്കിത്തീൎക്കുവാൻ പരിശ്രമിക്കുന്ന യുവതിടമ്പുകൾ ആദ്യം ചെയ്യേണ്ടതു തങ്ങളുടെ ദൈവവിളി എന്തെന്നു മനസ്സിലാക്കുകയത്രേ. തികച്ചും ആദ്ധ്യാത്മികമായ ഒരു കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണു ദൈവവിളിയെപ്പററി ഇവിടെ പരാമൎശിക്കുക.

മൂന്നു തരത്തിലുള്ള ദൈവവിളികളുണ്ടു്. ഒന്നു്: ബ്രഹ്മചൎയ്യമോ കന്യകാത്വമോ മരണംവരെ പാലിച്ചുകൊണ്ടു ലോകത്തിൽത്തന്നെ ജീവിക്കുക. രണ്ടു്: ദൈവത്തിനു തന്നെത്തന്നെ മുഴുവനായി ഉഴിഞ്ഞുവച്ചുകൊണ്ടു വൈദികവൃത്തിയോ സന്യാസജീവിതമോ കൈവരിക്കുക. മൂന്നു്: വൈവാഹികജീവിതത്തിൽ പ്രവേശിക്കുക. ഈ മൂന്നിൽ ഒന്നാണു്, എല്ലാമനുഷ്യൎക്കും ദൈവം നിശ്ചയിച്ചിരിക്കുന്നതു്. തങ്ങളുടെ ദൈവവിളി ഇതിലേതാണെന്നു കണ്ടുപിടിക്കുക യുവജനങ്ങളുടെ അതിപ്രധാനമായ കൎത്തവ്യമാണു്. ഈ തിരഞ്ഞെടുപ്പു ജീവിതത്തിൽ കാലേക്കൂട്ടിത്തന്നെ നടത്തുകയും വേണം; എങ്കിലേ, യഥാസമയം അണിഞ്ഞൊരുങ്ങുവാൻ സാധിക്കൂ; സമയം വന്നണയുമ്പോൾ തങ്ങളുടെ ഭാഗം തന്മയത്വത്തോടേ അഭിനയിച്ചു വിജയംവരിക്കുവാൻ കഴിവുററവരാകൂ.

യുവജനങ്ങളിൽ ഒരു ന്യൂനപക്ഷം മാത്രമേ ആദ്യത്തെ സെററിൽ പെടുന്നുള്ളു. ചിലൎക്കു വൈദികവൃത്തിയിലേക്കോ ആശ്രമജീവിതത്തിലേക്കോ ആകൎഷണം തോന്നുകയില്ലായിരിക്കാം. അഥവാ, ഇവ രണ്ടും അവരുടെ കഴിവിൽപ്പെട്ടതല്ലായിരിക്കാം. മററുചിലർ വൈവാഹികജീവിതം ഇഷ്ടപ്പെടുന്നു. പക്ഷേ, മനസ്സിനിണങ്ങിയ

ഒരു ഇണയെ കണ്ടുകിട്ടുവാനുള്ള വൈഷമ്യം, വ്യക്തിപരമോ കുടുംബപരമോ ആയ നിലപാടുകൾ മുതലായവ നിമിത്തം ഒററത്തടികളായി നിന്നുപോകുവാൻ നിർബന്ധിതരാകുന്നു. ഇനി വേറെ ചിലരുണ്ടു്, അവർ സ്വമനസാതന്നെ ഈ ജീവിതാവസ്ഥ തിരഞ്ഞെടുക്കുന്നു. കാരണം, കൂടുതൽ സ്വാതന്ത്ര്യവും ഉൽകൃഷ്ടതരവുമായ സേവനത്തിനു് ഇതുവഴി തങ്ങളെത്തന്നെ സമർപ്പിക്കുവാൻ കഴിയുമെന്നു് അവർ കരുതുന്നു.

## ഏതാണു നല്ലതു്

പരിശുദ്ധമായ ഉദ്ദേശത്തോടുകൂടി സ്വീകരിക്കപ്പെട്ടുന്നപക്ഷം അവിവാഹിതജീവിതം വിവാഹിതജീവിതത്തെക്കാൾ ഉൽകൃഷ്ടതരവും ദൈവത്തിനു കൂടുതൽ പ്രിയങ്കരവുമാണെന്നു് അസന്ദിഗ്ദ്ധമായ ഭാഷയിൽ തിരുസ്സഭ പ്രഖ്യാപിച്ചിട്ടുണ്ടു്. കാരണം, അതു തന്നെത്തന്നെ ബലിസമർപ്പിക്കുന്നതിനു തുല്യമാകുന്നു. എന്നാൽ, ഈ രണ്ടു ജീവിതാവസ്ഥകളിലും വ്യക്തിപരമായി ലഭിക്കാവുന്ന മേന്മകളെ വിവേചിച്ചു സഭ ഖണ്ഡിതമായി ഒന്നും പറയുന്നില്ല. എന്തുകൊണ്ടെന്നാൽ, വിവാഹത്തിൻെറ കടമകളെ വിശ്വസ്തതയോടേ നിർവഹിച്ചുപോരുന്നവർ പലപ്പോഴും വിശ്വസ്തരല്ലാത്ത അവിവാഹിതരെക്കാൾ ദൈവസന്നിധിയിൽ പ്രശംസാർഹരായിത്തീരുന്നതാണു്. ചില വൈദികന്മാരെയോ കന്യാസ്ത്രീകളെയോക്കാൾ വിശുദ്ധിയും ഭക്തിതീക്ഷ്ണതയുമുള്ള വിവാഹിതരുണ്ടു്. എന്നാൽ, ഈ വാസ്തവം ദൈവവിളികളുടെ താരതമ്യവിവേചനത്തിനു ബാധകമാകുന്നില്ല. വൈദികപദവിയും സന്യസ്തജീവിതവും അവയിൽത്തന്നെ വിവാഹിതജീവിതത്തെക്കാൾ

ദൈവത്തിനു കൂടുതൽ പ്രിയങ്കരമാണു്. എന്നാൽ, ഗുരുതരങ്ങളായ കടമകളിൽനിന്നു് ഒഴിഞ്ഞുമാറുവാനോ സ്വാതന്ത്ര്യമായി ഭോഗാസക്തിയെ തൃപ്തിപ്പെടുത്തുവാനുള്ള സൗകര്യത്തെ കരുതിയോ അവിവാഹിതജീവിതം നയിക്കുന്നവർ സുകൃതം അന്വേഷിക്കുന്നില്ലെന്നു മാത്രമല്ല, ജീവിതത്തെ ഞെരടി നശിപ്പിക്കുകകൂടി ചെയ്യുന്നു. അവർ സകലരുടേയും അവജ്ഞയ്ക്കു കാലാന്തരത്തിൽ പാത്രമാകാതിരിക്കുകയുമില്ല.

## മററാരുടേയും കാര്യമല്ല അതു്

എന്തുകൊണ്ടു് ഒരുവൻ ലോകത്തിൽ ബ്രഹ്മചാരിയായി ജീവിക്കുന്നു? അല്ലെങ്കിൽ, എന്തുകൊണ്ടു് ഒരുവൾ കന്യകയായി കഴിഞ്ഞുകൂടുന്നു? അവകാശമില്ലാത്ത ചോദ്യങ്ങളാണിവ. ജീവിതാവസ്ഥ തിരഞ്ഞെടുക്കുക ഓരോരുത്തരുടേയും വ്യക്തിപരമായ അവകാശമാണു്. അതിൽ തലയിടുവാൻ മററാക്കും അവകാശമില്ല. ഇന്ന ജീവിതാവസ്ഥ തിരഞ്ഞെടുക്കണമെന്നു് ഒരാളെ നിർബന്ധിക്കുകയോ, ഒരാൾ ഒരു പ്രത്യേക ജീവിതാവസ്ഥ തിരഞ്ഞെടുക്കുന്നതിന്റെ കാരണം ചോദിക്കുകയോ ചെയ്യുന്നതു തെററു തന്നെയാണു്. മാതാപിതാക്കന്മാക്കുപോലും മക്കളുടെ ദൈവവിളിയെസ്സംബന്ധിക്കുന്ന കാര്യങ്ങളിൽ അധികാരം ചെലുത്തുവാൻ അവകാശമില്ല. ദൈവമൊഴിച്ചു മററാരോടും ഈ വിഷയത്തിൽ മക്കൾക്കു കടപ്പാടുമില്ല. മാതാപിതാക്കന്മാരുടെ അവിഹിതമായ നിർബന്ധത്തിനു വിധേയരായി ഏതെങ്കിലും ജീവിതാവസ്ഥ തിരഞ്ഞെടുക്കുന്ന യുവജനങ്ങൾ സാധാരണമായി തങ്ങൾക്കുതന്നെ നാശം വരുത്തിവയ്ക്കുകയാണു ചെയ്യുക. ഈവിധം വീണു

തകരുന്ന ജീവിതങ്ങൾക്ക കാരണക്കാർ തങ്ങളാണു് എന്ന വസ്തുത മാതാപിതാക്കന്മാർ മറന്നുപോകരുതു്. ഇത്രയും പറഞ്ഞതുകൊണ്ട്, മാതാപിതാക്കന്മാർ ഇക്കാര്യത്തിൽ യാതൊരുവിധത്തിലും ഇടപെട്ടുകൂടാ എന്നില്ല. സ്വാതന്ത്ര്യത്തിൽപരത പുരളാത്ത, അവസരോചിതമായ സദുപദേശങ്ങൾ അവർ നല്കുന്നതു മക്കൾക്ക മാൎഗ്ഗദർശകമായിരിക്കും.

## ബ്രഹ്മചാരികൾ

വിരക്തജീവിതം കഴിക്കുന്നതിൽ യുവാക്കന്മാരെക്കാൾ യുവതികളാണു് എണ്ണത്തിൽ മുന്നിട്ടുനില്ക്കുക. പുരുഷനെ സൃഷ്ടിച്ചതിനുശേഷം, ദൈവം അരുൾചെയ്തു: "ഏകനായിരിക്കുക പുരുഷനു വിഹിതമല്ല. അതിനാൽ, അവന്റെ സാദൃശ്യത്തിൽത്തന്നെ അവനൊരിണയെ സൃഷ്ടിക്കാം." ഇതു് വളരെ അൎത്ഥവത്താകുന്നു. മറിച്ച്, സ്ത്രീയെ സൃഷ്ടിച്ചതിനുശേഷം "ഏകയായിരിക്കുക സ്ത്രീക്കു നല്ലതല്ല" എന്നല്ലല്ലോ അവിടുന്നു് അരുൾചെയ്തതു. എങ്ങനെയാണെങ്കിലും കൊള്ളാം, കുറമററ ഒരു വിരക്തജീവിതംകഴിക്കുന്നതിൽ മേലെക്കിടയിൽ നില്ക്കുന്നവർ സ്ത്രീകൾതന്നെ. എങ്കിലും, മാതൃകാപരമായ വിരക്തജീവിതംകഴിക്കുന്ന പുരുഷന്മാരും കുറവല്ല. അവരുടെ ജീവിതസരണി വിശുദ്ധമായിരിക്കുന്നതിനനുസൃതമായി വിരക്തജീവിതവും വീരോചിതമായിരിക്കും. എങ്കിലും, വിവാഹപ്രായത്തിലെത്തുന്ന ഒരു യുവാവു മററു പ്രതിബന്ധങ്ങളൊന്നുമില്ലെങ്കിൽ, ഉള്ളിനിണങ്ങിയ ഒരു തരുണിയെ സഹധൎമ്മിണിയായി സ്വീകരിക്കുകയാണു്, പൊതുവെ പറഞ്ഞാൽ, ആദരണീയമായിട്ടുള്ളതു്; പ്രശംസാർഹമായിട്ടുള്ളതു്. വേറെ വാക്കുകളിൽ പറഞ്ഞാൽ, "തനി

ച്ചായിരിക്കുക പുരുഷനു യോജിച്ചതല്ല" എന്ന തത്വം പ്രയോഗത്തിൽ വരുത്തുക. ബഹുഭൂരിപക്ഷം യുവാക്കന്മാക്കും ജീവിതാനന്ദത്തിലെക്കുള്ള വഴിത്താര അതായിരിക്കും.

## വിവാഹിതരാകട്ടെ

മഹനീയങ്ങളായ ആദർശങ്ങളിൽനിന്നു വ്യതിചലിച്ചുകൊണ്ടു ബ്രഹ്മചര്യജീവിതം നയിക്കുന്നവർ ഇനിയെങ്കിലും വിവാഹിതരായിത്തീരട്ടെ. അതവർക്കു ഭാവിഭാവുകവും അഭ്യുന്നതിയും കൈവരുത്തും. സാമുദായികസുസ്ഥിതിക്കും നന്മയ്ക്കും അതു വെളിച്ചംതെളിക്കും. മഹനീയങ്ങളായ ജീവിതോദ്ദേശങ്ങളെ അതുയർത്തിക്കാണിക്കും. ആശകളേയും അഭിലാഷങ്ങളേയും അതു് ആവിഷ്കരിക്കും. മഹോന്നതങ്ങളായ മാനുഷികപ്രയത്നങ്ങൾക്കു് അതു് ഉണർവരുളും. ചുരുക്കിപ്പറഞ്ഞാൽ, ജീവിതത്തെ ജീവിതാർഹമാക്കിപ്പുകത്തും; സ്ത്രീയെ സൃഷ്ടിച്ചതിൽ ദൈവത്തിനുണ്ടായിരുന്ന ഉദ്ദേശവും സഫലമാകും.

വിവാഹജീവിതത്തിൽ സ്ത്രീ, പുരുഷന്റെ താങ്ങും തണലുമാണു്; പുരുഷൻ സ്ത്രീയുടേയും. അഭേദ്യമായ ഒരു ജീവിതനിയമമാണിതു്. ഇരുവരിൽനിന്നും ഒന്നുപോലെ തളിരിട്ടുയരേണ്ടതാണു്, സേവനത്തിലുള്ള ഈ പരസ്പരൈക്യം. എന്നാൽ, ആനന്ദനിഷ്യന്ദിയായ ഒരു ജീവിതത്തെ വാർത്തെടുക്കുവാൻ പുരുഷനു സ്ത്രീയുടെ സഹായം കൂടിയേ തീരൂ. സ്ത്രീക്കു പുരുഷന്റെ സഹായം അത്രമാത്രം ആവശ്യമില്ലതാനും. പരിചയസമ്പന്നനായ ഒരു വൈദികൻ പറയുകയാണു്: "എന്റെ സ്നേഹിതന്മാരിൽ പലരും വളരെ പ്രായമായതിനുശേഷമാണു വിവാഹബദ്ധരായതു്. കുറെക്കൂടി നേരത്തേ വിവാഹംകഴിക്കുവാൻ

ഒത്തില്ലല്ലോ എന്നു പലരും കുണ്ഠിതത്തോടെ പറഞ്ഞിട്ടുണ്ട്. ഗുണവതിയും സ്നേഹസമ്പന്നയുമായ ഒരു ഭാര്യ ജീവിതത്തിൻെറ ഉടപ്പിറപ്പാണെന്ന് അനുഭവത്തിൽനിന്നാണ് അവർ പഠിച്ചറിഞ്ഞതു്. നേരത്തേ അവർ അതറിഞ്ഞിരുന്നെങ്കിൽ, ഒരുനാളും വിവാഹംചെയ്യുന്നതിൽ വിമുഖത പ്രദർശിപ്പിക്കുകയില്ലായിരുന്നു; മാത്രമല്ല, നേരത്തേതന്നെ ഒരു ജീവിതസഖിയെ സ്വീകരിക്കുകയും ചെയ്യുമായിരുന്നു." വിവാഹജീവിതത്തിൽ പ്രവേശിക്കുവാനുള്ള അഭിനിവേശം യുവാക്കന്മാർക്കു നല്കുന്നതു ദൈവം തന്നെയാണ്. വാസ്തവത്തിൽ, അതു ദൈവം അവർക്കു നല്കുന്ന ഒരമൂല്യാനുഗ്രഹംതന്നെ.

"സച്ചരിതയായ ഒരു ഭാര്യയെ കണ്ടെത്തിയവൻ നന്മ കണ്ടെത്തിയിരിക്കുന്നു. അവൻ ദൈവത്തിൽനിന്ന് ആനന്ദം സ്വീകരിക്കുകയും ചെയ്യും" (സുഭാ. 18: 22).

## അവിവാഹിതകൾ

സാമ്പത്തികമായ തകർച്ചകൊണ്ടോ, പൊതുരംഗങ്ങളിൽ സ്ത്രീയുടെ നിലയും വിലയും വർദ്ധിച്ചതുകൊണ്ടോ എന്തോ ആധുനികലോകത്തിൽ അവിവാഹിതകളുടെ എണ്ണം കൂടിക്കൂടി വരുകയാണ്. പണ്ട്, വിവാഹബന്ധത്തിലേപ്പെടാതെ നില്ക്കുന്ന കന്യക മററുള്ളവരുടെയിടയിൽ പരിഹാസപാത്രമായിരുന്നു. ഇന്നത്തെ നിലപാട്ട് അതല്ല; നേരേമറിച്ചാണ്. കാരണം, സ്വന്തം കാര്യത്തിൽ ആവശ്യകമായ മുൻകണ്ണിട്ടുനില്ക്കുവാൻ അവൾക്കു കെല്പുണ്ടെന്ന് ഇന്നത്തെ ലോകം മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. മററുള്ളവരുടെ സഹായം അവൾക്കാവശ്യകമാണ്. എന്നാൽ, അതിൽക്കൂടുതൽ ആവശ്യ

കമാണു്, മററുള്ളവർക്കു് അവളുടെ സഹായം. പണ്ടു്, സഹതാപത്തോടേ അവൾ വീക്ഷിക്കപ്പെട്ടിരുന്നെങ്കിൽ, ഇന്നു് അസൂയയോടെയാണു ലോകം അവളെ വീക്ഷിക്കുന്നതു്.

കന്യകാത്വത്തെ കറയെഴാതെ കാത്തുപോരുവാനുള്ള അഭിനിവേശം പരിശുദ്ധ ജനനിയിൽ കുട്ടിപ്രായത്തിലേ മുളയെടുത്തതാണു്. ഏതാണ്ടു്, അതേതരത്തിലുള്ള ഒരഭിനിവേശം ഇന്നു പല യുവതികളിലും ഉയിരെടുത്തുകാണുന്നുണ്ടു്. അവർ പരിശുദ്ധകന്യകാത്വത്തെ ദൈവത്തിനായി നേർന്നുകഴിഞ്ഞിരിക്കുന്നു. ജീവിതാരംഭത്തിലേതന്നെ സ്വർഗ്ഗീയമണവാളൻ പ്രേമാഭ്യർത്ഥനയുമായി അവരുടെ ഹൃദയകവാടങ്ങളിൽ വന്നുമുട്ടി. ആ അഭ്യർത്ഥനയെ അവർ സന്തോഷപുരസ്സരം സ്വീകരിച്ചു; ഹൃദയം മുഴുവൻ അവിടുത്തേക്കായി അവർ കാണിക്കവെച്ചു. ലൗകായതികനായ യാതൊരു പ്രേമയാചകനും അവരുടെ ഹൃദയവാതിലുകളിൽ മുട്ടിവിളിക്കുവാൻ ഇനി സാധിക്കുകയില്ലതന്നെ. സന്യാസഭവനഭിത്തികൾക്കുള്ളിൽ വിലയംകൊള്ളുവാനുള്ള വിളി അവർക്കില്ലെങ്കിലും നിർമ്മലകന്യകകളായി മിശിഹായ്ക്കു തങ്ങളെത്തന്നെ സമർപ്പിക്കുക—അതാണു് അവരുടേയും ലക്ഷ്യം.

## കന്യകാത്വത്തിൻെറ മഹിമാവു്

അവിവാഹിതകളായ ഈ കന്യകകളെപ്പററിയാണു്, വി. പൗലോസ് പറയുന്നതു്: "പുരുഷനു ഭാര്യയായിത്തീർന്നിട്ടില്ലാത്തവൾ തൻെറ ശരീരത്തിലും ആത്മാവിലും പരിശുദ്ധയായിരിക്കേണ്ടതിനു തൻെറ കർത്താവിനെപ്പററി ചിന്തിക്കുന്നു. ഭർത്താവുള്ളവൾ ഭർത്താവിനെ എങ്ങനെ

പ്രസാദിപ്പിക്കാം എന്നുവച്ചു ലോകത്തെപ്പററി ചിന്തിക്കുന്നു........തൻെറ കന്യകയെ വിവാഹംകഴിപ്പിച്ചു കൊടുക്കുന്നവൻ ശരിയായി പ്രവത്തിക്കുന്നു; തൻെറ കന്യകയെ വിവാഹംകഴിപ്പിച്ചു കൊടുക്കാത്തവനോ അധികം ശരിയായി പ്രവത്തിക്കുന്നു........താൻ ഇച്ഛിക്കുന്നവനു്, നമ്മുടെ കത്താവിൽമാത്രം ഭാര്യയായിത്തീരുവാൻ അവൾ സ്വതന്ത്ര്യയാകുന്നു. എൻെറ അഭിപ്രായപ്രകാരം, അപ്രകാരംതന്നെ (കന്യകയായി) പാത്തുകൊണ്ടാൽ അവൾക്കു ഭാഗ്യം. ദൈവാത്മാവു് എന്നിലും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു (1 കൊറി. 7: 34....).

വിവാഹജീവിതത്തിലെന്നതുപോലെ, ഇവരുടെ ജീവിതം ഒരു കൂദാശവഴി ദൈവത്തിനു സമർപ്പിതമായിട്ടില്ല. എങ്കിലും, വിശുദ്ധിയിൽ സ്വർഗ്ഗീയമണവാളനെ അവർ പ്രീതിപ്പെടുത്തുന്നിടത്തോളംകാലം ദൈവത്തിൻെറമുൻപിൽ അതു കൂടുതൽ സ്വീകാര്യവും വിശുദ്ധവും വിലപ്പെട്ടതുമത്രേ. വൈവാഹികജീവിതത്തെക്കാൾ ഈ ജീവിതം അവർക്കു കൂടുതൽ അനുഗ്രഹസമ്പന്നവുമായിരിക്കും.

## വിവാഹത്തിനു സമ്മതമില്ല

ഇനി, വേറൊരുകൂട്ടം യുവതികളുണ്ടു്. അവരും അവിവാഹിതജീവിതം കാംക്ഷിക്കുന്നു. പക്ഷേ, വൈവാഹികജീവിതത്തിൻെറ കടമകളേയും ബുദ്ധിമുട്ടുകളേയും പേറുവ....ള്ള ഭയംകൊണ്ടാണെന്നൊരു വ്യത്യാസം. ഒരുപക്ഷേ, അവർ എവിടെയെങ്കിലും കണ്ട, തകൻ താറുമാറായ, ഒരു വൈവാഹികജീവിതത്തിൽനിന്നായിരിക്കും ഈ ഭയം പൊന്തിവന്നതു്. അവരിഷ്ടപ്പെടുക, വ്യക്തി

പരമായ സുഖവും തൃപ്തിയും ഇടതൂന്ന ഒരു ജീവിതമാണു്. ആരുടെ മുൻപിലും മുട്ടുമടക്കാതെ അങ്ങനെ സ്വതന്ത്രമായി ജീവിക്കണമെന്നുള്ള ഒരഹന്തയും അവർക്കുണ്ടു്. വിവാഹജീവിതത്തിൽ ഇവയൊക്കെ സാധ്യമല്ലാതെവരും. മാതാപിതാക്കന്മാരോടുകൂടി ജീവിക്കുക-അതിലവർ സംതൃപ്തരാകുന്നു.

## ഉള്ളിനിണങ്ങിയ വരൻെറ അഭാവം

ചില യുവതികൾ വിവാഹം നീട്ടിവയ്ക്കുകളയും, മനസ്സിനിണങ്ങിയ ഒരു വരനെ കണ്ടെത്തുന്നതുവരെ. ഒന്നുണ്ടു്, അന്യോന്യം മനച്ചേർച്ച വരാത്ത ഒരു വിവാഹത്തിനു "മനസ്സുമൂള്ള"ന്നതിൽ ഭേദം, വിവാഹംതന്നെ വേണ്ടെന്നുവയ്ക്കുകയാണു്. പരസ്പരസ്നേഹൈക്യം കൈവരുന്നില്ലെങ്കിൽ, വിവാഹജീവിതം പൊളിഞ്ഞുതകരാതെ തരമില്ല. അപ്പോഴാണു്, യുവതീയുവാക്കന്മാർ തങ്ങളുടെ ദുർവിധിയെ പഴിക്കുവാൻ ഇടവരുന്നതു്. തങ്ങൾക്കുമാത്രമല്ല, മററുള്ളവർക്കുപോലും അവർ ദുരിതകാരണമായിബ്ഭവിക്കുന്നു.

## അവസരം കടന്നുപോകും

വിവാഹാന്തസ്സിലേക്കാണു താൻ വിളിക്കപ്പെട്ടിരിക്കുന്നതു് എന്നു് ഉൾപ്രചോദനം കിട്ടുന്ന ബുദ്ധിമതിയായ ഏതൊരു തരുണിയും അതിനനുസരണമായി പ്രവർത്തിക്കും. ചില മാതാപിതാക്കന്മാരുണ്ടു്, തങ്ങളുടെ യൗവനയുക്തകളായ പുത്രികളെ വിവാഹത്തിൻെറ മണിവേദിയിലേക്കു പ്രവേശിപ്പിക്കുവാൻ മടികാണിക്കുന്നവർ. സ്ത്രീത്വത്തെ മാനിച്ചാഹ്ളാദിക്കുവാനുള്ള പെൺമക്കളുടെ

ഹൃദയാഭിലാഷങ്ങളെ മറിപ്പെടുത്തുകയാണവർ. തങ്ങളുടെ മക്കൾക്കാവശ്യകമായ ഓരോന്നും അതതിന്റെ അവസരങ്ങളിൽ ചെയ്തുകൊടുക്കുന്നില്ലെങ്കിൽ, മാതാപിതാക്കന്മാർ മക്കളുടെ അപ്രീതിക്കും അനാദരത്തിനും അർഹരാകുകയില്ലേ?

## ധൈര്യവതികൾ

മാതാപിതാക്കന്മാർക്കോ സോദരീസോദരന്മാർക്കോ വേണ്ടി ജീവിതത്തെ ബലികഴിക്കുന്ന ചില വീരതരുണികളുണ്ട്. രോഗാതുരരായിക്കിടക്കുന്ന തങ്ങളുടെ മാതാക്കളുടെ സ്ഥാനമായിരിക്കും ചിലർക്കു വഹിക്കേണ്ടിവരുക. സെമ്മിനാരിയിൽ പഠിക്കുന്ന സഹോദരന്റെ പഠനച്ചെലവിനുവേണ്ട പണമുണ്ടാക്കുവാൻ പണിപ്പെടുകയായിരിക്കും, മററുചിലർ. വേറെചിലരാകട്ടെ, ജീവിതാന്ത്യംവരെ മാതാപിതാക്കന്മാരോടുകൂടി വസിച്ചുകൊണ്ടു തങ്ങളുടെ സഹോദരികളെ കന്യകാലയങ്ങളിൽ പ്രവേശിപ്പിക്കുവാൻ ശ്രമിക്കുകയായിരിക്കും ചെയ്യുക. മാതൃത്വത്തിന്റെ മഹനീയസ്ഥാനം ലഭിക്കാത്ത മാതാക്കളാണവർ. എന്നാൽ, വി. പൗലോസിനോടൊന്നിച്ച് അവരും പറയുന്നു: "മിശിഹായുടെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു."

(2 കൊറി. 5: 14.)

വിവാഹാന്തസ്സിലേക്കു പ്രവേശിക്കണമെന്ന് അവക്ക് ആശയില്ലാഞ്ഞിട്ടല്ല: എന്നാൽ, മററുള്ളവരുടെ കഷ്ടപ്പാടിൽ അവർ കരളലിയുന്നു; അവരെ സഹായിക്കുക തങ്ങളുടെ ആദർശമായി അവർ സ്വീകരിക്കുന്നു. ഈ മഹനീയാദർശമാണ് ആ ആശയിൽനിന്ന് അവരെ തടഞ്ഞുനിറുത്തുന്നത്. ലോകം ഒരുപക്ഷേ, അവരുടെ ആദർശങ്ങളെ തെററി

ധരിച്ചേക്കാം; വിമർശിച്ചേക്കാം. പക്ഷേ, ഒന്നോർക്കണം: മനുഷ്യൻെറ വഴികളല്ല, ദൈവത്തിൻേറതു്. ലോകം വിലമതിക്കുന്ന മാനദണ്ഡത്തിന്മേലല്ല, ദൈവം പ്രവൃത്തികളെ വിലമതിക്കുന്നതു്.

## 19-ാം നൂററാണ്ടിലെ പരസ്നേഹപ്രേഷിത

ജീവിതാന്ത്യംവരെ അവിവാഹിതയായി ജീവിച്ചുകൊണ്ടു സഭയ്ക്കും സമുദായത്തിനുംവേണ്ടി മഹത്തായ സേവനങ്ങൾ അനുഷ്ഠിച്ച ഒരു വീരതരുണിയാണു്, പൗളിൻ മേരി ഷാരിക്കോ. സ്വദേശത്തും വിദേശത്തും ക്രിസ്തുവിൻെറ മുന്തിരിത്തോപ്പിൽ അദ്ധ്വാനിച്ചുകൊണ്ടിരുന്ന മിഷനറിമാർക്കു് ആദ്ധ്യാത്മികവും ലൗകികവുമായ സഹായങ്ങൾ നല്കുവാൻ അവളാണു് ആദ്യം മുന്നോട്ടുവന്നതു്. ഇന്നു നാം കാണുന്ന വേദപ്രചാരസംഘത്തെ നട്ടുനനച്ചതും പൗളിനാണു്. മാത്രമല്ല, പതിനഞ്ചുപേർ ചേർന്നു പൂർത്തിയാക്കുന്ന "സജീവജപമാല"യുടെ സ്ഥാപികയും അവൾ തന്നെ.

1799-ൽ ലിയോൺസിലാണു പൗളിൻെറ ജനനം. ധനവാനായ ആൻേറായിൻ ഷാരിക്കോയുടെ ഇളയമകളായിരുന്നു, പൗളിൻ. ഫ്റാൻസിൽനിന്നു കത്തോലിക്കാവിശ്വാസം തുത്തുടച്ചു മാററുവാൻ ഭരണാധികാരികൾ അന്നു കിണഞ്ഞുശ്രമിക്കുകയായിരുന്നു. കുട്ടിപ്രായം തൊട്ടേ അവൾ സാധുക്കളോടും തൊഴിലാളികളോടും അനുകമ്പാപൂർവം പെരുമാറിപ്പോന്നു.

താരുണ്യത്തിൻെറ മലർക്കാവിലെത്തിയ പൗളിനു് അനുരൂപനായ ഒരു വരനെ മാതാപിതാക്കന്മാർ തിര

ഞെത്തുട്ടു. പക്ഷേ, തൻെറ ദൈവവിളി ഏതെന്ന് അവൾക്കു സംശയമായി. ഇങ്ങനെ സംശയത്തിൽ കഴിയുമ്പോഴാണ് അവൾ ഒരു സ്ററൂളിൽനിന്നു മറിഞ്ഞുവീണതും ആരോഗ്യം ഗുരുതരമായി ക്ഷതപ്പെട്ടതും. വിവാഹകാര്യം അങ്ങനെ എന്നേക്കുമായി അവളോടു വിടചൊല്ലിപ്പിരിഞ്ഞു.

ഫാദർ വുർട്ട്സിൻെറ ആധ്യാത്മികശിക്ഷണത്തിൽ അവൾ സുകൃതജീവിതത്തിൻെറ കല്പടകൾ കയറിത്തുടങ്ങി. ലോകത്തിൻേറതായ കെട്ടുപാടുകളെയെല്ലാം അവൾ പൊട്ടിച്ചെറിഞ്ഞു. പരുപരുത്ത വസ്ത്രവും ധരിച്ച്, മരച്ചെരിപ്പിട്ടുകൊണ്ട്, തെരുവിൽക്കൂടി പോകുന്ന പൗളിനെ ലിയോൺസിലെ കോമാളിപ്പിള്ളേർ "ഭ്രാന്തി" എന്നു വിളിച്ചു.

തൊഴിലാളികളുടേയും പാവപ്പെട്ടവരുടേയും ആധ്യാത്മികവും ലൗകികവുമായ നിലപാടുയർത്തുവാൻ അവൾ ആവതു ശ്രമിച്ചു. ഈ പ്രവർത്തനത്തിൽ അവളെ സഹായിക്കുവാൻ രണ്ടുപേർ അവളുടെ പക്കലെത്തി-അലിയൂഡും ഗുസ്റ്റാഫ്പേറും. പക്ഷേ, വഞ്ചകന്മാരായ അവർ അവളെ കബളിപ്പിച്ചു ധനം മുഴുവൻ കൈക്കലാക്കുകയാണുണ്ടായത്. കോടീശ്വരൻെറ പുത്രിയായ ഷാരിക്കോ ഒരു പിച്ചക്കാരിയായി മാറുന്ന ദയനീയരംഗം! ഒരു വമ്പിച്ച സംഖ്യ കൊടുത്തുവീട്ടേണ്ട ഭാരം അവളുടെ തോളിൽ വന്നടിഞ്ഞു. അങ്ങനെ, അവളുടെ ജീവിതത്തിലേ അവസാനത്തേ ഇരുപതുകൊല്ലക്കാലം കഷ്ടപ്പാടുകളും സങ്കടങ്ങളും അവളെ ചുററിവിഴുങ്ങി. വളരെയധികം കണ്ണുനീർ അവൾ ചിന്തി. പൗളിനെപ്പററി ആർസിലേ വിശുദ്ധനായ വികാരിയച്ചൻ എഴുതിവച്ചിരുന്നതു്, "കുരിശു്,

അല്ല, ഏററം ഭാരമേറിയ കുരിശു സ്നേഹത്തോടേ വഹിക്കുവാൻ അവൾക്കു കഴിഞ്ഞു" എന്നാണു്.

ഈ പ്രതികൂലസാഹചര്യങ്ങളിലെല്ലാം ധീരചിത്തയായ അവൾ ദൈവഹിതത്തിനു പരിപൂർണ്ണമായി വിധേയയായിക്കൊണ്ടു് ആദ്ധ്യാത്മികമായ കരുത്തു പ്രാപിക്കുകയായിരുന്നു. 1862 ജനുവരി 9-ാംതീയതി, മററുള്ളവർക്കുവേണ്ടി ഉഴിഞ്ഞുവച്ചിരുന്ന ആ ജീവിതം എരിഞ്ഞടങ്ങി. ലോകത്തിൻെറ മുൻപിൽ പൗളിൻെറ അവസാന പ്രവൎത്തനങ്ങൾ ഒരു തികഞ്ഞ പരാജയമായി പരിണമിച്ചെങ്കിലും, ദൈവത്തിൻെറ മുൻപിൽ അവളുടെ വിജയത്തിൻെറ ഒരു കൊടിയടയാളമായിരുന്നു അതു്. പരസ്നേഹത്തിൻെറ ഈ പ്രേഷിതയ്ക്കു പുണ്യപട്ടംനല്കുവാനുള്ള പരിശോധനകളൊക്കെ 1930-ൽ ആരംഭിച്ചുകഴിഞ്ഞു. മരണംവരെ അവിവാഹിതയായി ജീവിച്ചു്, ദൈവത്തിൻെറ മുമ്പിൽ ഒരു ഹോമബലിയായിത്തീൎന്ന പൗളിൻ മേരിഷാരിക്കോ ഒരു വിശുദ്ധയായിത്തീരുന്ന ദിനം അനതിവിദൂരമല്ലെന്നു നമുക്കു് ആശിക്കാം.

## സാഹചൎയ്യങ്ങൾ നിർബ്ബന്ധിച്ചേക്കാം

ജീവിതരംഗത്തു തങ്ങൾ അഭിനയിക്കുന്ന ഭാഗത്തെ മുൻനിറുത്തിയും ചിലപ്പോൾ വനിതകൾ അവിവാഹിതകളായി കഴിഞ്ഞുകൂടേണ്ടിവരും. അദ്ധ്യാപികകൾ, ഡോക്ടർമാർ, നേഴ്സുകൾ, രാഷ്ട്രീയപ്രവൎത്തകർ, എഴുത്തുകാരികൾ, പാട്ടുകാരികൾ ഇവരൊക്കെ ഇക്കൂട്ടത്തിൽപ്പെടുന്നു. വിവാഹിതരായാൽപ്പിന്നെ തങ്ങളുടെ തൊഴിലുകളിൽ വ്യക്തിപരമായ ശ്രദ്ധ മുഴുവൻ ചെലുത്തുവാൻ പാടില്ലാ

തെവരും എന്നതാണു് അവിവാഹിതകളായിക്കഴിയുവാൻ ഇവരെ പ്രേരിപ്പിക്കുന്ന കാരണം.

## ആധുനിക ത്ബീസാമാർ

ഓരോ ഇടവകയിലേയും അജപാലകനറിയാം, ജീവിച്ചിരിക്കുന്ന വിശുദ്ധർ ഇടവകയിലുണ്ടെങ്കിൽ അവരിലധികവും വിരക്തജീവിതം നയിക്കുന്ന സ്ത്രീരത്നങ്ങളുടെ ഗണത്തിലാണെന്നു്. ഔദാര്യവതികളും അവരുടെ കൂട്ടത്തിലാണു കൂടുതൽ. അപ്പസ്തോലന്മാരുടെ നടപടിയിൽ നാമൊരു ത്ബീസായുടെ കഥ വായിക്കുന്നുണ്ടു്. "ഇവൾ (ത്ബീസാ) താൻ ചെയ്തിരുന്ന സൽപ്രവൃത്തികളിലും ദാനധർമ്മങ്ങളിലും സമ്പന്നയായിരുന്നു. എന്നാൽ, ആ ദിവസങ്ങളിൽ അവൾ രോഗംപിടിപെട്ടു മരിച്ചു........പത്രോസ് "യോപ്പെ"യ്ക്കടുത്തുള്ള ലോദപട്ടണത്തിലുണ്ടു് എന്നു ശിഷ്യന്മാർ കേട്ടു് അവനു് അവർ ആളവിട്ടു.......അവൻ വന്നപ്പോൾ വിധവകളെല്ലാം കരഞ്ഞുകൊണ്ടും ത്ബീസാ ജീവിച്ചിരുന്നപ്പോൾ തങ്ങൾക്കുകൊടുത്ത ഉടുപ്പുകളും പുറങ്കുപ്പായങ്ങളും അവനെ കാണിച്ചുകൊണ്ടും അവനു ചുററുംകൂടിനിന്നു........പത്രോസ് മുട്ടുകുത്തി പ്രാത്ഥിച്ചു. പിന്നെ അവൻ ശവത്തിൻെറ നേരെ തിരിഞ്ഞു "ത്ബീസാ, എഴുന്നേല്ക്കു എന്നു പറഞ്ഞു. അവൾ കണ്ണുകൾ തുറന്നു. പത്രോസിനെ കണ്ടപ്പോൾ എഴുന്നേററിരുന്നു" (നട. 9: 36....). ഈ ത്ബീസായുടെ അസ്സൽ പകപ്പുകളാണു മുൻസൂചിപ്പിച്ച മഹിളാമണികൾ. അവളുടെ ജീവിതാദർശംതന്നെയാണു് ഇവരിലും ഓളംവെട്ടുന്നതു്. അവൾക്കുകിട്ടിയ പ്രതിസമ്മാനംതന്നെ ഇവരും നേടാതിരിക്കുകയില്ല.

മനുഷ്യസ്നേഹികളായ ഈ കന്യകകൾ മരിച്ചു നിത്യ വിധിയാളന്റെ മുൻപിലണയുമ്പോൾ, അവർക്കുവേണ്ടി വാദിക്കുവാൻ, മഹത്വപൂർണ്ണമായ ഒരു ഉയിപ്പിനെ നേടുന്നതിന് അവരെ യോഗ്യരാക്കുവാൻ വളരെയധികം ആത്മാക്കൾ അവിടെ കാണാതിരിക്കുകയില്ല. ഏതെങ്കിലും വിധത്തിൽ അവരിൽനിന്നു സഹായങ്ങളും നന്മകളും പ്രാപിച്ചവരാണവർ.

## വിജയത്തിനുള്ള ഏകവഴി

ബ്രഹ്മചാരികൾ തങ്ങളുടെ ബ്രഹ്മചര്യം അഭംഗം പാലിക്കുവാൻ ചിലതെല്ലാം അവശ്യം അനുഷ്ഠിച്ചേ മതിയാവൂ. തീക്ഷ്ണതാപൂർവ്വം ദിവസവും പ്രാർത്ഥിക്കുക, മാസത്തിലൊരിക്കലെങ്കിലും ദിവ്യകാരുണ്യമുൾക്കൊള്ളുക, പഞ്ചേന്ദ്രിയങ്ങളെ ചൊല്പടിക്കു നിറുത്തുക, സുകൃതികളുമായി മാത്രം മൈത്രീബന്ധം പാലിക്കുക, പാപത്തിലേക്കുള്ള എല്ലാവിധ ചാച്ചിലുകളേയും നിയന്ത്രിക്കുക, നമ്മുടെ അമ്മയായ പരിശുദ്ധ കന്യകയോടുള്ള ഭക്തിയിൽ വളരുക-ഇവയൊക്കെയാണ് ആ അനുഷ്ഠാനങ്ങൾ. സുകൃതപഥത്തിൽ എന്നെന്നും നിലനില്ക്കുവാൻ മററുജീവിതാന്തസ്സുകാരും ഈ മാർഗ്ഗങ്ങളൊക്കെത്തന്നെയാണ് ഉപയോഗിക്കുക. എങ്കിലും, വൈവാഹികജീവിതത്തിലെന്നതിനെക്കാൾ അവിവാഹിതജീവിതത്തിലാണ്, പുണ്യത്തിൽ വളരുവാനുള്ള പ്രതിബന്ധങ്ങൾ കൂടുതൽകാണുന്നതു് എന്നു നാം നേരത്തേ കണ്ടുകഴിഞ്ഞതല്ലോ. വിവാഹിതരോടും വിവാഹത്തിലേക്കു് ഓങ്ങിനില്ക്കുന്നവരോടും വി. പൗലോസ് ഉപദേശിക്കുന്നു: "ആകയാൽ, എന്റെ സഹോദരന്മാരേ, ദൈവത്തിന്റെ കരുണയെപ്രതി നിങ്ങളോടു ഞാൻ

അപേക്ഷിക്കുന്നതെന്തെന്നാൽ: നിങ്ങൾ നിങ്ങളുടെ ശരീരങ്ങളെ ജീവനുള്ളതും പരിശുദ്ധവും ദൈവത്തിനു സ്വീകാര്യവുമായ ബലിയായി ബുദ്ധിപൂർവകമായ ശുശ്രൂഷമൂലം സമർപ്പിക്കുവിൻ. നിങ്ങൾ ഈ ലോകത്തിനു് അനുരൂപരാകരുതു്. മറിച്ചു്, നിങ്ങളുടെ ബോധങ്ങളുടെ നവീകരണത്താൽ രൂപാന്തരപ്പെടുവിൻ. നല്ലതും സ്വീകാര്യവും പൂർണ്ണവുമായ ദൈവതിരുമനസ്സു് ഏതാണെന്നു വിവേചിച്ചറിയുകയും ചെയ്യുവിൻ" (റോമ്മ. 12: 1, 2).

II

# മുന്തിരിത്തോപ്പിലേക്ക്

## "ഞാനാണു നിങ്ങളെ തിരഞ്ഞെടുത്തതു്"

"വിളിക്കപ്പെട്ടവർ വളരെയാകുന്നു; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം" (മത്താ. 20: 16).

ഏതു ജീവിതാവസ്ഥയിൽ പ്രവേശിക്കുന്നതിനും ദൈവവിളി അവശ്യാവശ്യകമാണു്, വ്യാപകമായ അർത്ഥത്തിൽ. എന്നാൽ, സാധാരണമായി നാം "ദൈവവിളി" എന്നു പറയുമ്പോൾ വൈദികജീവിതത്തിലേക്കോ സന്യസ്തജീവിതത്തിലേക്കോ ഉള്ള വിളി എന്നാണു് അർത്ഥമാകുന്നതു്. കാരണം, മൂന്നു ജീവിതാവസ്ഥകളിലുംവച്ചു് ഏററം ശ്രേഷ്ഠമായതു് ഇതാണു്; ഏററം മഹനീയമായതും ഇതുതന്നെ. ദിവ്യരക്ഷകൻ, തൻെറ മരണത്തിനു തലേരാത്രി, ശിഷ്യഗണത്തിനു നല്കിയ അന്ത്യപ്രഭാഷണത്തിൽ അരുൾചെയ്യുന്നു: "നിങ്ങളല്ല എന്നെ തിരഞ്ഞെടുത്തതു്; പ്രത്യുത, ഞാനാണു നിങ്ങളെ തിരഞ്ഞെടുത്തതു്. നിങ്ങളും പോയി ഫലങ്ങൾ ഉളവാക്കുവാനും നിങ്ങളുടെ ഫലങ്ങൾ നിലനില്ക്കുവാനുമായി നിങ്ങളെ ഞാൻ നിയമി

ക്കുകയും ചെയ്തിരിക്കുന്നു" (യോഹ 15: 16). ഇതിനോടു തുലനംചെയ്തുനോക്കുമ്പോൾ മററു രണ്ടു ജീവിതാവസ്ഥകളും എത്ര നിസ്സാരങ്ങൾ! ദിവ്യനാഥൻതന്നെ അരുൾ ചെയ്യുന്നു: "വിളിക്കപ്പെട്ടവർ വളരെയാകുന്നു; തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം." ഒരു രാജാവു തൻെറ പ്രജാസഞ്ചയത്തെ സ്നേഹിക്കുന്നു. എന്നാൽ, പലരോടും പല വിധത്തിലാണ് അദ്ദേഹം കൃപകാണിക്കുന്നതു്. വളരെ ചുരുക്കംപേരെ മാത്രമേ, അദ്ദേഹം തൻെറ വിശ്വസ്തസചിവരും ഹൃദയസ്നേഹിതരുമായി തിരഞ്ഞെടുക്കുകയുള്ളൂ.

## ദൈവം തൻെറ അരുമകളെ വിളിക്കുന്നു

ദിവ്യനാഥൻ, തൻെറ മുന്തിരിത്തോപ്പിലേക്കു പണിയാളരെ ക്ഷണിക്കുന്നതു്, തനിക്കു് ഇഷ്ടമുള്ള സമയത്തായിരിക്കും. ചിലരെ ഒന്നാമത്തേ മണിക്കൂറിൽ; ചിലരെ മൂന്നാമത്തേതിൽ; വേറെ ചിലരെ ആറാമത്തേതിൽ. മററുചിലരെയാകട്ടെ പതിനൊന്നാം മണിക്കൂറിലും. മററുവാക്കുകളിൽ പറഞ്ഞാൽ, അൾത്താരയിലേക്കുള്ള ദിവ്യാഹ്വാനം ചിലക്കു ശൈശവത്തിൽത്തന്നെ കിട്ടുന്നു; മററുള്ളവക്കു കൗമാരത്തിലോ യൗവനത്തിലോ, യൗവനത്തിനുശേഷമോ ആയിരിക്കാം ലഭിക്കുക.

വി. സ്തനിസ്ലാവോസ് കോസ്കോ, വി. അലോഷ്യസ് ഗൊൺസാഗാ, വി. ജോൺ ബക്ക്മാൻസ് തുടങ്ങിയ വിശുദ്ധന്മാർക്കു ഈ ദൈവികാഹ്വാനം ഇളം പ്രായത്തിലേതന്നെ ലഭിച്ചു. എന്നാൽ, വി. ഇഗ്നേഷ്യസ് ലയോളാ 31-ാമത്തേ വയസ്സിലാണു സെമ്മിനാരിയിലേക്കു പുറപ്പെട്ടതു്. വി. ഫ്റാൻസിസ് അസ്സീസി തൻെറ മെത്രാ

ൻെറ മുമ്പിൽവച്ച് പിതൃസ്വത്തിന്മേലുള്ള എല്ലാ അവകാശങ്ങളും, പുറംകുപ്പായംപോലും, പിതാവിനുതന്നെ നല്കിയതിനുശേഷം ദൈവവിളിയുടെ മധുരസ്വരം ശ്രവിച്ചുകൊണ്ട് അൽവേർണിയായിലേക്ക പോയത് ഇരുപത്തഞ്ചാമത്തെ വയസ്സിലാണ്. പാരീസ് സർവ്വകലാശാലയിലെ പ്രഗല്ഭനായ പ്രഫസ്സർ, ഫ്റാൻസിസ് സേവിയറിനു ദൈവവിളി ലഭിക്കുന്നതും താമസിച്ചുമാത്രമാണ്.

ദൈവവിളി എപ്പോൾ കിട്ടി എന്നതിനെപ്പററി കാര്യമാക്കേണ്ടതില്ല. ജീവിതത്തിൻെറ ഏതു വഴിത്തിരിവിൽവച്ചുമായിക്കൊള്ളട്ടെ, അതൊരു മഹാഭാഗ്യംതന്നെ. രക്തവും മാംസവുമുള്ള മനുഷ്യനു ജീവിതത്തിൽ ലഭിക്കാവുന്ന ഏററം വലിയ ദൈവാനുഗ്രഹമാണത്; സ്വർഗ്ഗീയമായ ഒരു ബഹുമതിമുദ്രയാണത്. അതിനനുസരണമായിത്തന്നെ, അതിൻെറ കടമകളും ഉത്തരവാദിത്വങ്ങളും ഭാരപ്പെട്ടവയത്രേ.

പരിശുദ്ധമായ ബലിപീഠത്തിങ്കലേക്ക ദൈവം നിരവധി യുവാക്കന്മാരെ ആഹ്വാനം ചെയ്യുന്നു. അവർ അവിടുത്തെ പ്രതിപുരുഷന്മാരാണ്. മനുഷ്യർക്കും ദൈവത്തിനുംഇടയ്ക്കുള്ള മധ്യവർത്തികൾ! ഇതിനെക്കാൾ ഉയന്ന ഒരു പദവി എന്തുണ്ട്? ഇതിനെക്കാൾ ഉൽകൃഷ്ടമായ ഒരധികാരം എന്തുണ്ട്? അതിനാൽ പൗരോഹിത്യത്തിലേക്കുള്ള സ്വർഗ്ഗീയമായ ആന്തരികപ്രചോദനം കിട്ടുന്ന ഏതൊരു യുവാവും നിറഞ്ഞുകവിയുന്ന ഹൃദയാനന്ദത്തോടേ അതിനെ സ്വീകരിക്കട്ടെ. വ്യക്തിപരമായി ഒരു പക്ഷേ, അയാൾ അയോഗ്യനായിരിക്കാം; അല്ലെങ്കിൽ

പാപച്ചെളിയിൽ പുരണ്ടുകിടന്നവനായിരിക്കാം; സാരമില്ല. ദൈവമാണു അവനെ വിളിക്കുന്നതു്. അവിടുത്തേക്കറിയാം, തൻെറ തിരുച്ചിത്തത്തിനനുസരണമായി അവനെ തേച്ചുമിനുക്കിയെടുക്കുവാനും. ദൈവത്തിൽ പരിപൂർണ്ണമായി അവൻ ശരണപ്പെടണം എന്നുമാത്രം. "നമ്മുടെ കർത്താവായ ഈശോമിശിഹായുടെ സഖ്യത്തിലേക്കു നിങ്ങൾ ആരാൽ വിളിക്കപ്പെട്ടുവോ ആ ദൈവം വിശ്വസ്തനാകുന്നു" (1 കൊറ. 1: 9). "ദൈവം വിശ്വസ്തനാകുന്നു. നിങ്ങൾക്കു കഴിയുന്നതിലധികമായി പരീക്ഷിക്കപ്പെടുവാൻ ദൈവം നിങ്ങളെ കൈവിടുകയില്ല; എന്നല്ല സഹിക്കുവാൻ കഴിയത്തക്കവണ്ണം നിങ്ങളുടെ പരീക്ഷയ്ക്കു് അവൻ നീക്കുപോക്കുണ്ടാക്കുകയും ചെയ്യും."

(1 കൊറ. 10: 13.)

## നാഥാ, ഞങ്ങൾക്കല്ല; പ്രത്യുത, അവിടുത്തെ തിരുനാമത്തിൻെറ മഹത്വത്തിനുവേണ്ടി

ദൈവവിളിയെ അനുധാവനം ചെയ്യുന്നതിനു് അവശ്യാവശ്യകമായ ഒന്നുണ്ടു്-എളിമ. പൗരോഹിത്യത്തിൻെറ പരമോന്നത പദവിയിലേക്കു് എത്തിനോക്കുവാൻ പോലും താൻ അനർഹനാണെന്നും കഴിവററവനാണെന്നും ഒരു യുവാവിനുണ്ടാകുന്ന ആത്മബോധത്തിൻെറ തോതനുസരിച്ചായിരിക്കും, ദൈവം അവനെ സർവഥാ യോഗ്യനും കഴിവുററവനുമാക്കിപ്പുകത്തുന്നതു്. ഈശോയുടെ വാക്കുകൾതന്നെ ഇവിടെ യാഥാർത്ഥീഭവിക്കുന്നു: "ഇങ്ങനെ പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരുമാകും" (മത്താ. 20: 16). വി. പൗലോസും ഇതിനെക്കുറിച്ചു ശക്തിപൂർവം

ഉൽബോധിപ്പിക്കുന്നു: "എന്റെ സഹോദരന്മാരേ, നിങ്ങളുടെ വിളിതുന്നായും നിങ്ങൾ നോക്കുവിൻ. നിങ്ങളിൽ ജഡപ്രകാരം ജ്ഞാനികൾ വളരെയില്ല; നിങ്ങളിൽ ശക്തന്മാർ വളരെയില്ല; നിങ്ങളിൽ വലിയ കുടുംബക്കാരും വളരെയില്ല. എന്നാൽ, ജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ലോകത്തിലെ ഭോഷന്മാരെ ദൈവം തിരഞ്ഞെടുത്തു; ശക്തന്മാരെ ലജ്ജിപ്പിക്കുവാൻ ലോകത്തിലെ ബലഹീനന്മാരേയും അവിടുന്നു തിരഞ്ഞെടുത്തു; ഉള്ളവരെ ലജ്ജിപ്പിക്കുവാൻ ലോകത്തിലെ താഴ്ന്നകുടുംബക്കാരേയും നിന്ദിക്കപ്പെട്ടവരേയും ഇല്ലാതിരിക്കുന്നവരേയും അവിടുന്നു തിരഞ്ഞെടുത്തു; തന്റെ തിരുസ്സന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കുവാൻതന്നെ. ദൈവത്തിൽനിന്നു നമുക്കുള്ള ജ്ഞാനവും നീതിയും വിശുദ്ധിയും രക്ഷയുമായിരിക്കുന്ന ഈശോമിശിഹാമൂലം അവനിൽനിന്നുള്ളവരാകുന്നു നിങ്ങളും. പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ എന്നു എഴുതപ്പെട്ടിരിക്കുന്നതുപോലെതന്നെ."

(1 കൊറ. 1: 26....)

## "ഞാൻ നിന്നോടുകൂടി ഉണ്ടായിരിക്കും"

ദൈവവിളിയുടെ ദിവ്യാമന്ത്രണം ഹൃദയത്തിന്റെ ഉള്ളറകളിൽ തട്ടി പ്രതിധ്വനിക്കുമ്പോൾ, നിങ്ങളുടെ അയോഗ്യതയെക്കുറിച്ചുള്ള ബോധം എളിമയുടെ പ്രകരണങ്ങളെ നിങ്ങളിലുദിപ്പിക്കട്ടെ. അപ്പോൾ മോശയോടൊത്തു നിങ്ങൾക്കും പ്രതിവചിക്കുവാൻ സാധിക്കും: "ഫറവോന്റെപക്കൽപോയി ഇസ്രായേൽ ജനത്തെ ഈജിപ്റ്റിൽനിന്നു കൂട്ടിക്കൊണ്ടുവരുവാൻ നാഥാ, ഞാനാരാണു്?" (പുറ. 3: 11). എളിമയിൽ തളംകെട്ടിനില്ക്കുന്ന ഈദൃശ

വികാരങ്ങളാണ് വൈദികാന്തസ്സിനെ കാംക്ഷിക്കുന്ന ഒരു വ്യക്തിയുടെ പക്കലുള്ള ഏററം വലിയ ശ്രൂപാർശക്കത്ത്. മോശയെ ദൈവം ധൈര്യപ്പെടുത്തി. അതുപോലെ, ആ വ്യക്തിയേയും ദൈവം ധൈര്യപ്പെടുത്തും: "ഞാൻ നിന്നോടുകൂടിയുണ്ടായിരിക്കും." മോശയെ എല്ലാ അപകടങ്ങളിൽനിന്നും രക്ഷിച്ചിരുന്നത് ഈ വാഗ്ദാനമാണ്. അതുപോലെ, പൗരോഹിത്യപദത്തെ ലക്ഷ്യംവച്ചിരിക്കുന്ന ഏതൊരു വ്യക്തിക്കും ഈ ഉറപ്പുമാത്രംമതി, എല്ലാവിധ വിഷമതകളേയും വീറോടേ ചെറുക്കുവാൻ.

പൗരോഹിത്യത്തിലേക്കു പ്രവേശിക്കുവാൻ ചിലർക്കു ദൈവവിളിയില്ലെങ്കിലും സന്യാസഭവനങ്ങളിൽ പ്രവേശിച്ചു സഹോദരന്മാരായോ സന്യാസികളായോ ജീവിക്കുവാൻ അവർക്കു സാധിക്കും. സന്യസ്തജീവിതമാണ് അവർ നയിക്കുന്നതെങ്കിലും വിദ്യാഭ്യാസപരമോ ജീവകാരുണ്യപരമോ ആയിരിക്കും അവരുടെ പ്രവർത്തനപഥം. സന്യസ്തജീവിതത്തിൻെറ എല്ലാ വശങ്ങളിലും ഇവരുടെ അഭാവം ഇന്നു നിസ്സാരമല്ല. പൗരോഹിത്യത്തിലേക്കുള്ള ദൈവവിളിപോലെ അത്ര ഉന്നതവും ദൈവികവുമല്ല ഈ ദൈവവിളി എന്നു സമ്മതിക്കണം. എങ്കിലും, ഇതും മഹനീയവും ഉൽകൃഷ്ടവുമത്രേ. കാരണം, ഈ ദൈവവിളിയെ അനുധാവനം ചെയ്യുന്നവൻ ദൈവത്തിനായി ജീവാർപ്പണം ചെയ്യുന്നു; ആത്മവിശുദ്ധിയെ വീരോചിതമാംവണ്ണം നേടുന്നു; നാശത്തിൻെറ വഴിത്താരയിൽനിന്ന് അനേകായിരം ആത്മാക്കളെ തടഞ്ഞു രക്ഷിക്കുന്നു. ഭാരപ്പെട്ട ഉത്തരവാദിത്വങ്ങളോ ഉന്നതസ്ഥാനമോ ഒന്നും, പൗരോഹിത്യത്തിനുള്ളതുപോലെ, ഇതിനില്ല. എങ്കിലും, മനസ്സമാധാനവും ഹൃദയാഹ്ളാദവും ആത്മസംതൃപ്തിയുമെല്ലാം

പൗരോഹിത്യജീവിതത്തിലെന്നതുപോലെ ഇതിലും അനു ഭവവേദ്യമാകും.

## തുണസഹോദരന്മാർ

കത്തോലിക്കായുവാക്കന്മാരിൽ പലരും ഇന്നു ബ്രഹ്മ ചര്യജിവിതത്തെ ബഹുമാനിക്കുന്നു. ഈ ജീവിതത്തെ ലാഘവപ്പെടുത്താൻ, പുണ്യപൂർണ്ണമാക്കുവാൻ പററിയ മാ ർഗ്ഗമാണു് ഏതെങ്കിലും സന്യാസസഭയിൽ തുണസഹോദ രനായി ചേരുക എന്നതു്. ബ്രഹ്മചര്യജീവിതത്തിനു് അ വശ്യാവശ്യകമായ ഏകാന്തതയും ഭക്തിനിർഭരമായ അന്ത രീക്ഷവും അവരവിടെ ദർശിക്കും. വേലക്കാർ വിരളമായ തിനാൽ, ദൈവരാജ്യവികസനത്തിനുള്ള എത്രയെത്ര സൽ പ്രവൃത്തനങ്ങളാണു നാമ്പടഞ്ഞുകൊണ്ടിരിക്കുന്നതു്! തീച്ച യായും, ബുദ്ധിശക്തിയും കഴിവും ആരോഗ്യവുമുള്ള അ നേകായിരം യുവജനങ്ങളെ ഇന്നു് ഈശോ വിളിക്കുന്നുണ്ടു്, പ്രേഷിതരംഗത്തേക്കിറങ്ങി സേവനമന്വേഷിക്കുവാൻ. അ വർ ആ മഹനീയജോലി ഏറെറടുക്കുവാൻ തയ്യാറാവണം- അതാണാവശ്യം.

അവക്കു മാതൃക നല്കിക്കൊണ്ടു്, ആജീവനാന്തം ഒരു തുണസഹോദരനായി ആശ്രമഭിത്തികൾക്കുള്ളിൽ വി ലയംകൊള്ളുന്നതിനു് ആശയും ആവേശവും പകൻ കൊണ്ടു പലരും മുന്നണിയിൽ നില്പുണ്ടു്. വി. ബർണ്ണാർ ദിൻെറ പിതാവായ, വന്ദ്യനായ ടെഷലിൻ, വാഴ്ത്തപ്പെട്ട മാർട്ടിൻ ഡി പോറസ്, ഇരുപത്തിമൂന്നുകൊല്ലം ഗദസേ മ്മിനി ആശ്രമത്തിൽ ജീവിച്ച ഒരു വീരസുകൃതിയായി മര ണമടഞ്ഞ ബ്രദർ മേരി ജൊവാക്കിം തുടങ്ങിയവർ ഈ നി രയിൽപ്പെടുന്നു.

സന്ന്യാസസഭകളിൽ ചേരുന്ന യുവതീയുവാക്കന്മാർ തങ്ങളുടെ കഴിവുകൾക്കും കലാവാസനകൾക്കും നിറപ്പകിട്ടു നല്കുവാനുള്ള സാഹചര്യങ്ങളും സാധ്യതകളും അവിടെ കണ്ടെത്താതിരിക്കുകയില്ല. വിദ്യാഭ്യാസപരവും തൊഴിൽപരവും വ്യവസായപരവും ആയ തുറകളിൽ കടന്നുനിന്ന് ഇവക്കും തങ്ങളുടെ കഴിവുകളെ അലരണിയിക്കാം. എന്നാൽ, ദൈവം നല്കുന്ന ഈ ആഹ്വാനത്തിനു ചെവി ചായിക്കുവാൻ വിരസത പ്രദർശിപ്പിക്കുന്ന ചഞ്ചലമാന സരുമില്ലേ? അവരോടാണു മുന്തിരിത്തോപ്പിൻെറ ഉടമസ്ഥൻ ചോദിക്കുന്നതു്: "നിങ്ങൾ ദിവസം മുഴുവനും വേലയില്ലാതെ നില്ക്കുന്നതെന്തു്?" അതേ, യഥാർത്ഥത്തിൽ അവർ മടിയന്മാർതന്നെ. കർത്താവിൻെറ ദ്രാക്ഷാവാടിയിൽ വിനിയോഗിക്കുവാൻ പാടുള്ള എന്തെന്തു വിലയേറിയ സമയമാണ് അവർ വൃഥാ ചെലവഴിക്കുന്നതു്! അവക്കു മനസ്സുണ്ടെങ്കിൽ എത്രയെത്ര ആത്മാക്കളെയാണു സത്യത്തിൻെറ വെള്ളിവെളിച്ചത്തിലേക്കു കൂട്ടിക്കൊണ്ടുവരുവാൻ സാധിക്കുക! വിവിധ സന്ന്യാസമന്ദിരങ്ങളിൽനിന്നും നിരന്തരം "വേല"യ്ക്കുള്ള ആഹ്വാനങ്ങൾ അവക്കു ലഭിക്കുന്നുണ്ടു്. പത്രങ്ങളിലും മാസികകളിലുമെല്ലാം തുടരെത്തുടരെ നാം പരസ്യങ്ങൾ കാണുന്നില്ലേ? അതിനാൽ, "ആരും ഞങ്ങളെ വേലയ്ക്കു വിളിക്കായ്കകൊണ്ടു" എന്ന് ആത്മാർത്ഥതയോടെ അവക്കു പറയുവാൻ ഒരിക്കലും സാധിക്കുകയില്ല.

ദൈവം ഇന്നു്, നീരും ചോരയുമുള്ള അനേകായിരം യുവഹൃദയങ്ങളെ ഈ ജീവിതാവസ്ഥയിലേക്ക് ആഹ്വാനം ചെയ്യുന്നുണ്ടെന്നു നാം പറഞ്ഞുകഴിഞ്ഞു. എന്നാൽ, ദൌർഭാഗ്യമെന്നേ പറയേണ്ടു, വളരെ ചുരുക്കമൊളുകൾമാത്രമേ

ഈ വിളിക്കു ചെവികൊടുക്കുന്നുള്ളൂ.

## അവനൊരു മിടുമിടുക്കനായിരുന്നു

വി. ബെർണ്ണാർദിൻെറ ജീവിതകഥയിൽ രസകരമായ ഒരു സംഭവമുണ്ടു്. അദ്ദേഹം തൻെറ നാലുസഹോദരന്മാരുമൊത്തു സന്യാസസഭയിൽ ചേരുവാൻ പുറപ്പെട്ടുന്ന രംഗം. വീട്ടും നാട്ടും വെടിഞ്ഞു് അവർ ക്രിസ്തുവിനുവേണ്ടി മാത്രം ജീവിക്കുവാൻ പോകയാണു്. പടിയിറങ്ങിയപ്പോൾ ജ്യേഷ്ഠൻ കുഞ്ഞനുജനെ ധൈര്യപ്പെടുത്തി: "ഞങ്ങൾക്കു കിട്ടേണ്ട വീതംക്രൂടി നീ എടുത്തുകൊള്ളൂ." അവനതിൽ സന്തോഷിക്കുമെന്നാണു് അവർ കരുതിയതു്. എന്നാൽ, ബുദ്ധിമാനായ ആ കുഞ്ഞനുജൻ, നീവാർഡ്, പറയുകയാണു്: "ഉവ്വുവ്വു്, നിങ്ങൾ സ്വർഗ്ഗരാജ്യം പിടിച്ചെടുക്കുമ്പോൾ ഞാൻ ഭൂമിയിലെ ധനംകൊണ്ടു തൃപ്തിപ്പെടണമെന്നോ? വേണ്ടാ വേണ്ടാ, എനിക്കിതൊന്നും വേണ്ടാ; ഞാനും പോരുകയാണു്. എനിക്കും സ്വർഗ്ഗരാജ്യം കൈക്കലാക്കണം." അവനും ഒരു സന്യാസിയായി. വിശുദ്ധിയുടെ കൊടുമുടിയിലേക്കുള്ള കയററത്തിൽ അവൻ സഹോദരന്മാരെ അതിശയിക്കുകയും ചെയ്തു.

ഇതുപോലുള്ള തീക്ഷ്ണത നമ്മുടെ യുവാക്കന്മാരിലും ഉണ്ടായിരുന്നെങ്കിൽ! എങ്കിൽ, അതു് അവർക്കും മററുള്ളവർക്കും സഭയ്ക്കാകമാനവും നന്മയ്ക്കു നാരായവേരു പാകുമായിരുന്നു. ബലവശ്യമായ സ്വർഗ്ഗരാജ്യത്തെ പിടിച്ചടക്കുവാൻ നീവാർഡിനുണ്ടായ ആഗ്രഹംതന്നെ അവരിലും ഉണ്ടാകണം. ആണ്ടുതോറും എത്രയെത്ര യുവാക്കന്മാരാണു്, സെമ്മിനാരികളിൽ ചേരുന്നതു്! ഇതെങ്കിലും അവർക്കു പ്രചോദനകാരണമായിരുന്നെങ്കിൽ!

## മാതാപിതാക്കന്മാർ ധന്യരാകുന്നു

ഭാവിയിൽ, തൻെറ അരുമക്കുഞ്ഞുങ്ങളിൽ ഒന്നിനെങ്കിലും ദൈവികാഹ്വാനം ലഭിക്കും എന്ന ആശയോടെ സുകൃതിനിയായ ഒരു മാതാവു മഠാധിപയ്ക്കു് എഴുതുകയാണു്: "ആധുനികലോകം സാമ്പത്തികവും സാമൂഹികവുമായ ഭദ്രതയ്ക്കുവേണ്ടി വെമ്പലിടുന്നു. പക്ഷേ, ഒരു കാര്യം അവക്കറിഞ്ഞുകൂടാ—ഭദ്രതയുടെ ശരിയായ അത്ഥം. എന്നാൽ, കന്യകാലയജീവിതം നയിക്കുന്ന മിശിഹായുടെ മണവാട്ടികളായ നിങ്ങൾക്കതിൻെറ ശരിയായ അത്ഥമറിയാം. അതേ, ഈശോയുടെ തിരുഹൃദയത്തിലാണു നിങ്ങളുടെ ഭദ്രത നിങ്ങൾ കണ്ടെത്തിയിരിക്കുന്നതു്. എൻെറ പ്രിയതമൻ പലപ്പോഴും പറയാറുണ്ടു്: 'നമ്മുടെ കുഞ്ഞുങ്ങളിൽ ആക്കെങ്കിലും സന്യസ്തജീവിതത്തിലേക്കുള്ള ദൈവവിളി ലഭിക്കുന്നെങ്കിൽ, അവരുടെ ജീവിതത്തെ സൗഭാഗ്യപ്രദമാക്കുവാൻ, അതിൽക്കൂടിയ ഒരനുഗ്രഹം നാം ദൈവത്തോടു യാചിക്കുവാനില്ല; നാം തികച്ചും ധന്യരാവുകയും ചെയ്യും' എന്നു്."

വേറൊരു സംഭവം. സെമ്മിനാരിയിലേക്കു് ഒരു യുവാവു യാത്രപുറപ്പെടുകയായിരുന്നു. തുടിക്കുന്ന ഹൃദയത്തോടെ അവൻെറ മാതാവു തൻെറ ഓമനയുടെ നിറുകയിൽ ചുംബനങ്ങളർപ്പിച്ചു. അപ്പോൾ ചൂടുള്ള മുത്തുമണികൾ അവൻെറ മേൽ പതിച്ചു. അവൻ പറഞ്ഞു: "അമ്മച്ചീ, അമ്മച്ചിയെന്തിനു കരയുന്നു? സന്തോഷസമേതം ഈ 'ബലി' അർപ്പിക്കുവാൻ ഈശോ നമ്മോടാവശ്യപ്പെടുന്നു."

"മകനേ, ഞാൻ സങ്കടംകൊണ്ടു കരയുകയല്ല. തനിക്കുവേണ്ടി ഈ ബലി അർപ്പിക്കുവാൻ നമ്മെ അനുവദിക്കുന്ന ദൈവത്തിന്റെ അമൂല്യാനുഗ്രഹം ഓർത്തു സന്തോഷംകൊണ്ടു ഞാൻ കരയുകയാണ്, മകനേ."

വൈദികാന്തസ്സിലോ സന്യാസാന്തസ്സിലോ പ്രവേശിക്കുന്ന സന്താനങ്ങൾ, മാതാപിതാക്കന്മാരുടെ അവാച്യമായ ആനന്ദത്തിനു കാരണമായിബ് ഭവിക്കുന്നു.

## മിശിഹായുടെ മണവാട്ടികൾ

നിരവധി കത്തോലിക്കയുവതികൾ ഇന്നു കന്യകാലയങ്ങളിൽ പ്രവേശിക്കുന്നുണ്ടു്. വിദ്യാഭ്യാസപരമോ ജീവകാരുണ്യപരമോ ആയ ഏതെങ്കിലും പ്രവൎത്തനങ്ങളിൽ അവർ എപ്പോഴും ജാഗരൂകരായിരിക്കുന്നു. ദിവ്യനാഥൻ അവരെ കന്യകാലയങ്ങളിലേക്ക് ആഹ്വാനം ചെയ്യുമ്പോൾ "അവന്റെ നാമവും അവന്റെ പിതാവിന്റെ നാമവും നെററിത്തടത്തിൽ എഴുതപ്പെട്ടിരിക്കുന്ന" നൂററിനാല്പത്തിനാലായിരത്തിന്റെ നിരയിലേക്കും സ്നേഹത്തോടേ അവരെ ക്ഷണിക്കുകയാണു ചെയ്യുന്നതു്. "അവർ പാടുന്നു, സിംഹാസനത്തിന്റെ മുൻപിൽ ഒരു പുതിയ ഗാനം പാടുന്നതുപോലെ....ഭൂമിയിൽനിന്നു വിലയ്ക്കു വാങ്ങപ്പെട്ടവരായ ആ നൂററിനാല്പത്തിനാലായിരം പേൎക്കല്ലാതെ ആൎക്കും ആ ഗാനം പഠിക്കുവാൻ സാധിച്ചിരുന്നില്ല....ഇവർ വിഷയവിരക്തരാകുന്നു. കുഞ്ഞാടു പോകുന്നിടത്തെല്ലാം അവനെ അനുഗമിക്കുന്നവർ ഇവരാകുന്നു" (വെളി. 14: 1....). തന്റെ പ്രിയപ്പെട്ട മണവാട്ടികളാകുവാൻ ഈശോ അവരോടാവശ്യപ്പെടുന്നു. ദിവ്യസക്രാരിക്കരികേ പ്രേമഗാ

നങ്ങളുമാലപിച്ച് എപ്പോഴും തന്നെ ആനന്ദിപ്പിക്കുവാൻ ഈശോ അവരോടാവശ്യപ്പെടുന്നു. കുളിർമ്മയേറിയ അവിടുത്തെ ഹൃദയമെത്തയിൽ ശയിച്ചുകൊള്ളുവാൻ അവിടുന്ന് അവരെ അനുവദിക്കുന്നു. അവിടുത്തെ തൃക്കരങ്ങൾനീട്ടി അവിടുന്നവരെ സംരക്ഷിക്കും. സകലവും- യുവത്വവും കഴിവുകളും കഷ്ടപ്പാടുകളും കരിശുകളുമെല്ലാം—അവിടുത്തേക്കു വേണ്ടിയാണ് അവർ അർച്ചന ചെയ്യുക. ഈ ലോകത്തിലും പരലോകത്തിലും അവിടുന്നാണ് അവരുടെ ഹൃദയമണവാളൻ. അവരുടെ സ്നേഹം പങ്കിട്ടെടുക്കുവാൻ മററാരും അർഹരല്ല.

## ജീവിതം സ്നേഹമാകുന്നു

സ്നേഹിക്കുന്നതിനുള്ളതാണ്, സ്ത്രീഹൃദയം. അതിനുവേണ്ടിയാണു ദൈവം അവൾക്ക് അസ്തിത്വംതന്നെ നല്കിയിരിക്കുന്നതു്. അപ്പോൾ, അമോഘമായ ഒരു സ്നേഹത്തിലേക്ക് അവൾ ആകർഷിക്കപ്പെടുന്നെങ്കിൽ, ആ അഭൗമികമായ സ്നേഹത്തികവിനെ പുല്കുവാൻ അവളുടെ ഹൃദയം എത്രകണ്ടു കൊതികൊള്ളുകയില്ല! അവിടുത്തെമുൻപിൽ അവൾ പവിത്രയായിരിക്കുന്നിടത്തോളംകാലം ഈശോ അവളെ നോക്കി പുഞ്ചിരിപൊഴിക്കും; അവളുടെ മധുരപ്രതീക്ഷകളെ മലരണിയിക്കും. ശോഭനമായ ആ മൈത്രീബന്ധത്തിൻെറ പ്രത്യാശകൾ അവൾക്കു സാധിതമാകും. കന്യകാലയജീവിതത്തിൽ ബുദ്ധിമുട്ടുകളും പ്രലോഭനങ്ങളുമൊക്കെ അവൾക്കനുഭവപ്പെട്ടേക്കാം. അപ്പോഴെല്ലാം തൻെറ സമാധാനത്തെ അവിടുന്ന് അവൾക്കു നല്കുന്നു. ലോകത്തിനജ്ഞാതമാണ് ഈ സമാധാനം; അതു നല്കുക ലോകത്തിന് ഒരുനാളും സാധ്യവുമല്ല.

ലൗകികസൗഭാഗ്യങ്ങളെക്കാൾ എത്രയോ മഹോന്നതമാണു് ഈ അഭൗമികശാന്തി. മാത്രമോ? അവിടുന്നു് അവർക്കായി അനന്തമായ സ്വർഗ്ഗീയമഹത്വത്തേയും തയ്യാറാക്കുന്നു. അതിൻെറ ഒരു നിഴൽമാത്രമേ ആകുന്നുള്ളൂ, ഇപ്പോൾ അവർക്കു് അനുഭവവേദ്യമാകുന്ന ഈ ഹൃദയശാന്തി.

## ദിവ്യമാന്ത്രികൻ

ദിവ്യനാഥൻ, തന്നെ പിഞ്ചെല്ലുവാൻ പാത്തിരിക്കുന്ന യുവഹൃദയങ്ങളിൽ മുട്ടിവിളിക്കുന്നു: "മകളേ, നീ നന്നായി ശ്രദ്ധിക്കുക, നോക്കുക, നിൻെറ ചെവി ചായിക്കുക. രാജാവു നിൻെറ സൗന്ദര്യത്തെ ആഗ്രഹിക്കുവാൻവേണ്ടി നിൻെറ ജനത്തേയും പിതൃഭവനത്തേയും മറന്നുകളയുക. അവിടുന്നു നിൻെറ നാഥനാകകൊണ്ടു് അവിടുത്തെ നീ ആരാധിക്കുക" (സങ്കീ. 45: 10, 11). ഈ ദിവ്യാമന്ത്രണത്തെ ശ്രവിക്കുന്ന യുവതി മറുപടി കൊടുക്കുന്നു: "രാജപുത്രിയുടെ മഹിമയെല്ലാം ഉള്ളിലാകുന്നു....സഖികളായ കന്യകമാരെ അവളുടെ പിന്നാലെ അവർ കൊണ്ടുചെല്ലും. അവർ ആനന്ദത്തോടും മാധുര്യത്തോടുംകൂടി പോകും. രാജാവിൻെറ ആലയത്തിൽ പ്രവേശിക്കുകയും ചെയ്യും".

(സങ്കീ 45.)

ഒരു യുവതി കന്യകാലയത്തിൽ ചേരുമ്പോൾ അവളുടെ നല്ല മാതൃകയെ അനുകരിച്ചുകൊണ്ടു മററു പല യുവതികളും അവളെ അനുഗമിക്കുക സാധാരണമാണു്. ക്രിസ്തുവിൻെറ മണവാട്ടികളായിത്തീരുവാൻ അവർക്കു പ്രചോദനംകൊടുത്തു എന്നതിൽ അഭിമാനംകൊള്ളുവാൻ ആ യുവതിക്കു തികച്ചും അർഹതയില്ലേ?

അപ്പസ്തോലന്മാരുടെ സംഘത്തിലേക്കു നോക്കുക. പത്രോസും അന്ത്രയോസും ജ്യേഷ്ഠാനുജന്മാരായിരുന്നു; അതുപോലെ, യോഹന്നാനും യാക്കോബും, ശെമയോനും യൂദായും. ഈശോയുടെ പക്കലേക്കു വരുവാൻ ഒരാൾ അപരനു പ്രചോദനം നല്കുന്നു. ഈ വിധത്തിലുള്ള ഒരാകർഷണം ഇപ്പോഴും നമ്മുടെ യുവലോകത്തിൽ കണ്ടുവരുന്നു. ദൈവസേവനത്തിനു ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന ജ്യേഷ്ഠസഹോദരന്മാരേയും സഹോദരിമാരേയും ഇന്നു് എത്രയെത്ര കുഞ്ഞനുജന്മാരും കുഞ്ഞനുജത്തികളുമാണു് അനുഗമിക്കുന്നതു്! ചിലപ്പോൾ, ഈ കുഞ്ഞനുജന്മാരുടേയും കുഞ്ഞനുജത്തികളുടേയും സ്ഥാനം അവരുടെ സ്നേഹിതരോ ബന്ധത്തിൽപ്പെട്ടവരോ പരിചിതരോ ആയിരിക്കും കരസ്ഥമാക്കുക. എങ്ങനെയാണെങ്കിലും, ദൈവവിളി പകർന്നു പടരുന്ന ഒന്നുതന്നെ.

## ആയിരങ്ങളുടെ മാതാവു്

സിലോണിൽ മിഷൻപ്രവൎത്തനം നടത്തിക്കൊണ്ടിരുന്ന അയർലണ്ടുകാരിയായ ഒരു കന്യാസ്ത്രീ കുറെക്കൊല്ലങ്ങൾക്കുമുമ്പു മരിച്ചു. മരിക്കുന്നതിനുമുമ്പു തൻെറ ആദ്ധ്യാത്മികശിശുക്കളുടെ കണക്കു് ഏകദേശമായി പറയുവാൻ അവൾക്കു സാധിച്ചു. സ്വകരങ്ങൾകൊണ്ടുതന്നെ ഏതാണ്ടു് ഇരുപത്തിമൂവായിരം ആത്മാക്കളെ കത്തോലിക്കമതത്തിൻെറ വീരസന്താനങ്ങളാക്കുവാൻ ചൈതന്യമുററ ആ മിഷനറിസഹോദരിക്കു കഴിഞ്ഞു! ഇതുകേൾക്കുമ്പോൾ ആരാണു വിസ്മയം കൊള്ളാത്തതു്?

സങ്കീൎത്തകൻപാടുന്നു: "നിൻെറ പുത്രന്മാർ നിൻെറ പിതാക്കന്മാൎക്കുപകരം ആയിരിക്കും. എല്ലാ തലമുറകളി

ലും നിന്റെ നാമം ഞങ്ങൾ ഓർമ്മിക്കുവാൻവേണ്ടി നാട്ടുമുഴവനിലും നീ അവരെ അധികാരികളാക്കുക. ഇതിനാൽ, പുറജാതികൾ എന്നേക്കും നിന്നെ സ്തുതിക്കും."

(സങ്കീ. 45.)

'പുത്രന്മാർ' എന്ന് ഇവിടെ ചൂണ്ടിപ്പറഞ്ഞിരിക്കുന്നത് ആദ്ധ്യാത്മികസന്താനങ്ങളെ ഉദ്ദേശിച്ചാണ്. പ്രാർത്ഥനയും സന്മാതൃകകളും വഴി എത്രയെത്ര ആത്മാക്കളെയാണ് ഒരു മിഷനറിസഹോദരി നേടുന്നത്! അവരാണ് അവളുടെ സന്താനങ്ങൾ. ശാരീരികമാതൃത്വത്തിന്റെ ആനന്ദങ്ങളെയെല്ലാം അവൾ നാഥനുവേണ്ടി നിരസിക്കുന്നു; എന്നാൽ, നാഥൻ അവളെ അനുഗ്രഹിക്കുന്നു. ആദ്ധ്യാത്മികമാതൃത്വം അവളെ പുളകമണിയിക്കുന്നു. ആയിരങ്ങളുടെ മാതാവാണിന്നവൾ! നിത്യമായി നശിച്ചുപോകുവാൻ ഇടയുള്ള എത്രയെത്ര ആത്മാക്കളെയാണ് അവൾ സ്വർഗ്ഗീയമഹിമാവിലേക്കു ജനനം നല്കി രക്ഷിച്ചെട്ടത്തിരിക്കുക! അവളിൽനിന്ന് അവർക്കു കിട്ടിയ പുണ്യമാതൃകകളും മതതീക്ഷ്ണതയും വാടിയുണങ്ങുകയില്ല. അവർ എവിടെയും ആയിരുന്നുകൊള്ളട്ടെ, അവരുടെ പ്രായോഗികജീവിതത്തിൽ അവയൊക്കെ പ്രതിഫലിച്ചു കാണാതിരിക്കുകയില്ല. അവരുടെ ഹൃദയങ്ങളിൽ കൊത്തിവച്ചിരിക്കുന്ന അവളുടെ നാമം മാഞ്ഞുമറഞ്ഞു പോകയില്ല. എന്നെന്നും അവൾ അവരുടെ പ്രശംസാപാത്രമായിരിക്കും.

### രാജകുമാരനോടുകൂടെ

ഏതാനും കൊല്ലങ്ങൾക്കുമുമ്പ്, അന്ന് ഇംഗ്ലണ്ടിലെ കിരീടാവകാശിയായിരുന്ന വെയിത്സ് രാജകുമാരൻ അമേ

രിക്ക സന്ദർശിച്ചു. എല്ലായിടത്തും അദ്ദേഹത്തിനു ഹൃദ്യമായ സ്വീകരണങ്ങൾ ലഭിച്ചു. എല്ലാവരും കൊതിച്ചു, "ഹാ! അദ്ദേഹവുമായി ഒന്നു സംസാരിക്കുവാൻ സാധിച്ചിരുന്നെങ്കിൽ!" എന്ന്. അദ്ദേഹത്തെ ഒരുനോക്കു കാണുവാൻ യുവതികൾ ആശിച്ചു. എന്നാൽ, രാജാക്കന്മാരുടെ രാജാവായ മിശിഹായുടെ മണവാട്ടി എന്ന അതുല്യപദവിയിൽ മഹിമചൂടി നില്ക്കുന്ന ഒരു യുവതിയും ഇവരുമായിട്ട് എന്തു സാമ്യം? വെയിത്സ് രാജകുമാരൻ മരിച്ചു. അതോടേ തീൎന്നു, അദ്ദേഹത്തിൻെറ പേരും പെരുമയുമെല്ലാം. എന്നാൽ, ഈശോയോ? കന്യകകളുടെ ദിവ്യമണവാളനായ അവിടുന്നു "ഇന്നലേയും ഇന്നും എന്നും ഒരുവൻ തന്നെയാകുന്നു" (എബ്രാ. 13: 8).

## അവരെവിടെ?

ദൈവവിളിയുണ്ടായിട്ടും സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ അതിനെ അനുധാവനം ചെയ്യുവാൻ സാധിക്കാത്ത ചില യുവതികളുണ്ട്. എവിടെയൊക്കെയാണു നാം അവരെ കാണുക? ജീവിതത്തിൻെറ എല്ലാ തുറകളിലും നമുക്കവരെ കണ്ടുമുട്ടുവാൻ കഴിയും. നല്ല കത്തോലിക്കകുടുംബങ്ങളിൽ, ഉയൎന്ന ഉദ്യോഗങ്ങളിൽ, ഫാക്ടറികളിൽ, കലാലയങ്ങളിൽ, ജീവകാരുണ്യപ്രവൎത്തനങ്ങളിൽ, എന്നുവേണ്ടാ, രാഷ്ട്രീയമണ്ഡലത്തിൽപ്പോലും അവർ തെളിഞ്ഞു നില്ക്കുന്നു. കന്യാസ്ത്രീകളോടു തൊട്ടടുത്ത സ്ഥാനംതന്നെ അവർക്കും നല്കാം. മാതൃകാപരമായ ഒരു സുകൃതജീവിതം, ഈശോയുടെ തിരുഹൃദയത്തിന് ആനന്ദം നല്കുന്ന ഒരു ചാരിത്രജീവിതം അവരും നയിക്കുന്നു. തങ്ങളുടെ എല്ലാ പ്രവൎത്തനങ്ങളിലും പാടുള്ളിടത്തോളം ഈശോയെ തൃപ്തിപ്പെടുത്തുക—അതാണ് അവരുടേയും പരമലക്ഷ്യം.

## എന്തുകൊണ്ടു നിഷ്ഫലമാകുന്നു?

ഇനിയും വേറൊരുകൂട്ടർ. നാഥൻെറ ദിവ്യാഹ്വാനത്തെ ഇവർ ചെറുത്തുനില്ക്കുന്നില്ല; പ്രത്യുത, ഉത്തരം കൊടുക്കാതെ ഉദാസീനതയിൽ കഴിഞ്ഞുകൂടുകയാണ്. അക്ഷന്തവ്യമായ ഈ താമസത്തിനു കാരണം? മറെറാന്നുമല്ല, അവരുടെ മനശ്ചാഞ്ചല്യം ഒന്നുമാത്രമാണ്. യഥാർത്ഥമായി അഭിലഷിക്കുന്നതെന്തോ, അതിനെ 'കട്ടായ'മായി തിരഞ്ഞെടുക്കുവാൻ അവർ അപ്രഗല്ഭരാണ്. ചെയ്യേണ്ടതെന്തന്നറിഞ്ഞാലും അതിനെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ അവർക്കു കെല്പില്ല. ഈ തരളമനഃസ്ഥിതിയോടൊത്തു മിക്കപ്പോഴും ദൈവപരിപാലനയിലുള്ള വിശ്വാസക്കുറവും അവരിൽ നമുക്കു ദർശിക്കുവാൻ കഴിയും. ദൈവത്തിൻെറ വാഗ്ദാനങ്ങൾക്കനുസൃതമായി പ്രവർത്തിക്കുവാൻ അവർ ഭയപ്പെടുന്നപോലും! ഒരന്ത്യതീരുമാനത്തിലെത്തിച്ചേരുവാൻ അവർ കാലതാമസം വരുത്തുന്നു. അവരുടെ യുവത്വം ഇതു കാത്തുനില്ക്കുകയില്ല. അതു കടന്നുപോകും; ഒപ്പം അവരുടെ മധുരപ്രതീക്ഷകളും. അങ്ങനെ അവരുടെ ഹൃദയം അസംതൃപ്തമാകുന്നു. തങ്ങൾ ആയിരിക്കേണ്ടിടത്തല്ല കാലുറപ്പിച്ചു നില്ക്കുന്നതെന്നു് അപ്പോഴവർക്കു് അനുഭവപ്പെടുകയായി.

## വിശക്കുന്ന കഴുത

തത്വശാസ്ത്രത്തിൽ രസകരമായ ഒരു പ്രമേയമുണ്ടു്. മധ്യയുഗത്തിലെ ചിന്താതൽപരരുടെ ഇടയിൽ ചൂടുപിടിച്ച ഒരു വിവാദവിഷയമായിരുന്നു, അതു്. പ്രമേയമിതാണു്: വിശന്നു പൊരിയുന്ന ഒരു കഴുതയെ രണ്ടു കച്ചിക്കൂ

നകളുടെ ഒത്തനടുക്ക നിറുത്തുക. അതെന്തുചെയ്യും? ബുദ്ധിയും ബോധവുമൊന്നുമില്ലല്ലോ കഴുതയ്ക്കു്. ഏതു കച്ചിക്കൂനയാണു തിന്നുതുടങ്ങേണ്ടതു് എന്നറിയാതെ കഴുത തേങ്ങിനില്ക്കും. അതിന്റെ ഇച്ഛാശക്തിയെ തൃപ്തിപ്പെടുത്തുവാനുള്ള വസ്തുക്കൾ ഇടവും വലവും ഒരേ അളവിൽ. രണ്ടും അതിനെ ആകർഷിക്കുന്ന തുല്യശക്തിയിൽ. കാരണം, അതു നില്ക്കുന്നിടത്തുനിന്നു തുല്യമായ അകലത്തിലാണു് അവ കിടക്കുന്നതു്. എന്നാൽ, ഈ ആകർഷണം വിപരീതകോണത്തിലാണു്. ഒന്നു്, ഇടത്തോട്ടും മറേറതു്, വലത്തോട്ടും. അതിനാൽ ഒരു വശത്തേക്കും പോകുവാൻ അതിനു സാധിക്കുകയില്ല. അങ്ങനെ ആ കഴുത, ഒന്നും തിന്നാതെ പഞ്ഞംകിടന്നു ചാകും. അവരുടെ അനുമാനമാണിതു്.

വെറും കാല്പനികമായ ഒരു വിവാദവിഷയമാണിതെന്നു നമുക്കെല്ലാവർക്കുമറിയാം. തത്വശാസ്ത്രം എന്തൊക്കെപ്പറഞ്ഞാലും, പഞ്ഞം കിടക്കുന്ന ആ കഴുത കച്ചി കാണുമ്പോഴേ വെട്ടിവിഴുങ്ങും. എന്നാൽ, ചില കത്തോലിക്കായുവതികളുടെ കഥ ഇതിലും രസാവഹമാണു്. മഠത്തിൽചേരണമോ? അതോ, വിവാഹത്തിനു മനസ്സുമുളണമോ? ഈ ചോദ്യത്തിനു് ഉത്തരംകണ്ടെടുക്കുവാൻ കൊല്ലങ്ങൾതന്നെ അവർ തള്ളിനീക്കുന്നു. അഥവാ, കന്യകാലയത്തിൽ ചേരണമെന്നുറച്ചാലും ഏതു സഭയിൽ ചേരണമെന്നാലോചിച്ചു തേങ്ങിനിന്നുപോകുന്നു, വളരെനാൾ. ഈ ചഞ്ചലമനസ്കർക്കു പറയുന്ന അമളിയിതാണു്: അതോ, ഇതോ എന്നുള്ള തേങ്ങലിൽ അധികനാൾനിന്നുപോകുക നിമിത്തം, ഒരു ആധ്യാത്മികമാന്ദ്യം അവരിൽ ഇഴഞ്ഞു

കയറുവാൻ ഇടയാകുന്നു. ഒരുപടികൂടികടന്നാൽ, ഒരു പക്ഷേ, കൈവന്ന സൗഭാഗ്യച്ചീട്ട്— ദൈവവിളി—തന്നെ നഷ്ടപ്പെടുത്തുവാനുംമതി. "സ്വർഗ്ഗരാജ്യം ബലവശ്യമാകുന്നു; ബലവാന്മാർ അതിനെ കരസ്ഥമാക്കുകയും ചെയ്യും" (മത്താ. 11: 12).

## മുപ്പത്തൊന്നുകൊല്ലം

അനുവാചകർക്ക് ഇവിടെ ഒരു തെററിദ്ധാരണയുണ്ടായേക്കാം. കന്യകാലയജീവിതം വളരെ എളുപ്പമാണ്, ആനന്ദസന്ദായകമാണ് എന്നെല്ലാം പറഞ്ഞുകൊണ്ടു യുവതികളെ— ദൈവവിളിയുണ്ടെങ്കിലും ഇല്ലെങ്കിലും— ഞാൻ കന്യകാലയങ്ങളിലേക്ക് ആഹ്വാനം ചെയ്യുകയാണെന്ന്. പരമാബദ്ധം. അതല്ല, എൻെറ ലക്ഷ്യം.

മുപ്പത്തൊന്നുകൊല്ലം സന്യസ്തജീവിതം ആനന്ദപൂർവം നയിച്ച ഒരു സന്യാസിവര്യൻ തൻെറ അനുഭവത്തിൽനിന്നു ചില പരമാർത്ഥങ്ങൾ ചീന്തിയെടുത്തുവയ്ക്കുന്നു: "ഞാൻ ഇപ്പോൾ മുപ്പത്തൊന്നുകൊല്ലക്കാലത്തോളം ആശ്രമത്തിൽ കഴിച്ചുകൂട്ടി. ഇക്കാലയളവിൽ പലപ്പോഴും ഞാൻ ചിന്തിച്ചുപോയിട്ടുണ്ട്, 'ഹോ, സന്യസ്തജീവിതം ഇത്ര ഭാരപ്പെട്ടതോ' എന്ന്. എങ്കിലും, എൻെറ സഹസന്യാസിമാരോടൊത്തു കർത്താവിൻെറ തിരുവിഷ്ടം നിറവേററുവാൻ ഞാൻ എപ്പോഴും അത്യുൽസുകനാണ്. 'എൻെറ പിന്നാലെ വരുവാൻ ആരെങ്കിലും ആഗ്രഹിക്കുന്നെങ്കിൽ, അവൻ തന്നെത്തന്നെ പരിത്യജിച്ചു തൻെറ കുരിശുമെടുത്തുകൊണ്ട് എൻെറ പിന്നാലെ വരട്ടെ' എന്നാണല്ലോ ഈശോ അരുൾ ചെയ്തിരിക്കുന്നതു്. ഈശോയെ പിഞ്ചെല്ലുവാൻ ആശയോടേ എത്തിയ യോഹന്നാനോടും

യാക്കോബിനോടും അവിടുന്നു ചോദിക്കുന്നു, 'ഞാൻ കുടിക്കുവാനിരിക്കുന്ന കാസാ നിങ്ങൾക്കു കുടിക്കുവാൻ കഴിയുമോ? എന്നു്" (മത്താ. 20: 22).

## വൈവാഹികജീവിതത്തിനെതിരോ?

കന്യകാലയത്തിൽ കുറെക്കാലമെങ്കിലും കഴിച്ചുകൂട്ടിയ ഒരാൾ ആ ജീവിതത്തിന്റെ മധുരിമയേയും ലാഘവത്തേയുംകുറിച്ചു പ്രതികൂലാഭിപ്രായം പുറപ്പെടുവിക്കുമെന്നു തോന്നുന്നില്ല. മാനുഷികമായ നിലപാടിൽ നിന്നു നോക്കുമ്പോൾ ആശ്രമജീവിതം വളരെ വിഷമംതന്നെ എന്നു തോന്നിപ്പോകും; ഒരു വിധത്തിൽ ശരിയുമാണതു്. തീച്ചയായും, വൈവാഹികജീവിതത്തെക്കാൾ പ്രയാസമേറിയതാണു സന്യസ്തജീവിതം. പക്ഷേ, ദൈവത്തിന്റെ പ്രസാദവരം ഈ പ്രയാസങ്ങളെയെല്ലാം ലാഘവപ്പെടുത്തുന്നു. തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ എപ്പോഴും സഹായിക്കുവാൻ അവിടുന്നു് അതീവ ഉൽസുകനത്രേ. ആയാസകരവും ഭാരപ്പെട്ടതുമായ ഈ ജീവിതത്തെ ആനന്ദമയവും സുവഹവുമാക്കിപ്പകത്തുന്നതു ദൈവത്തിന്റെ കരുണ ഒന്നുമാത്രമാണു്. "എന്റെ നുകം മധുരവും എന്റെ ഭാരം ലഘുവുമാകുന്നു" (മത്താ. 11: 30.) എന്നുള്ള ദിവ്യനാഥന്റെ ആശ്വാസദായകമായ തിരുമൊഴികൾ അവരിൽ ഒരു യാഥാർത്ഥ്യമായിത്തീരുന്നു. അപ്രതിഹതമായ സ്നേഹവായ്പോടേ വി. പൗലോസിനോടുകൂടി അവരും ഉൽഘോഷിക്കും, "എനിക്കു നമ്മുടെ കത്താവീശോമിശിഹായുടെ കുരിശിലല്ലാതെ പ്രശംസിക്കുവാൻ ഇടയാകാതിരിക്കട്ടെ. കാരണം, അവനിൽ ലോകം എനിക്കു കുരിശിൽ തറയ്ക്കപ്പെ

ട്ടിരിക്കുന്നു. ഞാൻ ലോകത്തിനും കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു. ഇനിമേൽ, യാതൊരുത്തനും എനിക്കു ബുദ്ധിമുട്ടു വരുത്തരുത്. എന്തുകൊണ്ടെന്നാൽ, നമ്മുടെ കർത്താവീശോമിശിഹായുടെ അടയാളങ്ങൾ എൻെറ ശരീരത്തിൽ ഞാൻ വഹിക്കുന്നു" (ഗാല. 6: 14, 17). "എൻെറ എല്ലാ ഞെരുക്കങ്ങളിലും അതിയായ ആനന്ദം എന്നിൽ വർദ്ധിക്കുന്നു" (2 കൊറി. 7: 4).

കുരിശുകളെ തഴുകിക്കൊണ്ട് ഈശോയെ ആനന്ദിപ്പിക്കണമെന്നുള്ള ആശയോടെ കന്യകാലയങ്ങളിൽ അണയുന്നവർ അവിടെ സമാധാനവും സന്തോഷവും കണ്ടെത്താതിരിക്കുകയില്ല. എന്നാൽ, ദുഃഖദുരിതങ്ങളും കഷ്ടപ്പാടുകളും മാത്രമായിരിക്കും, ദൈവവിളിയില്ലാതെ അവിടെ കടന്നുചെല്ലുന്നവർ ദർശിക്കുക.

# III

## ക്രിസ്തുവിൻെറ പണിയാളർ

### ഒരമ്മയുടെ പുഞ്ചിരി

ഭാവിതലമുറകൾ മറക്കാനാവാത്തവണ്ണം ജീവിതത്തിൽ മായാത്ത കാല്പാടുകൾ വിരചിക്കുക—അതിനാണു പതിനാറുകാരനായ ആ കൊച്ചു യുവാവു്, ആൻഡ്റൂ—വി. ബർണാർദിൻെറ ഇളയസഹോദരൻ—നിശ്ചയിച്ചുറച്ചതു്. പടക്കളത്തിലിറങ്ങി വീറോടേ പടപൊരുതി വീരമുദ്ര നേടിയെടുക്കുകയാണു് അവനതിനുകണ്ട കുറുക്കുവഴി. അപ്പോഴാണു്, ജ്യേഷ്ഠൻ, ബർണാർദ്, അവനെ കണ്ടുമുട്ടുന്നതു്. അനുജനുമായുള്ള സംഭാഷണത്തിനിടയ്ക്കു് അദ്ദേഹം പറഞ്ഞു: "ആൻഡ്റൂ, എന്നോടുകൂടി വരുക. നിനക്കു് ആശ്രമജീവിതം വളരെ ഇഷ്ടപ്പെടും."

അവൻ ജ്യേഷ്ഠൻെറ മുഖത്തേക്കുനോക്കി. സ്നേഹ

ത്തിൻെറ മല്ലപ്പൂക്കൾ അവിടെ വിരിയുന്നതു് അവൻ കണ്ടു. മധുരിമ തൂവുന്ന പുഞ്ചിരി!

"ബർണാർദേ, കാര്യമായിട്ടാണോ? അതോ........?" അവനും ചിരിച്ചു.

"അതേ, തീർച്ചയായും."

"സാധ്യമല്ല, ബർണാർദ്. ഞാൻ പതിനാറാമത്തെ വയസ്സിൽത്തന്നെ 'നൈററ്'സ്ഥാനം കരസ്ഥമാക്കിയെന്നോർക്കണം. അനശ്വരമായ ജീവിതവിജയങ്ങൾ നേടുവാനുള്ള അവസരങ്ങൾ എന്നെ കൈമാടിവിളിക്കുമ്പോൾ ഞാൻ ഒരു ഭീരുവിനെപ്പോലെ സന്യാസമന്ദിരത്തിൽ പതുങ്ങിക്കളയുകയോ? യുദ്ധക്കളത്തിൽ ഒരു വീരയോദ്ധാവാകുവാനുള്ള അവസരം എന്നെ പാർത്തുനില്ക്കുകയാണ്. ബർണാർദേ, നമ്മൾ രണ്ടുപേരും തികച്ചും വ്യത്യസ്തമായ രണ്ടു ലോകങ്ങളിലാണു കാലുറപ്പിക്കുവാൻ പോകുന്നതെന്നോർക്കണം. കഴിവും കരുത്തുമുള്ള ഒരു ജീവിതം മുരടിപ്പിച്ചു കളയുവാനോ? സാധ്യമല്ല, ബർണാർദ്; ഒരിക്കലും സാധ്യമല്ല."

ബർണാർദ് അനുജൻെറ പക്കലേക്കു് ഒന്നുകൂടി അടുത്തുനിന്നു. അവൻെറ തോളിൽപിടിച്ചു കുലുക്കിക്കൊണ്ടു അദ്ദേഹം പറയുകയാണു്: "ആൻഡ്റൂ, നീ നമ്മുടെ ഗ്വാഡ്റി (Gaudry) അമ്മാവനെപ്പോലെ തന്നെയാണ്. അദ്ദേഹത്തെപ്പോലെ നീയും ഒരു 'നൈററ്' ആണ്. ധീരമാനസനാണ്, ബുദ്ധിമാനാണ്. അങ്ങനെയല്ലേ?"

"അതേ."

"എന്നാൽ, എന്നോടുകൂടി സന്യാസസഭയിലേക്കു പോരുവാൻ അദ്ദേഹം ഉറച്ചിരിക്കുകയാണു്; അതേ; ഞാ

നൊന്നുകൂടി ഉറപ്പിച്ചുപറയുന്നു, അദ്ദേഹം ധീരമാനസനാണ്, ബുദ്ധിമാനാണ് എന്ന്."

"എന്തു്? നമ്മുടെ അമ്മാവനോ?"

"അതേ, അമ്മാവൻതന്നെ. എന്തിനു വിസ്മയിക്കുന്നു അതിൽ?........നീ എന്തു തീരുമാനിച്ചു?"

"ഞാൻ പോരുന്നില്ല. ഞാനൊരു 'നൈററാ'ണ്. എനിക്കൊരു........"

"അതേ, എനിക്കൊരു സന്യാസിയാകണം. അല്ലേ?" ബർണാർദ്ദ പുരിപ്പിച്ചു.

"അല്ല, എനിക്കൊരു....ഹാ, അതാ, നമ്മുടെ മരിച്ചുപോയ പ്രിയപ്പെട്ട അമ്മ! അതാ....അതാ അമ്മ പുഞ്ചിരിക്കുന്നു....!" ആൻഡ്രൂ ബർണാർദിന്റെ അരികിലേക്ക് ഒന്നുകൂടി അടുത്തുനിന്നു.

ബർണാർദ് അങ്ങോട്ടുനോക്കി. പക്ഷേ, അദ്ദേഹത്തിന് ഒന്നും കാണാൻ കഴിഞ്ഞില്ല.

"അതാ, ബർണാർദ് അങ്ങോട്ടുനോക്കൂ....അമ്മ നമ്മെനോക്കി പുഞ്ചിരിക്കുകയാണ്...." ആൻഡ്രൂ കൈ ചൂണ്ടിക്കൊണ്ടു പറഞ്ഞു.

ബർണാർദ് ഒന്നുകൂടി സൂക്ഷിച്ചുനോക്കി.

മൂന്നാമതും ആൻഡ്രൂ പതുക്കെപ്പറഞ്ഞു: "അതാ അമ്മ നമ്മെനോക്കി പുഞ്ചിരി പൊഴിക്കുന്നു. ഹാ, മധുരമായ പുഞ്ചിരി...."

"അതേ, ആൻഡ്രൂ, അമ്മ ഇപ്പോൾ കാണപ്പെട്ടതു നീ എന്നോടുകൂടി പോരുവാൻ പറയുന്നതിനാണ്."

"ഹാ, അങ്ങനെയാണോ? എന്നാൽ, ഞാൻ പോരാം. അതുകേട്ടപ്പോൾ അമ്മ നന്നായി ചിരിക്കുന്നു. ഹാ......"

ബർണാർദ്, ഞാനും പോരുകയാണ്....എന്തു്? അമ്മ മറഞ്ഞുകഴിഞ്ഞുവോ! ഹാ, ബർണാർദ്; അമ്മപോയി!...." നിഷ്കളങ്കനായ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ആൻഡ്റൂ ഉറക്കെപ്പറഞ്ഞു.

"അമ്മ സന്തോഷത്തോടുകൂടി സ്വർഗ്ഗത്തിലേക്കു പോയി. വരൂ, നമുക്കും പോകുവാൻ നേരമായി."

ഒരു നവസന്യാസിയുടെ അനുസരണമനോഭാവത്തോടേ ആൻഡ്റൂ ജ്യേഷ്ഠനെ അനുഗമിച്ചു.

വഴിയിൽ അവൻ പറഞ്ഞു: "ബർണാർദ് അമ്മയെക്കണ്ടോ? ഹാ! എത്ര മനോഹരമായിരുന്നു ആ ചിരി! അതു് എൻെറ ഹൃദയത്തിൽ പതിഞ്ഞുനില്ക്കുകയാണിപ്പോഴും. അതേ, ഞാനൊരു സന്യാസിയാവുകയാണ് അമ്മയുടെ അഭിമതം. എൻെറ ദൈവവിളി അതാണ്."

സിത്തോക്സ് ആശ്രമത്തിലേക്കുള്ള മൂന്നടിയിലൂടെ അവർ കുതിരയെ ഓടിച്ചുപോയി.

## അസാധാരണ ഗതിയിൽ

ദൈവവിളി ഒരാൾക്കുണ്ടോ ഇല്ലയോ എന്നറിയുന്നതെങ്ങനെയാണ്? പൗരോഹിത്യത്തിലേക്ക് ഒരാൾ വിളിക്കപ്പെട്ടിരിക്കുന്നുവെന്നു ഖണ്ഡിതമായി എങ്ങനെയാണു തീരുമാനിക്കുക?

ആശ്രമജീവിതത്തിലേക്കുള്ള ആഹ്വാനം സാധാരണമോ അസാധാരണമോ ആയിരിപ്പാൻ പാടുണ്ടു്. അസാധാരണമെന്നു പറയുമ്പോൾ, ആ വിളി പതിവില്ലാത്ത ഒരു മാർഗ്ഗത്തിലൂടെ ഉണ്ടാകുന്നു എന്നാണു വിവക്ഷിക്കുക. അതായതു്, ആൻഡ്റൂവിനു ലഭിച്ചതുപോലെ സ്വർഗ്ഗീയ

മായ ഒരു ദർശനത്താലോ സ്വപ്നംവഴിയോ, അല്ലെങ്കിൽ, മററതെങ്കിലും ഇതുപോലുള്ള വഴികളിലൂടെയോ ദൈവവിളി വെളിപ്പെടുക. ഈ വിധത്തിൽ സ്വർഗ്ഗീയാമന്ത്രണം കിട്ടുന്ന യുവഹൃദയങ്ങൾ കുഴങ്ങേണ്ടതില്ല. അതിൻെറ സത്യാവസ്ഥയെപ്പററി ഒട്ടുംതന്നെ സംശയിച്ചിട്ടും കാര്യമില്ല. എങ്കിലും, ആദ്ധ്യാത്മികഗുരുവിൻെറ അഭിപ്രായം ഇക്കാര്യത്തിൽ ആരായുക ആദരണീയംതന്നെ. വിശുദ്ധരിൽ ചിലക്ക് ഈ വിധത്തിലുള്ള ദൈവവിളിയാണു കിട്ടിയതു്. ക്രിസ്തുവിൻെറ സഭയെ പീഡിപ്പിക്കുവാനായി ഡമാസ്കസിലേക്കുപോയ പൗലോസ് അത്ഭുതകരമാംവിധം ദൈവത്തിൻെറ സ്വരം ശ്രവിച്ചപ്പോൾ ചോദിച്ചു: "നാഥാ, ഞാനെന്തുചെയ്യണമെന്നാണ് അങ്ങ് അഭിലഷിക്കുന്നതു്?" (നട. 9: 6) അസാധാരണഗതിയിൽ ദൈവികസ്വരം ശ്രവിക്കുന്ന യുവഹൃദയങ്ങളും ഈ ചോദ്യംതന്നെ ആവത്തിക്കട്ടെ.

## സാധാരണ ഗതിയിൽ

മിക്കപ്പോഴും സാധാരണഗതിയിലുള്ള ദൈവവിളിയാണുപലക്കും ലഭിക്കുക. ദൈവവിളിയിലേക്കുള്ള അവരുടെ പ്രയാണത്തിൽ അസാധാരണമായ യാതൊന്നും നമുക്കു ദശിക്കുവാൻ സാധിക്കുകയില്ല. അവർ ഒരിക്കലും ഇതിൽ അതിരുകടന്ന ഔൽസുക്യം പ്രദർശിപ്പിച്ചുകാണുകയില്ല; മനംതുറന്നു പ്രാത്ഥിച്ചുകാണുകയില്ല; ഒട്ട് ആശിച്ചുകാണുകയുമില്ല. പന്ത്രണ്ടു് അപ്പസ്തോലന്മാരുടേയും വിളി ഇതിനു മകുടോദാഹരണമല്ലേ? തിരുസ്സഭാവല്ലരിയിൽ വിടിൻ വിരാജിക്കുന്ന വിശുദ്ധരിൽ ഭൂരിപക്ഷത്തിനും പൗരോഹിത്യത്തിലേക്കോ കന്യകാലയത്തിലേക്കോ കിട്ടിയ

ദൈവവിളി തികച്ചും സാധാരണഗതിയിലൂടെയാണ്.

സാധാരണഗതിയിൽ എന്നു പറയുമ്പോൾ, ആ ജീവിതാവസ്ഥയോടുള്ള ഒരു ഉൾച്ചായ്‌വും അതോടൊന്നിച്ച്, അതിൽ പ്രവേശിക്കുവാൻ ശാരീരികമായും ആത്മീയമായും തനിക്കു യോഗ്യതയുണ്ടെന്നുള്ള മനസ്സിൻെറ ഉറപ്പുമാണു വിവക്ഷിക്കുന്നത്. ഈ ഉൾച്ചായ്‌വു വൈദികജീവിതത്തിലേക്കോ സന്യസ്തജീവിതത്തിലേക്കോ ഉള്ള അപ്രതിഹതവും ശക്തിയുററതുമായ ഒരു ആകർഷണമായിരിക്കണമെന്നില്ല. അത്, ഇന്ദ്രിയപരമായിരിക്കണമെന്നുമില്ല. ഒരുപക്ഷേ, അത്, ഹൃദയത്തിനും മനസ്സിനും ആ ജീവിതാന്തസ്സിനോടുള്ള വെറും ഒരു ആകർഷണം മാത്രമായിരിക്കാം. അതോടൊന്നിച്ച്, ആ ജീവിതാവസ്ഥയെ ആശ്ലേഷിക്കുകയാണു തൻെറ ഭാവിയെ പുണ്യപൂർണ്ണമാക്കുവാൻ, ആനന്ദമയമാക്കുവാൻ പര്യാപ്തം എന്നുള്ള ഒരു അവബോധവും ഉണ്ടായേക്കാം. ചിലപ്പോൾ, വികാരപരമായ മനുഷ്യപ്രകൃതി ഈ തീരുമാനത്തെ എതിരിടുവാനും ഇടയുണ്ട്. എന്നാലും കൂട്ടാക്കേണ്ടതില്ല.

ചിലരെസ്സംബന്ധിച്ചിടത്തോളം ഈ ആകർഷണം അനുഭവപ്പെട്ടില്ലെന്നും വരാം. ആവിലായിലെ വി. ത്രേസ്യായ്ക്കു സന്യസ്തജീവിതത്തോട് ഒട്ടുംതന്നെ ആകർഷണം തോന്നിയിരുന്നില്ല. പക്ഷേ, തൻെറ ദൈവവിളി സന്യസ്തജീവിതത്തിലേക്കാണെന്ന്, സ്വർഗ്ഗത്തിലേക്കുള്ള തൻെറ പ്രയാണത്തിനു നടപ്പാത അതുമാത്രമാണെന്ന്, അവൾ മനസ്സിലാക്കി. ആധ്യാത്മികോപദേഷ്ടാക്കളുടെ അഭിപ്രായം അവൾ ആരാഞ്ഞു. അങ്ങനെ, തൻെറ ദൈവവിളിയെ ശരിയായി തിട്ടപ്പെടുത്തിയതിനുശേഷം മാത്രമാണ് അവൾ ആ ജീവിതാവസ്ഥ തിരഞ്ഞെടുത്തത്.

## മനസ്സില്ലെങ്കിൽ

ഒരാൾക്കു നല്ല ആശയുണ്ടു സെമ്മിനാരിയിൽ ചേരുവാൻ, അല്ലെങ്കിൽ, കന്യകാലയത്തിൽ പ്രവേശിക്കുവാൻ. കൊള്ളാം, നല്ലതുതന്നെ. ശാരീരികവും ആത്മീയവും സന്മാർഗ്ഗപരവും ബുദ്ധിപരവുമായ എല്ലാ ഗുണവിശേഷങ്ങളുമുണ്ടോ? എങ്കിൽ, സംശയിക്കാനൊന്നുമില്ല. ദൈവവിളി ഉണ്ടു് എന്നതിൻെറ പ്രത്യക്ഷമായ തെളിവുകളാണവയൊക്കെ. അധികാരികളുടെ പക്കൽ അപേക്ഷസമർപ്പിക്കുകയാണു് അടുത്ത പടി—സെമ്മിനാരിയിലേക്കുള്ള അപേക്ഷകൾ മെത്രാൻെറ പക്കലും കന്യകാലയത്തിലേക്കുള്ള അപേക്ഷകൾ സുപ്പീരിയറിൻെറ പക്കലും. അവർ സ്വീകരിക്കുകയാണെങ്കിൽ എല്ലാം തികഞ്ഞു; ദൈവം അവരുടെ സേവനം ആവശ്യപ്പെടുന്നുവെന്നുള്ളതിനു് ഉറപ്പും സ്ഥിരീകരണവും ലഭിച്ചുകഴിഞ്ഞു. ഇവിടെ ഒരുകാര്യം പ്രത്യേകം ഓക്കണം! ദൈവവിളിയെ ഉയർത്തിയെടുക്കുന്നതിൽ മനസ്സാണു വിധിനിർണ്ണായകമായ ഘടകം. കർത്താവുതന്നെ അരുൾ ചെയ്യുന്നു: "എൻെറ പിന്നാലെ വരുവാൻ ആരെങ്കിലും മനസ്സാകുന്നെങ്കിൽ...." എന്നു്. പരിപൂർണ്ണമനസ്സില്ലെങ്കിൽ യഥാർത്ഥമായ ദൈവവിളിപോലും ഫലമണിയുകയില്ല.

## അവസരങ്ങൾ പാഴാക്കരുതേ!

മിക്കവർക്കും പറരുന്ന ഒരബദ്ധമിതാണു്. വാസ്തവത്തിൽ, അവർ ദൈവവിളിയുള്ളവരായിരിക്കും. എന്നാൽ, ദൈവവിളിയെക്കുറിച്ചു് അസാധാരണമായ എന്തെങ്കിലും ഒരടയാളം ലഭിക്കുവാൻ അവർ നോക്കിയിരിക്കും. മാലാഖ

മാർവഴിയോ ദൈവത്തിൽനിന്നുതന്നെയുമോ ഉള്ള ഒരു സ്വപ്നദർശനം, ഒരുൾപ്പാട്—അതു കാത്തിരിക്കുകയാണവർ. എന്നാൽ അതുണ്ടാകുമെന്നു കരുതേണ്ടാ. തങ്ങളാൽത്തന്നെ തങ്ങൾ വഞ്ചിക്കപ്പെടുന്നുവെന്ന് അവർ അറിഞ്ഞിരുന്നെങ്കിൽ! മററുള്ളവരെല്ലാം ചെയ്യുന്നതുപോലെ അവർക്കും എന്തുകൊണ്ടു ചെയ്തുകൂടാ? ദൈവവിളിയുടെ സാധാരണമായ അടയാളങ്ങളെ മനസ്സിലാക്കി അവർക്കും എന്തുകൊണ്ട് അവ പ്രായോഗികമാക്കിക്കൂടാ? അവസരങ്ങൾ പാഴാക്കരുതേ! ഭാവിമുഴുവൻ തന്നിൽ അർപ്പിച്ചുകൊണ്ടു തൻെറ പക്കലേക്ക് ഇറങ്ങിച്ചെല്ലുന്ന യുവഹൃദയങ്ങളെ സ്വീകരിക്കുവാനാണു ദൈവം അഭിലഷിക്കുന്നത്. നിറഞ്ഞ വിശ്വാസത്തോടും തികഞ്ഞ തീക്ഷ്ണതയോടുംകൂടി അവസരങ്ങളെ അവയർഹിക്കുംപടി പ്രയോഗത്തിൽ വരുത്തുന്ന യുവഹൃദയങ്ങൾ ഒരുനാളും ദുഃഖിക്കേണ്ടിവരുകയില്ല.

## കൈവന്ന കനകാവസരങ്ങൾ ധന്യമാക്കിത്തീർത്ത ഭാഗ്യവാന്മാർ

മാതൃദേശത്തെയും ബന്ധുജനങ്ങളേയും വിട്ടുപോകുവാൻ ദൈവത്തിൻെറ ആജ്ഞയെ ശിരസാവഹിച്ചപ്പോൾ അബ്രാഹം ധന്യനായി. വഞ്ചിയും വലയുമുപേക്ഷിച്ചു തന്നെ അനുഗമിക്കുവാൻ ഈശോ അപ്പസ്തോലന്മാരെ ആഹ്വാനം ചെയ്തു. അവർ, അവസരം പാഴാക്കിയില്ല. എല്ലാമുപേക്ഷിച്ച് ആത്മാർത്ഥതയോടെ അവിടുത്തെ അവർ പിഞ്ചെന്നു.

തന്നെ അനുഗമിച്ചവരെ ഒരുനാളും ഈശോ നിരാ

ശരാക്കിയിട്ടില്ല. എല്ലാവിധത്തിലും അവിടുന്നവരെ അനുഗ്രഹിച്ചു. തന്റെ വിലപ്പെട്ട വാഗ്ദാനങ്ങൾ അവിടുന്നവൎക്കു നല്കി: "ഞാൻ സത്യമായി നിങ്ങളോടു പറയുന്നു, നിങ്ങൾ എന്റെ പിന്നാലെ വന്നിരിക്കകൊണ്ടു്, മനുഷ്യപുത്രൻ പുതിയ ലോകത്തിൽ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്നു് ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കും. എന്റെ നാമത്തെപ്രതി അപ്പനെയോ അമ്മയെയോ സഹോദരികളെയോ സഹോദരന്മാരെയോ ഭാൎയ്യയെയോ മക്കളെയോ നിലങ്ങളെയോ ഉപേക്ഷിക്കുന്ന ഏവനും ഒന്നിനു നൂറായി ലഭിക്കും; നിത്യജീവനെ അവർ അവകാശപ്പെടുത്തുകയും ചെയ്യും."

(മത്താ. 19: 28, 29.)

## മഹത്തായ ഒരു ദാനം

വേറൊരു ചിത്രം. യാക്കോബിന്റെ കിണററിൻകരയിൽ ദാഹാൎത്തനായിരിക്കുകയാണു ദിവ്യനാഥൻ. അപ്പോഴാണു സമരിയാക്കാരി സ്ത്രീയുടെ വരവു്. വെള്ളം കോരാൻ ഒരു മൺകുടവുമുണ്ടു് അവളുടെ കൈയ്യിൽ. ദിവ്യനാഥൻ, കുടിക്കുവാൻ ജലം അവളോടാവശ്യപ്പെടുന്നു. പാവം! അവളോൎത്തു താൻ അദ്ദേഹത്തിനു് ഒരു 'നന്മ' ചെയ്തുകൊടുക്കുവാൻ പോകയാണെന്നു്! എന്നാൽ, യാഥാൎത്ഥ്യം മറിച്ചും. സകലതും അവളുടെ നന്മയ്ക്കായിരുന്നില്ലേ? "എനിക്കു കുടിക്കുവാൻ തരുക" എന്നുള്ള ദിവ്യനാഥന്റെ ചോദ്യംപോലും അതിനെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. അവിടുന്നു് അതിനെ സൂചിപ്പിച്ചുകൊണ്ടു് അവളോടരുൾചെയ്യുന്നു: "ദൈവത്തിന്റെ ദാനവും, 'എനിക്കു കുടിക്കു

വാൻ തരുക' എന്നു നിന്നോടു ചോദിക്കുന്നവൻ ആരാകു ന്നുവെന്നും നീ അറിഞ്ഞിരുന്നെങ്കിൽ, നീതന്നെ അവ നോടു ചോദിക്കുകയും അവൻ ജീവജലം നിനക്കു തരുക യും ചെയ്യുമായിരുന്നു" (യോഹ. 4: 10). അൾത്താരയി ലേക്കോ മിശിഹായുടെ മണിയറയിലേക്കോ ഉള്ള ദിവ്യാ ഹ്വാനത്തെ സ്വീകരിക്കുന്ന യുവഹൃദയങ്ങൾ മനസ്സിലാ ക്കട്ടെ, ദൈവത്തിൻെറ അനുഗ്രഹം തങ്ങളുടെമേൽ എ ന്മാത്രം ചൊരിയപ്പെട്ടിരിക്കുന്നു എന്നു്; അതിൽ അവർ എന്നെന്നും ധന്യരാക്കപ്പെടുമെന്നു്. അതേ, ദൈവവിളി അവിടുത്തെ മഹത്തായ ഒരു ദാനമത്രേ. നമുക്കർഹതയി ല്ലാത്ത ആ ദാനം സ്വീകരിക്കുന്നതിൽ നാം എത്രമാത്രം ആനന്ദമണിയണം!

## ദൈവവിളി തിരിച്ചറിയുക അത്ര വിഷമമല്ല

അനുവാചകരായ യുവതികളോടു ഞാൻ ഒന്നു ചോ ദിക്കട്ടെ: നിങ്ങൾക്കു കന്യകാലയജീവിതത്തോടു താൽ പര്യം തോന്നുന്നുണ്ടോ? സമരിയാക്കാരിസ്ത്രീയെപ്പോലെ സാന്മാർഗ്ഗികമായി നിങ്ങൾ തളച്ച്പെട്ടവരല്ലല്ലോ. വേണ്ട ത്ര ശാരീരികാരോഗ്യവുമില്ലേ? മതി; നിങ്ങൾക്കു ഭാഗ്യവ തിയായ ഒരു കന്യാസ്ത്രീയായിത്തീരുവാനുള്ള യോഗ്യതക ളെല്ലാമുണ്ടു്. ഇനിയും സംശയമുണ്ടെങ്കിൽ നിങ്ങളുടെ അധികാരികളുടെ—മാതാപിതാക്കന്മാർ, കുമ്പസ്സാരക്കാ രൻ, ആദ്ധ്യാത്മികഗുരു, നിങ്ങൾക്കു പരിചിതരായ കന്യാ സ്ത്രീകൾ തുടങ്ങിയവരുടെ—അഭിപ്രായമാരായുക. തീർ ച്ചയായും നിങ്ങളുടെ വിധിത്തീർപ്പിനെ അവരും ശരിവ യ്ക്കാതിരിക്കുകയില്ല. ദൈവവിളിയുടെ ഉത്തമലക്ഷണ ങ്ങൾ സാധാരണഗതിയിലുള്ളതൊക്കെയാണു്. അവ

പെട്ടെന്നു വിവേചിച്ചറിയുവാനും സാധിക്കും. അസാധാരണ ഗതിയിലും ചുരുക്കംചിലരിൽ ദൈവവിളിയുടെ ലക്ഷണങ്ങൾ വെളിപ്പെടാറുണ്ട്; എന്നാൽ, വിവേചിച്ചറിയുക അത്ര എളുപ്പമല്ല. അവയും മാനസികപ്രലോഭനങ്ങളും തമ്മിൽ ചില സാധർമ്മ്യങ്ങളുള്ളതാണ് ഇതിനു കാരണം.

## ഒരു കന്യാസ്ത്രീയുടെ കഥ

വേറെ ചില യുവതികളുണ്ട്—ദൈവസേവനത്തിനായി തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുവാൻ അവർ ഒരുക്കമാണ്. പക്ഷേ, ഒരു ഏടാകൂടം: സന്യസ്തജീവിതത്തിന്റെ ബദ്ധപ്പാടുകളേയും ചുമതലകളേയും ഏറ്റെടുക്കുവാൻ അവർക്കൊരു വൈമനസ്യം. ആ ജീവിതത്തോട് അവർക്ക് ഏതാണ്ടൊരു പുച്ഛം.

ഇത്തരുണത്തിൽ, ഒരു കന്യാസ്ത്രീയുടെ കഥയാണ് എന്റെ സ്മൃതിപഥത്തിൽ നിഴലിട്ടു നിൽക്കുക. അമേരിക്കൻ ഐക്യനാട്ടിലെ കഴിവും ഊർജ്ജസ്വലതയുമുള്ള കന്യാസ്ത്രീകളുടെ മുൻപന്തിയിൽ നില്ക്കുന്ന ഒരാളാണു കഥാനായിക. ജന്മനാട് അയർലണ്ട്. കഥയിങ്ങനെയാണ്: പാരീസിലുള്ള തന്റെ ചില സഖികളെ സന്ദർശിക്കുവാൻ അവൾ അങ്ങോട്ടു പുറപ്പെട്ടു. അന്നവൾ ഒരു പത്തൊൻപതുകാരി ആയിരുന്നു. സന്യസ്തജീവിതത്തെപ്പററി അവൾ ചിന്തിച്ചിട്ടുപോലുമുണ്ടായിരുന്നില്ല. എന്നാൽ, അവിടെവച്ചു കൂട്ടുകാരികളുടെ നിർബന്ധംകാരണം, അവരോടൊത്തു് ഒരു ധ്യാനത്തിൽ സംബന്ധിക്കുവാനിടയായി. ഒരു ഫ്രാൻസിസ്കൻ വൈദികനായിരുന്നു ധ്യാനപ്രാസംഗികൻ. അദ്ദേഹം ധ്യാനം ആരംഭിച്ചു: "ഞാൻ

അവളെ ഏകാന്തതയിലേക്ക നയിക്കും; അവിടെ അവളുടെ ആത്മാവിനോട്ട ഞാൻ സംഭാഷിക്കും" (ഒസ്സെ. 2: 14). ഈ വാക്കുകൾ അവളുടെ ഹൃദയത്തിൽ കൊണ്ടു. അവൾക്കൊരു തോന്നൽ, ഈശോ അവളോടല്ലേ അതു പറയുന്നതെന്ന്; ലോകത്തെ പുറംതള്ളി കന്യകാലയത്തിലണയുവാൻ ഈശോ അവളേയും കൈകാട്ടി വിളിക്കുകയാണെന്ന്. എന്നാൽ, ഒരു കന്യാസ്ത്രീയാകുക, അവൾക്കൊട്ടും ഇഷ്ടമില്ലാത്ത ഒരു കാര്യവും. വേണ്ടാത്ത ഈ ചിന്തയെ കുരുന്നിലേതന്നെ അങ്ങു നുള്ളിക്കളഞ്ഞേക്കാമെന്ന് അവൾ ആശിച്ചു. ധ്യാനം തുടർന്നുകൊണ്ടിരുന്നു. ദിവസങ്ങൾ നീങ്ങുന്തോറും ആ ചിന്ത അവളിൽ ആകാരം പൂണ്ടു വരുകയാണ്. മായിച്ചുകളയുവാൻ അവൾ തത്രപ്പെട്ടന്തോറും അതിനതിന് അതു തെളിഞ്ഞു തെളിഞ്ഞും വരുന്നു! ആരായാലും കുഴങ്ങിപ്പോകുകയില്ലേ?

ധ്യാനം കഴിഞ്ഞു. അവൾ അയർലണ്ടിലേക്കു മടങ്ങി. കൂടെപ്പിറപ്പായി ആ ചിന്തയും. അവളോർത്തു കുറെനാൾ കഴിയുമ്പോൾ അതു തന്നെ വിട്ടുപിരിഞ്ഞുകൊള്ളുമെന്ന്. പക്ഷെ, അതു സംഭവിച്ചില്ല. അവൾ എന്തുചെയ്താലും എവിടെപ്പോയാലും എല്ലായിടത്തുമുണ്ട് ആ പിരിയാച്ചങ്ങാതിയും. അവസാനം അവളൊരു സൂത്രം കണ്ടു, അതിനെ പറിച്ചെറിയുവാൻ—കുമ്പസ്സാരക്കാരനോട്ട പറയുക. അവൾ സംഭവം മുഴുവനും അംഗ്രഹത്തോട്ട പറഞ്ഞു. വന്ദ്യനായ ആ ഈശോസഭാവൈദികൻ എല്ലാം കേട്ടു. ശാന്തനായി അദ്ദേഹം പറഞ്ഞു: "കുഞ്ഞേ, ആനന്ദിക്കൂ. ഈശോ നിന്നേയും ആവശ്യപ്പെടുന്നു, തന്റെ മണവാട്ടികളുടെ ഗണത്തിലേക്ക്. അവിടുത്തെ

ആഗ്രഹത്തിനു വിലങ്ങടിച്ചുനില്ക്കുന്നിടത്തോളംകാലം നീ അവിടുത്തെ വേദനിപ്പിക്കുകയാണ്. ഉടൻതന്നെ അവിടുത്തെ പാദസേവയ്ക്കായി അണയുക."

അവളുടെ വിഷാദമാകെ വിട്ടുമാറി. "അച്ഛാ ഈശോയുടെ തിരുവിഷ്ടം അങ്ങനെയെങ്കിൽ ഞാനൊരു ഫ്റാൻസിസ്കൻ സന്യാസിനി ആകുവാനാണ് ആഗ്രഹിക്കുന്നത്. വിദേശമിഷനിൽ എവിടെയെങ്കിലുംപോയി ജോലിചെയ്തുകൊള്ളാം." അവൾപറഞ്ഞു. അദ്ദേഹം അതു സമ്മതിച്ചു.

അവളൊരു സന്യാസിനിയായി. അമേരിക്കൻ ഐക്യനാടുകളിൽ ഫ്റാൻസിസ്കൻ സഹോദരികളുടെ പ്രഥമസൂപ്പീരിയറായി അവൾ നിയമിതയാവുകയും ചെയ്തു. ഐക്യനാടുകളിലേ അവളുടെ മിഷൻപ്രവത്തനങ്ങളെ ദൈവം സമൃദ്ധമായി അനുഗ്രഹിച്ചു. ഈ സഹോദരിയുടെ പരിശ്രമത്തിൻെറ ഫലമായി ഉയന്നുവന്നതാണ് ഐക്യനാടുകളുടെ തെക്കുഭാഗത്തു് ഇന്നു കാണുന്ന രണ്ടു വലിയ ആശുപത്രികൾ.

നാല്പത്തഞ്ചുകൊല്ലക്കാലത്തിലധികമായിക്കാണും ആ യുവതി കന്യകാലയത്തിൽ പ്രവേശിച്ചിട്ട്. പ്രവേശിച്ച അന്നുതന്നെ അവളെ വിട്ടുമാറി, സന്യസ്തജീവിതത്തോട് അവൾക്കുണ്ടായിരുന്ന വെറുപ്പും പുച്ഛവുമെല്ലാം. എപ്പോഴും അവൾ സന്തോഷവതിയായിരുന്നു. ഒരു പക്ഷേ, നിങ്ങളുടെയും അനുഭവം ഇതുതന്നെ ആയിരിക്കുകയില്ലെന്നോ? നൈസർഗ്ഗികമായ എന്തെങ്കിലും മനംമടുപ്പു നിങ്ങൾക്കു തോന്നുന്നുണ്ടെങ്കിൽത്തന്നെ, 'നല്ലഭാഗം' തിര

ഞ്ഞെടുക്കുവാൻ അതിനെതിരേ നിങ്ങൾ മുന്നേറുകയില്ലേ ന്നോ?

## കുമ്പസ്സാരക്കാരനോടു ചോദിക്കണമോ?

നിങ്ങളിൽ ചിലർ ഒരുപക്ഷേ, ഇവിടെ ചോദിച്ചേക്കാം, ദൈവവിളിയെസ്സംബന്ധിക്കുന്ന കാര്യങ്ങൾ കുമ്പസ്സാരക്കാരനോടു ചോദിച്ചു തീരുമാനിക്കണമോ എന്നു്. പ്രത്യക്ഷമായ കടമയൊന്നുമില്ല, അതിനു്. എങ്കിലും, ചോദിച്ചു തീരുമാനിക്കുകയാണു് ഒന്നുകൂടിമെച്ചം. നാൽക്കവലയിൽ വന്നുനില്ക്കുന്ന ജീവിതത്തിനു യോജിച്ച ഒരു പന്ഥാവു തിരഞ്ഞെടുക്കുന്ന പ്രശ്നമല്ലേ? കുട്ടിക്കളിയൊന്നുമല്ലല്ലോ. അപ്പോൾ, മററുള്ളവരുടെ അഭിപ്രായംകൂടി ആരായുക സമാദരണീയംതന്നെ. ഒരാളുടെ ആദ്ധ്യാത്മിക ജീവിതത്തെപ്പററി ഖണ്ഡിതമായ ഒരു അഭിപ്രായം രേഖപ്പെടുത്തുവാൻ പ്രാപ്തിയുള്ള ഏകവ്യക്തി അയാളുടെ ആദ്ധ്യാത്മികഗുരു അല്ലെങ്കിൽ കുമ്പസ്സാരക്കാരനാണു്. കാരണം, ആത്മാവിൻെറ ബലഹീനതകളേയും സുകൃതചര്യയേയും നേരിട്ടറിയുന്ന വ്യക്തി അദ്ദേഹം മാത്രമാണല്ലോ.

ദൈവവിളി വിജയമണിയുന്നതിൽ മൂന്നു ഘടകങ്ങൾ ഉണ്ടു്: ഒന്നു്, ദൈവം; രണ്ടു്, നിങ്ങൾ; മൂന്നു്, കുമ്പസ്സാരക്കാരൻ. പലവൈദികന്മാരുടെ പക്കൽ മാറിമാറി കുമ്പസ്സാരിക്കുന്നെങ്കിൽ, അവരോടെല്ലാം നിങ്ങളുടെ ആത്മീയപ്രശ്നം അറിയിക്കുക സമുചിതംതന്നെ.

## "എനിക്കും ഒരു സന്യാസിയാകണം"

ജർമ്മനിയിലെ ഹെൻട്രിചക്രവത്തിയുടെ ജീവിതത്തിലെ ഒരു സംഭവം മുൻപറഞ്ഞ വസ്തുതയെ ഒന്നുകൂടി

വിശദമാക്കിത്തരുന്നുണ്ട്. അദ്ദേഹം ഒരിക്കൽ ഒരു സന്യാസഭവനത്തിലെത്തി. ആശ്രമാധിപൻ യഥോചിതം അദ്ദേഹത്തെ സ്വീകരിച്ചുപചരിച്ചു. സംഭാഷണമദ്ധ്യേ, ഹൃദയത്തിൽ ഏറെനാളുകളായി ആരുമറിയാതെ സൂക്ഷിച്ചുവച്ചിരുന്ന തന്റെ അഭിലാഷം അദ്ദേഹം വെളിപ്പെടുത്തി: "പിതാവേ, എനിക്കും ഒരു സന്യാസിയാകണം."

അദ്ദേഹത്തിന്റെ സുകൃതജീവിതത്തെപ്പററി ശരിയായി അറിഞ്ഞിരുന്നിട്ടും ആശ്രമാധിപൻ അദ്ദേഹത്തിന്റെ അഭിലാഷത്തെ അംഗീകരിച്ചില്ല. എങ്കിലും, ചക്രവർത്തിയുടെ നിർബ്ബന്ധത്തിന് ഒടുവിൽ അദ്ദേഹം വഴിപ്പെടേണ്ടതായി വന്നുകൂടി. പക്ഷേ, ഒരു സന്യാസിയാവുകയല്ല ഹെൻട്രിയുടെ ദൈവവിളിയെന്ന് അദ്ദേഹത്തിന്റെ അന്തരാത്മാവു മന്ത്രിച്ചുകൊണ്ടിരുന്നു. ദൈവഹിതം നിറവേററണം. അതോടൊപ്പം, ചക്രവർത്തിയെ തൃപ്തിപ്പെടുത്തുകയുംവേണം. ആശ്രമാധിപൻ അല്പമൊന്നുകഴിഞ്ഞു. ഒടുവിൽ ഒരു വിദ്യ അദ്ദേഹം കണ്ടെടുത്തു. എന്നിട്ട്, പറഞ്ഞു: "അങ്ങയെ ഈ സഭയിലെ ഒരംഗമായി ഞാൻ സ്വീകരിച്ചിരിക്കുന്നു. പക്ഷേ, സഭയുടെ ചട്ടങ്ങളേയും ആശ്രമാധിപൻ ആജ്ഞാപിക്കുന്നതിനേയും പരിപൂർണ്ണമായി അനുസരിച്ചുകൊള്ളാമെന്ന് ഇപ്പോൾ വാഗ്ദാനം ചെയ്യണം."

ഹെൻട്രിക്കു വളരെ സന്തോഷമായി. അദ്ദേഹത്തിനു കൂടുതലായി ഒന്നും ആലോചിക്കുവാനില്ലായിരുന്നു. ഉടൻ വാഗ്ദാനവും ചെയ്തു.

"എന്നാൽ, ഞാൻ കല്പിക്കുന്നു: തിരികെപ്പോയി ദൈവം അങ്ങയെ ഏല്പിച്ചിരിക്കുന്ന ആ മഹനീയ ജോലി

യിൽ വ്യാപൃതനാകുക. ഒരു സന്യാസിയാകുകയല്ല അങ്ങയെസ്സംബന്ധിച്ചിടത്തോളം ദൈവഹിതം.” അദ്ദേഹം പറഞ്ഞു.

ഹെൻട്രി അതിനെ അനുസരിച്ചു. അദ്ദേഹം തിരികെപ്പോയി രാജ്യഭരണം വീണ്ടും കൈയേററു. ഇന്നു തിരുസ്സഭയിൽ ഒരു വിശുദ്ധനായി അദ്ദേഹം വിരാജിക്കുന്നു. ദൈവവിളിയുടെ കാര്യത്തിൽ ആധ്യാത്മികാധികാരികളുടെ നിർദ്ദേശങ്ങൾ കടുകിട വ്യത്യാസംകൂടാതെ അനുസരിക്കുകയാണു ജീവിതവിജയം നേടുവാനുള്ള തെളിവാന്ന മാർഗ്ഗം. അവരിലൂടെ ദൈവംതന്നെയാണു നമ്മോടു സംസാരിക്കുന്നതു് എന്ന ബോധം യുവഹൃദയങ്ങളിൽ പതിഞ്ഞു നില്ക്കട്ടെ.

## പാപിനിക്കു കന്യകാലയത്തിൽ ചേരാമോ?

കുത്തഴിഞ്ഞ ജീവിതത്താൽ ചാരിത്ര്യവും കന്യകാത്വവുമെല്ലാം താറുമാറാക്കിയ ഒരു പാപിനിക്കു കന്യകാലയത്തിൽ ചേരാമോ? ക്രിസ്തുനാഥൻ തൻെറ മരണവിനാഴികയിൽ അന്ത്യോപചാരങ്ങൾ അർപ്പിക്കുന്നതിനു മാത്രമല്ല, തൻെറ ഉയിർപ്പിനുശേഷം സവിശേഷമായ രീതിയിൽ തന്നെ ദർശിക്കുവാനും മറിയംമഗ്ദലേനയെ അനുവദിച്ചു. എങ്കിൽ, അവിടുത്തെ അമൂല്യരക്തത്താൽ പാപക്കറകളെ കഴുകിവെടിപ്പാക്കി അണയുന്ന അനുതാപിനികളെ രണ്ടു കൈയ്യും നീട്ടി സ്വീകരിക്കുവാൻ ക്രിസ്തീയചൈതന്യം തളംകെട്ടിനില്ക്കുന്ന യാതൊരു കന്യകാലയവും വിമുഖത പ്രദർശിപ്പിക്കുകയില്ല. ഒരുപക്ഷേ, അവർ മററുള്ളവരെക്കാറം കൂടുതൽ തീക്ഷ്ണതയുള്ള സഹോദരികളാകുവാനും വളരെ സാദ്ധ്യതയുണ്ടു്.

യൗവനത്തിൽ ലജ്ജാവഹമാംവിധം അശുദ്ധിയിൽ നീന്തിത്തുടിച്ചു ജീവിച്ചവളാണു കോർട്ടോണായിലേ വി. മാർഗ്ഗരററു്. പക്ഷേ, മാനസാന്തരശേഷം അവൾ ഹീനമായ അസാന്മാർഗ്ഗികതയെ പൂർണ്ണമായും വിട്ടുപേക്ഷിച്ചു ദിവ്യനാഥനിലേക്ക് അടുക്കുവാൻ ശ്രമിച്ചുതുടങ്ങി. അവളെ തന്നിലേക്കു കൂടുതൽ കൂടുതൽ അടുപ്പിക്കുവാൻ നാഥനും അത്യുൽസുകനായി. പരമനിർമ്മലമായ ആ ഹൃദയൈക്യം ഗാഢതരമാകുംതോറും അവളുടെ ഹൃദയമണവാളൻ അവളെ അധികമധികം സ്നേഹദ്യോതകങ്ങളായ ഓമനപ്പേരുകൾ വിളിക്കുവാൻ തുടങ്ങി. ആദ്യം, കാണാതെപോയ കുഞ്ഞാട്; പിന്നീട്, കുഞ്ഞു്, മകൾ, സ്നേഹിക്കപ്പെട്ടവൾ; ഒടുവിൽ, മണവാട്ടി. സ്വർഗ്ഗത്തിൽ കന്യകകളുടെ കൂട്ടത്തിൽ അവളെ ഉൾപ്പെടുത്തുമെന്നും അവരുടെ മഹത്വത്തിൻെറ കിരീടംതന്നെ അവൾക്കും നല്കുമെന്നും അവിടുന്നു് ഉറപ്പുനല്കി.

ദൈവശാസ്ത്രപരമായി ഇതിനുള്ള വില എന്തുതന്നെ ആയിരുന്നാലും ദുർമ്മാർഗ്ഗജീവിതം നയിച്ചതിനുശേഷം ദൈവത്തിങ്കലേക്കു പിന്തിരിഞ്ഞു്, തങ്ങളുടെ ഹൃദയങ്ങളെ ഏന്നേക്കുമായി, അനുതാപികളുടേയും നിഷ്കളങ്ക കന്യകകളുടേയും നിർമ്മലസ്നേഹിതനായ ഈശോയ്ക്കു സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർക്കെല്ലാം ആശ്വാസം പകരുന്ന, ധൈര്യമരുളുന്ന, ഒരു സംഭവമല്ലേ ഇതു്? കാൽവരിക്കുന്നിലേ മരക്കുരിശിൽ മരണവേദന അനുഭവിച്ച തിരുനാഥൻെറ സമീപേ അവിടുത്തെ പരമനിർമ്മലയായ മാതാവു മാത്രമല്ല, അനുതാപിനിയായ മറിയവും നില്ക്കുന്നുണ്ടായിരുന്നല്ലോ.

## 'കണ്ണുനീരിൻെറ പുത്രൻ'

തൻെറ യൗവനത്തിൽ പരസ്യവും നിന്ദ്യവുമായ രീതിയിൽ ഭോഗസുഖങ്ങളെ ആർത്തിയോടേ തേടിത്തിരഞ്ഞ ഒരാളാണു വി. ആഗസ്തീനോസ്. പക്ഷേ, കാലം കടന്നു വന്നപ്പോൾ തൻെറ ജുഗുപ്സാവഹമായ ബലഹീനതയിൽ അദ്ദേഹത്തിനുതന്നെ അവജ്ഞതോന്നി. അല്ല, തൻെറ ഓമനമകൻെറ മനസ്സുതിരിവിനുവേണ്ടി കണ്ണുനീർ ചിന്തിക്കൊണ്ടു വി. മോനിക്ക അർപ്പിച്ച പ്രാർത്ഥനകൾ ദൈവം ശ്രവിച്ചു—അതാണ് അതിനു കാരണം. പാപത്തിൻെറ മാരകമായ പിടുത്തത്തിൽനിന്ന് എങ്ങനെയെങ്കിലും സ്വതന്ത്രനാകുവാൻ അദ്ദേഹം അഭിലഷിച്ചു. പക്ഷേ, ആ ദുർബലമാനസൻ എന്നും വിചാരിക്കും: "ഓ! ഇന്നുതുടങ്ങേണ്ടാ, നാളെത്തൊട്ടാകട്ടെ." 'നാളെ' വരുമ്പോൾ ഇന്നത്തേതിനെക്കാൾ ബലഹീനനായിരിക്കും അദ്ദേഹം. അങ്ങനെ ദിവസങ്ങൾ കുറഞ്ഞു മറഞ്ഞുകൊണ്ടിരുന്നു. ആയിടയ്ക്കാണ് അദ്ദേഹത്തിൻെറ കൈവശം ഒരു പുസ്തകം എത്തുപെട്ടത്-വിശുദ്ധരുടെ ജീവചരിത്രം. ദൈവത്തിനും സ്വന്തം ആത്മാവിൻെറ രക്ഷയ്ക്കുംവേണ്ടി തങ്ങളെത്തന്നെ ജയിച്ചടക്കിയ ആ വീരാത്മാക്കളുടെ ജീവിതകഥകൾ അദ്ദേഹത്തിന് ഒരു നവജീവൻ പ്രദാനംചെയ്തു. അഗസ്റ്റിനെ അലട്ടിയിരുന്ന ബലഹീനത, അങ്ങനെ ആത്മധൈര്യത്തിനു വഴിമാറിക്കൊടുത്തു. അദ്ദേഹം ഉൽഘോഷിച്ചു: "അവക്കതു സാധിച്ചെങ്കിൽ എന്തുകൊണ്ട് എനിക്കും പാടില്ല?" തളർന്നുകിടന്ന ധൈര്യമെല്ലാം വീണ്ടും ശക്തിസംഭരിച്ചു. വിശുദ്ധരുടെ വീരമാതൃകകളെ അനുകരിക്കുവാൻ ആ ധീരമാനസൻ ജീവിതരംഗത്തേക്കിറങ്ങി.

തഗാസ്ററേയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു. അങ്ങനെ അഗസ്റ്റിൻ, ലോകത്തെ പുറംതള്ളി ക്രിസ്തുനാഥന്റെ യഥാർത്ഥാനുഗാമിയായി. ഹിപ്പോരൂപതയിലെ മെത്രാനായ വലേരിയസ്സിൽനിന്നും അദ്ദേഹം പൗരോഹിത്യപദവി സ്വീകരിച്ചു. കാലാന്തരത്തിൽ ഹിപ്പോയിലെ മെത്രാനായി അദ്ദേഹം അഭിഷേചിക്കപ്പെടുകയും ചെയ്തു. ഇന്നിതാ തിരുസ്സഭാന്തരീക്ഷത്തിൽ പ്രഭവിതറുന്ന ഒരു പുണ്യതാരമായി അദ്ദേഹം വിരാജിക്കുന്നു.

ബ്രഹ്മചര്യത്തെ താറുമാറാക്കിയ, കളഞ്ഞുകുളിച്ച, യുവാക്കന്മാരും വിഷാദിക്കേണ്ടതില്ല, തങ്ങൾക്കു ദൈവവിളി ലഭിക്കുക ഇനിയും സാദ്ധ്യമല്ല എന്നോർത്ത്. പാപവഴികളെ പാടേ വെടിഞ്ഞ്, വി. ആഗസ്തീനോസിനെപ്പോലെ അനുതാപനിർഭരരായി അണയുന്നുവെങ്കിൽ പൗരോഹിത്യത്തിന്റെ മഹനീയ പദവിയിൽ അവർക്കും പ്രവേശിക്കുവാൻ സാധിക്കും. പക്ഷേ, പരസ്യപാപികളെന്ന നിലയിൽ അവർ കുപ്രസിദ്ധിയാർജ്ജിച്ചവരാണെങ്കിൽ തങ്ങൾ വരുത്തിക്കൂട്ടിയ ഉതപ്പിനു മാതൃകായോഗ്യമായവിധം പരസ്യമായ പരിഹാരംചെയ്യുക ആവശ്യകമാണ്. പാപജീവിതം ഹേതുവായി എന്തെങ്കിലും സാംക്രമികരോഗങ്ങൾ പിടിപെട്ടിട്ടുണ്ടെങ്കിൽ അതും അധികാരികളെ അറിയിക്കുവാൻ അവർ കടപ്പെട്ടവരാണ്.

## വിവേകശൂന്യമായ പ്രവൃത്തി

പാപങ്ങളൊക്കെ കുമ്പസ്സാരത്തിൽ വൈദികനുമാത്രമേ വെളിപ്പെടുത്താവൂ. രഹസ്യപാപങ്ങളുടെ കാര്യമാണ് ഇവിടെ പറയുന്നത്. അതു മററാരും അറിയുക

യില്ല. മരണംവരെ രഹസ്യമായിത്തന്നെ അറ വച്ചു സൂക്ഷിക്കുവാൻ വൈദികൻ കർശനമായി കടപ്പെട്ടവനുമാണ്. എന്നാൽ, ചില പെൺകുട്ടികളുണ്ട്; അവർ മഠത്തിൽ ചേന്നശേഷം തങ്ങളുടെ ഭൂതകാലത്തിലേ പുഴുക്കുത്തുകളെ എടുത്തു വിളമ്പും മററു സഹോദരികളുടെ മുൻപിൽ. സ്വാഭാവികമായ ബലഹീനതയായിരിക്കണം, അവരെ ഈ വീണ്ടുവിചാരമില്ലായ്മയ്ക്കു പ്രേരിപ്പിക്കുക. എങ്ങനെയാണെങ്കിലുംശരി, ഇതു് അപകടകരമാണു്. കഴിഞ്ഞ ജീവിതത്തിലേ കരിപുരണ്ട വശങ്ങളെ മററുള്ളവരോടു പറയാതിരിക്കുക മാത്രംപോരാ, അപ്പാടെ മറന്നുകളയുവാൻ അവർ ശ്രമിക്കുകയും വേണം. അതാണു് ഏററം അനുകരണീയം. പക്ഷേ, പാപിനികളായിരുന്നുവെന്നുള്ള പരമാത്ഥം ഒരു നാളും ഹൃദയാന്തർഭാഗത്തു നിന്നു മങ്ങിമറയുകയുമരുതു്. ദൈവത്തിൻെറ അനന്തകരുണ അവരുടെമേൽ തണൽ വിരിക്കുവാൻ അതു സഹായകമാകും. ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ ജീവിതത്തിൻെറ ബലഹീനവശങ്ങളെ, കുമ്പസ്സാരക്കാരനൊഴിച്ചു മററാരുടേയും മുൻപിൽ തുറന്നുവയ്ക്കരുതു്; തമാശായിട്ടുപോലും അതു യാതൊരുത്തരോടും പറയുകയുമരുതു്.

## ദൈവശുശ്രൂഷയ്ക്ക് എപ്പോഴാണ് ഇറങ്ങണം?

ദൈവവിളിയുള്ള ഒരു യുവാവ് എത്രാമത്തേ വയസ്സിൽസെമ്മിനാരിയിൽ ചേരണം? അല്ലെങ്കിൽ, ഒരു യുവതി എപ്പോഴാണ് കന്യകാലയത്തിൽ പ്രവേശിക്കണം? ക്ലുപ്തമായ ഒരുത്തരം നല്കുക വിഷമമാണു്. അപേക്ഷകരുടെ വ്യക്തിപരമായനിലപാടിനേയും സാഹചര്യങ്ങളേയും ആശ്രയിച്ചിരിക്കും അതു്.

എങ്കിലും, സെമ്മിനാരിയിൽ അപേക്ഷ സമർപ്പിക്കു ന്ന ഒരു ബാലനു കുറഞ്ഞതു പതിനാലു വയസ്സെങ്കിലും ഉ ണ്ടായിരിക്കണം. കന്യകാലയത്തിലണയുന്ന അർത്ഥിനി ക്കു കുറഞ്ഞതു പതിനാറും. ഇന്നുള്ള കന്യാസ്ത്രീകളിൽ ഭൂരിപക്ഷവും തങ്ങളുടെ "മധുരപ്പതിനേഴി"ൽത്തന്നെ ലോകത്തോടു യാത്രപറഞ്ഞു പിരിഞ്ഞവരാണ്. സെ മ്മിനാരിയിലോ കന്യകാലയത്തിലോ കുറെനാരം ജീവിച്ചു പരിചയിച്ചതിനുശേഷം മാത്രമേ ഒരന്ത്യതീരുമാനം എടു ക്കുവാൻ യുവതീയുവാക്കന്മാരെ അനുവദിക്കാവൂ.

## ചെറുപ്പത്തിലേതന്നെ ചേരുക

തങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളിയെ അനുധാ വനം ചെയ്യുവാൻ പര്യാപ്തരാകുമ്പോൾത്തന്നെ കുട്ടികൾ സെമ്മിനാരിയിൽ പ്രവേശിക്കണമെന്നു സഭ അഭിലഷി ക്കുന്നു. കാരണം, ലോകവുമായി കൂടുതൽ ഇടപഴകി ജീ വിച്ചാൽ, ഒരുപക്ഷേ, അവരുടെ ദൈവവിളിതന്നെ നഷ്ട പ്പെടുവാൻ ഇടയുണ്ട്. സെമ്മിനാരിജീവിതത്തിൽ മതപ രമായ വളരെയധികം കാര്യങ്ങൾ അവക്കു പഠിക്കുവാ നുണ്ട്. സഭാമാതാവിൻെറ ആചാരാനുഷ്ഠാനവിധികളെ ല്ലാം അവർ ഹൃദിസ്ഥമാക്കണം. ഇവയൊക്കെ നന്നാ യി പഠിക്കുന്നതിന് അനുഗുണമായ കാലഘട്ടം യൗവന മാണ്. എത്ര പെട്ടെന്നു വൈദികജീവിതവുമായി അവർ ഇടപഴകുന്നുവോ അത്രമേൽ മാധുര്യപൂർണ്ണമായിരിക്കും അ വർക്കതു്. ഏശായാപ്രവാചകൻ നമ്മെ ഉൽബോധിപ്പി ക്കുന്നു: "കർത്താവിനെ കണ്ടെത്താവുന്ന സമയത്തു തന്നെ അന്വേഷിക്കുക. അവിടുന്ന് അടുത്തുള്ളപ്പോൾ അവിടു ത്തെ വിളിച്ചപേക്ഷിക്കുക" (ഏശാ. 55: 6).

പൗലോസിൻെറ വാക്കുകളും സ്മർത്തവ്യമാണ്: "ഇതാ! ഇപ്പോഴം സ്വീകാര്യമായ സമയം: ഇതാ! ഇപ്പോഴം രക്ഷയുടെ ദിവസം!" (2 കൊറി. 6: 2).

## കഴമ്പില്ലാത്ത ഒരു എതിർവാദം

ലോകമെന്താണെന്ന നന്നായി പഠിച്ചറിയാതെ, നന്നായി അനുഭവിച്ചറിയാതെ യൗവനാരംഭത്തിലേ ദൈവസേവനത്തിനായി ഇറങ്ങിത്തിരിക്കുക, വെറും മടയത്തരമാണ്. അതിനാൽ, യുവജനങ്ങൾ ലോകമെന്താണെന്നു കാണുകയും അനുഭവിച്ചറിയുകയും ചെയ്യട്ടെ ആദ്യം. അനുഭവത്തിൽ ലോകജീവിതം ഇഷ്ടപ്പെടുന്നില്ലെങ്കിൽ ലോകത്തെ പുറംതള്ളിയിട്ട് അവർ പൊയ്ക്കൊള്ളട്ടെ.

ഈ എതിർവാദത്തിൽ യാതൊരു കഴമ്പുമില്ല. അതിനാൽ, അതെപ്പററി ഇവിടെ പരാമർശിക്കേണ്ടതില്ല. ഈ വിചിത്രനിയമം പ്രയോഗത്തിൽ വരുത്തിനോക്കുക. അപ്പോഴംകാണാം, ഈ 'പക്വമതി'കളുടെ എണ്ണം എത്ര ചുരുക്കമെന്ന്! കാരണം, ലോകത്തിൻെറ എല്ലാവശങ്ങളേയും അനുഭവിച്ചറിയുക ഒരാളെസ്സംബന്ധിച്ചിടത്തോളം അസാദ്ധ്യമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. യൗവനപൂർണ്ണരായ യുവഹൃദയങ്ങളെ ലോകത്തിൻെറ എല്ലാവിധ സന്തോഷങ്ങളിൽനിന്നും പാട്ടുള്ളിടത്തോളം അകററിനിറുത്തുവാൻ സഭാമാതാവു നിഷ്കർഷിക്കുന്നു. കാരണം, ലോകസന്തോഷങ്ങൾക്ക് അവരുടെ ദൈവവിളിയെ നഷ്ടപ്പെടുത്തുകയോ ദുർബലമാക്കുകയോ ചെയ്യുവാൻ വളരെ കഴിവുണ്ട്.

## അറിവില്ലായ്മ ഒരനുഗ്രഹംതന്നെ

ഈശോയുടെ ദ്രാക്ഷാവാടിയിലേക്കു പണിയാളരായി പടിയിറങ്ങുന്ന യുവഹൃദയങ്ങൾ ലോകത്തിൻെറ ആനന്ദങ്ങളെപ്പററി എത്രകുറച്ചുമാത്രം അറിയുന്നുവോ അത്രയും നല്ലതാണ്. ലോകത്തെ ഒന്നു പഠിച്ചറിഞ്ഞിട്ടാകട്ടെ സെമ്മിനാരിയിലോ കന്യകാലയത്തിലോ പ്രവേശിക്കുവാൻ എന്നു്, ദൈവവിളിയുള്ളവർ കരുതുക എത്രയോ ശോചനീയം! അപകടങ്ങളുടെ വരമ്പത്തുകൂടിയാണ് അവരുടെ പോക്കു്. വിശുദ്ധമായ ദൈവവിളി ലഭിച്ചിരിക്കുന്ന അവർ വഴുതി വീഴുവാൻ എത്രയോ എളുപ്പം! അങ്ങനെ അമോഘമായ ആ ദാനത്തെ തട്ടിത്തൂവുവാൻ എത്രയോ സാധ്യത! മാത്രമല്ല, ഈശോയോ ലോകമോ എന്നുള്ള അവരുടെ തിട്ടമില്ലായ്മ ഈശോയ്ക്കു് ഒരുനാളും ഇഷ്ടമാവുകയില്ല. അവിടുന്നു് അവക്കു നല്കിയ ദിവ്യാഹ്വാനത്തെ തിരിച്ചെടുത്തു്, അപ്രകാരം ഒരാഹ്വാനത്തിനുവേണ്ടി ദാഹിച്ചിരിക്കുന്ന മററാക്കെങ്കിലും അതു നല്കാതിരിക്കുകയുമില്ല. അവർ, തന്നെ തൃപ്തിപ്പെടുത്തിക്കൊള്ളുമെന്നു് അവിടുത്തേക്കറിയാം.

ലോകമായകൾക്കു പിൻപേ ഓടിനടന്ന ഒരു വ്യക്തിയാണു്, വി. ജെറോം. എന്നാൽ, അദ്ദേഹത്തിൻെറ മനഃപരിവർത്തനത്തിനുശേഷം അതിനിഷ്ഠുരമായ ഒരു തപോജീവിതമാണു് അദ്ദേഹം നയിച്ചതു്. എങ്കിലും, തൻെറ ഭാവനയിൽ ഉദിച്ചുയന്നുകൊണ്ടിരുന്ന മ്ലേച്ഛമായ കാഴ്ചകളാലും ലോകസന്തോഷങ്ങളെക്കുറിച്ചുള്ള സ്മരണകളാലും അദ്ദേഹം പ്രാത്ഥനാസമയത്തും ധ്യാനാവസരങ്ങളിലും പ്രലോഭിപ്പിക്കപ്പെട്ടിരുന്നു.

വി. ആഗസ്തീനോസും സുകൃതജീവിതത്തിൻെറ വഴിത്താരയിലേക്കു വന്നണഞ്ഞതിനുശേഷം, കഴിഞ്ഞകാലത്തെ ഓത്തു കണ്ണീർവാർത്തിരുന്നു. ദൈവസ്നേഹത്താൽ പ്രചോദിതനായി ആ സുകൃതി ഉദീരണം ചെയ്യുന്നു: "എന്നും പ്രാചീനവും എന്നും അർവാചീനവുമായ സൗന്ദര്യമേ, നിന്നെ ഞാൻ എത്രയോ താമസിച്ചുമാത്രമാണു കണ്ടെത്തിയതു്!"

വളരെ നേരത്തേതന്നെ ദൈവസേവനത്തിനിറങ്ങിയതിൽ വിശുദ്ധരിൽ ആരും ഖേദിച്ചിട്ടില്ല. ലോകസന്തോഷങ്ങളെ ഒട്ടുംതന്നെ രുചിച്ചാസ്വദിക്കാതെ, ലോകവുമായി ഒന്നിടപഴകാതെ ഇറങ്ങിപ്പോന്നതിൽ അവരിലാരും പില്ക്കാലത്തു ദുഃഖിച്ചിട്ടുമില്ല.

## സാഹചര്യങ്ങൾ നിർബന്ധിച്ചേക്കാം

ഇത്രയും പറഞ്ഞതു്, ദൈവവിളിയുള്ള എല്ലാവരും പതിനാറിലോ പതിനേഴിലോതന്നെ ലോകത്തെ ഉപേക്ഷിക്കണമെന്നു് ഒരു വിധിത്തീർപ്പു ചെയ്യുവാനല്ല. ദൈവവിളിയുള്ളവർ, മററു ഗുരുതരമായ കാരണങ്ങളൊന്നും തടസ്സപ്പെടുത്തുന്നില്ലെങ്കിൽ, എത്രയുംവേഗം ലോകത്തെ വിട്ടുപോരുക അത്യുത്തമം ആയിരിക്കുംഎന്നാണു പറഞ്ഞതു്. അല്ലെങ്കിൽ, രാജാധിരാജനായി നേർന്നുവച്ചിരിക്കുന്ന ആ ഹൃദയാരാമത്തിൽ കൊള്ളക്കാർ കടന്നുവന്നു് അതിനെ അലങ്കോലപ്പെടുത്തും. മാതാപിതാക്കന്മാരെപ്രതിയോ, ഒഴിച്ചുവയ്ക്കുവാൻ പാടില്ലാത്ത മററു പ്രതിബന്ധങ്ങൾ നിമിത്തമോ പലക്കും പല കൊല്ലങ്ങൾതന്നെ ദൈവവിളിയെ അനുധാവനം ചെയ്യുവാൻ സാധിക്കാതെ വന്നുപോകു

ന്നുണ്ട്. ഇതു് ഒരു വിധത്തിലും അപകടകരമാവുകയില്ല. പക്ഷേ, ദൈവേഷ്ടത്തെ നിറവേററുവാനായിരിക്കണം അവർ ഇപ്രകാരം ചെയ്യുക. തങ്ങൾക്കു ലഭിച്ചിരിക്കുന്ന ദിവ്യാമന്ത്രണത്തെ അവർ എപ്പോഴും ഹൃദയത്തിൻെറ ഉള്ളറയിൽത്തന്നെ വച്ചു പൂജിച്ചുകൊള്ളണം. അധ്യാപികയായോ, നേഴ്സായോ ഭാവിയിൽ ജോലിചെയ്യണമെന്നാഗ്രഹമുള്ള പെൺകുട്ടികൾ മഠത്തിൽ ചേരുന്നതിനു മുമ്പുതന്നെ അതിനാവശ്യകമായ വിദ്യാഭ്യാസയോഗ്യത നേടിയിരിക്കുക അനുപേക്ഷണീയമാണു്.

## പ്രായം തിട്ടപ്പെടുത്തുന്നില്ല

എല്ലാ സന്ന്യാസഭവനങ്ങളും അപേക്ഷകരുടെ പ്രായം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു്. സന്ന്യസ്തജീവിതത്തിൽ പ്രവേശിക്കുവാൻ ഒരു പതിനാറുകാരൻ ഒരുനാളും തീർത്തു ചെറുപ്പമല്ല. തക്കകാരണങ്ങൾ ഉള്ളവരെ ഈ നിയമത്തിൽനിന്നും ഒഴിവാക്കുന്നതാണു്. പക്ഷേ, അപേക്ഷകർ മററുവിധത്തിൽ അത്രകണ്ടു യോഗ്യതാസമ്പന്നരും പ്രവേശം അർഹിക്കുന്നവരുമായിരിക്കണം. നാല്പതും അൻപതും വയസ്സായവർ പൗരോഹിത്യത്തിലേക്കും സന്ന്യസ്തജീവിതത്തിലേക്കും പ്രവേശിക്കുന്നുണ്ടു്; കന്യകാലയങ്ങളിലും അതുപോലെതന്നെ. വിധവകളെപ്പോലും ചില സന്ന്യാസഭവനങ്ങളിൽ കണ്ടുമുട്ടിയേക്കാം.

പ്രായമായതിനുശേഷം ആശ്രമജീവിതം പുല്കിയ പലപല വിശുദ്ധരും ഇന്നു വിണ്ണിൽ പ്രഭചൂടി വാഴുന്നു. ഫ്റാൻസിസ്കൻ സഭയിൽപ്പെട്ട, മെക്സിക്കോയിലെ വാഴ്ത്തപ്പെട്ട സെബാസ്റ്റ്യൻതന്നെ ഇതിനു് ഉത്തമോദാഹര

ണമാണ്. രണ്ടു വിവാഹവും കഴിഞ്ഞു്, മൂന്നാമത്തേതിന മനസ്സുമൂലലും കഴിച്ചതാണ് അദ്ദേഹം. അപ്പോഴാണു സന്ന്യാസിയാകുവാനുള്ള അഭിനിവേശം അദ്ദേഹത്തിൽ മുളയെടുക്കുക. എഴുപതുവയസ്സുള്ള ആ പടുകിഴവൻ ആശ്രമത്തിൽ ചേരുകയും ചെയ്തു. ഒരു തുണസഹോദരനായി അദ്ദേഹം. സുകൃതജീവിതത്തിൽ മറെറല്ലാവരേയും അദ്ദേഹം കവച്ചുവച്ചു; എല്ലാവക്കും എല്ലവിടേയും സന്മാതൃക കാണിച്ചുകൊടുത്തു. ഇന്നിതാ, സഭ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽച്ചേർത്തു വണങ്ങുന്നു. ദൈവം തൻെറ വിശുദ്ധരിൽ വിസ്മയനീയനാകുന്നു.

## IV

# ആനന്ദത്തിൻെറ ഉറവിടം

### ഒരു പുസ്തകം കാരണം

സ്പെയിനിലെ ഒച്ചപ്പാടൊഴിഞ്ഞ ഒരു കൊച്ചു ഗ്രാമം. അവിടത്തെ ഏക 'പൊതുസ്ഥാപന'മായ സത്രത്തിൽ അന്നു തിക്കും തിരക്കും കുറവായിരുന്നു എന്നുവേണം പറയുവാൻ.

അന്തിയുടെ മങ്ങിയ വെളിച്ചത്തിൽ രണ്ടുപേർ അങ്ങോട്ടു കയറിച്ചെന്നു. ചോരത്തിളപ്പുള്ള രണ്ടു യുവതിടമ്പുകൾ. സത്രവിചാരിപ്പുകാരൻ, ഒരു പച്ചച്ചിരിയോടേ അതിഥികളെ സ്വീകരിച്ചുപചരിച്ചു.

അയാൾ നിർദ്ദേശിച്ച മുറിയിൽക്കടന്നു് അവർ ചെരുപ്പുകൾ ഊരി ഒന്നു വിശ്രമിക്കുവാനിരുന്നു. അവിടെ മേശപ്പുറത്തുകിടന്ന ഒരു തടിയൻ പുസ്തകം രണ്ടുപേരുടേയും ശ്രദ്ധയിൽപ്പെട്ടു. ഒരാൾ, ജിജ്ഞാസയോടേ അ

തെട്ടത്തു തിരിച്ചും മറിച്ചും നോക്കി. "എന്നാ പുസ്തകമാ ക്രുവേ അതു്?" അപരൻ കിടക്കയിലിരുന്നുകൊണ്ടു ചോദിച്ചു.

"വിശുദ്ധ അന്തോനീസ്"

"ബ്ഭാ....വിശുദ്ധ അന്തോനീസ്... കൊണ്ടുപോയി ക്കളപ്പെന്നെ. പുണ്യവാന്മാരുടെ ജീവചരിത്രം ഇന്നത്തെക്കാലത്തു് ആണങ്ങളുവല്ലോരും വായിക്കുമോ? വായിക്കുകയാണെങ്കിൽ വല്ല ഡിററക്ടീവു നോവൽസും വായിക്കണം." പുച്ഛരസത്തോടേ അയാൾ മുഖം വക്രിച്ചു.

"ഹോ.... എന്നാലും കെട്ടും മട്ടുമൊക്കെ ഒന്നു കാണാമല്ലോ."

"ഓഹോ....കെട്ടും മട്ടുമല്ല, അകത്തേക്കുക്കൂടി കയറിക്കോ."

ഒരു പയ്യൻ വാതിൽക്കൽവന്നു. "അത്താഴത്തിനുള്ള സമയമായി." അവനറിയിച്ചു. അഞ്ചാറുപേജുകൾ ഇതിനകം അയാൾ വായിച്ചു തീൎന്നിരുന്നു. അവിടെ ഒരടയാളം വച്ചിട്ടു് അവർ ഉണ്ണാൻപോയി.

"വായിച്ചങ്ങു രസംപിടിച്ചുപോയെന്നു തോന്നുന്നല്ലോ. ഒരു 'ബല്യ'പുണ്യവാളനാകാനുള്ള തിരപ്പുറപ്പാടാണല്ലോ!" ഉണ്ടുകൊണ്ടിരുന്നപ്പോൾ രണ്ടാമൻ ഒന്നാമനെ കളിയാക്കി.

ഉണ്ടു തീൎന്ന താമസം. ഒന്നാമൻ മുറിയിലേക്കു വന്നു പാരായണം തുടൎന്നു. ഏതോ ഒരു വശ്യശക്തി ആ പുസ്തകത്തിനു്. ജീവിതം ദൈവത്തിനുവേണ്ടി ഉഴിഞ്ഞുവച്ച ആ സന്യാസി—അന്തോനീസ്—അയാളുടെ ചിന്തകൾക്കു രൂപം കൊടുക്കുകയായിരുന്നു. ആയിരമായിരം

അത്ഭുതങ്ങൾക്ക മദ്ധ്യേക്കൂടിയുള്ള ആ ജീവിതത്തിൻെറ പ്രയാണം അയാളെ കോരിത്തരിപ്പിച്ചു. ജീവിതം ദൈവത്തിൻെറ മഹാദാനമാണ്. അതു് അവിടുത്തേക്കുതന്നെ സമർപ്പിക്കുകയാണ് ഒരു മനുഷ്യനു ചെയ്യാവുന്ന ഏററം മഹത്തായ കൃത്യം. അയാൾ പുസ്തകം വായിച്ചു തീൎന്നു; ഉറച്ച ഒരു തീരുമാനത്തിലെത്തിച്ചേൎന്നു.

ഇതു കണ്ണുകഴച്ച്, ഒററശ്വാസത്തിനു തൻെറ ചങ്ങാതി വായിച്ചുതീൎത്ത ഈ പുസ്തകത്തിലെന്തോ കഴമ്പു കാണണം—രണ്ടാമനും പുസ്തകം വിടിൎത്തി വായനതുടങ്ങി.

അവൎക്കു യാത്ര തുടരുവാനുള്ള സമയം സമാഗതമായി. പക്ഷേ, രണ്ടുപേൎക്കും എന്തോ ഒരു ഇച്ഛാഭംഗം! മുഖത്തൊരു വിഷാദാത്മകത്വം! ആകപ്പാടെ ഒരു മ്ളാനത! തെളിച്ചുപറയുവാൻ വയ്യാത്ത ഹൃദയരഹസ്യങ്ങൾ ഇരുവൎക്കും കൈമാറുവാനുള്ളതുപോലെ.

സങ്കോചത്തോടെയാണെങ്കിലും ഒന്നാമനാണു പറഞ്ഞുതുടങ്ങിയതു്: "എൻെറ പ്രിയപ്പെട്ട ചങ്ങാതീ, എന്നോടു ക്ഷമിക്കണേ! ഞാൻ ഇനിയും താങ്കളോടൊന്നിച്ചു വരുന്നില്ല. ലോകത്തെ ഞാൻ ഉപേക്ഷിച്ചുകഴിഞ്ഞു. താങ്കളും എൻെറ വഴിയിലേക്കു തിരിയണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ, ദയവിചാരിച്ച് എന്നെ ഈ തീരുമാനത്തിൽനിന്നു വ്യതിചലിപ്പിക്കുവാൻ ശ്രമിക്കരുതേ!"

രണ്ടാമൻ ഇതുകേട്ടപ്പോൾ പൊട്ടിച്ചിരിക്കുകയാണുണ്ടായതു്. "എൻെറ പൊന്നേ, അതുതന്നെയാണ് എനിക്കും താങ്കളോടു പറയുവാനുള്ളതു്. ആ പുസ്തകം എൻെറ ജീവിതത്തെ പിടിച്ചു കുലുക്കിക്കളഞ്ഞു! താങ്കളെ

ആദ്യം പരിഹസിച്ചതിന് ഒരു നൂറുപ്രാവശ്യം ക്ഷമചോദിച്ചുകൊള്ളുന്നു."

ഇരുവരും ഒരു സന്യാസമന്ദിരത്തിലേക്കാണു പോയത്. വി. അന്തോനീസിനെപ്പോലെ അവരും കർത്താവിനെ പ്രീതിപ്പെടുത്തുവാൻ സന്യസ്തജീവിതം തിരഞ്ഞെടുത്തു!

അവർ രണ്ടുപേരും പ്രണയബന്ധത്തിൽ ഏർപ്പെട്ടിരുന്നവരായിരുന്നു. തങ്ങളുടെ കാമുകന്മാർ സന്യാസികളായ കഥയറിഞ്ഞപ്പോൾ ആ യുവതികൾക്ക് ഇച്ഛാഭംഗമുണ്ടായി. ലോകത്തിന്റെ ചതികളിൽ, യുവത്വത്തിന്റെ ചപലതകളിൽ, ഇനിയും ചെന്നുകുടുങ്ങാതിരിക്കുവാൻ ഒരു കുറുക്കുവഴി അവരും കണ്ടുപിടിച്ചു. മിശിഹായുടെ മണവാട്ടികൾ എന്ന അഭികാമ്യപദവിയിലേക്ക് അവരുയർന്നു!

അങ്ങനെ. ഒരു പുസ്തകം നാലുയുവതീയുവാക്കളെ ദൈവവിളിയുടെ മഹോന്നതപദവിയിലേക്കു കൈയ്ക്കുപിടിച്ചു കൂട്ടിക്കൊണ്ടുപോയി!

നമ്മുടെ ദൈവവിളി ഏതെന്നു കണ്ടെടുക്കുവാൻ വളരെയധികം സഹായിക്കുന്ന ഉററമിത്രങ്ങളാണു സൽഗ്രന്ഥങ്ങൾ; പ്രത്യേകിച്ച്, ദൈവവിളിയെപ്പററി സമഗ്രമായി പ്രതിപാദിക്കുന്ന ഗ്രന്ഥതല്ലജങ്ങൾ. ജീവിതത്തിന്റെ ഏതു വഴിത്തിരിവിൽവച്ചും ദൈവസേവനത്തിനായി ഇറങ്ങിത്തിരിക്കുവാനുള്ള അഭിനിവേശം അനുവാചകരിൽ അവ പകർന്നുവച്ചേക്കാം. ആ യുവാക്കന്മാർക്കു ലഭിച്ചതുപോലെ, നിനച്ചിരിക്കാത്ത നിമിഷത്തിലായിരിക്കും അവരും മനസ്സിലാക്കുക, തങ്ങൾ ദൈവത്താൽ സ്നേഹത്തോടെ ക്ഷണിക്കപ്പെട്ടിരിക്കുന്നുവെന്ന്.

## മുടന്തൻ വൈദികനായി

ആയിരത്തിയഞ്ഞൂററിയിരുപത്തിയൊന്നു മേയ് ഇരുപതാംതീയതി പാമ്പലൂണായിലേ പടക്കളത്തിൽ ഒരു സേനാനായകൻ പരുക്കേററു നിലംപതിച്ചു. രാജ്യഭക്തിയും രാജഭക്തിയും ഹൃദയത്തിൽ കൈകോർത്തുനിന്നിരുന്ന ആ സേനാനിയുടെ പേരു് ഇഗ്നേഷ്യസ് എന്നായിരുന്നു. കർമ്മധീരതയും ആദർശനിഷ്ഠയും—ഇവയാണു് ആ യോദ്ധാവിനെ നയിച്ചിരുന്ന മാസ്മരശക്തി. ശത്രുക്കളായ ഫ്രഞ്ചുകാർ ഇഗ്നേഷ്യസിനെ ഒരു തടവുപുള്ളിയായി പിടിച്ചുവെങ്കിലും അദ്ദേഹത്തിൻെറ ധീരതയിലും യുദ്ധസാമർത്ഥ്യത്തിലും വിസ്മയംകൊണ്ടു് അവർ അദ്ദേഹത്തിനു മോചനം നല്കി. പാമ്പലൂണായിലുള്ള ഒരു ഭവനത്തിലേക്കു് അവർ അദ്ദേഹത്തെ എടുത്തുകൊണ്ടുപോയി. അവിടെ പ്രഥമശുശ്രൂഷകൾക്കുശേഷം 'ലയോള' മാളികയിലേക്കു് അദ്ദേഹം മാററപ്പെട്ടു.

രോഗിയായിക്കിടന്ന ഇഗ്നേഷ്യസ്, സമയം വൃഥാ കളയാതിരിക്കുവാൻ ചില പുസ്തകങ്ങൾ ആവശ്യപ്പെട്ടു. പക്ഷേ, കിട്ടിയതോ, അദ്ദേഹത്തിനൊട്ടുംതന്നെ ഇഷ്ടപ്പെടാത്ത രണ്ടു പുസ്തകങ്ങൾ—ക്രിസ്തുവിൻെറ ജീവിതകഥയും വിശുദ്ധരുടെ ജീവചരിത്രവും. മനസ്സില്ലാമനസ്സോടെയാണെങ്കിലും അദ്ദേഹം അവ വായിച്ചുതുടങ്ങി. നശ്വരമായ ജീവിതത്തെ അനശ്വരമായ ആനന്ദത്തിനുവേണ്ടി പണയപ്പെടുത്തിയ വിശുദ്ധരുടെ ജീവിതകഥകൾ അദ്ദേഹത്തെ കർത്തവ്യോന്മുഖനാക്കി. ക്രിസ്തുനാഥൻെറ സുകൃതമാതൃകകൾ പകർത്തിയെടുക്കുവാൻ അദ്ദേഹത്തിൻെറ ഹൃദയം വെമ്പൽകൊണ്ടു. രാജാവിനുവേണ്ടി പടപൊരുതുക

യല്ല, രാജാധിരാജനുവേണ്ടി പടപൊരുതി വിജയമകുടമണിയുകയാണ് അഭികാമ്യമെന്ന് ആ പുസ്തകങ്ങൾ അദ്ദേഹത്തിനു പറഞ്ഞുകൊടുത്തു. ക്രിസ്തുവിനെ അനുഗമിച്ച് അനശ്വരമായ സമ്മാനം കൈക്കലാക്കിയ, മണ്ണിലും വിണ്ണിലും ഒന്നുപോലെ തങ്ങളുടെ ആധ്യാത്മികത്വത്തിൻെറ കീർത്തിധാവള്യം പരത്തുന്ന, ആ ധന്യാത്മക്കളാണ്—വിശുദ്ധരാണ്—സാക്ഷാൽ പടയാളികൾ എന്ന് അദ്ദേഹത്തിനു മനസ്സിലായി. സ്വതസ്സിദ്ധമായ അദ്ദേഹത്തിൻെറ ഉൽക്കർഷേച്ഛ അവിടേയും ഉദിച്ചുയരുകയായി. "അവനും അവൾക്കും അതു സാധിച്ചെങ്കിൽ എനിക്കും എന്തുകൊണ്ടു പാടില്ല?"— വി. ആഗസ്തീനോസിനെപ്പോലെ അദ്ദേഹവും ഉൽഘോഷിച്ചു. ഒരു വിശുദ്ധനായിത്തീരണം—അതിനദ്ദേഹം നൂറുശതമാനവും ഉറച്ചുകഴിഞ്ഞു.

ഇഗ്നേഷ്യസിൻെറ മുറിവുകളെല്ലാം കരിഞ്ഞുകൂടി. എങ്കിലും, ഒരു മുടന്തനായിട്ടാണ് അദ്ദേഹം ലയോളാമാളികയിൽനിന്നു പുറത്തുവന്നത്. ശേഷിച്ച ജീവിതമെങ്കിലും ക്രിസ്തുനാഥനുവേണ്ടി ചെലവഴിക്കുവാൻ അദ്ദേഹം അതിമാത്രം ആശിച്ചു. അജയ്യനായ ആ ജേതാവിൻെറ—ക്രിസ്തുവിൻെറ—സവിധത്തിലേക്കു നടന്നടുക്കുവാനുള്ള വഴി ത്താര പൗരോഹിത്യമാണെന്നും താൻ അതിനായി വിളിക്കപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹത്തിൻെറ ഹൃദയം മന്ത്രിച്ചു. മുടന്തനായ ആ മുപ്പത്തൊന്നുകാരൻ ലത്തീൻ പഠനമാരംഭിച്ചു. തുടർന്ന്, തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. വർഷങ്ങൾ കടന്നുകന്നു. അദ്ദേഹം ക്രിസ്തുവിൻെറ ഒരു പുരോഹിതനായി അഭിഷേചിക്കപ്പെട്ടു.

ഈശോസഭാസ്ഥാപകനായ വിശുദ്ധ ഇഗ്നേഷ്യസ്

ലയോളായുടെ ജീവിതകഥയാണിതു്.

ധീരതകാണിക്കുവാൻ വെമ്പൽകൊള്ളുന്ന യുവഹൃദയങ്ങൾക്കു്, സ്നേഹസമ്രാട്ടായ ക്രിസ്തുനാഥൻെറ മുൻപിൽ തങ്ങളുടെ യുവത്വത്തെ കാണിക്കവെയ്ക്കുവാൻ അഭിലഷിക്കുന്ന യുവഹൃദയങ്ങൾക്കു തികച്ചും അനുകരണാർഹമായ ഒരു ജീവിതമാതൃക! ഭക്തിപരമായ ഗ്രന്ഥങ്ങൾ വായിക്കുവാൻ വിരസത പ്രദർശിപ്പിക്കുന്ന യുവലോകം മനസ്സിലാക്കട്ടെ, വിശുദ്ധരുടെ ജീവചരിത്രവും വിശുദ്ധഗ്രന്ഥവും വായിച്ചപ്പോഴാണു പാമ്പലൂണായിലെ പടയാളി ക്രിസ്തുനാഥൻെറ മനോഹരസ്വരം ശ്രവിച്ചതു് എന്നു്.

## "നീ എന്നെ അനുഗമിക്കുക"

നമ്മുടെ ഹൃദയചഷകത്തിൽ ദൈവം ചിന്തുന്ന അമൂല്യമായ ഒരു ദാനമാണു്, ദൈവവിളി. നാം കൃതജ്ഞതയോടും ആനന്ദവായ്പോടുംകൂടി സ്വീകരിക്കുന്നെങ്കിൽ ദൈവം എന്തെന്തു സന്തുഷ്ടനാവുകയില്ല! മറിച്ചു്, നാം അതിനെ അത്ര കാര്യമായി ഗൗനിക്കുന്നില്ലെങ്കിൽ, അർഹമായ ആദരം അതിനോടു പ്രദർശിപ്പിക്കുന്നില്ലെങ്കിൽ, അവിടുത്തേക്കു് അതു് എത്രമാത്രം അതൃപ്തിജനകമായിരിക്കും! മാത്രമല്ല, ആ ദിവ്യാഹ്വാനം പിൻവലിക്കപ്പെടുവാനാണു സാധ്യത; പിന്നീടൊരിക്കലും നമുക്കതു നല്കപ്പെടുകയുമില്ല.

ധനവാനായ ഒരു യുവാവിൻെറ കഥ സുവിശേഷത്തിൽ നാം വായിക്കുന്നുണ്ടു്. ലോകത്തേയും ലോകബന്ധങ്ങളേയും വിട്ടകന്നു തന്നെ പിഞ്ചെല്ലുവാൻ ഈശോ അവനെ ആഹ്വാനം ചെയ്തു. പണത്തെ പൂജിച്ചിരുന്ന

ആ ചെറുപ്പക്കാരൻ ക്രിസ്തുവിൻെറ ഈ ദിവ്യാഹ്വാനത്തിനു ചെവികൊടുക്കുവാൻ ശക്തനായില്ല. ദുഃഖിതനായി അവൻ അവിടെനിന്നും പോവുകയാണുണ്ടായതു്. തന്നെ അനുഗമിക്കുവാൻ പിന്നീടൊരിക്കലും അവിടുന്നു് അവനെ ക്ഷണിച്ചില്ല. ക്രിസ്തുനാഥൻെറ ദിവ്യാഹ്വാനത്തെ അവൻ പിഞ്ചെന്നിരുന്നെങ്കിൽ! എങ്കിൽ, ഈശോയുടെ ശിഷ്യന്മാരിൽ ഒരുവനായി അവൻ എന്നെന്നും പ്രകീർത്തിക്കപ്പെട്ടമായിരുന്നു; അക്ഷയമായ കീർത്തിധാവള്യത്താൽ മണ്ണിലും വിണ്ണിലും ഒന്നുപോലെ ആ നാമം വിരാജിക്കുമായിരുന്നു. എന്നാൽ, ഇപ്പോൾ അവൻെറ നാമം എല്ലാവർക്കും അജ്ഞാതമാണു്. അവൻെറ സ്ഥാനം അസൂയാർഹമായി ആരും ഇന്നനുഭവപ്പെടുന്നില്ല.

ഇനിയും വേറൊരു യുവാവിനെ നാം സുവിശേഷത്തിൽ കണ്ടുമുട്ടുന്നുണ്ടു്. ഈശോ അവനെ തൻെറ ശിഷ്യഗണത്തിലേക്കു വിളിച്ചപ്പോൾ പിതാവിൻെറ മരണം വരെയെങ്കിലും ഭവനത്തിൽ പാർക്കുവാൻ താൻ ഇച്ഛിക്കുന്നുവെന്നു് അവൻ പറഞ്ഞു. ഇതു വെറുമൊരു ഒഴികഴിവായിരുന്നു. കാരണം, മാതാപിതാക്കന്മാർക്കു് അർഹമായിട്ടുള്ളതിൽ കൂടുതൽ ബഹുമാനവും സ്നേഹവും അനുസരണവും ഈശോയ്ക്കു നല്കുവാൻ നാം കടപ്പെട്ടവരാണല്ലോ. ഈശോ അവൻെറ ഒഴികഴിവിനെ അംഗീകരിക്കുവാൻ തയ്യാറായില്ല. അവിടുന്നു പറഞ്ഞു: "നീ എന്നെ അനുഗമിക്കുക. മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കിക്കൊള്ളട്ടെ" (മത്താ. 8: 22).

### ദൈവത്തെ കളിപ്പിക്കുകയോ?

ദൈവവിളിയിൽനിന്നു് ഒഴിഞ്ഞുമാറുവാൻ തത്രപ്പെ

ടുന്ന യുവജനങ്ങളെസ്സംബന്ധിച്ചിടത്തോളം ഈശോ ആ യുവാവിനോടരുൾചെയ്ത തിരുവചനങ്ങൾ ശ്രദ്ധേയമാണ്. മാതാപിതാക്കന്മാരെപ്രതിയോ ബന്ധുമിത്രാദികളെപ്രതിയോ ആയിരിക്കാം ഇവർ ലോകസുഖങ്ങളിൽത്തന്നെ മുഴുകി ജീവിക്കുവാൻ ഒരുമ്പെടുന്നത്. എന്നാൽ, ഇതുവഴി തങ്ങളെത്തന്നേയും ദൈവത്തേയും തങ്ങൾ വഞ്ചിക്കുകയാണു ചെയ്യുന്നത് എന്ന കാര്യം ഇവർ മനസ്സിലാക്കട്ടെ.

ദൈവം നല്കുന്ന ഈ മഹാദാനം തികച്ചും വ്യക്തിപരമല്ല. അതായത്, ഇതിനെ സ്വീകരിച്ചുപചരിക്കുന്ന യുവഹൃദയങ്ങളെ മാത്രമല്ല, ദൈവത്തിനുവേണ്ടി ത്യാഗത്തിന്റെ ബലിക്കല്ലിൽ അവരെ ഹോമിക്കുവാൻ പ്രത്യക്ഷമായോ പരോക്ഷമായോ സഹായിച്ച മറ്റെല്ലാവരേയും ഇതു ധന്യരാക്കാതിരിക്കുകയില്ല; പ്രത്യേകിച്ച്, അവരുടെ മാതാപിതാക്കന്മാരേയും അടുത്ത ബന്ധുക്കളേയും. ദൈവവിളിയെ പിഞ്ചെല്ലുവാൻ സന്താനങ്ങൾക്കു സന്തോഷപൂർവ്വം അനുമതിനല്കുന്ന ഇവരിൽ ദൈവം തന്റെ അനുഗ്രഹാശിസ്സുകൾ വാരിച്ചൊരിയും. തന്റെ ശിഷ്യന്മാരുടെ ബന്ധുജനങ്ങളുമായി എത്രയോ സ്നേഹപൂർവ്വമാണ് ഈശോ വർത്തിച്ചിരുന്നത്! എന്തെന്തു് അനുഗ്രഹങ്ങൾ അവർക്ക് അവിടുന്നു നല്കിയിട്ടില്ല!

## ഈശോ കോപിക്കുന്നു

തന്റെ ദിവ്യാഹ്വാനത്തെ അവഗണിക്കുക ക്രിസ്തുനാഥനു ദുഃഖഹേതുകമാണ്. ഈ വസ്തുത അർത്ഥഗർഭമായ ഒരു അന്യാപദേശത്തിലൂടെ അവിടുന്നുതന്നെ അസന്ദിഗ്ദ്ധമായ ഭാഷയിൽ നമുക്കു തെളിവാക്കിത്തരുന്നു.

ഒരു മനുഷ്യൻ ഒരു വലിയ അത്താഴം തയ്യാറാക്കി. തന്റെ ബന്ധുമിത്രാദികളെയെല്ലാം അയാൾ പ്രത്യേകം ക്ഷണിച്ചു. എന്നാൽ, എല്ലാവരും ഓരോ ഒഴികഴിവുകൾ പറഞ്ഞു ക്ഷണം നിരസിക്കുകയാണുണ്ടായത്. ഇതറിഞ്ഞു കോപിഷ്ഠനായ അയാൾ തന്റെ ദാസന്മാരോടു കല്പിച്ചു, ക്ഷണിക്കപ്പെട്ടവർക്കു പകരം മററു അതിഥികളെ ക്ഷണിച്ചുകൊണ്ടുവരുവാൻ. "ക്ഷണിക്കപ്പെട്ടിരുന്ന ആ മനുഷ്യരിൽ ഒരുവൻപോലും എന്റെ അത്താഴം ആസ്വദിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു." അയാൾ പറഞ്ഞു. ആദ്യം ക്ഷണിക്കപ്പെട്ടവരെ അയാൾ പുറന്തള്ളിക്കളഞ്ഞു; അവരോടുള്ള സ്നേഹബന്ധങ്ങളെല്ലാം അയാൾ ഉപേക്ഷിച്ചു; പിന്നീടൊട്ടു ക്ഷണിച്ചതുമില്ല.

മിഷൻരാജ്യങ്ങളിലേക്കൊന്നു നോക്കുക. സഭാമാതാവിന്റെ മടിത്തട്ടിൽ വന്നണഞ്ഞിട്ട് അധികനാൾ കഴിയും മുമ്പേ ഈ നവകത്തോലിക്കരിൽ പലർക്കും പൗരോഹിത്യത്തിലേക്കോ സന്യസ്തജീവിതത്തിലേക്കോ ഉള്ള ദൈവികാഹ്വാനം ലഭിക്കുക സാധാരണമാണു്. ഒരു ഹ്രസ്വകാലപരിധിക്കുള്ളിൽത്തന്നെ പുണ്യപരിമളം പരത്തി ആ ജീവിതത്തുറയിൽ അവർ വിരാജിക്കുകയും ചെയ്യുന്നു. വിരുന്നിനായി ഒടുവിൽ ക്ഷണിക്കപ്പെട്ട 'ദരിദ്രരും കുരുടരും മുടന്തരു'മല്ലേ അവർ? നമ്മുടെ യുവതീയുവാക്കന്മാരിൽ ചിലരെങ്കിലും നിരസിച്ചുകളയുന്ന ദൈവവിളിയെ അവർ കൃതജ്ഞതാപൂർവ്വം സ്വീകരിച്ചു ഫലമണിയിക്കുന്ന മഹനീയമായ കാഴ്ച! ദൈവം നല്കുന്ന മഹാദാനത്തെ സ്വന്തം കുററംകൊണ്ടു കൈവിട്ടുകളയുവാൻ ഒരുനാളും നിങ്ങൾ മുതിരരുതേ!

## മതിപ്പില്ലായ്മയെ സൂചിപ്പിക്കുന്നു

ദൈവവിളിയെ അലസമനോഭാവത്തോടേ വീക്ഷിക്കുകയും അതിനെ അനുധാവനംചെയ്യുവാൻ വിളംബം വരുത്തുകയും ചെയ്യുന്നതുനിമിത്തം അതു നഷ്ടപ്പെട്ടുപോയില്ലെന്നു വരാം. പക്ഷേ, ദിവ്യനാഥന്റെ സ്വരത്തെ വേണ്ടവിധം അവർ ബഹുമാനിക്കുന്നില്ല എന്നല്ലേ ഇതു വ്യക്തമാക്കുക? ദൈവവിളിയുടെ അമൂല്യതയേയും മഹനീയതയേയും അവഗണിക്കുകയല്ലേ, അവർ ചെയ്യുക?

ലോകമരീചികയ്ക്കുപിൻപേ പരക്കംപാഞ്ഞതിനു ശേഷം നിരാശയുടെ നെല്ലിപ്പലകയിലെത്തുമ്പോൾ കന്യകാലയങ്ങളിലോ സന്യാസഭവനങ്ങളിലോ മറയുന്ന ഒരു കൂട്ടരുണ്ട്. തങ്ങളുടെ വിടിർന്നുവിതുമ്പിയ യൗവനത്തെ ലൗകികവിജയങ്ങൾക്കും ഭൗമികാനന്ദങ്ങൾക്കുംവേണ്ടി കാഴ്ചവച്ചതിനുശേഷം, യുവത്വത്തിന്റെ പ്രഭാകന്ദളങ്ങൾ തേജസ്സററതായിത്തീരുമ്പോൾ ദിവ്യനാഥന്റെ പക്കലേക്കു പിന്തിരിയുന്ന ഇവർ ഒട്ടും ശ്ലാഘനീയരല്ലതന്നെ.

## ഓറഞ്ചുസത്ത്

നിങ്ങൾ ഒരു വിരുന്നിനു ക്ഷണിക്കപ്പെട്ടുവെന്നിരിക്കട്ടെ. മാംസം ഭക്ഷിച്ചശേഷം വെറും എല്ലിൻകഷണങ്ങൾ നിങ്ങൾക്ക് ആതിഥേയൻ നല്കുന്നെങ്കിൽ! മധുരം നിറഞ്ഞ സത്ത് എടുത്തശേഷം ഓറഞ്ചിന്റെ തൊണ്ടു നിങ്ങൾക്കായി അയാൾ വച്ചുനീട്ടുന്നെങ്കിൽ! അതു നിങ്ങളെ ഉറക്കെ പരിഹസിക്കുകയല്ലേ? നിങ്ങളുടെ അഭിമാനത്തെ ക്ഷതപ്പെടുത്തുകയല്ലേ? അതേ, അതു നിങ്ങളുടെ ഹൃദയത്തെ വേദനിപ്പിക്കുന്നു; നിങ്ങളുടെ വികാരങ്ങളെ വ്രണ

പ്പെടുത്തുന്നു. ശരിതന്നെ. എന്നാൽ, ഒന്നു നിങ്ങൾ ധരിക്കണം. ദിവ്യനാഥനോടും ഈ വിധമാണു നിങ്ങൾ പ്രവർത്തിക്കുന്നതു്. അവിടുത്തെ ഉററമിത്രങ്ങൾ വസിക്കുന്ന സംപൂജ്യഭവനം ഇത്തരക്കാർക്കു വേണ്ടിയുള്ളതല്ല. ആർക്കും ഒന്നിനും കൊള്ളാത്തവയല്ല അവിടുന്നിഷ്ടപ്പെടുക; പ്രത്യുത, ഏററം മെച്ചപ്പെട്ടവസ്തുക്കളെയാണ് അവിടുന്നു തനിക്കായി അർപ്പിക്കപ്പെടുവാൻ ആഗ്രഹിക്കുക. "എൻെറ മകനേ, മകളേ, നിൻെറ പരിപൂർണ്ണമായ കഴിവുകളോടുകൂടി നീ നാഥനെ ബഹുമാനിക്കുക. നിൻെറ പ്രഥമഫലത്തെ നീ അവിടുത്തേക്കായി നല്കുക" (സുഭാ. 3: 9).

## ഒന്നു പരീക്ഷിച്ചുനോക്കരുതോ?

തനിക്കു ദൈവികാഹ്വാനമുണ്ടെന്നു തീർച്ചയായി ഗ്രഹിക്കാതെ ഒരു യുവതി കന്യകാലയത്തിൽ പ്രവേശിക്കുക ആശാസ്യമല്ല. എന്നാൽ, ദൈവവിളിയെപ്പററി തീർച്ചയില്ലെങ്കിലും അതിൻെറ ലക്ഷണങ്ങളൊക്കെ തനിക്കുണ്ടെന്നു വിശ്വസിക്കുന്ന ഒരു തരുണി കന്യകാലയജീവിതം ഒന്നു പരീക്ഷിച്ചുനോക്കുന്നതിൽ യാതൊരു തെററുമില്ല. കന്യകാലയജീവിതമല്ല, കുടുംബജീവിതമാണ് അഭികാമ്യമെന്ന് അപ്പോൾ തോന്നുന്നപക്ഷം, കന്യകാലയം വിട്ടുപോരുവാൻ അവർ തികച്ചും സ്വാതന്ത്ര്യയാണു്; അങ്ങനെ ചെയ്യുകയുംവേണം. ഇതു യാതൊരു കാരണവശാലും അവർക്ക് അവമാനകരമല്ല; അതെപ്പററിച്ചിന്തിച്ചു ലജ്ജാഭരിതയാകേണ്ട യാതൊരാവശ്യവുമില്ല. പ്രത്യുത, നിർമ്മലമായ നിയോഗത്തോടേ ഈശോയ്ക്കുവേണ്ടി തൻെറ ജീവിതത്തെ ത്യാഗത്തിൻെറ ബലിവേദിയിൽ

സമർപ്പിക്കുവാൻ ഒരുങ്ങിപ്പുറപ്പെട്ടതിൽ അവരം അഭിമാനംകൊള്ളുകയാണു വേണ്ടതു്.

## ആശങ്കയ്ക്കു അവകാശമില്ല

കന്യകാലയജീവിതത്തിൻെറ സകലവശങ്ങളും നല്ലവണ്ണം പഠിച്ചറിയാതെ, ആയുഷ്കാലം മുഴുവൻ നീണ്ടുനില്ക്കുന്ന ആ ജീവിതത്തെ ആശ്ലേഷിക്കുക സാഹസികമല്ലേ എന്നു് ആശങ്കപ്രദർശിപ്പിക്കുന്ന ചിലർ ഇല്ലാതില്ല. എന്നാൽ, ഇക്കൂട്ടരോടു ഒന്നു ചോദിച്ചുകൊള്ളട്ടെ: വൈവാഹികജീവിതം, ആയുഷ്കാലം മുഴുവൻ നീണ്ടുനില്ക്കുന്ന ഒന്നല്ലേ? അഥവാ, ഒരു കക്ഷിയുടെ മരണംകൊണ്ടുമാത്രം വേർപെടുത്തപ്പെടുന്ന ഒരു ബന്ധമല്ലേ, വിവാഹംമൂലം സംജാതമാവുക? എന്നിട്ടും, വൈവാഹികജീവിതത്തിൻെറ കടമകളെല്ലാം പൂർണ്ണമായി ഗ്രഹിക്കാതെ എത്ര പേർ അതിൽ പ്രവേശിക്കുന്നില്ല! നിങ്ങരം ഇതിൽ ആശങ്കപ്രദർശിപ്പിക്കുന്നില്ല, അല്ലേ? എന്നാൽ, സന്യസ്തജീവിതത്തിൽ പ്രവേശിക്കുന്ന ഒരു തരുണിയുടെ കാര്യം എടുക്കൂ. ആ ജീവിതത്തിൽ പ്രവേശിക്കുന്നതിനുമുമ്പു നൊവീഷ്യേററു് അവരം നടത്തുന്നു. അതു കഴിഞ്ഞു് ഇഷ്ടമുണ്ടെങ്കിൽ സഭാവസ്ത്രം സ്വീകരിച്ചാൽ മതി. നിത്യപറഞ്ഞൊപ്പുചെയ്തിട്ടില്ലാത്ത ഏതൊരാരംക്കും, കന്യകാലയജീവിതം അരോചകമായി തോന്നുന്നുവെങ്കിൽ, അധികാരികളുടെ അനുമതിയോടെ കന്യകാലയം വിട്ടുപോരാവുന്നതാണു്.

## അവർ വിവാഹിതരായി

ലോകത്തിൻെറ ഒച്ചപ്പാടുകളിൽനിന്നെല്ലാമകന്നു്

ആശ്രമജീവിതത്തിൻെറ ശാന്തശീതളമായ പൂവാടിയിൽ ക്രിസ്തുനാഥനുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കണമെന്നുള്ള പാവനമായ ഉദ്ദേശ്യത്തോടേയാണു ലൂയി മാർട്ടിൻ ഫ്റാൻസിലുള്ള ബനഡിക്ററെൻ ആശ്രമത്തിൽ ചേന്നതു്. പക്ഷേ, ലത്തീൻപഠനം കഴിഞ്ഞപ്പോൾ അധികാരികൾ വിധിയെഴുതി, മാർട്ടിൻെറ ദൈവവിളി ഒരു സന്യാസിയാകുവാനല്ലെന്നു്. ഹൃദയത്തിൽ കുണ്ഠിതവുമൊതുക്കിപ്പിടിച്ചുകൊണ്ടു ചുണ്ടുകളിൽ ചെറുപുഞ്ചിരിയുമായി ആ യുവാവു് ആശ്രമകവാടം കടന്നു. ഒരു ഞരക്കത്തോടുകൂടി ആ ഇരുമ്പുപാളികൾ വീണ്ടും കൂടിച്ചേന്നു. ലോകത്തെ പുറംതള്ളിയവൻ വീണ്ടും അങ്ങനെ ലോകത്തിലേക്കിറങ്ങി. 1846-ലാണു് ഇതു നടന്നതു്.

മൂന്നുനാലുകൊല്ലങ്ങൾകൂടി കഴിഞ്ഞപ്പോൾ ഫ്റാൻസിൻെറ മറെറാരുഭാഗത്തും ഏതാണ്ടിതുപോലൊരു സംഭവം നടന്നു. ക്രിസ്തുനാഥൻെറ മണവാട്ടികളുടെ നിരയിലേക്കു് ഉയരണമെന്നുള്ള ഹൃദയാഭിലാഷത്തോടേയാണു സെലിഗ്വരിൻ മഠാധിപയെ സമീപിച്ചതു്. "ഉപവിയുടെ സഹോദരികളു"ടെ ഗണത്തിൽ ചേന്നുകൊണ്ടു് ഈശോയ്ക്കുവേണ്ടി ജീവിക്കുവാൻ അവൾ ഉറച്ചിരുന്നു. പക്ഷേ, അവളുടെ ആഗ്രഹത്തെ പക്വമതിയും പരിചയസമ്പന്നയുമായ ആ മഠാധിപ നിരസിക്കുകയാണുണ്ടായതു്. കുടുംബജീവിതമാണു് അവളിൽനിന്നും ദൈവം ആവശ്യപ്പെടുന്നതെന്നു് ആ കന്യാസ്ത്രീ സെലിഗ്വരിനോടു പറഞ്ഞു. ദൈവതിരുച്ചിത്തത്തിനു തലചായിച്ചുകൊണ്ടു് അവൾ തിരികെപ്പോന്നു.

കുറച്ചുകൊല്ലങ്ങൾകൂടി ഓടിമാറി. ദൈവഹിതമെന്നേ പറയേണ്ടു, ലൂയി മാർട്ടിനും സെലിഗ്വരിനും

തമ്മിലുള്ള വിവാഹം മോടിയായി നടന്നു. യുവതിയായ സെലിഗ്വാരിന്റെ പ്രാർത്ഥന ഇതായിരുന്നു: "വിസിറ്റേറഷൻസഭയിൽച്ചേർന്ന് അവിടുത്തെ മണവാട്ടിയായിത്തീർന്ന എന്റെ സഹോദരിയെപ്പോലെ, സ്നേഹനാഥാ, ഞാനും കന്യകാമഠത്തിൽച്ചേർന്ന് അവിടുത്തെ മണവാട്ടിയായിത്തീരുവാൻ കൊതിച്ചു. എന്നാൽ, ഞാനതിന്ന് അയോഗ്യയാണെന്ന് എനിക്കു മനസ്സിലായി. അവിടുത്തെ തിരുമനസ്സിന്നു കീഴ്വഴങ്ങിക്കൊണ്ടു ഞാൻ വൈവാഹികജീവിതത്തിൽ പ്രവേശിച്ചുകൊള്ളാം. മാതൃത്വത്തിന്റെ മഹനീയതയിൽ, നാഥാ, എന്നെ നീ അനുഗ്രഹിക്കേണമേ! അവിടുത്തെ സേവനത്തിന്ന് എന്റെ സന്താനങ്ങളെ അവിടുന്നനുവദിക്കേണമേ!"

മാർട്ടിന്റേയും സെലിഗ്വാരിന്റേയും ദാമ്പത്യവല്ലരിയിൽ ഒൻപതു പൊൻപൂക്കൾ വിരിഞ്ഞു. നാലെണ്ണത്തെ ദിവ്യനാഥൻ മൊട്ടിലേതന്നെ തനിക്കായി പറിച്ചെടുത്തു. അഞ്ചുപേർ ക്രിസ്തുവിന്റെ മണവാട്ടികളായി; ഒരാൾ, വിസിറ്റേഷൻമഠത്തിലും മററു നാലുപേർ കർമ്മലമഠത്തിലും. ലിസ്യൂവിലെ കർമ്മലാരാമത്തിൽ പുണ്യപരിമളം പരത്തിയ ചെറുപുഷ്പമാണു് ഇവരിൽ ഒരാൾ. ആയിരത്തിത്തൊള്ളായിരത്തിയിരുപത്തഞ്ചിലാണല്ലോ—നമ്മുടെ തലമുറയിൽത്തന്നെ—കൊച്ചുത്രേസ്യാ വിശുദ്ധയെന്നു നാമകരണം ചെയ്യപ്പെട്ടതു്.

സന്യസ്തജീവിതമാണു് അവരിരുവരും—മാർട്ടിനും സെലിഗ്വാരിനും—ആശയോടെ പാർത്തിരുന്നതെങ്കിലും ദൈവം അവർക്കു വൈവാഹികാവസ്ഥയാണു നിശ്ചയിച്ചിരുന്നതു്. സെമ്മിനാരിയിൽനിന്നു പോരേണ്ടിവന്നതിൽ മാർട്ടിനോ, കന്യകാലയത്തിൽ പ്രവേശനം ലഭിക്കാഞ്ഞ

തിൽ സെലിഗപരിനോ നിരാശരായില്ല. ദൈവം തങ്ങൾക്കു നിശ്ചയിച്ചിരുന്ന ദൈവവിളിയെ അവർ അനുധാവനം ചെയ്തു, സ്വല്പം വൈകിയിട്ടാണെങ്കിലും. അതുകൊണ്ടാണ് ഒരു വിശുദ്ധയുടെ മാതാപിതാക്കന്മാരായിത്തീരുക എന്ന സൗഭാഗ്യം അവർക്കു കൈവന്നതു്.

വി. ബനഡിക്റ്റ് ലാബേർ, വി. കമില്ലസ്, വിറർബോയിലേ വി. റോസ തുടങ്ങിയവർ സന്യസ്ത ജീവിതത്തെ ആഞ്ഞുപുല്കുന്നതിനുള്ള ആശയോടേ ഇറങ്ങിപ്പുറപ്പെട്ടവരാണ്. പക്ഷേ, അവർ സന്യാസഭവനങ്ങളുടെ പടിയിറങ്ങി പിന്തിരിയുവാൻ നിർബന്ധിതരാവുകയാണുണ്ടായതു്. അവരെസ്സംബന്ധിച്ചിടത്തോളം അതൊരു ജീവിതപരാജയമല്ലായിരുന്നു. വിശുദ്ധിയുടെ ഗിരിശൃംഗത്തിലേക്കുള്ള അവരുടെ പ്രയാണത്തിൽ അതൊരു പ്രതിബന്ധമായി നിന്നുമില്ല. പ്രത്യുത, നിതാന്തസുന്ദരമായ ആ മലമുകളിലേക്കു കുതിച്ചുകയറുവാൻ അവക്കു കഴിവും കരുത്തും നല്കുകയാണു ചെയ്തതു്.

## "നിങ്ങളെ ഞാൻ അറിയുന്നില്ല"

ദൈവവിളിയുള്ള നമ്മുടെ കത്തോലിക്കയുവജനങ്ങൾ എല്ലാവരും ഈശോയുടെ ദ്രാക്ഷാവാടിയിലേക്കു പണിയാളരായി ഇറങ്ങിയിരുന്നെങ്കിൽ! എങ്കിൽ, എത്ര വേഗം ക്രിസ്തുരാജ്യം പ്രചരിക്കുമായിരുന്നു! ശാന്തിയും സമാധാനവും ജനഹൃദയങ്ങളിൽ കളിയാടുമായിരുന്നു!

സുവിശേഷത്തിലേ ബുദ്ധിഹീനകളായ കന്യകകളെപ്പോലെയുള്ള കത്തോലിക്കയുവജനങ്ങൾ ഇന്നും നമ്മുടെയിടയിൽ ഉണ്ടു്. അതാണു ശോചനീയം! മണവാളൻ

അണഞ്ഞപ്പോഠം ആ കന്യകകഠം അണിഞ്ഞൊരുങ്ങിയിരുന്നില്ല.

"ഒരുങ്ങിയിരുന്നവർ—ബുദ്ധിമതികളായ കന്യകകഠം —അവനോടുകൂടി മണിയറയിൽ പ്രവേശിച്ചു വാതിൽ അടയ്ക്കുകയും ചെയ്തു. ഒടുവിൽ മറേറ കന്യകകളുംവന്ന്, 'കർത്താവേ, കർത്താവേ, ഞങ്ങഠക്കും വാതിൽ തുറക്കേണമേ' എന്നു പറയുന്നു. അവൻ ഉത്തരമായി അവരോട്: ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: 'ഞാൻ നിങ്ങളെ അറിയുന്നില്ല" (മത്താ. 25: 10-12).

## മടിയനായ മനുഷ്യൻ

ദൈവവിളി നിരസിക്കുന്ന ഒരു മനുഷ്യൻെറ ചിത്രമാണ് ഈശോ താലെന്തുകളുടെ ഉപമയിലൂടെ നമ്മെ വരച്ചുകാണിക്കുന്നത്. "ഒരു താലെന്തു ലഭിച്ചവൻ തൻെറ യജമാനൻെറ ദ്രവ്യം മണ്ണിന്നടിയിൽ മറച്ചുവച്ചു. വളരെക്കൊല്ലങ്ങഠക്കുശേഷം യജമാനൻ തിരിച്ചുവന്നു അവരോടു കണക്കാവശ്യപ്പെട്ടു.......ഒരു താലെന്തു കിട്ടിയവൻ അവൻെറ അടുക്കൽവന്നു പറഞ്ഞു: 'എൻെറ യജമാനനേ, നീ ഒരു നിർദ്ദയനായ മനുഷ്യനാണെന്ന് എനിക്കറിയാമായിരുന്നു.....അതിനാൽ, ഭയപ്പെട്ടു താലെന്തു ഞാൻ നിലത്തു മറച്ചുവച്ചു. ഇതാ, നിൻേറതു നിനക്കുണ്ട്.' യജമാനൻ പറഞ്ഞു: ദുഷ്ടനും മടിയനുമായ ഭൃത്യാ, നീ എൻെറ പണം പലിശയ്ക്കിടേണ്ടതായിരുന്നു. എങ്കിൽ, ഞാൻ വന്ന് എൻേറതു് അതിൻെറ പലിശയോടുകൂടി തിരികെ വാങ്ങിക്കൊള്ളുമായിരുന്നു. ആകയാൽ, ആ താലെന്തു് അവനിൽനിന്നും എടുത്തുകൊഠവിൻ. എന്നിട്ട്, മടിയനായ

ഈ ഭൃത്യനെ പുറത്തുള്ള അന്ധകാരത്തിലേക്കു തള്ളിക്കളെയുവിൻ" (മത്താ. 25: 30).

വൈദികജീവിതം ഭാരപ്പെട്ടതാണെന്നോ, അതിലേക്കു വിളിക്കുന്ന ദൈവം കണിശമായി കണക്കു ചോദിക്കുന്ന ഒരു യജമാനനാണെന്നോ ഉള്ള നിരൎത്ഥകമായ വാദമുഖങ്ങളൊന്നും തൻെറ പക്കൽ വിലപ്പോവുകയില്ലെന്നു് ഈ ഉപമയിലൂടെ അവിടുന്നു ശക്തിയുക്തമായ ഭാഷയിൽ നമ്മെ ഉൽബോധിപ്പിക്കുന്നു. നിരൎത്ഥകമായ ഈ ചിന്താഗതി വച്ചുപുലത്തുന്ന യുവജനങ്ങൾ അവിടുത്തെ ബലിപീഠത്തിങ്കലേക്കു പ്രവേശിക്കുവാൻ സൎവ്വഥാ അയോഗ്യർതന്നെ; സംശയമില്ല. ഒരു ജീവിതാവസ്ഥയും തിരഞ്ഞെടുക്കുവാൻ കഴിവില്ലാതെ പുറത്തുള്ള 'അന്ധകാര'ത്തിൽ തപ്പിത്തടഞ്ഞു് അവർ എന്നെന്നും കഴിഞ്ഞുകൂടേണ്ടതായി വന്നുകൂടും.

തങ്ങൾക്കു കിട്ടിയ വിലയേറിയ ദൈവവിളിയെ പുറംതള്ളിയതിനുശേഷം മററു യാതൊരു ജീവിതവൃത്തിയും സ്വീകരിക്കുവാൻ ശക്തരാകാതെ, പ്രവേശിച്ചാൽത്തന്നേയും അതിൽ യാതൊരു ജീവിതാനന്ദവും കണ്ടെത്താതെ കുഴങ്ങുന്ന നിരവധി യുവജനങ്ങളെ നമുക്കു കണ്ടുമുട്ടുവാൻ കഴിയും. കഴിവും കരുത്തുമൊന്നുമില്ലാഞ്ഞിട്ടല്ല, ദൈവം സമ്മാനിച്ച അമൂല്യമായ താലെന്തിനെ ശരിയാംവണ്ണം അവർ വിനിയോഗിച്ചില്ല, അതാണതിനു കാരണം. മ്ലാനതയും വിഷാദവും ഇടചേൎന്നൊഴുകുന്ന ഒരു ജീവിതസരണിയിലൂടെയായിരിക്കും അവരുടെ ജീവിതനൗക പിന്നീടു മുന്നോട്ടു നീങ്ങുക.

പരീക്ഷണാൎത്ഥമെങ്കിലും സെമ്മിനാരിയിൽ ഒന്നു

പ്രേരവശിച്ചുരനാക്കിയിട്ടു പിന്മാറിയിരുന്നെങ്കിൽ അവർക്ക് അതിൽനിന്നു വളരെ ഗുണം കിട്ടുമായിരുന്നു; മറെറാതെങ്കിലും ഒരു ജീവിതത്തുറയിൽ കാലുറപ്പിച്ചുനില്ക്കുവാനുള്ള തീരുമാനത്തിനു് ഈ പിന്മാററം ശക്തി വർദ്ധിപ്പിക്കുമായിരുന്നു. അങ്ങനെ, അവർ ഒരു ജീവിതവൃത്തിയെ ആശ്ലേഷിക്കുകയും ജീവിതവിജയം നേടുകയും ചെയ്യുമായിരുന്നു.

## ഹൃദയമാണു് ആ കവാടം

ചിത്രകലയിൽ അസാധാരണമായ കരവിരുതു കാട്ടിയ ഒരു വ്യക്തിയായിരുന്നു, ഹോൾമൻ ഹണ്ട്. 'ലോകത്തിന്റെ പ്രകാശം' എന്ന അഭിധാനത്തിൽ അദ്ദേഹം ഒരിക്കൽ ഒരു ചിത്രമെഴുതി—അദ്ദേഹത്തിന്റെ കലാനൈപുണിയെ ലോകത്തിന്റെ മുൻപിൽ ഉയർത്തിക്കാണിച്ച കീർത്തിയാർജ്ജിച്ച ഒരു മനോഹരചിത്രം.

ഇരുട്ടു കട്ടപിടിച്ച ഒരു രാത്രിയിൽ ക്രിസ്തുനാഥൻ ഒരു പൂവനികയിൽ നില്ക്കുകയാണു്. അവിടുത്തെ ഇടതുകരത്തിൽ കത്തിനില്ക്കുന്ന ഒരു കൈവിളക്കു്. വലതുകരംകൊണ്ടു് അവിടുന്നൊരു കവാടത്തിൽ മുട്ടിവിളിക്കുന്നു. ചിത്രത്തിന്റെ മിനുക്കുപണികളെല്ലാം തീർന്നപ്പോൾ അതിനു പററിയ ഒരു പാകപ്പിഴ അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ ചൂണ്ടിക്കാണിച്ചു.

"ഇതെന്തേ, വാതിലിനു കൈപിടിയില്ലേ? അക്കാര്യം കലാകാരൻ വിസ്മരിച്ചുപോയോ?" ഒരു പുഞ്ചിരിയോടെ അയാൾ പറഞ്ഞു.

"കൈപിടിയുണ്ടു്. പക്ഷേ, അതു വാതിലിന്റെ അന്തർഭാഗത്താണു്." ഹണ്ടു് ഉത്തരം നല്കി.

"പിന്നെങ്ങനെ കർത്താവ് ആ കവാടം തുറക്കും?"

"ഓ്ഹാ, അതാണു മനസ്സിലാക്കേണ്ടതു്. കവാടം മനുഷ്യഹൃദയത്തിൻെറ പ്രതീകമാണു്. മനസ്സിനു മാത്രമേ അതിൻെറ കൊളുത്തകത്തി തുറന്നു കർത്താവിനു പ്രവേശനം നല്കുവാൻ സാധിക്കുകയുള്ളൂ. തുറക്കുകയോ തുറക്കാതിരിക്കുകയോ ചെയ്യുവാനുള്ള സ്വാതന്ത്ര്യം അതിനുണ്ടു്."

നമ്മുടെ കർത്താവു നമ്മേയും സമീപിക്കുന്നു; ഓരോരുത്തരുടേയും ഹൃദയകവാടത്തിൽ അവിടുന്നു മുട്ടിവിളിക്കുന്നു. അവിടുത്തെ മധുരസ്വരം ഹൃദയത്തിൽത്തട്ടി പ്രതിദ്ധ്വനിക്കുന്നു. നമ്മുടെ ഹൃദയകവാടം തുറന്നു് ഈശോയ്ക്കു നാം പ്രവേശനമരുളുമ്പോൾ, അവിടുത്തെ അനുഗമിക്കുവാൻ നാം ഇറങ്ങിത്തിരിക്കുമ്പോൾ, രാജകീയപ്രവാചകനോടൊന്നിച്ചു നമുക്കും പറയുവാൻ സാധിക്കും: "എന്നോടു കല്പിച്ച സംഗതികളിൽ ഞാൻ ആനന്ദിച്ചു. ദൈവത്തിൻെറ പരിശുദ്ധഭവനത്തിലേക്കു നമുക്കണയാം."

(സങ്കീ. 121: 1).

## ഹൃദയസ്പൃക്കമാണു്

ക്രിസ്തുനാഥൻ തനിക്കു ശുശ്രൂഷചെയ്യുവാൻ തൻെറ അരുമകളെ വിളിക്കുന്നതു് എത്ര സ്നേഹനിർഭരമായ രീതിയിലാണു്; എത്ര ഹൃദയസ്പൽക്കമായ വിധത്തിലാണു്! അവിടുന്നു് അവരെ വിളിക്കുന്നു: "എൻെറ മകളേ, കേൾക്കുക, കാണുക, ശ്രദ്ധിക്കുക. എൻെറ വചനങ്ങൾക്കു നീ ചെവി ചായിക്കുക. നിൻെറ പിതൃഭവനത്തേയും മാതാപിതാക്കന്മാരേയും ബന്ധുമിത്രാദികളേയും നീ മറന്നേ

ക്കുക. നിന്റെ സൗന്ദര്യപ്രചുരിമയിൽ രാജാവ് ഇതാ ആകൃഷ്ടനായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, നിന്റെ ദൈവമായ നാഥനാകുന്നു അവിടുന്ന്. അവിടുത്തെ നിങ്ങൾ ആരാധിക്കും" (സങ്കീ. 44: 11).

കേൾക്കുക, കാണുക, ശ്രദ്ധിക്കുക ഈ മൂന്നു പദങ്ങൾ ഇവിടെ പ്രയോഗിച്ചിരിക്കുന്നതു പ്രാധാന്യം വ്യക്തമാകുവാനാണ്. തന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തിയോട്ട് സർവവിധമായ ശ്രദ്ധയും അവിടുന്ന് ആവശ്യപ്പെടുന്നു. അവിടുത്തെ മഹത്വത്തിനും ആനന്ദത്തിനുംവേണ്ടിമാത്രം അവർ ശ്രദ്ധിച്ചാൽപോരാ, തന്റെ വ്യക്തിപരമായ ആദ്ധ്യാത്മികനന്മയ്ക്കും അഭിവൃദ്ധിക്കും വേണ്ടിക്കൂടി അവർ ശ്രദ്ധാലുവാകേണ്ടിയിരിക്കുന്നു. ഈശോയുടെ സ്നേഹപൂർവകമായ ആഹ്വാനത്തിനു പരിപൂർണ്ണമായ ശ്രദ്ധയും വിവേകമുററ ഏകാഗ്രതയും നമുക്കുണ്ടെങ്കിൽ അതു ധാരാളംമതി, ദൈവവിളി നമ്മിൽ ഫലമണിയുവാൻ. കാലത്തിന്റെ പൂർണ്ണിമയിൽ ആനന്ദത്തോടും ആവേശത്തോടുംകൂടി അതിനെ പിഞ്ചെല്ലുവാൻ നമുക്ക് ഒരു വിഷമതയും ഉണ്ടാവുകയില്ല.

## പാപമല്ല, പക്ഷേ, അപകടകരമാണ്

ദൈവം മനുഷ്യനു നല്കുന്ന ഒരു പ്രത്യേകാനുഗ്രഹമാണു ദൈവവിളി. അതിനെ നിരസിക്കുകയോ സ്വീകരിക്കുകയോ ചെയ്യുവാൻ അവനു സ്വാതന്ത്ര്യമുണ്ട്. അതിനാൽ, ദൈവവിളിയെ നിരസിച്ചു കളയുക പാപമാവുകയില്ലായിരിക്കാം. അതിനാലാണ്, "ആരെങ്കിലും എന്നെ അനുഗമിക്കുവാൻ അഭിലഷിക്കുന്നുവെങ്കിൽ...." എന്ന്

ഈശോ അരുൾചെയ്തിരിക്കുന്നത്. എങ്കിലും, വിളിക്കപ്പെട്ടിരിക്കുന്ന ജീവിതാവസ്ഥയെ അവഗണിച്ച മറ്റൊരു ജീവിതാവസ്ഥയിൽ പ്രവേശിക്കുക ഒരുവിധത്തിൽ പറഞ്ഞാൽ, സാഹസമാണ്; ആപൽക്കരമാണ്; തന്നെത്തന്നെ അപകടമേഖലയിലേക്കു വലിച്ചിഴയ്ക്കുകയാണ്. മാത്രമല്ല, സ്വന്തം ആത്മരക്ഷയേയും ജീവിതസൗഭാഗ്യങ്ങളേയും ക്ഷതപ്പെടുത്തുവാനും അത് ഇടനല്കും.

ഈശോയുടെ ക്ഷണത്തെ നിരസിച്ചുകളഞ്ഞ സുവിശേഷത്തിലെ ധനവാനായ യുവാവിന്റെ ചിത്രം നമ്മുടെ മനോമുകരത്തിൽ പതിഞ്ഞുനില്ക്കട്ടെ. "ഈശോ, അവനെ നോക്കി അവനോടു സ്നേഹം പ്രദർശിപ്പിക്കു"വാൻ തക്കവണ്ണം അവൻ അത്രമാത്രം സുകൃതചരിതനായിരുന്നു; സ്നേഹയോഗ്യനായിരുന്നു. എങ്കിലും, ധനത്തെ മോഹിച്ച ദൈവവിളിയെ നിരസിച്ചതിനാൽ, വിഷാദപൂർണ്ണനായി പിന്തിരിഞ്ഞതിനാൽ, സ്വർഗ്ഗം പ്രാപിക്കുവാൻ വളരെക്കുറച്ചു സാധ്യതയെ അവനിൽ അവിടുന്നു കണ്ടുള്ളു. "ഈശോ ശിഷ്യന്മാരെ നോക്കി: സമ്പത്തുള്ളവർക്കു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ എത്ര പ്രയാസം എന്ന് അരുൾചെയ്തു. ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുക എളുപ്പമാകുന്നു."

(മർക്കോ. 10: 23, 25)

## പിന്തിരിയൽ അപകടകരമാണ്

പൗരോഹിത്യത്തിലേക്കുള്ള ദൈവവിളി കിട്ടുന്ന ഒരു യുവാവിന് അതിനെക്കാൾ ഉന്നതമായ ഒരു ദൈവാനുഗ്രഹം പ്രതീക്ഷിക്കുവാനില്ല. അതിനാൽ, മാതാപിതാക്ക

ന്മാരോ ബന്ധുമിത്രാദികളോ അവനെ അതിൽനിന്നു പിന്തിരിപ്പിക്കുവാൻ ഒരിക്കലും ശ്രമിക്കരുത്. മറിച്ച്, അവനെ അതിനു പ്രോത്സാഹിപ്പിക്കുകയും ആവശ്യകമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും വേണം. കാരണം, "വിളവു വളരെ; വേലക്കാർ ചുരുക്കം. ആകയാൽ, തൻെറ വിളവിലേക്കു വേലക്കാരെ അയയ്ക്കുവാൻ വിളവിൻെറ നാഥനോടു നിങ്ങൾ പ്രാർത്ഥിക്കുവിൻ" (മത്താ. 8: 37, 38) എന്നാണു ക്രിസ്തുനാഥൻ അരുൾചെയ്തിരിക്കുന്നത്. ഈശോയുടെ ഈ ഹൃദയരോദനം ശ്രവിച്ചതിനുശേഷവും ദൈവവിളിയുള്ള തങ്ങളുടെ ഓമൽസന്താനങ്ങളെ സെമ്മിനാരികളിലേക്കോ കന്യകാലയങ്ങളിലേക്കോ പറഞ്ഞുവിടുവാൻ വിസമ്മതിക്കുന്ന മാതാപിതാക്കന്മാർ ഒരു കടുംകൈ തന്നെയാണു പ്രവത്തിക്കുന്നത് എന്ന കാര്യം വിസ്മരിക്കാതിരിക്കട്ടെ. അങ്ങനെ അവരെ തടയുക നിമിത്തം അവർക്കും തങ്ങൾക്കും വന്നുഭവിക്കുന്ന സകല ദുരിതങ്ങൾക്കും കഷ്ടപ്പാടുകൾക്കും ഉത്തരവാദികൾ മാതാപിതാക്കന്മാർ തന്നെ. ദൈവത്തിൻെറ അവകാശങ്ങളേയും അധികാരത്തേയും നിഷ്പ്രഭമാക്കുവാൻ ആരും തുനിയാതിരിക്കട്ടെ.

## ദൈവഭവനത്തിലേക്കു നമുക്കു പോകാം

അന്ത്യംവരെ പ്രസാദവരത്തിൽ നിലനില്ക്കുവാനുള്ള ഭാഗ്യം നമുക്കു സംസിദ്ധമാകുന്നതു നമ്മുടെ സ്വന്തം കഴിവുകളാലല്ല; പ്രത്യുത, ദൈവം നല്കുന്ന അമൂല്യാനുഗ്രഹം മൂലമാണ്. എന്നാൽ, നിരന്തരമായ പ്രാത്ഥനകൊണ്ട് ഈ അനുഗ്രഹം പ്രാപിക്കാമെന്നു വി. ആഗസ്തീനോസ് അഭിപ്രായപ്പെടുന്നുണ്ട്. ദൈവവിളിയെസ്സംബന്ധിച്ചും

ഇതുതന്നെ പറയാവുന്നതാണ്. പൗരോഹിത്യത്തിലേക്കണയുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ ഉള്ളുതുറന്നു പ്രാർത്ഥിക്കട്ടെ; അനുദിനം ദിവ്യകാരുണ്യവിരുന്നിനണയട്ടെ. അവരുടെ ദൈവവിളി തളിരണിയുകതന്നെ ചെയ്യും.

## അവർ മറക്കാതിരിക്കട്ടെ

"അച്ചനെ കാണാൻ ഒരാൾ വന്നുനില്ക്കുന്നു."

"അയാളെ ഇങ്ങു വിളിക്കൂ." പ്രിയോരച്ചൻ പറഞ്ഞു.

കുറച്ചു കഴിഞ്ഞപ്പോൾ സുമുഖനായ ഒരു യുവാവു കൂപ്പുകരങ്ങളോടേ മുറിയിൽ കടന്നു.

"ഈശോ മിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ."

അച്ചൻ തല നമിച്ചു.

"എന്താണു വന്ന കാര്യം?"

"അച്ചനെ ഒന്നു കാണുവാനാണ്."

"കൊള്ളാം."

"അച്ചാ, ഒരു സന്യാസിയായി ജീവിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ എന്നെക്കൂടി സ്വീകരിക്കാമോ?" ഏതാണ്ടൊരു സങ്കോചത്തോടേ അയാൾ പറഞ്ഞു.

അച്ചൻ അയാളെ ആപാദചൂഡമൊന്നു നോക്കി. നിഷ്കളങ്കത നിറഞ്ഞുനില്ക്കുന്ന മുഖഭാവം! പൊന്നിൻപൂപോലെ അധരപുടങ്ങളിൽ പരന്നൊഴുകുന്ന ഒരു പുഞ്ചിരിയും. സുകൃതചരിതനായി ഭാവിയിൽ വിരാജിക്കുവാനുള്ള ഒരു കൊച്ചുസന്യാസിയെ അവയിലൂടെ അദ്ദേഹം ദർശിച്ചു. എങ്കിലും, അയാളെ ഒന്നു പരീക്ഷിച്ചുനോക്കുക അദ്ദേഹത്തിന്റെ കടമയല്ലേ?

“കൊള്ളാം മകനേ, വളരെ നല്ലതു്.” അദ്ദേഹം സ്നേഹവായ്പോടെ പറഞ്ഞു. “അതിനു കഞ്ഞൊരു കാര്യം ചെയ്യണം, എന്താ?”

“ഉവ്വച്ചാ, ഞാൻ ചെയ്തുകൊള്ളാം.” ആ യുവാവിന്റെ ഹൃദയത്തിൽ ആനന്ദത്തിന്റെ കഞ്ഞലകൾ പരന്നു.

“എന്നാൽ. ദേ നോക്കു, ആ മുറിയിൽ ഒരു പ്രതിമയിരിപ്പുണ്ടു്. കണ്ടോ?” അച്ചൻ അങ്ങോട്ടു കൈചൂണ്ടി. “കുഞ്ഞു് ആ പ്രതിമയുടെ അരികിൽച്ചെന്നു കുശലപ്രശ്നങ്ങൾ ചെയ്യണം; നിറഞ്ഞ സ്നേഹഭാവത്തോടേ അതിനോടു പെരുമാറണം. അതിനെ പുകഴ്ത്തണം. സ്തുതിക്കണം, തഴുകിത്തലോടണം. എന്നിട്ടു്, ഒരു പത്തുമിനിട്ടു കഴിയുമ്പോൾ എന്റെ മുറിയിലേക്കു വരൂ.”

“പ്രതിമയെ തഴുകിത്തലോടണമെന്നു്, പുകഴ്ത്തണമെന്നു്—എന്തൊരു വിഡ്ഢിത്തമാണിതു്! അച്ചനെന്തേ ഇങ്ങനെ പറയാൻ? ബുദ്ധിയുള്ളവർ വല്ലവരും ഇപ്പണിയൊക്കെ ചെയ്യുമോ?....ഒരുപക്ഷേ, വല്ല ദിവ്യശക്തിയുമുള്ള പ്രതിമയായിരിക്കാമതു്. അല്ലെങ്കിൽ, എന്റെ ദൈവവിളിയുടെ മാനദണ്ഡമായിരിക്കാമതു്. അതെങ്ങനെയാണു്? പ്രതിമയെ തലോടിയാൽ, പുകഴ്ത്തിയാൽ ദൈവവിളിയുണ്ടെന്നറിയാനൊക്കുമോ?....ശരി, എന്റെ അനുസരണയെ ഒന്നു പരീക്ഷിച്ചേട്ടുകവാനായിരിക്കും...... ഏതായാലും അച്ചൻ പറഞ്ഞതു് അപ്പടി അനുസരിക്കുക. അതാണു് എന്റെ കടമ....” സംശയങ്ങളും ജിജ്ഞാസകളും ചൂററിയടിക്കുന്ന മനസ്സുമായി അയാൾ പ്രതിമയോടടുത്തു.

നിശ്ചലമായി നിലകൊള്ളുന്ന ആ ലോഹപ്രതിമയെ അയാഠം തഴുകിത്തലോടി. അതിൻെറ മുൻപിൽ അയാഠം സ്തുതിഗീതങ്ങഠം പാടി. അതിനെ അയാഠം പുകഴ്ത്തിക്കൊണ്ടാടി. എന്നിട്ട്, അയാഠം പ്രിയോരച്ചൻെറ മുറിയിലേക്കു ചെന്നു.

"എന്താ മകനേ, നിൻെറ സ്നേഹപ്രകടനങ്ങഠം കണ്ടു നിന്നെനോക്കി ആ പ്രതിമ പുഞ്ചിരിച്ചുവോ?"

"ഇല്ല."

"നിൻെറ സ്തുതിവചനങ്ങഠം എന്തെങ്കിലും ഭാവവ്യത്യാസം അതിൽ ഉളവാക്കിയോ?"

"ഇല്ല, അതു മുമ്പിലത്തേതുപോലെതന്നെ നിശ്ചലമായി നിലകൊള്ളുകമാത്രമേ ചെയ്തുള്ളു."

"എന്നാൽ, ഒരു കാര്യം ചെയ്യ്. നീ ഈ ചാട്ടയും കൊണ്ടുചെന്നു നന്നായിട്ടതിനെയങ്ങു പ്രഹരിക്കൂ" അററത്തു പൊടിപ്പുകെട്ടിയ ഒരു ചാട്ട അയാളെ ഏല്പിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞു.

പത്തുമിനിട്ടു വീണ്ടും അയാഠം പ്രതിമയുടെ മുൻപിൽ. നിർജ്ജീവമായ ആ ലോഹവിഗ്രഹത്തെ അയാഠം 'തീരുകൈ' അടിക്കുകയാണു.

വീണ്ടും അയാഠം അച്ചൻെറ മുറിയിലേക്കു വന്നു.

"എന്താ, ഇപ്രാവശ്യം പ്രതിമ അരിശപ്പെട്ടോ?"

"ഇല്ല."

"അക്ഷമ കാണിച്ചോ?"

"ഇല്ല."

"വേദന പ്രദർശിപ്പിച്ചോ?"

"ഇല്ല."

"യാതൊരു ഭാവവ്യത്യാസവും കാണിച്ചില്ലേ?"

"ഇല്ല. തഴുകിത്തലോടിയപ്പോൾ എന്നതുപോലെ തന്നെ ചാട്ടവാറടിയേററപ്പോഴും അതു നിശ്ചലമായി നിന്നതേയുള്ളു."

"കൊള്ളാം മകനേ, നിന്നെ ഒരു പാഠം പഠിപ്പിക്കുവാനാണു ഞാൻ ഇപ്രകാരം ചെയ്തതു്. സന്യസ്തജീവിതം സുഖദുഃഖസമ്മിശ്രമാണു്. കുന്നുകളും കുഴികളും അവിടെയുമുണ്ടു്. പ്രശംസയും പരിഹാസവും നിന്നെ സമീപിക്കും. വേദനയും കഷ്ടപ്പാടും സന്തോഷത്തോടിടകലർന്നു നിന്നെ ചുററിനില്ക്കും. ഈ അവസരങ്ങളിലെല്ലാം ആ പ്രതിമയെപ്പോലെ മാററമില്ലാതെ നിനക്കും നില്ക്കുവാൻ സാധിക്കുമോ? നന്നായിട്ടാലോചിച്ചു മറുപടി പറയുക."

"ഈശോയുടെ അനുഗ്രഹത്താൽ അങ്ങനെ ആയിരിക്കുവാൻ സാധിക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു."

"കൊള്ളാം. ഈശോ നിന്നെ അനുഗ്രഹിക്കട്ടെ!" സന്തോഷപൂർവ്വം അച്ചൻ അയാളെ നോക്കി ...

വൈദികവൃത്തിയോ സന്യസ്തജീവിതമോ അവലംബിക്കുവാൻ ആഗ്രഹിക്കുന്ന യുവഹൃദയങ്ങൾ പഠിച്ചുവയ്ക്കേണ്ട വിലപ്പെട്ട ഒരു വസ്തുതയുണ്ടു്. താബോർ മലയിൽ പ്രഭാവപൂർണ്ണനായി പ്രഭതൂകിയ ഈശോ തന്നെയാണു കാൽവരിക്കുന്നിൽ അവമാനിതനായി രണ്ടു കള്ളന്മാരുടെ മദ്ധ്യേ മരക്കുരിശിൽ തൂങ്ങിക്കിടന്നതു്! ഒലിവുമരത്തിന്റെ ഇളംതളിരുകൾ പൊക്കിപ്പിടിച്ചു ഹർഷപുളകിതരായ ജനതതിയുടെ ഓശാനഗാനങ്ങൾ ഈശോ ശ്രവിച്ചു.

ആ ഈശോ തന്നെയാണ് പീലാത്തോസിൻെറ പ്രേത്തോറിയത്തിൽ "അവനെ കൂശിൽ തറയ്ക്കുക" എന്നുള്ള ആക്രോശങ്ങൾ കേൾക്കേണ്ടിവന്നതും! അവിടുന്നാണ് നമ്മുടെ പടനായകൻ! ഈ വസ്തുത നമുക്കു മറക്കാതിരിക്കാം.

## മഹത്തായ പ്രതിസമ്മാനം

വീടും നാടും വെടിഞ്ഞു നാഥനെ അനുഗമിക്കുന്നവക്ക് എന്തെങ്കിലും പ്രതിസമ്മാനം ഇഹലോകത്തിൽ അവിടുന്ന് പറഞ്ഞൊത്തിട്ടുണ്ടോ? ഈ സംശയം തന്നെയാണ് അപ്പസ്തോലപ്രമുഖൻ ഒരിക്കൽ ഈശോയുടെ മുൻപിൽ വിടിത്തിക്കാണിച്ചതു്: "കത്താവേ, ഞങ്ങൾ സകലതും ഉപേക്ഷിച്ച് അവിടുത്തെ പിന്നാലെ വന്നിരിക്കുന്നു. ഞങ്ങൾക്കെന്തു പ്രതിഫലമുണ്ടാകും?" (മത്താ. 19: 27) ദിവ്യനാഥൻ സ്നേഹത്തോടെ കടാക്ഷിച്ചുകൊണ്ട് അരുൾചെയ്യുകയാണ്: "എന്നെക്കുറിച്ചും എൻെറ സുവിശേഷത്തെക്കുറിച്ചും വീടുകളെയോ സഹോദരന്മാരെയോ സഹോദരിമാരെയോ അപ്പനെയോ അമ്മയെയോ ഭാര്യയെയോ മക്കളെയോ പട്ടണങ്ങളെയോ വിട്ടുപേക്ഷിക്കുന്ന ഓരോരുത്തനും ഒന്നിനു നൂറായി വീടുകളേയും സഹോദരന്മാരേയും സഹോദരിമാരേയും അപ്പനേയും അമ്മയേയും പട്ടണങ്ങളേയും വരുവാനിരിക്കുന്ന ലോകത്തിൽ നിത്യായുസ്സിനേയും പ്രാപിക്കാതിരിക്കുകയില്ല" (മക്കോ. 10: 29, 30). അവിടുത്തെ പിഞ്ചെല്ലുന്നവക്ക് അവിടുന്നു നല്കുവാനിരിക്കുന്ന ആനന്ദത്തിൻെറ അച്ചാരവാചകങ്ങൾ!

ദൈവവിളിയുടെ മന്ദ്രധ്വനി തങ്ങളുടെ ഹൃദയഭിത്തികൾക്കുള്ളിൽ കുഞ്ഞലകൾ സൃഷ്ടിക്കുന്നുവെന്നു മനസ്സിലാ

ക്കുന്ന യുവത്തിടമ്പുകൾ ഈശോയുടെ ദിവ്യവചസ്സുകൾ ശ്രവിക്കട്ടെ! "ഇതാ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കണ്ണുകൾ ഉയർത്തി വയലുകൾ പഴുത്തു പാകമായി, കൊയ്ത്തിനു കാലമായിരിക്കുന്നതു കാണുവിൻ. കൊയ്യുന്നവൻ കൂലി സ്വീകരിക്കുകയും നിത്യജീവിതത്തിലേക്കു ഫലങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒന്നിച്ചു സന്തോഷിക്കുന്നു" (യോഹ. 4: 35, 36).

ആത്മവിശ്വാസത്തോടെ അപ്പോൾ അയാൾക്കു പറയുവാൻ കഴിയും: "എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും ഭാഗം കർത്താവത്രേ. ഇതിനാൽ, എന്റെ ഹൃദയം സന്തോഷിക്കുകയും എന്റെ നാവ് ആനന്ദിക്കുകയും ചെയ്യും. എന്റെ മാംസവും സമാധാനത്തിൽ വസിക്കും. ജീവനിലേക്കുള്ള വഴി നീ എനിക്കു കാണിച്ചുതന്നിരിക്കുന്നു; നിന്റെ മുഖത്തിന്റെ സന്തോഷംകൊണ്ടു് എന്നെ നീ നിറയ്ക്കും; അന്ത്യംവരെ നിന്റെ വലതുകരത്തിലാകുന്ന എന്റെ ആനന്ദം മുഴുവനും" (സങ്കീ. 15: 5....).

'തിങ്കളാഴ്ച, പിച്ചക്കാരി;
ചൊവ്വാഴ്ച, ലക്ഷപ്രഭ്വി'

അമേരിക്കയിലെ ചിക്കാഗോനഗരത്തിൽ ഈയിടെ രസകരമായ ഒരു സംഭവം നടക്കുകയുണ്ടായി. ദിനപത്രങ്ങളിലെല്ലാം 'വെണ്ടയ്ക്കാ' അക്ഷരങ്ങളിൽ ആ വാർത്ത പുറത്തുവന്നു. 'തിങ്കളാഴ്ച പിച്ചക്കാരി; ചൊവ്വാഴ്ച ലക്ഷപ്രഭ്വി'— അതായിരുന്നു അതിന്റെ തലവാചകം.

ഒരു കൊച്ചുകടയിലെ കണക്കെഴുത്തുകാരിയെ ഒരു കോടീശ്വരൻ വിവാഹം കഴിച്ചു. അന്നൊരു ചൊവ്വാഴ്ച

യായിരുന്നു. തിങ്കളാഴ്ചവരെ പിച്ചക്കാരിയായി കഴിഞ്ഞുകൂടിയവൾ ചൊവ്വാഴ്ചമുതൽ ഒരു ലക്ഷപ്രഭ്വിയായിത്തീൎന്നു അങ്ങനെ.

ക്രിസ്തുവിൻെറ പണിയാളരായി ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന യുവഹൃദയങ്ങളും ആനന്ദിക്കട്ടെ. അവരുടെ സ്വൎഗ്ഗീയമണവാളൻ തൻെറ അനന്തമായ സ്വൎഗ്ഗീയസമ്പത്തിൻെറ അവകാശികളാക്കി അവരേയും ഉയൎത്തിയിരിക്കുന്നു. ഇഹത്തിലും പരത്തിലും ഒന്നുപോലെ അവർ അവിടുത്തെ അമൂല്യമായ പ്രസാദവരവൃഷ്ടിയാൽ ധന്യരായിബ്ഭവിക്കും; പ്രതിസമ്മാനിക്കപ്പെടും!

## ആനന്ദത്തിൻെറ ഉറവിടം

സ്രഷ്ടാവിനുവേണ്ടി സൃഷ്ടിയുടെ എല്ലാ ജീവിതാഭിലാഷങ്ങളേയും അടിയറവയ്ക്കുക, അവിടുത്തെ മഹത്വത്തിനുവേണ്ടി ജീവാൎപ്പണം ചെയ്യുക, അവിടുത്തോടുള്ള സ്നേഹൈക്യത്തിൽ ഒട്ടിച്ചേൎന്നുകൊണ്ടു തദനുരൂപമായി സ്വന്തം പ്രവൃത്തികൾക്കു രൂപം കൊടുക്കുക എന്നതിൽ കവിഞ്ഞു് അവിടുത്തെ സന്തോഷപൂൎണ്ണനാക്കുവാൻ നമുക്കെന്താണു ചെയ്യുവാനുള്ളതു്! അതിനുവേണ്ടി ജീവിതത്തെ ഉഴിഞ്ഞുവയ്ക്കുവാൻ ഹൃദയത്തിൽ ആഗ്രഹം കരുതുന്ന യുവതീയുവാക്കന്മാർ എന്തെന്തു ധന്യരല്ല!

ജീവിതവസന്തത്തിലേക്കു കാലൂന്നിനില്ക്കുന്നവരെസ്സംബന്ധിച്ചിടത്തോളം ഹൃദയത്തിൽ ആനന്ദം പുരട്ടുന്ന ഒരാഗ്രഹമുണ്ടു്—ഒരു വൈദികനായിത്തീരുക, അല്ലെങ്കിൽ, ക്രിസ്തുനാഥൻെറ മണവാട്ടിയായിത്തീരുക! വിടരുന്ന ജീവിതമലരിനെ അതിൻെറ സുഭഗതയിൽത്തന്നെ ദൈവത്തിനായി സമൎപ്പിക്കുക!

ഒരു വൈദികനായിത്തീരുക! നീരും ചോരയുമുള്ള മനുഷ്യന് ആഗ്രഹിക്കാവുന്നതിൽ ഏററം വലിയ പദവി! ഒരു വൈദികനായിത്തീരുക! മഞ്ഞും മഴയും കൂട്ടാക്കാതെ, കല്ലും മുള്ളും ചവുട്ടിക്കടന്നു് ആത്മാക്കളുടെ രക്ഷയെപ്രതി ആജീവനാന്തം പണിപ്പെടുക! ഭൗതികജീവിതത്തിൻെറ മധുരിപ്പിക്കുന്ന എല്ലാ ചിന്തകളേയും വിട്ടകന്നു് ഏകാന്തതയിൽ നാഥനോടുകൂടിയിരുന്നു സല്ലപിക്കുക! വിശന്നും ഭാരംചുമന്നും കഷ്ടപ്പെടുന്നവർക്ക് ആശ്വാസം പകർന്നുകൊണ്ടു്, ദൈവസ്നേഹത്തിൻെറ മുരളികയൂതിക്കൊണ്ടു് ഒരു സ്നേഹഗായകനായി വിരാജിക്കുക! ഹാ, അതെത്ര അഭിലഷണീയമല്ല! അതെത്ര ആനന്ദപ്രദമല്ല!

V

# ജീവിതത്തെ ആനന്ദിപ്പിക്കുവാൻ

## സാഹിത്യകാരൻെറ ഭാര്യ

കഷ്ടപ്പെടുന്ന ജനസമുദായത്തിൻെറ ഹൃദയത്തിൽ തൊട്ടുസംസാരിക്കുന്ന തൂലികാസംഭാവനകൾകൊണ്ടു ഫ്റഞ്ചുസാഹിത്യത്തിനു നിറപ്പകിട്ടു നല്കിയ ഒരു എഴുത്തുകാരനാണു പോൾ ഫിവൽ (Paul Feval). ഇത്രയധികം സാഹിത്യസംഭാവനകൾ നല്കിയ മറെറാരു ഗ്രന്ഥകാരൻ ഫ്റഞ്ചുസാഹിത്യത്തിൽ തലയുയർത്തി നില്പുണ്ടോ എന്നു സംശയിക്കണം. എന്നാൽ, ഉത്തമസാഹിത്യത്തിൻെറ ശ്രീകോവിലിനു വെളിയിൽ നിലയുറപ്പിക്കുവാനേ അദ്ദേഹത്തിൻെറ തൂലികാസന്താനങ്ങൾക്കു കഴിവുള്ളു. കാരണം, സന്മാർഗ്ഗത്തിൻേറയും സദാചാരത്തിൻേറയും കടയ്ക്കുതന്നെ കത്തിവയ്ക്കുന്നവയായിരുന്നു, അവയിൽ മിക്കവെയും. അതുകൊണ്ടു തന്നെയായിരിക്കണം, സാഹിത്യക്കമ്പോളത്തിൽ അവയ്ക്കു് ഒരു നല്ല വിപണി ഉണ്ടാ

യതും. സനാതനമൂല്യങ്ങളുടെ നേരേ പരിഹാസച്ചിരിതൂവുന്ന അദ്ദേഹത്തിന്റെ കലാശില്പങ്ങൾ വഴിപിഴച്ച പുരോഗമനത്തിന്റെ ആരാധകർ ആവോളം ആസ്വദിച്ചു. ഈ നിലപാടു ഫിവലിനെ ഒരു കോടീശ്വരനാക്കി. പ്രതിവർഷം 15000 ഡോളറോളം അദ്ദേഹം പുസ്തകരചന വഴി സമ്പാദിച്ചുവെന്നു കേൾക്കുമ്പോൾ ആരാണു വിസ്മയം കൊള്ളാത്തത്!

പെട്ടെന്നാണ് ആ ദാരുണവാർത്ത ഫിവൽ അറിഞ്ഞത്. പലിശയ്ക്കിട്ടിരുന്ന തന്റെ പണം മുഴുവൻ നഷ്ടപ്പെട്ടിരിക്കുന്നു! അധമമാർഗ്ഗത്തിലൂടെ ധനം സമ്പാദിച്ചു കുബേരന്റെ പദവിയിലേക്കു പറന്നുയർന്ന അദ്ദേഹം കുചേലന്റെ നിരയിലേക്കു താഴ്ന്നിറങ്ങിയ ദയനീയ രംഗം! നൈരാശ്യത്തിന്റെ നീർച്ചുഴിയിൽ അദ്ദേഹം വീർപ്പുമുട്ടി. അദ്ദേഹം വിചാരിച്ചു, മരണംതന്നെ കരണീയമെന്ന്. അവമാനിതനായി ഇനിയും എങ്ങനെ ജീവിക്കും? അദ്ദേഹത്തിന്റെ ഹൃദയം മരവിക്കുകയാണ്.

അപ്പോഴാണ് അദ്ദേഹത്തിന്റെ സഹധർമ്മിണി മുറിയിലേക്കു കടന്നുവന്നത്. എഴുത്തുമേശമേൽ കൊട്ടുംകൈയും കുത്തി വിഷാദമൂകനായി, ഭഗ്നാശനായിരിക്കുന്ന പ്രാണനാഥനെക്കണ്ടപ്പോൾ അവളുടെ ഹൃദയംനൊന്തു.

"എന്തേ, ഇത്ര സങ്കടപ്പെട്ടിരിക്കാൻ?" അവൾ അദ്ദേഹത്തിന്റെ അരുകിലേക്ക് അടുത്തുനിന്നുകൊണ്ടു ചോദിച്ചു.

"സങ്കടപ്പെടാനോ? എല്ലാം നശിച്ചു! നമ്മുടെ സമ്പത്തു മുഴുവൻ തകർന്നു!"

വിഷാദം നിറഞ്ഞ ഒരു ശ്മശാനമൂകതയ്ക്കു മൂന്നു നാലു മിനിററുകൾ വഴിമാറിക്കൊടുത്തു.

"നാഥാ, അതിനെന്തിത്ര സങ്കടപ്പെടണം? ദൈവം മതി നമുക്ക് അവിടുന്നു നമ്മെ സ്നേഹിക്കുന്നുവെന്നുള്ളതിന് അടയാളമാണിതു്. നമുക്കവിടുത്തെ പക്കൽ അണയാം. ഭക്തയും സുശീലയുമായ ആ സാധ്വി പറഞ്ഞു.

"എന്തു്? ദൈവം എന്നെ സ്നേഹിക്കുന്നെന്നോ?"

വീണ്ടും നിശ്ശബ്ദത.

"എന്തു്? ദൈവം എന്നെ സ്നേഹിക്കുന്നെന്നോ? അവിടുത്തെ സനാതനസത്യങ്ങളേയും മതത്തേയും അവഹേളിച്ചവനെ ദൈവം സ്നേഹിക്കുന്നെന്നോ? നിനക്കു കിറുക്കാണു്!"

"നാഥാ, വരൂ; നമുക്ക് ഇന്നെങ്കിലും ഒന്നിച്ചിരുന്നു് അല്പം പ്രാർത്ഥിക്കാം. വരൂ; ദൈവം നമ്മെ കൈവിടുകയില്ല."

അദ്ദേഹം, സ്നേഹമയിയായ തൻെറ ഭാര്യയുടെ വാക്കിനെ അനുസരിച്ചു. അവളോടൊന്നിച്ചു നിലത്തു മുട്ടുകുത്തി കൈകൾ നെഞ്ചത്തുകൂട്ടിപ്പിടിച്ചുകൊണ്ടു് ഒരു പിഞ്ചുശിശുവിനെപ്പോലെ "ആകാശങ്ങളിലിരിക്കുന്നതും" "നന്മനിറഞ്ഞമറിയവും" "എത്രയും ദയയുള്ള മാതാവും" ഏററുചൊല്ലി. അദ്ദേഹത്തിൻെറമനഃപരിവത്തനം ആരംഭിച്ചുകഴിഞ്ഞു. അനുതാപനിർഭരമായ ആ ഹൃദയത്തിൽനിന്നുയന്ന പ്രാത്ഥനകളുടെ സാന്ദ്രധ്വനി സ്വർഗ്ഗീയകവാടങ്ങളെ ഭേദിച്ചുയന്നു.

ഭാര്യയുടെ ഉപദേശത്തിനു കീഴ്‌വഴങ്ങി അദ്ദേഹം പിറേറ ദിവസം അവളോടൊന്നിച്ചു ദൈവാലയത്തിലേക്കു

പോയി. അധ്വാനിക്കുന്നവരേയും ഭാരംചുമക്കുന്നവരേയും ആശ്വസിപ്പിക്കുവാൻ അവതീർണ്ണനായ നാഥൻെറ മുൻപിൽ തൻെറ നിരവധിയായ തെററുകളേററുപറയുവാൻ. അനുതാപക്കണ്ണീർ ചിന്തിക്കൊണ്ട് അദ്ദേഹം ഒരു മുഴുവൻ കുമ്പസ്സാരം കഴിച്ചു. അൻപതുകൊല്ലക്കാലത്തോളം ദൈവത്തിൽനിന്നകന്നു ജീവിച്ച അദ്ദേഹം പാപത്തിൻെറ കൈച്ചങ്ങലകളിൽനിന്നു മോചനം നേടി. പ്രസാദവരത്തിൻെറ വെണ്മയുററ പ്രകാശം അദ്ദേഹത്തിൻെറ ആത്മാവിനെ പരിവേഷമണിയിച്ചു. അതുവരെ നൈരാശ്യത്തിൽ നീറിപ്പുകഞ്ഞിരുന്ന അദ്ദേഹം സമാധാനത്തിൻെറ മധുരിമ നുകരുകയായി!

ജീവിതത്തെ മധുരിപ്പിക്കുവാൻ കൂട്ടുനില്ക്കുന്ന ഒരു ചെങ്ങാതിയായി മാത്രം ഭാര്യയെ അതുവരെ എണ്ണിയിരുന്ന അദ്ദേഹം തൻെറ ആധ്യാത്മികജീവിതത്തിൻെറ വഴികാട്ടിയായി അവളെ ഇപ്പോൾ ബഹുമാനിക്കുന്നു! ആത്മസംതൃപ്തിയുടേയും ഹൃദയസമാധാനത്തിൻേറയും വെള്ളിവെളിച്ചത്തിലേക്കു വന്നണഞ്ഞ പ്രിയതമനെനോക്കി ആസാധ്വിപറയുകയാണു്: "നാഥാ, ഹൃദയം തകർന്നുള്ള എൻെറ പ്രാത്ഥന ഇതാ ഇന്നു ദൈവം ചെവിക്കൊണ്ടിരിക്കുന്നു! അവിടുന്നാണു വൈവാഹികജീവിതത്തിൽ നമ്മെ ഒരു ജഡമാക്കിത്തീത്തതു്. ഭൗമികജീവിതത്തിൻെറ ആനന്ദം നുകരുവാൻ അവിടുന്നാണു നമ്മെ അനുവദിച്ചതു്. പാരത്രികജീവിതത്തിലും നാമിരുവരും നിത്യമായി ആനന്ദമണിയുവാൻ അവിടുന്നാഗ്രഹിക്കുന്നു. അതേ, അവിടുത്തെ തിരുസ്സന്നിധിയിൽ നാമിരുവരും ചെന്നണയുവാൻ അവിടുന്നഭിലഷിക്കുന്നു. ദൈവത്തിൻെറ തിരുസ്സന്നിധിയിൽ ഒരുനാൾ ചെന്നണയുവാൻ ദമ്പതികൾ പരസ്പരം

സഹായിക്കണമെന്നുള്ളതാണു വൈവാഹികജീവിതത്തി ന്റെ കാതലായ ലക്ഷ്യം!

ഫിവലിന്റെ മാനസാന്തരം പരിപൂർണ്ണമായിരുന്നു. ശേഷിച്ച ജീവിതം ദൈവത്തെ സേവിക്കുവാനും സ്നേഹിക്കുവാനുമായി അദ്ദേഹം വിനിയോഗിച്ചു. താൻ എഴുതിവിട്ട അബദ്ധസിദ്ധാന്തങ്ങളെ, ആഭാസസാഹിത്യത്തെ തിരുത്തിയെഴുതുകയായിരുന്നു അദ്ദേഹത്തിന്റെ തുടർന്നുള്ള ജോലി. ക്ലേശാവഹമായിരുന്നു ആ കൃത്യം. എങ്കിലും, താൻ വരുത്തിക്കൂട്ടിയ തിന്മയ്ക്ക് ഒരു പ്രായോഗികപരിഹാരമായി അദ്ദേഹം അതിനെ കണക്കാക്കി.

## ദൈവവിളി ആവശ്യകം

വൈദികനാകുവാൻ സെമ്മിനാരിയിലേക്കു പോകുന്ന ഒരു യുവാവിന്, അല്ലെങ്കിൽ, സന്ന്യസ്തജീവിതം നയിക്കുവാൻ കന്യകാലയത്തിലേക്കു പോകുന്ന ഒരു യുവതിക്കു ദൈവവിളി ഉണ്ടായിരിക്കണമെന്ന് എല്ലാവരും പറയും. അതുപോലെ, വിവാഹിതരാകുന്നതിനു പുരോഹിതന്റെ മുൻപിൽ മുട്ടുകുത്തിനില്ക്കുന്ന യുവതീയുവാക്കന്മാർക്കും ആ ജീവിതാവസ്ഥയിലേക്കു പ്രവേശിക്കുവാൻ ദൈവവിളിയുണ്ടായിരിക്കണം എന്നു നമുക്കു ന്യായ്യമായി പറയാം. നിത്യതപത്തിലേതന്നെ ദൈവം പ്ലാൻ ചെയ്തിരുന്നതാണു് ഈ ദാമ്പത്യബന്ധം. അതിൽ നിലയുറപ്പിച്ചുകൊണ്ടുവേണം, പരസ്പരം സഹായിച്ചുകൊണ്ടുവേണം, അവരുടെ നിത്യരക്ഷ നേടുവാനെന്നും അവിടുന്നു നേരത്തേതന്നെ തിട്ടപ്പെടുത്തിയിരിക്കുന്നു.

ഒരു യുവാവു പുരോഹിതനായി അഭിഷേചിക്കപ്പെട്ടപ്പോൾ, പൗരോഹിത്യത്തിന്റെ മഹനീയമായ കടമകളും

ആദർശങ്ങളും പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിൽ അയാളെ കഴിവുററവനാക്കുവാൻ നിരവധി പ്രസാദവരങ്ങൾ ദൈവം അയാൾക്കു നല്കുന്നു. അതുപോലെതന്നെ, വിവാഹത്തിൻെറ കടമകളെ നന്നായി അനുഷ്ഠിക്കുവാൻ വേണ്ട പ്രസാദവരങ്ങൾ അവിടുന്നു നവദമ്പതികളിലും ചിന്തുന്നുണ്ട്.

## വിവേചിച്ചറിയുക

വൈവാഹികജീവിതത്തിലേക്കു ദൈവത്താൽ ക്ഷണിക്കപ്പെട്ടിരിക്കുന്നവരെ ചൂണ്ടിക്കാണിക്കുക വിഷമമാണ്. എന്നാൽ, ആ ജീവിതാവസ്ഥയിലേക്കു വിളിക്കപ്പെടാത്തവരെ കണ്ടുപിടിക്കുവാൻ പ്രയാസമൊന്നുമില്ല.

ശിശുക്കളോടു കുറെയെങ്കിലും ഇഷ്ടമില്ലാത്ത ഒരു വ്യക്തിക്കു വിവാഹത്തിലേക്കു വിളി ഉണ്ട് എന്ന് ഒരുനാളും പറഞ്ഞുകൂടാ. ദൂരെ നിന്നുകൊണ്ടു കുട്ടികളെ സ്നേഹിക്കുന്ന ഒരു കൂട്ടരുണ്ട്; മററുള്ളവരുടെ കുഞ്ഞുങ്ങളെ താലോലിക്കുകയും ഉമ്മവയ്ക്കുകയുമൊക്കെ അവർ ചെയ്യും. എന്നാൽ, തങ്ങൾക്കു കുഞ്ഞുങ്ങളുണ്ടാവുക അവർക്കിഷ്ടമില്ല; കുട്ടികളെ വളർത്തുവാനും കഷ്ടപ്പാടുകൾ സഹിക്കുവാനും അവരെക്കൊണ്ടാവില്ല. അവരും വൈവാഹികജീവിതത്തിനു വിളിക്കപ്പെട്ടവരല്ല.

വേറൊരു കൂട്ടരുണ്ട്. സ്വാർത്ഥസ്നേഹത്തിൽക്കവിഞ്ഞൊന്നും അവരിൽനിന്നു പ്രതീക്ഷിക്കുവാനില്ല. മറെറാരാളെ സ്നേഹിക്കുക അവരെസ്സംബന്ധിച്ചിടത്തോളം ഒരു അസാദ്ധ്യകാര്യമാണ്. വിവാഹബന്ധത്തിൻെറ കെട്ടുറപ്പു ദമ്പതികളുടെ പരസ്പരസ്നേഹൈക്യത്തിലാണല്ലോ അധിഷ്ഠിതമായിരിക്കുക. അതിനാൽ, ഇവർക്കും വൈ

വാഹികജീവിതാവസ്ഥയിലേക്കു ദൈവവിളി ഉണ്ടെന്നു പറഞ്ഞുകൂടാ.

സാന്മാർഗ്ഗികമായി തീർത്തും അധഃപതിച്ചവർക്കും വിവാഹത്തിൻെറ പ്രാഥമികകർത്തവ്യങ്ങൾ നിറവേററുവാൻ സാധിക്കാത്തവിധം ശാരീരികമായ വികലതയുള്ളവർക്കും വൈവാഹികജീവിതത്തിലേക്കു ദൈവവിളിയില്ല.

## വിശുദ്ധമായ ശക്തി

സ്ത്രീയിലും പുരുഷനിലും ദൈവം വിശുദ്ധമായ ഒരു ശക്തി നിക്ഷേപിച്ചിരിക്കുന്നു. ആ മഹനീയശക്തിയെ ദൈവം നിശ്ചയിക്കുന്ന സമയത്തു പ്രാവർത്തികമാക്കി ദൈവത്തിൻെറ സൃഷ്ടികർമ്മത്തിൽ അവിടുത്തോടു സഹകരിക്കുക; അങ്ങനെ, ലോകത്തിൽ മനുഷ്യവംശത്തെ നിലനിറുത്തുക; അഥവാ, സ്വർഗ്ഗത്തെ ആത്മാക്കളെക്കൊണ്ടു നിറയ്ക്കുക—ഇതാണു് ആ ശക്തിയുടെ ദൈവനിർദ്ദിഷ്ടമായ ഉദ്ദേശ്യം

പൗരോഹിത്യത്തിൽ മഹോന്നതങ്ങളായ ഒട്ടുവളരെ അധികാരങ്ങൾ ദൈവം മനുഷ്യനു നല്കിയിരിക്കുന്നു: ദിവ്യബലി അർപ്പിക്കുക, ആശീർവ്വദിക്കുക, പാപവിമോചനം നല്കുക തുടങ്ങിയവ. ദൈവത്തിനുമാത്രം അവകാശപ്പെട്ടവയാണു് ഈ അധികാരങ്ങളെല്ലാം. എന്നാൽ, ദൈവം കനിഞ്ഞു മനുഷ്യനെ ഈ ദിവ്യാധികാരങ്ങളിൽ പങ്കാളികളാക്കുന്നു.

വിവാഹമെന്ന കൂദാശയും സ്വീകരിച്ചു് ആശീർവ്വാദവും വാങ്ങി അൾത്താരയിൽനിന്നു തിരികെപ്പോകുന്ന നവദമ്പതികളിലും ദൈവം ദിവ്യമായ ഒരധികാരത്തെ നിക്ഷേപിക്കുന്നു—മുൻപറഞ്ഞ വിശുദ്ധമായ ശക്തിയെ പ്രാ

യോഗികമാക്കുന്നതിനുള്ള അധികാരം. അതേ, വിവാഹത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം സന്താനോൽപാദനമാകുന്നു. ആത്മാക്കളെക്കൊണ്ടു സ്വർഗ്ഗഭവനം നിറയ്ക്കുവാൻ അനന്തപ്രാഭവനായ ദൈവം നിസ്സാരനായ മനുഷ്യന്റെ സഹായം ആവശ്യപ്പെടുക എത്ര വിസ്മയാവഹം!

എന്നാൽ, ഇന്നു പലരും ദൈവം നല്കിയ അമൂല്യമായ ശക്തിയേയും അധികാരത്തേയും ദൈവഹിതത്തിനെതിരായി പ്രയോഗിക്കുന്നു. സ്വാർത്ഥതാൽപര്യങ്ങളേയും സ്വന്തം സുഖത്തേയും പരിരക്ഷിക്കുവാനുള്ള വ്യഗ്രത ദാമ്പത്യജീവിതത്തിലും ഇന്നു ദൃശ്യമാണ്. കുട്ടികളുണ്ടാവുക സ്വന്തം ജീവിതസുഖത്തിനു വിഘാതമാണുപോലും! ആകയാൽ, അതിനെ തടയാൻ പാപാത്മകമായ മാർഗ്ഗങ്ങൾ അവർ സ്വീകരിക്കുന്നു; ജനനനിയന്ത്രണവും വിവാഹമോചനവും നേടുവാൻ ചില ദമ്പതികൾ വെമ്പലിടുന്നു. ദൈവത്തെ അവഹേളിക്കുവാൻ തുനിയുന്ന ഈ നിർഭാഗ്യർ വി. പൗലോസിന്റെ വാക്കുകൾ നന്നായി ഹൃദിസ്ഥമാക്കിക്കൊള്ളട്ടെ. "പാപത്തിന്റെ ഫലം മരണം."

## ദൈവത്തിന്റെ കല്പനയാണത്

ക്രൈസ്തവസഭയുടെ പ്രാരംഭദശ. വി. അപ്പസ്തോലൻ എഫേസൂസിലുള്ള ക്രൈസ്തവദമ്പതികളെ വിവാഹമെന്ന വലിയ കൂദാശയെപ്പററി ഉപദേശിക്കുന്നു: "ഈ രഹസ്യം വലുതാകുന്നു. ഞാൻ മിശിഹായെക്കുറിച്ചും അവിടുത്തെ സഭയെക്കുറിച്ചുമാകുന്നു പറയുന്നത്."

(എഫേ. 5: 32)

തിരുസ്സഭയ്ക്കു പുറമേ വിവാഹം ഒരു കൂദാശയല്ല; പ്രത്യുത, അതു വെറുമൊരു ഉടമ്പടി അല്ലെങ്കിൽ, ഒരു "ചട

ങ്ങ്" മാത്രം. വൈവാഹിക കടമകളുടെ പരിപാവനതയേയും തജ്ജന്യമായ അനുഗ്രഹങ്ങളേയും അക്രൈസ്തവർ വിലയിരുത്തുന്നില്ല എന്നതാണു വാസ്തവം.

വിവാഹത്തിൻെറ പരിപാവനതയെ പരിരക്ഷിക്കുവാൻ തിരുസ്സഭ എന്നെന്നും ശ്രദ്ധാലുവാണ്. തൻെറ അരുമസ്സന്താനങ്ങൾക്ക് അവൾ അതേപ്പററി നിഷ്കൃഷ്ടവും, അതേസമയം, സ്നേഹമസൃണവുമായ ഉൽബോധനങ്ങൾ നല്കുന്നു. ഇവയൊക്കെ കാണുമ്പോൾ ഭൗതികവാദികൾ മൂക്കത്തു കൈവച്ചുകൊണ്ട് അവളെ നോക്കി പരിഹസിച്ചു രസിക്കുകയാണ്. "മനുഷ്യൻ സ്വതന്ത്രനല്ലേ? വിവാഹത്തിലും അവനെന്തുകൊണ്ടു സ്വാതന്ത്ര്യം പ്രയോഗിച്ചുകൂടാ?"

അവരുടെ ഈ 'വിദഗ്ദ്ധാഭിപ്രായ'ത്തെ സഹതാപമനോഭാവത്തോടേ വീക്ഷിക്കുവാനേ നമുക്കു കഴിയൂ. കാരണം, ദൈവത്തിൻെറ കല്പനയെ തിരുത്തിയെഴുതുവാൻ മനുഷ്യൻ വ്യഗ്രത കാണിക്കുന്നു! ശാന്തം പാപം!

## ഒന്നാമത്തെ ദമ്പതികൾ

മനുഷ്യവംശത്തിൻെറ ആരംഭത്തിൽത്തന്നെ ദൈവം വിവാഹത്തെ അഭേദ്യമായ ഒരു ഉടമ്പടിയാക്കിത്തീർത്തു. മണ്ണിൽനിന്ന് ആദ്യമനുഷ്യനെ മനഞ്ഞെടുത്തതിനുശേഷം അവിടുന്ന് അരുൾചെയ്തു: "തനിയെ ആയിരിക്കുക പുരുഷനു യോജിച്ചതല്ല. ആകയാൽ, അവനെപ്പോലെതന്നെ അവനൊരു ഇണയെ നമുക്കു സൃഷ്ടിക്കാം" (സൃഷ്ടി 2. 18). ആദത്തിനു കൂട്ടുകാരിയായി ദൈവം ഹാവായെ സൃഷ്ടിച്ചു. ആദത്തിൻെറ ലൗകികവും ആദ്ധ്യാത്മി

കവും ശാരീരികവും മാനസികവുമായ എല്ലാ സൗഭാഗ്യങ്ങളിലും ഹാവാ പങ്കാളിയായിരുന്നു; അപ്രകാരംതന്നെ, ആദം ഹാവായുടേയും. ഇങ്ങനെ, ജീവിതത്തെ ശോഭനമാക്കിത്തീർക്കുവാൻ ആവശ്യകമായ എല്ലാ സഹായങ്ങളും അവർ പരസ്പരം കൈമാറണമെന്നതായിരുന്നു ദൈവത്തിൻെറ അഭിലാഷം.

മാനസികമായും ശാരീരികമായും തികച്ചും വ്യത്യസ്ത പ്രകൃതികളോടുകൂടിയാണു പുരുഷനും സ്ത്രീയും സൃഷ്ടിക്കപ്പെട്ടതു്. എങ്കിലും, പരസ്പരവിരുദ്ധത അവരിരുവരുടേയും സ്വഭാവപ്രകൃതികൾക്കു അവിടുന്നു് നല്കിയിട്ടില്ല. സ്നേഹവും സഹായവും പരസ്പരം വച്ചുമാറുവാനാണു് അവർ ആഗ്രഹിക്കുക. ശാരീരികാവശ്യങ്ങളിൽ മാത്രമല്ല, ആത്മീയാവശ്യങ്ങളിലും അവർ അന്യോന്യം സഹായിക്കേണ്ടവരാണു്. സ്ത്രീയും പുരുഷനും തമ്മിലുള്ള ഈ ബന്ധത്തിൻെറ മഹനീയത ദമ്പതികൾ നന്നായി മനസ്സിലാക്കി അതനുസരിച്ചു ജീവിതം ക്രമപ്പെടുത്തുമ്പോഴാണു ദാമ്പത്യസൗഭാഗ്യവും ആനന്ദവും കൈവരുക. "പുരുഷൻ തനിയെ ആയിരിക്കുക അവനു യോജിച്ചതല്ല" എന്നു ദൈവം പറഞ്ഞപ്പോൾ അവിടുന്നു വിവക്ഷിച്ചതും ഇതാണു്. അതേ, ലക്ഷ്യത്തെ മുൻനിറുത്തിനോക്കിയാൽ സ്വാഭാവികവും, സ്ഥാപനത്തെ മുൻനിറുത്തി നോക്കിയാൽ ദൈവികവുമായ ഒരു ഉടമ്പടിയത്രേ വിവാഹം!

## കർത്താവു കല്യാണവിരുന്നിൽ

ക്രിസ്തുനാഥൻ യോർദ്ദാനിൽനിന്നു നസ്രസിലേക്കു മടങ്ങി. എങ്ങോട്ടോ യാത്രപുറപ്പെടുവാൻ ഒരുങ്ങി നില്ക്കുന്ന മാതാവിനെയാണു ഭവനത്തിൽ പ്രവേശിച്ചപ്പോൾ

അവിടുന്നു ദർശിച്ചതു്. തൻെറ പ്രഥമശിഷ്യന്മാരായ പത്രോസും അന്ത്രയോസും യോഹന്നാനും പീലിപ്പോസും നഥാനിയേലും അവിടുത്തോടൊന്നിച്ചുണ്ടായിരുന്നു. മറിയം അവരെയെല്ലാവരേയും സ്നേഹത്തോടേ സ്വീകരിച്ചു.

തൻെറ ബന്ധത്തിൽപ്പെട്ട ഒരാളുടെ വിവാഹത്തിൽ ഭാഗഭാക്കാകുവാൻ കാനായിലേക്കു പോകുന്നതിനാണു മറിയം ഒരുങ്ങിനിന്നതു്.

"നിങ്ങളും എന്നോടൊന്നിച്ചു കാനായിലേക്കു വരുകയല്ലേ?"

അവർ മറിയത്തെ അനുഗമിച്ചു. കാനായിലെത്തിച്ചേരുവാൻ അവർക്കു്, കുന്നും കുഴിയും നിറഞ്ഞ നിരത്തിലൂടെ അഞ്ചുമൈൽ നടക്കേണ്ടിയിരുന്നു. അന്തിസൂര്യൻെറ ചെങ്കതിരുകൾ ഗലീലയുടെ കുന്നിൻതലപ്പുകളിൽ അരുണിമ പൂശിയപ്പോൾ അവർ കാനായിലെത്തി.

പരിഷ്ക്കാരമൊന്നുമില്ലാത്ത ഒരു കൊച്ചുപട്ടണമായിരുന്നു കാനാ. ഉണക്കച്ചെളി കട്ടപിടിച്ചു കെട്ടിയുണ്ടാക്കിയ കൊച്ചു കുടിലുകളും കല്ലുകൾകൊണ്ടുണ്ടാക്കിയ വീടുകളും അവിടവിടെ കാണാമായിരുന്നു. ധനപതികളുടെ ഗൃഹാങ്കണത്തിനു ചുററും പൂന്തോട്ടങ്ങൾ വച്ചുപിടിപ്പിച്ചിരുന്നു. ഒലിവുമരങ്ങളും സൈപ്രസ് വൃക്ഷങ്ങളും അവിടെ ധാരാളം. ഒട്ടകങ്ങളുടെ പുറത്തു യാത്രചെയ്യുന്ന പലരേയും അവർ അവിടെ കണ്ടു. ഭാരം ചുമക്കുന്ന കഴുതകളെ മുന്നിൽനടത്തിക്കൊണ്ടു മുഷിഞ്ഞ വസ്ത്രങ്ങളുമണിഞ്ഞു യഹൂദസ്ത്രീകൾ നിരത്തിലൂടെ നീങ്ങിക്കൊണ്ടിരുന്നു.

നമ്മുടെയിടയിൽ നടപ്പുള്ളതുപോലെ, കല്യാണം വളരെ ആഘോഷമായിട്ടായിരുന്നു യഹൂദരും നടത്തിയി

രുന്നതു്. വരന്റേയും വധുവിന്റേയും ബന്ധുക്കളും സ്നേഹിതരും വരന്റെ ഗൃഹത്തിൽ സമ്മേളിച്ചു നവദമ്പതികളെ അനുമോദിക്കുകയും ഭാവുകങ്ങൾ ആശംസിക്കുകയും, സന്തോഷത്തിന്റേയും ആനന്ദത്തിന്റേയും അവസരമായി ആ ദിനം കൊണ്ടാടുകയും ചെയ്യുക പതിവായിരുന്നു.

നാട്ടുനടപ്പനുസരിച്ചു കാനായിലേ കല്യാണവിരുന്നിനു് ആളുകൾ വളരെയധികം വന്നുകൂടി. മുരളിയുടേയും 'ഹാർപ്പി'ന്റേയും നേരിയ ശബ്ദതരംഗങ്ങൾ സായംസന്ധ്യയുടെ നിശ്ശബ്ദതയിലൂടെ ഒഴുകിവന്നു. വിശേഷരീതിയിൽ വസ്ത്രധാരണംചെയ്തിരുന്ന ചിലർ നൃത്തംവച്ചു. ഗാനം ഗാനത്തോടും സ്വരം സ്വരത്തോടും തഴുകിനില്ക്കുന്ന സുന്ദരനിമിഷങ്ങൾ!

വിരുന്നു മോടിയായി നടന്നുകൊണ്ടിരിക്കുകയാണു്. ആനന്ദവും സംതൃപ്തിയും കൈകൊട്ടിക്കളിക്കുന്ന ആ സന്ദർഭത്തിൽ ആതിഥേയന്റെ മുഖംമാത്രം വിവർണ്ണമാവാൻ കാരണം? ചുരുക്കം ചിലർക്കുമാത്രമേ അതു മനസ്സിലായുള്ളു.

മറിയം ഈശോയുടെ അരികിലേക്കു വന്നു. എന്തോ രഹസ്യം അവൾക്കു പറയുവാനുണ്ടു്. അവർ ഒരു മൂലയിലേക്കു് അല്പം മാറിനിന്നു, പറയുന്നതു മററാരും കേൾക്കാതിരിക്കുവാൻ.

"മകനേ, അവരുടെ വീഞ്ഞു തീർന്നുപോയി." അല്പം കലങ്ങിയ കണ്ണുകൾ ഉയർത്തി മറിയം ഈശോയെ നോക്കി.

"അവർ പ്രതീക്ഷിച്ചതിൽക്കൂടുതൽ അതിഥികൾ വന്നിരിക്കുന്നു. വിരുന്നാണെങ്കിൽ ഇതാ ഇപ്പോൾ തുടങ്ങിയതേയുള്ളു. അപ്പോഴേക്കും വീഞ്ഞു തീർന്നിരിക്കുന്നു!"

ഈശോ തൻെറ വത്സലമാതാവിൻെറ മുഖത്തേക്കു് ഉററുനോക്കി.

"മകനേ, ആതിഥേയനും നവദമ്പതികളും അവമാനിതരാകുവാൻ പോവുകയാണു്. എങ്ങനെ അവർ പറയും, അതിഥികളോടു വീഞ്ഞില്ല എന്നു്?"

"സ്ത്രീയേ, എനിക്കും നിനക്കും എന്തു്? എൻെറ സമയം ഇതുവരെയും വന്നണഞ്ഞിട്ടില്ലല്ലോ." ഈശോ പറഞ്ഞു.

അവിടുന്നു് അരുൾചെയ്ത വാക്കുകളുടെ അർത്ഥം മറിയം ഗ്രഹിച്ചു. ഒരു അത്ഭുതം പ്രവത്തിക്കുന്നെങ്കിൽ മാത്രമേ ഈ ദുരദൃഷ്ടത്തിൽനിന്നു് ആ കുടുംബത്തെ പൊക്കിയെടുക്കുവാൻ സാധിക്കൂ എന്നു് അവൾക്കറിയാമായിരുന്നു. ഇപ്പോൾ ഒരു അത്ഭുതം പ്രവത്തിക്കുകയാണെങ്കിൽ ആ വാത്ത കാട്ടുതീപോലെ നാടാകെ പരക്കും; ജനതതി മുഴുവൻ അവിടുത്തെ പിന്നാലെ ഓടിക്കൂടും. അവിടുത്തെ രഹസ്യജീവിതം അതോടെ അവസാനിക്കും. കാൽവരിയിലെ മരക്കുരിശിലേക്കുള്ള ആദ്യത്തെ കാൽവയ്പായിരിക്കും അതു്.

ഈശോയുടെ വിചാരങ്ങൾ മറിയം ഗ്രഹിച്ചു. അത്ഭുതം പ്രവത്തിച്ചാലുണ്ടാകുവാൻ പോകുന്ന ഭവിഷ്യത്തുകളും അവൾ നേരത്തേ മനസ്സിലാക്കിയിരുന്നതാണു്. എങ്കിലും, അവമാനിതരാകുവാൻ പോകുന്ന വധൂവരന്മാരെ ഓത്തപ്പോൾ അവൾക്കു സങ്കടംതോന്നി. അവർക്കുവേണ്ടിയാണു് അവൾ ദിവ്യസുതനെ സമീപിച്ചതു്. അവിടുന്നു തന്നെ ശ്രവിക്കുമെന്നു് അവൾക്കുറപ്പുണ്ടായിരുന്നു. ഇതുവരെയും അവളുടെ ഇംഗിതങ്ങൾ ഒന്നും അവിടുന്നു സാധിച്ചുകൊടുക്കാതിരുന്നിട്ടില്ലല്ലോ.

മറിയം തിരിഞ്ഞു വേലക്കാരോടു പറഞ്ഞു: "അവൻ പറയുന്നതെന്തോ അതു നിങ്ങൾ ചെയ്യുവിൻ."

ഈശോ മുറിയുടെ പിൻഭാഗത്തേക്കുമാറി. അവിടെ ആറു കൽഭരണികൾ ഇരിക്കുന്നതു് അവിടുന്നു കണ്ടു. അവിടുന്നു വേലക്കാരെ കൈകാട്ടി വിളിച്ചു.

"ഈ കൽഭരണികൾ വെള്ളംകൊണ്ടു നിറയ്ക്കുവിൻ." അധികാരത്തിൻെറ അഭൗമികമായ ഒരു മനോഹാരിത ആ വാക്കുകളിൽ തങ്ങിനില്പുണ്ടായിരുന്നു.

അവർക്കു ചിരിവന്നു. വീണ്ടും ആവശ്യകമായിരിക്കെ ഭരണികൾ വെള്ളംകൊണ്ടു നിറയ്ക്കുവാൻ! എങ്ങനെ ചിരി വരാതിരിക്കും! എങ്കിലും, അവർ അവിടുത്തെ വാക്കുകൾ അനുസരിച്ചു; ഭരണികൾ വക്കുവരെ ശുദ്ധജലംകൊണ്ടു നിറച്ചു.

"ഇനിയും അതിൽ കുറെ എടുത്തു പന്തിപ്രമാണിക്കു നല്കുവിൻ." അവിടുന്നു് അരുൾചെയ്തു.

വേലക്കാർ ഒരു ചെറിയ പാത്രത്തിൽ കൽഭരണിയിൽനിന്നു കുറെ 'വെള്ളം' പകർന്നെടുത്തു. അവർ അത്ഭുതസ്തബ്ധരായിപ്പോയി.

"എന്തു്? വെള്ളത്തിൻെറ നിറം മാറിയിരിക്കുന്നല്ലോ! ഹാ, നോക്കൂ വെള്ളം ചെമന്നിരിക്കുന്നു!" അവർ ഉറക്കെ വിളിച്ചുപറഞ്ഞു.

ആരവംകേട്ടു പന്തിപ്രമാണി മുറിയിലേക്കു കടന്നുവന്നു. പല കാര്യങ്ങളിൽ വ്യഗ്രചിത്തനായിരുന്ന അയാൾ അവിടെ നടന്ന കാര്യങ്ങൾ ഒന്നും അറിഞ്ഞിരുന്നില്ല. വേലക്കാരൻ പാത്രം അയാളുടെ നേർക്കു നീട്ടി. അയാൾ അതു വാങ്ങി രുചിച്ചുനോക്കി. ആ മുഖം വികസിച്ചു.

കണ്ണുകൾ തിളങ്ങി ആശ്ചര്യത്തോടേ അയാൾ വിളിച്ചു പറയുകയാണു്: "ഇതു് ഒന്നാംതരം വീഞ്ഞാണല്ലോ? ഒന്നാംതരം വീഞ്ഞു്!"

ഈശോ പ്രവർത്തിച്ച അത്ഭുതത്തിന്റെ കഥ വേലക്കാർ വിവരിക്കുവാൻ തുടങ്ങിയതു കേട്ടുനില്ക്കുവാൻ പന്തിപ്രമാണിക്കു ക്ഷമയുണ്ടായില്ല. പാവം! അയാളോർത്തു വീട്ടുടമസ്ഥൻ ഈ ഭരണികൾ മറച്ചുവച്ചിരുന്നതാണെന്നു്. അയാൾ പറഞ്ഞു: "എല്ലാവരും വിരുന്നിനു് ആദ്യം നല്ല വീഞ്ഞു വിളമ്പും. അവസാനം താഴ്ന്നതരവും. എന്നാൽ, നിങ്ങൾ ഒന്നാംതരം വീഞ്ഞു് ഇതുവരെയും മറച്ചുവച്ചുവോ? ഇത്രയും നല്ല വീഞ്ഞു് എന്റെ ഈ ഗലീലയിലേ ജീവിതത്തിൽ ഞാനിതുവരെ രുചിച്ചിട്ടില്ല!"

വിസ്മയത്തോടെ ഓരോരുത്തരും ആ വീഞ്ഞു മാറി മാറി രുചിച്ചുനോക്കി. ഒന്നാംതരം! അവർ തലകുലുക്കി സമ്മതിച്ചു. തങ്ങളുടെ കൺമുന്നിൽവച്ചു നസ്രസിലേ തച്ചന്റെ മകൻ ഈശോ ചെയ്ത അത്ഭുതത്തെപ്പററി വേലക്കാർ എല്ലാവരേയും വിവരിച്ചു കേൾപ്പിച്ചു. നന്ദിപറയുവാൻ വീട്ടുടമസ്ഥൻ ഈശോയെ തിരക്കി. പക്ഷെ, അവിടുന്നു ശിഷ്യന്മാരുമൊത്തു് ഇതിനകം അവിടെനിന്നു് ഇറങ്ങിക്കഴിഞ്ഞിരുന്നു.

ഈശോയും ശിഷ്യന്മാരും നസ്രസിലേക്കു തിരിച്ചു പോന്നു. ഈശോ വഴിയിൽ ഒന്നുംതന്നെ സംസാരിച്ചില്ല. അവിടുന്നു ചിന്താഭരിതനായിരുന്നു. ശിഷ്യന്മാർ നിശ്ശബ്ദരായി അവിടുത്തെ അനുഗമിച്ചു. പക്ഷേ, അവരുടെ ഹൃദയങ്ങൾ ഉറക്കെ സംസാരിക്കുന്നുണ്ടായിരുന്നു. ഗുരുനാഥന്റെ ദിവ്യശക്തിയിൽ അവർ വിശ്വാസംകൊള്ളു

കയായിരുന്നു; സന്തോഷിക്കുകയായിരുന്നു. കാരണം, അവർ സ്വന്തം കണ്ണുകൾകൊണ്ടുതന്നെ നോക്കിക്കണ്ടു, ഗുരുനാഥൻെറ ആദ്യത്തെ അത്ഭുതം! അവർ അങ്ങിൽ തികച്ചും വിശ്വസിച്ചു.

## പ്രാധാന്യമുണ്ട്

ക്രിസ്തുനാഥൻ പ്രവർത്തിച്ച അത്ഭുതങ്ങളിൽ ഏഴെണ്ണം മാത്രമേ വി. യോഹന്നാൻ തൻെറ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ, അവിടുന്നു പ്രവർത്തിച്ച പ്രഥമാത്ഭുതത്തിൻെറ വിശദമായ ഒരു വിവരണം നല്കുവാൻ അദ്ദേഹം ഒട്ടും മറന്നുപോയില്ല.

ക്രിസ്തുനാഥൻ തൻെറ പ്രഥമാത്ഭുതം പ്രവർത്തിക്കുന്നതു് ഒരു കല്യാണവിരുന്നിൽവച്ചാണെന്നോക്കണം. അതുവഴി വിവാഹത്തിൻെറ മഹനീയതയ്ക്കു് ഒന്നുകൂടി നിറംകൂട്ടുകയല്ലേ അവിടുന്നു ചെയ്തതു്?

കാനായിലേ കല്യാണവിരുന്നിൽവച്ചാണു കർത്താവു വിവാഹത്തെ പുതിയനിയമത്തിലേ ഒരു കൂദാശയായി ഉയർത്തിയതെന്നു സഭാപിതാക്കന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

## ഭാര്യാഭർത്താക്കന്മാർ

ഈ പുസ്തകം വായിക്കുന്ന യുവജനങ്ങൾ ഭൂരിഭാഗവും വിവാഹജീവിതത്തിലേക്കായിരിക്കാം നോട്ടമിട്ടിരിക്കുന്നതു്. അതുകൊണ്ടു്, പരിപാവനമായ വിവാഹത്തിൻെറ ശരിയായ വിധത്തിലുള്ള ഒരു കാഴ്ചപ്പാടു് അവരുടെ കൺമുന്നിൽ നേരത്തേതന്നെ ഉണ്ടായിരിക്കുക അനുപേക്ഷണീയമാണു്. വി. പൗലോസിൻെറ ഈ ട്ടററ വാക്കുകൾ അ

വർ ഹൃദിസ്ഥമാക്കട്ടെ. "മിശിഹാ സഭയുടെ തലയും ശരീരത്തിൻെറ രക്ഷകനുമായിരിക്കുന്നതുപോലെതന്നെ, ഭത്താവു ഭാര്യയുടെ തലയാകുന്നു. ആ സ്ഥിതിക്കു സഭ മിശിഹായ്ക്കു കീഴ്പ്പെട്ടിരിക്കുന്നതുപോലെതന്നെ ഭാര്യമാരും തങ്ങളുടെ ഭത്താക്കന്മാക്കു സകലത്തിലും കീഴ്പ്പെട്ടിരിക്കണം. ഭത്താക്കന്മാരേ, മിശിഹാതന്നേയും തൻെറ സഭയെ സ്നേഹിക്കുകയും അവളെപ്രതി തന്നെത്തന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ—ഇതിനാൽ പുരുഷൻ തൻെറ അപ്പനേയും അമ്മയേയും വിട്ടു ഭാര്യയോടു ചേരും. അവർ ഇരുവരും ഒരു ജഡം ആവുകയും ചെയ്യും. ഈ രഹസ്യം വലുതാകുന്നു. ഞാൻ മിശിഹായെക്കുറിച്ചും അവൻെറ സഭയെക്കുറിച്ചുമാകുന്നു പറയുന്നതു്" (എഫേ. 5: 23).

## ക്രൈസ്തവവിവാഹത്തിൻെറ മഹനീയത

സഭയും ക്രിസ്തുവുമായുള്ള ബന്ധത്തോടാണു ഭാര്യാഭത്താക്കന്മാർ തമ്മിലുണ്ടായിരിക്കേണ്ട ബന്ധത്തേയും വി. അപ്പസ്തോലൻ താരതമ്യപ്പെടുത്തുന്നതു്. സഭയും ക്രിസ്തുവുമായുള്ള ബന്ധം അത്യുൽകൃഷ്ടമായതും അതിഗാഢമായതുമത്രേ. മാത്രമല്ല, ഈ ഐക്യം കാലാകാലത്തോളം നിലനില്ക്കുന്നതും പരമപരിശുദ്ധവുമാകുന്നു. ഇതിനെക്കാറം ഗാഢതരമായതോ സ്ഥായിയായതോ ആയ മററാരു ഐക്യവും ഇല്ല.

അതുപോലെതന്നെയാണു്, വൈവാഹികബന്ധത്തിൽ ഭാര്യയും ഭത്താവും തമ്മിലുണ്ടായിരിക്കേണ്ട ഐക്യവും. ക്രിസ്തുവും സഭയുമായുള്ള ബന്ധത്തെ തങ്ങളുടെ

ദാമ്പത്യജീവിതത്തിൽ അവരും പങ്കുചേരുവാൻ പകത്തിയെടുക്കുവാൻ വി. അപ്പസ്തോലൻ ഉൽബോധിപ്പിക്കുന്നു.

പരിപാവനമായ ഈ ചിന്ത വൈവാഹികജീവിതത്തിലേക്കു കാലുകുത്തുവാൻ ഒരുങ്ങിനില്ക്കുന്ന യുവഹൃദയങ്ങളിൽ ദിവ്യമായ ഒരു ഭയം ജനിപ്പിക്കുവാൻ പര്യാപ്തമാണ്. അതിനുള്ള കാരണങ്ങൾ പലതാണ്. ഒന്ന്: വൈവാഹികജീവിതത്തിൽ ഉണ്ടായിരിക്കേണ്ട പരിശുദ്ധമായ സ്നേഹൈക്യം. ആദ്ധ്യാത്മികരംഗത്തും ഭൗതികരംഗത്തും ഒന്നുപോലെ സ്നേഹബന്ധം പുലർത്തുവാൻ ദമ്പതിമാർ കടപ്പെട്ടവരാണ്. രണ്ട്: ദാമ്പത്യവിശ്വസ്തതയും ദാമ്പത്യപ്രേമവും. നിങ്ങളുടെ പ്രാണനാഥനായി അഥവാ പ്രാണനാഥയായി ഒരിണയെ തിരഞ്ഞെടുത്താൽപ്പിന്നെ നിങ്ങളുടെ ഹൃദയത്തിൽ മൂന്നാമതൊരു വ്യക്തിക്കു സ്ഥാനമില്ല. അതായത്, ദമ്പതിമാർ പരസ്പരം ദാമ്പത്യപ്രേമം കൈമാറുവാൻ കടപ്പെട്ടവരാകുന്നു. മൂന്ന്: വിവാഹബന്ധത്തിന്റെ അഭേദ്യത. ദമ്പതിമാരിൽ ഒരാൾ മരിക്കുന്നതുവരെ വിവാഹബന്ധവും നിലനില്ക്കുന്നു. എന്തുകൊണ്ടെന്നാൽ, "ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർതിരിക്കരുത്."

## ദാമ്പത്യപ്രേമം

"ഭർത്താക്കന്മാരേ, ക്രിസ്തു തന്റെ സഭയെ സ്നേഹിച്ചതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കുവിൻ." ക്രിസ്തുനാഥൻ തന്റെ സഭയെ അത്യധികം സ്നേഹിച്ചു; സ്നേഹിക്കുന്നു; സ്നേഹിക്കുകയും ചെയ്യും. അവിടുത്തെ ഏകചിന്ത അവളെക്കുറിച്ചാണ്. അവിടുത്തെ ദൈവികമായ പ്ലാനുകളും നിശ്ചയങ്ങളും അവളുടെ അഭ്യുന്നതിക്കുവേണ്ടിയാ

ണ്. അവിടുന്ന് എന്തു സംസാരിക്കുന്നുവോ, എന്തു സ്ഥാപിക്കുന്നുവോ, എന്തു സഹിക്കുന്നുവോ അവയെല്ലാം സഭയ്ക്കുവേണ്ടിയാണ്. അവളോടുള്ള അവിടുത്തെ മനോജ്ഞസ്നേഹത്തിന് ഒരുനാളും വാട്ടവും കോട്ടവും തട്ടിയിട്ടില്ല. കാലത്തിന്റെ മുന്നേററത്തിൽ നൈർഭാഗ്യമെന്നേ പറയേണ്ടു, ഭിന്നസഭകൾ രൂപംകൊണ്ടു. പക്ഷേ, ഏകസത്യസഭയ്ക്കുമാത്രമേ അവിടുത്തെ കരവലയത്തിൽ ആനന്ദമണിയുവാൻ, പ്രേമഗാനങ്ങളുമാലപിച്ച് അവിടുത്തെ അരികെ ചേർന്ന് എന്നെന്നും നിലകൊള്ളുവാൻ സാധിക്കുകയുള്ളു. അവിടുത്തെ അലൗകികമായ സ്നേഹപ്രകർഷത്തിൽ പുളകമണിയുവാൻ അവൾക്കുമാത്രമേ അർഹതയുള്ളു.

ഉത്തമകത്തോലിക്കനായ ഏതൊരു ഭർത്താവും തന്റെ സഹധർമ്മിണിയെ ഇങ്ങനെതന്നെയാണു സ്നേഹിക്കേണ്ടതു്. അയാളുടെ സ്നേഹത്തെ പങ്കിട്ടെടുക്കുവാൻ മററാർക്കും അവകാശമില്ല. അയാളുടെ ഹൃദയം മുഴുവൻ അവൾക്കുള്ളതാണ്. അതിൽ രൂപംകൊള്ളുന്ന നേരിയ ഓരോ ചലനവും അവൾക്കുവേണ്ടിയാണ്. ഈ സ്നേഹത്തിന് ആനുപാതികമായി ഭാര്യ ഭർത്താവിനേയും സ്നേഹിക്കുന്നു. ഈ അനുപാതത്തിന് ഏററക്കുറച്ചിൽ വരുമ്പോഴാണു ജീവിതം പലപ്പോഴും അരോചകമായിബ്ഭവിക്കുക.

## പൊലിയാത്ത പ്രേമം

തന്റെ പ്രേയസിമണവാട്ടിയായ തിരുസ്സഭയോടു ക്രിസ്തുനാഥനുള്ള സ്നേഹം അനശ്വരവും അനന്തവുമാണ്. തിരുസ്സഭയുടെ അംഗങ്ങളിൽ, അവളുടെ അധികാരികളിൽ വികലതകൾ കണ്ടപ്പോൾപ്പോലും അവിടുന്നവളെ സ്നേഹിച്ചു; തെററുപററാത്ത ഒരു വഴിത്താരയിലൂടെ അവളെ

അവിടുന്നു സ്നേഹപൂർവ്വം കൈയ്യുപിടിച്ചു നയിച്ചു! അങ്ങനെ, നീണ്ടനീണ്ട ഇരുപതുനൂററാണ്ടുകൾ കടന്നുപോയി ക്രിസ്തുവിൻെറ സ്നേഹത്താൽ പ്രചോദിതമായ തിരുസ്സഭ ലോകത്തിൻെറ മുൻപിൽ ഒരു വിസ്മയവിഷയമായി നിലകൊള്ളുവാൻ തുടങ്ങിയിട്ട്.

ദാമ്പത്യമണിമന്ദിരത്തിൽ പ്രവേശിച്ചിരിക്കുന്ന ഏതൊരു കത്തോലിക്കനും ക്രിസ്തുനാഥനെ അനുകരിക്കുവാൻ ശ്രദ്ധപതിക്കട്ടെ. യുവത്വത്തിൻെറ ചപലതകളിൽ ചെന്നു കുടുങ്ങാതെ, സ്ത്രീത്വത്തിൻെറ വശീകരണങ്ങളിൽ ഒതുങ്ങിനില്ക്കാതെ, ഭാര്യയുടെ ശാരീരികസൗന്ദര്യത്തിലും ആകർഷകത്വത്തിലും മാത്രം വ്യഗ്രതകൊള്ളാതെ ദാമ്പത്യജീവിതത്തെ പരിപാവനമാക്കുക.

നിങ്ങളുടെ ഭാര്യയെസ്സംബന്ധിച്ചു പ്രതീക്ഷിക്കാത്ത ചിലചില പ്രശ്നങ്ങളുമായി നിങ്ങൾ ഏററുമുട്ടേണ്ടിവന്നാൽത്തന്നേയും ഒരിക്കലും നിരാശനാകരുത്. അവളോടുള്ള സ്നേഹത്തിനു യാതൊരു ഉലച്ചിലും തട്ടരുത്. സഭയുടെ പരീക്ഷണഘട്ടങ്ങളിലും മർദ്ദനവേളകളിലുമാണു ക്രിസ്തുനാഥൻെറ സ്നേഹം അവളിൽ ദൃഢതരമാവുക. അതുപോലെ, നിങ്ങളുടെ ഭാര്യയുടെ നൈസർഗ്ഗികമായ ബലഹീനതകളിലും കഴിവുകേടുകളിലും അവളോടു കരളലിവു കാണിക്കുക. നിങ്ങളുടെ സ്നേഹത്തിൻെറ പ്രകാശക്കതിരുകൾ ഈ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം മങ്ങാതെ നില്ക്കട്ടെ!

## സ്നേഹം പ്രവൎത്തനോന്മുഖമാണ്

തനിക്കു സഭയോടുള്ള സ്നേഹത്തെ ക്രിസ്തുനാഥൻ തൻെറ പ്രവൃത്തികളിലൂടെ കാണിച്ചുകൊടുത്തു. അവിടു

ത്തേ പ്രഭാഷണങ്ങളും അത്ഭുതങ്ങളും സുകൃതമാതൃകകളും അപ്പസ്തോലന്മാരുടെ തിരഞ്ഞെടുപ്പുമെല്ലാം അസന്ദിഗ്ദ്ധമായ രീതിയിൽ അവിടുത്തേ സ്നേഹത്തെ തെളിച്ചുകാട്ടി. മാത്രമോ? അവർക്കുവേണ്ടിയാണ് അവിടുന്നു ഭാരപ്പെട്ട മരക്കുരിശും തോളിലേന്തിക്കൊണ്ടു കാൽവരിക്കുന്നിലേക്ക് ഇഴഞ്ഞിഴഞ്ഞുപോയതു്! അവിടെ രണ്ടു കള്ളന്മാരുടെനടുവിൽ ഒരു പെരുംകള്ളനെപ്പോലെ കുരിശിൽ തൂങ്ങിമരിച്ചതു്; വിജയപ്രഭാവവാനായി അവിടുന്നു മൂന്നാംനാൾ ഉയിർത്തെഴുന്നേററതു്; ഉയിർപ്പിനുശേഷം, നാല്പതാം ദിനം സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളിയതു്; അവർക്കു ധൈര്യം പകരുന്നതിനു പത്താംനാൾ പരിശുദ്ധാത്മാവിനെ അയച്ചതു്. തലമുറതലമുറകളിലൂടെ അവിടുത്തേ സ്നേഹത്തിൻെറ ഈരടികൾ മുഴങ്ങി കേൾക്കുന്നു. "കണ്ടാലും ഞാൻ നിങ്ങളോടുകൂടി ലോകാവസാനംവരെ ഉണ്ടായിരിക്കും."

ഉത്തമ കത്തോലിക്കനായ ഒരുവൻ തൻെറ ഭാര്യയെ ജീവിതാന്ത്യംവരെ സ്നേഹിക്കണം. ഈ സ്നേഹം പ്രവൃത്തികളിലൂടെ കാണിച്ചുകൊടുക്കണം. പാപമല്ലാത്ത ഏതു കാര്യത്തിലും അവളോടു സഹകരിക്കുകയും അവൾക്കുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യണം. തൻെറ ജീവിതംതന്നെ ആനന്ദമയമാക്കുവാനാണ്, സുഖസംദായകമാക്കുവാനാണു തൻെറ പ്രാണനാഥൻ പണിപ്പെടുന്നതു് എന്നുള്ള അവബോധം അവളിൽ ഉയിർകൊള്ളട്ടെ. സഭയുടെ ഉയർച്ചയ്ക്കുവേണ്ടി സഹിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ക്രിസ്തുനാഥനെപ്പോലെ അയാൾ മനംമടുപ്പുകൂടാതെ സന്തോഷപൂർവ്വം സഹിക്കുകയും പണിയെടുക്കുകയും ചെയ്യും. കാര

ണം, തൻെറ സഹധൎമ്മിണി സന്തോഷവതിയായി വൎത്തി ക്കുന്നതു കാണുവാനാണു് അയാളാഗ്രഹിക്കുക.

ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ ഉണ്ടായിരിക്കേണ്ട മഹനീയമായ ബന്ധം നാം കണ്ടുകഴിഞ്ഞു. നൈൎഭാഗ്യവശാൽ ഈ ബന്ധം ശിഥിലീഭവിച്ച ചില ദമ്പതികളെയും നാം കണ്ടുമുട്ടിയേക്കാം. ഈ ശൈഥില്യത്തിനു കാരണക്കാർ അവർതന്നെയാണു്. ദാമ്പത്യജീവിതം നിരാശയിൽ നിപതിക്കാതെ, ജീവിതാനന്ദം കൈവരിക്കണമെങ്കിൽ, യുവതീയുവാക്കന്മാർ ആ ജീവിതാവസ്ഥയെ അതിൻെറ ശരിയായ കാഴ്ചപ്പാടിൽ പഠിച്ചറിയുക അവശ്യാവശ്യകമാണു്. അല്ലാതെ തിടുക്കംക്രൂട്ടി അതിൽ കാലുകുത്തുന്നവർ ഭാവിയിൽ തങ്ങളുടെ ദുർവിധിയെ പഴിച്ചുകൊണ്ടു വിങ്ങിപ്പൊട്ടേണ്ടതായി വന്നുക്രൂടും.

## സഭ ക്രിസ്തുവിനെ സ്നേഹിക്കുന്നു

“സഭ ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കുന്നതുപോലെതന്നെ ഭാൎയ്യമാർ തങ്ങളുടെ ഭൎത്താക്കന്മാൎക്കു സകലത്തിലും കീഴ്പ്പെട്ടിരിക്കണം.” സഭയുടെ പരമോദ്ദേശ്യം ക്രിസ്തുരാജ്യവികസനമാണു്; അമൎത്ത്യമായ ആത്മാക്കളെക്കൊണ്ടു സാമ്രാജ്യം നിറയ്ക്കുകയാണു്. അങ്ങനെ ദൈവത്തിൻെറ മഹത്വത്തെ വൎദ്ധിപ്പിക്കുക; അവിടുത്തെ സ്നേഹത്തിൻെറ ഭരണത്തെ ലോകത്തിനു മുഴുവൻ നല്കുക. കാലചക്രത്തിൻെറ കറക്കത്തിൽ തിന്മയുടെ ദൂതാളന്മാർ രംഗപ്രവേശം ചെയ്തിട്ടുണ്ടു്, അവളെ വഴിതെററിക്കുവാൻ, അവിടുത്തോടുള്ള സ്നേഹത്തിൽനിന്നു് അവളെ പിടിച്ചുകററുവാൻ. പക്ഷേ, എന്നെന്നും അവൾ അവിടുത്തേതാണു്

അവിടുത്തേതു മാത്രമാണ്. അവർക്ക് അവിടുത്തോ നേർക്കുള്ള ഭക്തിയും വിശ്വാസവും അടുപ്പവും ഒരുനാളും കുറഞ്ഞുപോവുകയും ഇല്ല. ഈ വിധത്തിലൊരു കീഴ്വഴക്കമാണു ഭാര്യമാരിൽ നിറഞ്ഞുനില്ക്കേണ്ടതു് എന്നു വി. അപ്പസ്തോലൻ ഉപദേശിക്കുന്നു. ഭർത്താവു് ആയിരിക്കണം ഭാര്യയുടെ സ്നേഹവിഷയം. അദ്ദേഹത്തിൻെറ സൽഗുണങ്ങളെ ബഹുമാനിക്കുക, അദ്ദേഹത്തിൻെറ അഭിമാനത്തിനു് ഇടിവുവരുത്തുന്ന യാതൊന്നും സംസാരിക്കാതിരിക്കുക ഇവയൊക്കെ സ്നേഹത്തിൻെറ സ്വർണ്ണക്കണ്ണികളെ ദൃഢതരമാക്കുവാൻ പര്യാപ്തമായ മാർഗ്ഗങ്ങളാണു്.

## അവർ ക്രിസ്തുവിൽ വിശ്വസിക്കുന്നു

സഭയുടെ പരിപൂർണ്ണവിശ്വാസവും ശരണവും നിക്ഷിപ്തമായിരിക്കുന്നതു ക്രിസ്തുനാഥനിലാണ്. അവിടുത്തെ വിശ്വസ്തതയിൽ അവർ ഒരുനാളും സംശയിച്ചിട്ടില്ല. തന്നെ ഭൂമുഖത്തുനിന്നു തുത്തുടച്ചു മാററുവാൻ അരയും തലയും മുറുക്കിവന്ന സഭാവൈരികളുടെ പടവാളിനു മുൻപിൽ തൻെറ അരുമക്കിടാങ്ങളുടെ തലയററു വീണതു കണ്ടപ്പോൾ, റോമൻ തെരുവീഥികളിലൂടെ അവരുടെ രക്തം പതഞ്ഞൊഴുകിയതു കണ്ടപ്പോൾ, ഭീരുക്കളെപ്പോലെ ഭൂഗർഭാലയങ്ങളിൽ അവർ പതിഞ്ഞിരുന്നതു കണ്ടപ്പോൾ, സഭ തന്നോടുതന്നെ ചോദിച്ചിട്ടുണ്ടായിരിക്കണം: "എവിടെ എൻെറ ദിവ്യമണവാളൻ? അവമാനിതയായ എന്നെ കാത്തുരക്ഷിക്കുവാൻ എന്തുകൊണ്ടദ്ദേഹം മുന്നോട്ടു വരുന്നില്ല? എന്തിനീ അഗ്നിപരീക്ഷണങ്ങൾ?....എന്തു്? അവിടുന്നു് ഈ വിശ്വാസിനിയെ മറന്നുകളയുകയോ?" എന്നു്. പക്ഷേ, എത്രവലിയ പരീക്ഷണഘട്ടങ്ങളും അ

വർക്കുണ്ടായിക്കൊള്ളട്ടെ, തന്റെ ദിവ്യമണവാളനിലുള്ള അവളുടെ വിശ്വാസത്തെ ക്ഷതപ്പെടുത്തുവാൻ അതൊട്ടും തന്നെ പര്യാപ്തമാവുകയില്ല. അവിടുത്തെ സഹായത്തിലും സംരക്ഷണത്തിലും അവളുടെ വിശ്വാസം സുദൃഢമാന വും അർപ്പിതമത്രേ.

ഒരു കത്തോലിക്കയുവതി തന്റെ ഭർത്താവിൽ അർപ്പിക്കേണ്ട വിശ്വാസത്തിന്റെ മഹനീയ മാതൃക! സംശയത്തിന്റെയോ വിദ്വേഷത്തിന്റെയോ ഒരു നേരിയ നിഴൽപോലും അവളുടെ ഹൃദയത്തിൽ ഉണ്ടാകരുത്. ഒരുപക്ഷേ, അവരുടെ ദാമ്പത്യജീവിതത്തെ തല്ലിക്കലക്കാൻ ചില 'നാരദന്മാർ' രംഗപ്രവേശം ചെയ്തേക്കാം. കാരണമില്ലാതെ സ്വഭർത്താവിനെ സംശയദൃഷ്ടിയോടെ വീക്ഷിക്കുക, മററുള്ളവർ അദ്ദേഹത്തെ കുററം പറയുമ്പോൾ ചെവിചായിക്കുക ഇവയൊന്നും ഒരു ഉത്തമഭാര്യയ്ക്കു ചേർന്നതല്ല. മാത്രമല്ല, മററുള്ളവരോടു തമാശായിട്ടുപോലും സ്വഭർത്താവിനെപ്പററി "റിമാർക്ക്"കൾ പറയുവാൻ ഒരു മനസ്വിനി മുതിരരുത്. ഒരുപക്ഷേ, ആ ഒററ റിമാർക്ക് അവരുടെ ദാമ്പത്യജീവിതത്തെ മുരടിപ്പിച്ചെന്നും വരാം.

## സഹിക്കുന്നു; പണിയെടുക്കുന്നു

ക്രിസ്തുവിനു സഭയോടുള്ള സ്നേഹംപോലെതന്നെ സഭയ്ക്കു ക്രിസ്തുവിനോടുള്ള സ്നേഹവും പ്രവർത്തനോന്മുഖമത്രേ. സന്തോഷത്തോടും ഹൃദയാനന്ദത്തോടുംകൂടി അവൾ അവിടുത്തേക്കുവേണ്ടി പണിയെടുക്കുന്നു; സഹിക്കുന്നു. അവൾ പ്രവർത്തിക്കുന്നതെല്ലാം-മാമ്മോദീസാനല്കുന്നതും പാപം വിമോചിക്കുന്നതും ഗുരുപ്പട്ടാഭിഷേകം നടത്തുന്നതും പരിശുദ്ധപിതാക്കന്മാരെ വാഴിക്കുന്നതും പള്ളികളും പള്ളിക്കൂ

ടങ്ങളും ആശുപത്രികളും ആതുരാലയങ്ങളും പണിതുയ ർത്തുന്നതും മറുനാടുകളിലേക്കു മിഷനറിമാരെ പറഞ്ഞയയ്ക്കു ന്നതും എല്ലാം—ക്രിസ്തുനാഥനുവേണ്ടിയാണ്; അവിടുത്തെ രാജ്യവികസനത്തിനു വേണ്ടിയാണ്. സ്വന്തം മഹത്വത്തെ യല്ല, ക്രിസ്തുവിൻെറ മഹത്വത്തെയാണ് അവർ കാംക്ഷി ക്കുക. അവിടുത്തെ സന്തോഷമാണ് അവരുടേയും സന്തോ ഷം. അവിടുത്തെ വിജയമാണ് അവരുടേയും വിജയം.

ഇതുപോലെതന്നെ ആയിരിക്കണം, സുകൃതിനിയായ ഒരു ഭാര്യയ്ക്കു തൻെറ ഭർത്താവിനോടുള്ള സ്നേഹബന്ധവും. അതു വെറും വികാരോഷ്മളത മാത്രമായിരിക്കരുത്, ഒരി ക്കലും. ഭർത്താവിൻെറ എല്ലാപ്രവർത്തനങ്ങളിലും അവർ പാടുള്ളിടത്തോളം അദ്ദേഹത്തെ സഹായിക്കണം.

ഇതിനെല്ലാം ഉപരി, ഭവനത്തെ ഒരു ശാന്തിനികേത നമാക്കിപ്പുകർത്തുവാനുള്ള പണിക്കോപ്പുകൾ ഭാര്യയുടെ കൈവശമാണിരിക്കുന്നത്. സമാധാനവും സംതൃപ്തിയും അ വിടെ കൈകോർത്തുകളിയാടണമെങ്കിൽ ഗൃഹനായിക സ്വ ഭാവവൈശിഷ്ട്യമുള്ളവളായിരുന്നേ പററൂ. ആധ്യാത്മി കമായും ശാരീരികമായും ആനന്ദമണിയുവാനുള്ള ദിവ്യനി ലയനമായി ഭർത്താവു ഭവനത്തെ വിലയിരുത്തണമെങ്കിൽ, അവിടെ അദ്ദേഹത്തിൻെറ ഹൃദയം യഥാർത്ഥസൗഭാഗ്യ ത്തിൽ നങ്കൂരമിട്ടുകിടക്കണമെങ്കിൽ, ഭാര്യ്യ നൂറുശതമാന വും യഥാർത്ഥഭാര്യയായിരുന്നേ മതിയാവൂ. സ്വർഗ്ഗത്തി ലേക്കു പറന്നുയരുവാനുള്ള പൊൻചിറകുകൾ നല്കുന്ന തിൽ അദ്ദേഹത്തെ അവർക്കു വളരെയധികം സഹാ യിക്കുവാനുണ്ട്. അദ്ദേഹത്തെ അവർ ഉള്ളുതുറന്നു സ്നേ ഹിക്കുമ്പോൾ അവർ തന്നെത്തന്നെ സ്നേഹിക്കുന്നു. അ ങ്ങനെ ദാമ്പത്യജീവിതസുധയെ ഇരുവരും ഒന്നുപോലെ ആസ്വദിച്ചാനന്ദിക്കുന്നു.

## സ്നേഹം എല്ലാമാകുന്നു

മുൻപറഞ്ഞതിൽനിന്നും കാച്ചിക്കുറുക്കിയെടുത്താൽ കിട്ടുന്ന കൊച്ചുവാക്യം വൈവാഹികജീവിതത്തിൽ സ്നേഹം എല്ലാമാകുന്നു എന്നതാണു്. തങ്കക്കതിരുകൾ നീട്ടി ഉദയാർക്കൻ കിഴക്കെച്ചക്രവാളത്തിൽനിന്നുയരുമ്പോഴാണു പ്രപഞ്ചം പ്രകാശമാനമാകുക. അതുപോലെ, ഹൃദയത്തിൽനിന്നു സ്നേഹം ഉദിച്ചുയരുന്നെങ്കിലേ വൈവാഹികജീവിതവും പ്രകാശപൂരിതമാകൂ.

ഒരു കത്തോലിക്കന്റെ ദാമ്പത്യജീവിതത്തിൽ വി. അപ്പസ്തോലന്റെ വാക്കുകൾ യാഥാർത്ഥീഭവിക്കണം: "സ്നേഹം ഒരിക്കലും വീണുപോകുന്നില്ല. പ്രവചനങ്ങൾ ഇല്ലാതാകും, ഭാഷകൾ നിന്നുപോകും, ജ്ഞാനം ക്ഷയിച്ചുപോകും" (1 കൊറി. 13: 8). കാലം കടന്നകലും; യുവതത്തിന്റെ വസന്തം നിങ്ങളെ വിട്ടകലും; നിങ്ങളുടെ സൗന്ദര്യം മങ്ങിമറയും; മുഖത്തെ ശോണിമ മാഞ്ഞുപോകും. വാടിയ പനിനീർപ്പൂപോലെ നിങ്ങൾ ആയിത്തീരും. ശാരീരികാരോഗ്യം ഇങ്ങിനിവരാതെവണ്ണം ഓടിമറയും. സ്നേഹിതർ വിട്ടുപിരിഞ്ഞെന്നും വരാം. കീർത്തിയും പ്രശസ്തിയും കൈപറിഞ്ഞുപോയെന്നും വരാം. എന്നാൽ, ഒന്നുമാത്രം എന്നും സുശക്തവും സുപ്രഭവുമായി നിലകൊള്ളും, വൈവാഹികജീവിതത്തിൽ—അതാണു സ്നേഹം. മററുള്ളതെല്ലാം കൈവിട്ടുപോയാലും സ്നേഹമുണ്ടെങ്കിൽ ദാമ്പത്യജീവിതത്തിൽ അരാജകത്വവും നിരാശയും വന്നുഭവിക്കുവാൻ പോകുന്നില്ല. എന്നാൽ, സ്നേഹമില്ലെങ്കിൽ, മററന്തെല്ലാമുണ്ടെങ്കിലുംശരി, ദാമ്പത്യജീവിതം ദയനീയമാംവിധം പൊളിഞ്ഞുതകരാതെ നിവൃത്തിയില്ല. "സ്നേഹം മരണത്തെപ്പോലെ ശക്തമത്രേ!" (പാ. പാ. 8: 6).

# VI

# അണിഞ്ഞൊരുങ്ങുമ്പോൾ

## താളം തെററിയ സംഗീതം

നാട്ടുമ്പുറത്തുകാരനായ ഒരു ഭാഗവതക്ക് പിണഞ്ഞ അമളിയാണു സ്മരണയിൽ വരുന്നതു്.

സംഭവമിതാണ്. ആളുകൾ തിങ്ങിക്കൂടിയ ഒരു സദസ്സിൽ പാട്ടുകച്ചേരി നടത്തുവാൻ ആ ഭാഗവതർ ക്ഷണിക്കപ്പെട്ടു. സന്തോഷസമന്വിതനായി അയാൾ ആ ക്ഷണം സ്വീകരിച്ചു; ഗായകസംഘത്തോടൊന്നിച്ച് ആഗതനായി.

പ്രതീക്ഷകളുമായി കാത്തിരുന്ന സദസ്യർ കരഘോഷത്തോടെ സംഗീതജ്ഞനേയും പാർട്ടിയേയും സ്വീകരിച്ചു. സംഗീതം ആരംഭിച്ചു. മേളക്കരുക്കൾ നേരിയ രാഗങ്ങൾ മീട്ടി. മധുരമധുരമായ സംഗീതത്തിൻെറ കുഞ്ഞലകൾ ഹൃദയങ്ങളിലേക്ക് പരന്നൊഴുകുകയാണ്. നാദവി

ന്യാസത്തിന്റെ കലാമോഹനമായ കേററമിറക്കങ്ങൾ അന്തരീക്ഷത്തെ ഇക്കിളി കൊള്ളിച്ചു.

സംഗീതസാന്ദ്രമായ സദസ്സിന്റെ താലോലിപ്പുകൾക്കൊത്തു കരഘോഷങ്ങളും ജയ്വിളികളും ഉയർന്നു വന്നു. ആദ്യത്തെ ഗാനം അവസാനിച്ചു. രണ്ടാമത്തേതു് ആരംഭിക്കുകയാണു്.

അപ്പോഴാണു് ഒരു മദ്ധ്യവയസ്കൻ സദസ്സിൽ എഴുന്നേററു നിന്നതു്. പുളിയിലക്കരയൻ കവണി അയാൾ തോളത്തേക്കൊന്നുകൂടി വലിച്ചിട്ടു. "ഹേ, ആ 'പക്കാലാ' കീർത്തനം ഒന്നു പാടൂ, കേൾക്കട്ടെ." ഏതോ ഒരു വലിയ കാര്യം സാധിച്ചവനെപ്പോലെ ഗാംഭീര്യത്തോടേ അയാൾ ഇരുന്നു.

ചിലർ ഊറിയൂറി ചിരിച്ചു. ജനകീയഗാനങ്ങളുടെ ഇക്കാലത്തു പഴഞ്ചൻ കീർത്തനങ്ങൾ! എങ്കിലും, നാട്ടുപ്രമാണിയായ ആ ഇടപ്രഭുവിന്റെ ആഗ്രഹത്തിനു് ആരും വിലങ്ങടിച്ചു നിന്നില്ല.

ഭാഗവതർ അന്ധാളിച്ചുപോയി. കാരണം, സഹഗായകർ നന്നായി പഠിച്ചൊരുങ്ങാത്ത ഒരു ഗാനമാണതു്. എങ്കിലും, സദസ്യരുടെ അഭിലാഷമല്ലേ? പാടാതിരിക്കുവാൻ പററുകയില്ല. അറിഞ്ഞുകൂടാ എന്നു പറഞ്ഞൊഴിഞ്ഞാൽ കിട്ടിയകീർത്തി കൈപറിഞ്ഞുപോകുകയും ചെയ്യും. ധർമ്മസങ്കടത്തിലായി, അയാൾ.

പ്രത്യാശാനിർഭരമായ അക്ഷമയിൽ സദസ്യരുടെ ഹൃദയം ത്രസിച്ചു. ഭാഗവതർ കീർത്തനം ആരംഭിച്ചുകഴിഞ്ഞു. പക്ഷേ, താളവും ചിട്ടയുമില്ലാതെ, സംഗീതത്തിന്റെ സമന്വയാവസ്ഥയുടെ നിഴൽപോലുമേശാത്ത ആ

പാട്ടു കേട്ടപ്പോൾ സദസ്സിൽനിന്നു 'ഷേയിം' വിളികളുയരുകയാണുണ്ടായതു്. ജനാലക്കരികേ തടിച്ചുകൂടിനിന്ന കുളിപ്പിള്ളേർ കൂക്കുവിളിച്ചു. ആദ്യത്തേ ഗാനവും രണ്ടാമത്തേ ഗാനവും തമ്മിൽ ഇത്ര അന്തരം വരുവാൻ കാരണം എത്ര ചിന്തിച്ചിട്ടും ആൾക്കും പിടികിട്ടിയില്ല.

തീർത്താൽതീരാത്ത അവമാനവും പേറിക്കൊണ്ടു് ആ 'സംഗീതചക്രവർത്തി' സഹചരന്മാരോടൊന്നിച്ചു സ്ഥലം വിടുവാൻ നിർബന്ധിതനായി.

ദാമ്പത്യമലക്കാവിൽ കടന്നുനിന്നുകൊണ്ടു ജീവിതഗാനം ആലപിക്കുവാൻ ആഗ്രഹിക്കുന്ന യുവഹൃദയങ്ങൾ നന്നായി പഠിച്ചൊരുങ്ങുക എത്രയോ അവശ്യാവശ്യകം. ആ ജീവിതഗാനത്തിൻെറ താളവും ചിട്ടയും വശ്യതയും മധുരിമയുമെല്ലാം ഈ അണിഞ്ഞൊരുങ്ങലിനെ ആശ്രയിച്ചാണിരിക്കുക.

## ദൈവദത്തമായ ശക്തി

നീരാവി ശരിയായവിധത്തിൽ നിയന്ത്രിക്കപ്പെടുകയും വിനിയോഗിക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ അതിൻെറ സീമാതീതമായ ശക്തി നമുക്കു പ്രത്യക്ഷപ്പെടുന്നുള്ളു. അപ്പോൾ അതു വളരെയധികം ഉപകാരപ്രദമായ ഒരു വസ്തുവായി പകരുന്നു. നിയന്ത്രിക്കപ്പെടുന്നില്ലെങ്കിൽ വളരെ ഭയങ്കരമായ നാശം അതു വരുത്തിവയ്ക്കും. നീരാവികൊണ്ടു് ഓടിക്കുന്ന തീവണ്ടി നിയന്ത്രണാതീതമായാൽ, അപകടം സംഭവിച്ചാൽ എത്രയെത്ര ആളുകളെയാണു് ആ ഒററ അപകടം ആഹുതി ചെയ്യുക! ദൈവം, ഇതുപോലെതന്നെ ഓരോ യുവതിയിലും അജ്ഞാതമായ ഒരു ശക്തി നിഗ്രഹനം ചെയ്തിട്ടുണ്ടു്. ആ ശക്തി

യുപയോഗിച്ച് നിരവധികമായ നന്മകൾ പുറപ്പെടുവിക്കു വാനോ ഭയങ്കരമായ നാശങ്ങൾ വരുത്തിവയ്ക്കുവാനോ അ വൾക്കു കഴിയും.

ഈ ശക്തിയെ നിർദ്ദിഷ്ടമായ വിധത്തിൽ ഉപയോ ഗിച്ചതിന്ന് ഉത്തമോദാഹരണമാണു പഴയനിയമത്തി ലെ ലാബാൻെറ പുത്രി റാഹേൽ. സുന്ദരിയായിരുന്നു അവൾ. ആടുകളെ മേയ്ക്കുകയായിരുന്നു അവളുടെ തൊ ഴിൽ.

ആടുകൾക്കുവെള്ളം കൊടുത്തുകൊണ്ടിരുന്ന റാഹേലി നെ, യാക്കോബു കിണററിൻകരയിൽവച്ചു കണ്ടുമുട്ടുന്നു. അവളിൽ നിക്ഷിപ്തമായിരുന്ന മുൻപറഞ്ഞ ശക്തി അ വളറിയാതെതന്നെ പ്രവത്തനോന്മുഖമാകുന്നു. യാക്കോ ബിന്ന് അവളോട് ഏതോ ഒരാകർഷണം. സ്നേഹത്തി ൻെറ ഒരു വലിയ വശീകരണശക്തി! അവളെ ലഭിക്കുവാ ൻവേണ്ടി യാക്കോബ്, ലാബാന് ഏഴുകൊല്ലം പണിയെ ടുക്കുന്നു! "അവ കുറച്ചുദിവസങ്ങൾപോലെ മാത്രമേ അ വനു തോന്നിയുള്ളൂ. കാരണം, അവൻെറ സ്നേഹം അ ത്ര സമുന്നതമായിരുന്നു." എന്നാണു വിശുദ്ധഗ്രന്ഥം പറഞ്ഞിരിക്കുന്നത്.

എന്നാൽ, ഏഴുകൊല്ലംകൊണ്ടു അയാളുടെ അഭിലാ ഷം സാധിതമായില്ല. തുടന്നു ഏഴുകൊല്ലംകൂടി ലാബാനു പണിയെടുക്കുവാൻ യാക്കോബു നിർബന്ധിതനാകുന്നു. റാഹേലിനോടുള്ള പരിശുദ്ധമായ സ്നേഹത്താൽ പ്രചോ ദിതനായി അവനതും ചെയ്തു.

ഓരോ യുവതിയിലും ഈദൃശശക്തി നിക്ഷിപ്ത മായിട്ടുണ്ടെന്നോക്കണം. പക്ഷേ, ഒരു കാര്യം—ദൈവ

ത്തിൽനിന്നു നല്കപ്പെട്ടിരിക്കുന്ന ഒരു വിശിഷ്ടദാനമാണിതെന്നു് അവർ മറന്നുപോകരുതു്. അവരിതു മനസ്സിലാക്കുന്നില്ലെങ്കിൽ തങ്ങളുടേയും മററുള്ളവരുടേയും ജീവിതത്തെ തകർത്തുതരിപ്പണമാക്കുവാൻ അതു ധാരാളം മതി. ഒരു ക്ലെയോപാട്രായുടേയും ഹേറോദ്യായുടേയുമൊക്കെ കുപ്രസിദ്ധിയാർജ്ജിച്ച കഥകൾ നാം കേട്ടിട്ടുണ്ടല്ലോ.

## മുത്തശ്ശിപറഞ്ഞതു്

മരണവക്ത്രത്തിൽപ്പെട്ടുകിടക്കുന്ന എൺപത്തിരണ്ടുകാരിയായ ഒരു മുത്തശ്ശി ഒരിക്കൽ ഒരു വൈദികനോടു പറയുകയാണു്: "അച്ചാ, എനിക്കൊരു കാര്യം അങ്ങയെ അറിയിക്കുവാനുണ്ടു്. രഹസ്യമാണു്. അതേ, പരസ്യമാക്കേണ്ട ഒരു രഹസ്യം. അച്ചനിതു് എല്ലാവരോടും പറയണമെന്നാണു് എൻെറ ആശ. അച്ചാ, ഞാനെൻെറ ജീവിതവസന്തത്തിലായിരുന്നപ്പോൾ ആരുശതമാനവും സുന്ദരിയായിരുന്നു. എല്ലാവരേയും ആകർഷിക്കുവാനുള്ള കഴിവു് എനിക്കു നന്നേ ഉണ്ടായിരുന്നു എന്നുവേണം പറയുവാൻ. എനിക്കതു ലഭിച്ചതിൽ ഞാൻ അഭിമാനംകൊണ്ടു. അല്ല, അഹങ്കരിച്ചു. അതു് എൻെറ ഒരു ഒററപ്പെട്ട മഹത്വമായി ഞാനെണ്ണി. എന്നാൽ, ഞാനിതാ രോഗാതുരയായി മരണത്തിൻെറ നിമിഷങ്ങളെ എണ്ണിനീക്കിക്കൊണ്ടു് ഇപ്പോൾ ഈ കട്ടിലിൽ കിടക്കുന്നു! ജീവിതത്തിൻെറ പടിവാതിൽ ഞാൻ കടക്കുകയാണു്. ഹൃദയത്തെ കരണ്ടു നശിപ്പിക്കുന്ന ഒരു തീരാത്തവേദന ഇപ്പോഴും എന്നെ പേടിപ്പെടുത്തുകയാണു്. എൻെറ പാപങ്ങളുടെ നീണ്ടപട്ടിക, ഞാൻകാരണം പാപത്തിൽ പുതഞ്ഞു വീണവരുടെ നീണ്ട പട്ടിക, നീറുന്ന ഭൂതകാലസ്മരണകൾ—അതെന്നെ

ശ്വാസം മുട്ടിക്കുകയാണ്. നഗ്നതയെ പുറത്തുകാട്ടുന്ന എന്റെ വേഷവിധാനങ്ങളും എന്റെ നോക്കും വാക്കുമെല്ലാം മററുള്ളവർക്കു പാപകാരണമായിരുന്നു. അതോർക്കുമ്പോൾ എന്റെ ഹൃദയം തകരുന്നു. ഹാ, മററാർക്കും ഇങ്ങനെ ഒരു ദുരന്തം വന്നുഭവിക്കാതിരിക്കട്ടെ!"

ഒരു കത്തോലിക്കയുവതി എല്ലായിടത്തും പ്രസന്നയായിരിക്കണം, സന്തോഷവതിയായിരിക്കണം. പക്ഷേ, തന്റെ ചുമലിൽ ദൈവം വച്ചിരിക്കുന്ന മഹത്തായ ഉത്തരവാദിത്വത്തെ അവൾ മറക്കരുത്. തന്റെ ആകർഷകത്വവും വശ്യതയും സൗന്ദര്യവുമെല്ലാം മററുള്ളവരുടെ അധമവികാരങ്ങളെ ഊതിക്കത്തിക്കുവാൻ അവൾ ഇടയാക്കരുത്. ഈ അവബോധം ഏതൊരുയുവതിയുടെ ഹൃദയത്തിലും പതിഞ്ഞു നില്ക്കണം. മററുള്ളവരെ ദൈവത്തിനെതിരായി അണിനിരത്തുന്നതിന് ഒരുനാളും ഈ ദൈവികദാനത്തെ അവൾ വിനിയോഗിക്കാതിരിക്കട്ടെ.

## ലോകം കെണിവയ്ക്കും

തങ്ങൾക്കു കൈവന്നിരിക്കുന്ന ഈ നൈസർഗ്ഗികശക്തിയുടെ മഹനീയതയേയും വിശുദ്ധിയേയും പററി ബോധപ്പെടുന്ന യുവതികൾ മററുള്ളവരുടെ മുൻപിൽ, പ്രത്യേകിച്ചു യുവാക്കന്മാരുടെ മുൻപിൽ ഒരു 'കാവൽമാലാഖ'യെപ്പോലെ വർത്തിക്കും. ലോകത്തിന്റെ കെണികളിൽ കുടുങ്ങാതിരിക്കുവാൻ, ദൈവത്തിൽനിന്നു ലഭിച്ചിരിക്കുന്ന ഈ മഹാദാനത്തെ തട്ടിത്തൂവാതിരിക്കുവാൻ, വളരെയധികം മുൻകരുതൽ അവർക്കുണ്ടായിരുന്നാലേ പററൂ.

ഒരു കത്തോലിക്കയുവതി എല്ലാ വിധത്തിലും മററുള്ളവർക്ക് അനുകരണാർഹയാകുവാൻ ശ്രമിക്കണം. സ്വ

ഭാവനൈർമ്മല്യമാണു് അതിനവളെ ശക്തയാക്കുക. അവളുടെ വാക്കിലും പ്രവൃത്തിയിലും പെരുമാററത്തിലും വിനയവും എളിമയും തെളിഞ്ഞുനില്ക്കണം.

നിങ്ങളുടെ ഭാവിവരൻ, നിങ്ങളുടെ ആടയാഭരണങ്ങളിൽ, ശാരീരികസൗന്ദര്യത്തിൽ മാത്രം ശ്രദ്ധപതിക്കുവാൻ ഇടയാകാതിരിക്കട്ടെ. നിങ്ങളുടെ ആധ്യാത്മികസൗന്ദര്യം, സ്വഭാവശുദ്ധിയുടെ ശുഭ്രവസ്ത്രം ആ യുവകോമളനെ ആകർഷിക്കട്ടെ. കന്യകാത്വത്തിൻെറ മഹിമാവിൽ സുകൃതങ്ങളുടെ പരിവേഷമണിഞ്ഞുനില്ക്കുന്ന ഒരു സുകൃതിനിയെയാണു്, ഒരു യുവാവു തൻെറ പ്രേമഭാജനമായി സ്വീകരിക്കുവാൻ അഭിലഷിക്കുന്നതു്. മറിയത്തിൻെറ കറയെഴാത്ത വിമലഹൃദയത്തിനു പ്രതിഷ്ഠിതമായിരിക്കുന്ന ഒരു ഹൃദയസുമത്തെയല്ലേ ഏതു യുവകോമളനും ആഗ്രഹിക്കുക?

സന്മാർഗ്ഗത്തിൻേറയും സദാചാരത്തിൻേറയും നേരേ ഒരു പരിഹാസച്ചിരിയോടെയാണു്, ആധുനികലോകം നിലകൊള്ളുന്നതു്. പരിപാവനങ്ങളായ ധാർമ്മികമൂല്യങ്ങളെ പൊളിച്ചെഴുതുവാൻ അതു വെമ്പലിടുന്നു. മനുഷ്യനിൽ അന്തർലീനമായിക്കിടക്കുന്ന അധമവികാരങ്ങളെ, മാംസത്തിൻെറ പ്രവണതകളെ, തട്ടിയുണർത്തി അവൻെറ ആധ്യാത്മികതയെ തല്ലിത്തകർത്തുവാനുള്ള ഒരു കരുനീക്കം ദ്രുതഗതിയിൽ നടന്നുവരുന്നു. അപകടങ്ങളെ ധീരതയോടേ നേരിടുവാൻ നാം വളരെയധികം മുൻകരുതലോടേ വർത്തിക്കേണ്ടിയിരിക്കുന്നു.

## പ്രേമബന്ധത്തിൽ

സ്നേഹിക്കുവാൻവേണ്ടിയാണു ദൈവം നമുക്കോരോരുത്തർക്കും ഹൃദയം നല്കിയിരിക്കുന്നതു്. വിവാഹിത

രാകണമെന്നുള്ള പാവനമായ ഉദ്ദേശത്തോടേ യുവഹൃദയ ങ്ങൾ പരസ്പരം സ്നേഹിക്കുമ്പോൾ ആ സ്നേഹത്തെ പ്രേമ മെന്നു വിളിക്കുന്നു.

സ്നേഹം മനുഷ്യനെസ്സംബന്ധിച്ചിടത്തോളം വിശുദ്ധ മായ ഒരു വികാരമാണ്. ശരിതന്നെ. പക്ഷേ, അതു നിയമാനുസൃതമായിരിക്കണമെന്നുമാത്രം. അധമമായ മാ ൎഗ്ഗങ്ങളും നിഷിദ്ധമായ ഉദ്ദേശങ്ങളും അതിൻെറ നിറം കെടുത്തുമ്പോഴാണു മനുഷ്യൻ മൃഗത്തിൻെറ നിരയിലേ ക്കു താഴ്ന്നിറങ്ങുക. "വളരെ നല്ല സാധനം ചീത്തയാ യാൽ, അതായിരിക്കും ഏററവും മോശം." സ്നേഹത്തി ൻെറ വിഷയത്തിൽ ഈ തത്വം വളരെയധികം യോജി ക്കുന്നുണ്ട്.

## കാത്തിരിക്കേണ്ടവ

ശക്തിയേറിയ ഒരു വികാരമാണു പ്രേമം. അതു ഹൃ ദയത്തെ കൈയടക്കിക്കളയുന്നു. ഊൎജ്ജതന്ത്രത്തിലേ ത ത്വം നമുക്കറിയാം. ഒരു വലിയ ശക്തിയെ പ്രതിരോധി ക്കണമെങ്കിൽ അതിനനുസരണമാംവിധം ഒരു എതിർശ ക്തി പ്രയോഗിച്ചേ പററൂ. ഇതുപോലെതന്നെ പ്രേമ ത്തിൻെറ കാര്യത്തിലും.

വേഗം കൂടിയ മോട്ടോർ വാഹനങ്ങൾ നിയന്ത്രിക്കണ മെങ്കിൽ യാതൊരു കേടും തട്ടാത്ത സ്റ്റീയറിംഗും ബ്രേക്കും ആവശ്യമല്ലേ? അല്ലെങ്കിൽ, അതു കുണ്ടിലോ കുഴിയിലോ മറിയുവാൻ എത്ര എളുപ്പം! പ്രേമത്തിൻെറ വിഷയത്തി ലും ഇവയൊക്കെത്തന്നെയാണു വേണ്ടതു്. ബുദ്ധിയും വി വേകവുമാണ് അതിൻെറ സ്റ്റീയറിംഗും ബ്രേക്കും. അവ ബലമുററവയായിരിക്കണം. എങ്കിൽ, പ്രേമത്തിൻെറ ക

രവലയത്തിൽപ്പെട്ടു നില്ക്കുന്ന യുവഹൃദയങ്ങൾ ജീവിത സൗഭാഗ്യം നേടിയെടുക്കാതിരിക്കുകയില്ല. നേരേമറിച്ച്, അവ ബലഹീനമാണെങ്കിൽ ജീവിതം നിരാശയിലും ദൌർഭാഗ്യത്തിലും ചെന്നാടിയാതെ നിവൃത്തിയില്ല.

സൃഷ്ടികളിൽനിന്നു സ്രഷ്ടാവിലേക്കു നാം സ്നേഹം വഴി പറന്നുയരണം. സ്നേഹമെന്ന മധുരവികാരം മനുഷ്യനു നല്കിയതിൽ ദൈവത്തിൻെറ പരമോദ്ദേശ്യം അതുതന്നെയാണ്. ബുദ്ധി, വിശ്വാസം, സുകൃതം, സന്മനസ്സ് ഇവയിലൂടെവേണം സ്നേഹം നയിക്കപ്പെടുവാൻ. എങ്കിലേ, അതിൻെറ പരമാന്ത്യം ദൈവത്തിലായിരിക്കുക സാധ്യമാവൂ. അതായത്, സ്നേഹം ഒരിക്കലും അന്ധവും അനിയന്ത്രിതവും ആയിരിക്കരുത്.

നിങ്ങൾ ഡ്റൈവിംഗു പഠിക്കുകയാണെന്നിരിക്കട്ടെ. പഠിപ്പിക്കുന്നയാൾ നിങ്ങളോടു പറയും: "സ്റ്റാർട്ടു ചെയ്യുക വളരെ എളുപ്പമാണ്. പക്ഷേ, നിറുത്തുന്നകാര്യം അത്രയും എളുപ്പമല്ല." അനുഭവത്തിൽനിന്നു നിങ്ങൾക്ക് ഈ തത്വം ശരിയാണെന്നു മനസ്സിലാകുകയും ചെയ്യും. തീവണ്ടിയും കാറുമൊക്കെ നിറുത്തുന്നതിന്, സ്റ്റാർട്ടുചെയ്യുവാൻ വേണ്ടിവരുന്നതിൽ കൂടുതൽ യത്നം ഉപയോഗിക്കുന്നില്ലേ?

പ്രേമത്തിൻെറ കാര്യത്തിലും ഇതു ശരിതന്നെ. ഒരു യുവാവിനെ അല്ലെങ്കിൽ, യുവതിയെ പ്രേമിച്ചുതുടങ്ങുക എളുപ്പമാണ്. പക്ഷേ, അതൊന്നു നിറുത്തുന്നകാര്യം—അതാണു വിഷമപ്രശ്നം. തെററായ ഒരു പ്രേമബന്ധത്തിൽനിന്നു യുവഹൃദയങ്ങൾ വിട്ടുമാറണമെങ്കിൽ അസാധാരണമായ സ്വഭാവശുദ്ധിയും സുകൃതചര്യയും ഉണ്ടായിരിക്കുക ആവശ്യകമത്രേ.

## വഴിപിഴച്ചപ്രേമം

പല കാറപകടങ്ങളുടേയും കാരണം നാം കേൾക്കാറുണ്ട്: "കാറിന്റെ ഗതിയെ നിയന്ത്രിക്കുവാൻ ഡ്റൈവർക്കു കഴിഞ്ഞില്ല." അവിഹിതവും അനഭിലഷണീയവുമായ പ്രേമബന്ധത്താൽ ജീവനാശവും ആത്മനാശവും ഒരേ സമയത്തു വരുത്തിവയ്ക്കുന്ന യുവതീയുവാക്കന്മാർക്കും പറവാനുള്ള അപകടം ഇതുതന്നെ: "പ്രേമത്തിന്റെ വഴിപിഴച്ച പോക്കിനെ തടയുവാൻ അവനു് അല്ലെങ്കിൽ, അവൾക്കു കഴിഞ്ഞില്ല!" ഈ ദുർഭഗർ പ്രേമശകടത്തിന്റെ സ്റ്റിയറിംഗിലും ബ്രേക്കിലും നന്നായി കൈ ഉറപ്പിച്ചിരുന്നെങ്കിൽ! ബുദ്ധിയും വിശ്വാസവും അവരുടെ പ്രേമത്തിന്റെ വഴിത്താരയിൽ വെളിച്ചം തെളിച്ചിരുന്നെങ്കിൽ! എങ്കിൽ, അപ്രകാരമൊരു അത്യാഹിതം തീരാത്ത ഒരു ഹൃദയനൊമ്പരം, വന്നുഭവിക്കുകയില്ലായിരുന്നു!

കരയിക്കുന്ന ഒരു സംഭവം പറയാം. ഒരു കത്തോലിക്കായുവതി അനാശാസ്യമായ ഒരു പ്രേമബന്ധത്തിൽ ചെന്നു കുടുങ്ങി. അവളുടെ കാമുകനോ? വിവാഹമോചനം നേടിയ ഒരു കശ്മലനും.

പെട്ടെന്നാണു് അവൾക്കൊരു രോഗം പിടിപെട്ടതു്. കന്യാസ്ത്രീകളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ഒരു ആശുപത്രിയിലേക്കു് അവൾ മാററപ്പെട്ടു. അവളുടെ രോഗം കൂടിക്കൂടിവന്നു.

ഒരു ദിവസം, തന്നെ പരിചരിക്കുന്ന കന്യാസ്ത്രീയോടു് അവൾ തന്റെ നാറുന്ന ജീവിതകഥ വിവരിച്ചുകേൾപ്പിച്ചു.

"പ്രിയപ്പെട്ട സഹോദരീ, എനിക്കദ്ദേഹത്തെ, എ

ൻെറ പ്രാണപ്രിയനെ ഒരുനോക്കു കാണണം." അവളുടെ അന്തിമാഭിലാഷമായിരുന്നു അതു്.

സുകൃതിനിയായ ആ കന്യാസ്ത്രീ അവളോടു പറഞ്ഞു: "സ്നേഹിതേ, നിങ്ങൾ ഒരു വഴിപിഴച്ച പ്രേമബന്ധത്തിലാണല്ലോ ചെന്നു കുടുങ്ങിയിരിക്കുന്നതു്! നോക്കൂ, തീർച്ചയായും അതു പാപകരമായ ഒരു ബന്ധമല്ലേ? ഇനിയെങ്കിലും ഹൃദയത്തെ ആ മാരകമായ കുരുക്കിൽനിന്നു സ്വതന്ത്രമാക്കി ഈശോയിൽ സമർപ്പിക്കുക. ദൈവത്തിൻെറ സനാതനനിയമത്തെ പാടേ ലംഘിക്കുന്ന ആ ബന്ധത്തെ അങ്ങു മറന്നുകളഞ്ഞേക്കുക. എന്നിട്ടു, സമാധാനത്തോടുകൂടി ഒരു നല്ല മരണത്തിനു ഒരുങ്ങുക...."

ചെയ്തുപോയ തെററിനെക്കുറിച്ചു് അവൾക്കു് അനുതാപമുണ്ടായി. ദൈവത്തിൻെറ കാരുണ്യത്തിലേക്കു വീണ്ടും പിന്തിരിയുവാൻ അവൾ ഔൽസുക്യം പ്രകടിപ്പിച്ചു. കഴുകൻെറ കാലുകളിൽനിന്നും ഒരു മാടപ്പിറാവു രക്ഷപ്പെടുവാൻ പോകുന്നു! അതോർത്തപ്പോൾ ആ കന്യാസ്ത്രീ ഹർഷപുളകിതയായി.

പക്ഷേ, സംഭവിച്ചതു മറിച്ചാണു്. സാഹചര്യങ്ങൾ അതിനു കളമൊരുക്കി. അടുത്തദിവസംതന്നെ അവളുടെ കാമുകൻ ആരുടേയും അനുവാദംകൂടാതെതന്നെ അവളുടെ മുറിയിലേക്കു കടന്നുവന്നു. മരണക്കിടക്കയിൽ ജീവിതത്തിൻെറ അന്ത്യനിമിഷങ്ങളുമായി കഴിഞ്ഞുകൂടുന്ന രോഗിണിയെ ശല്യപ്പെടുത്തരുതേ എന്നു് ആ കന്യാസ്ത്രീ അയാളോടു വിനീതമായി അഭ്യർത്ഥിച്ചു. കാരണം, മരണത്തിനു നന്നായിഒരുങ്ങിയിരിക്കുന്ന ആ യുവതിയുടെ ആത്മാവിനെ എന്നേക്കുമായി നശിപ്പിക്കുവാൻ അയാളുടെ സാന്നിധ്യം തികച്ചും മതിയാകുമെന്നു് അവൾക്കറിയാമായിരുന്നു.

പക്ഷേ, അയാളുണ്ടോ സമ്മതിക്കുവാൻപോകുന്നു? കാമിനിയുടെ കട്ടിലിന്നരികിലേക്കു് അയാൾ അടുത്തു. അവൾ കണ്ണുതുറന്നു. വേദന നിറഞ്ഞ നിമിഷങ്ങൾ! അവൾക്കു് ആളിനെ മനസ്സിലായി. പാപകരമായ തന്റെ കഴിഞ്ഞ ജീവിതത്തെക്കുറിച്ചു പശ്ചാത്താപവിവശയായിരുന്ന അവളുടെ ഭാവം ആകപ്പാടെ ഒന്നു മാറി! കൈയിലിരുന്ന കുരിശുരൂപം അവൾ നിലത്തേക്കിട്ടു. "എനിക്കിതുവേണ്ട, എനിക്കെന്റെ പ്രേമനാഥനെ മതി, മതി...." അവൾ കിടക്കയിലെഴുന്നേററിരിക്കുവാൻ പിടഞ്ഞു. ഇരുകൈകളും മുൻപോട്ടു നീട്ടി. അയാൾ വികാരാധീനനായി അവളുടെ കരവലയത്തിലേക്കു ചാഞ്ഞു.

നിർഭാഗ്യം നിറഞ്ഞ നിമിഷങ്ങൾ അധികം കടന്നുപോയില്ല. അവൾ മരിച്ചു! കാമുകന്റെ കൈകളിൽത്തന്നെ ചാരിക്കിടന്നുകൊണ്ടു് ആ ദുർഭഗ അന്ത്യശ്വാസം വെടിഞ്ഞു!

അവളെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ആ കന്യാസ്ത്രീ മുഖം പൊത്തിക്കരഞ്ഞുപോയി! പരമപരിശുദ്ധനായ നിത്യവിധിയാളന്റെ മുൻപിൽ, ശുദ്ധതയുടെ ലില്ലിപ്പൂക്കളെ സ്നേഹിക്കുന്ന ദിവ്യനാഥന്റെ മുൻപിൽ പാപത്തിന്റെ കരിപുരണ്ട അവളുടെ ആത്മാവു് എങ്ങനെ കടന്നുചെന്നുകാണും? നിത്യവിധിയാളനിൽനിന്നും ഏതു വിധിവാചകമായിരിക്കും അവൾ ശ്രവിച്ചിരിക്കുക?

## ക്രൈസ്തവവിവാഹത്തിന്റെശ്രേഷ്ഠത

വിവാഹത്തിന്റെ മഹനീയമായ കടമകളെക്കുറിച്ചും നിലപാടിനെക്കുറിച്ചും മനസ്സിലാക്കുന്ന ഒരാൾ വളരെയധികം ചിന്തിച്ചതിനുശേഷം മാത്രമേ ഒരു തീരുമാനമെടു

ക്കുകയുള്ളൂ. മറേറതെങ്കിലും ഒരുടമ്പടിയാണെങ്കിൽ ഒരു പക്ഷേ, ഇഷ്ടാനുസാരം നിങ്ങൾക്ക് അതിൽനിന്ന് ഒഴിഞ്ഞുമാറുവാൻ സാധിച്ചേക്കാം. നഷ്ടം നേരിട്ടാൽത്തന്നേയും നിങ്ങൾക്കതിനെ നികത്താൻ സാധിക്കും.

നിങ്ങളൊരു കാറു വാങ്ങിച്ചുവെന്നിരിക്കട്ടെ. വാങ്ങിയതിനശേഷം അത് അത്ര നല്ലതല്ലെന്നു തോന്നുന്ന പക്ഷം നിങ്ങൾക്കതിനെ മറിച്ചു വില്ക്കുവാൻ സാധിക്കുകയില്ലേ? പരിപാവനമായ വിവാഹത്തിന്റെ ഉടമ്പടിയിലും ഒരു 'കൊട്ടക്കൽ വാങ്ങൽ' അല്ലേ നടക്കുന്നത്? പക്ഷേ, വിവാഹത്തിൽ നിങ്ങൾ തിരഞ്ഞെടുത്ത ജീവിതസഖി, എത്ര മോശക്കാരിയുമായിക്കൊള്ളട്ടെ, അവളെ മാററിനിറുത്തി നിങ്ങൾക്കു മറെറാരുവളെ ജീവിതസഖിയായി സ്വീകരിക്കുവാൻ ഒരുനാളും സാധിക്കുകയില്ല. മരണം വരെ നിലനില്ക്കുന്ന ഒന്നത്രേ വിവാഹത്തിലെ ഉടമ്പടി.

നിങ്ങളുടെ വൈവാഹികജീവിതം ഒരുപക്ഷേ കാററും കോളും കലന്നതായിരിക്കാം. നിങ്ങൾ തിരഞ്ഞെടുത്ത ജീവിതസഖിയോട് എന്തെന്നില്ലാത്ത വെറുപ്പും വിദ്വേഷവും ഉണ്ടായെന്നും വരാം; നിരാശ നിങ്ങളെ ചുററിവിഴുങ്ങിയേക്കാം. നല്ലവണ്ണം ചിന്തിച്ചുപ്രവത്തിക്കാഞ്ഞതിന്റെ ദുരന്തഫലങ്ങൾ! എങ്കിലും, നിങ്ങളുടെ വിവാഹബന്ധം അഭേദ്യമായി നിലകൊള്ളും. "തിടുക്കത്തിൽ കല്യാണം കഴിക്കുക, പിന്നീടിരുന്നു കണ്ണീരൊഴുക്കുക" ഈ പഴമൊഴി പലരുടേയും ദാമ്പത്യജീവിതത്തിൽ യാഥാത്ഥീഭവിക്കുന്നില്ലേ? ഭാവിയിൽ തങ്ങളുടെ വിഡ്ഢിത്തത്തെ ഓത്തുവിങ്ങിപ്പൊട്ടാതിരിക്കണമെങ്കിൽ, കണ്ണീരൊഴുക്കാതിരിക്ക

ണമെങ്കിൽ, ഇന്നു നന്നായി ചിന്തിച്ചു സാവധാനം ദാമ്പത്യവാടിയിലേക്കു യുവഹൃദയങ്ങൾ പ്രവേശിക്കട്ടെ.

## മാതാവാകുവാൻ

ഇന്നു ഭാഗ്യമോടേ വാണരുളുന്ന പന്ത്രണ്ടാംപീയൂസ് തിരുമേനി സ്ത്രീലോകത്തെ ഉൽബോധിപ്പിക്കുകയാണ്: "ഓരോ സ്ത്രീയും മാതാവാകുവാൻ സൃഷ്ടിക്കപ്പെട്ടവളാണ്. ശാരീരികമായ വിധത്തിൽ മാത്രമല്ല, ആധ്യാത്മികവും ഉപരിശ്രേഷ്ഠവുമായ വിധത്തിലും അവൾ മാതാവു തന്നെ."

ഇതിനെ പരാമർശിച്ചുകൊണ്ടു വെസ്റ്റമിനിസ്റ്റർ മെത്രാപ്പോലീത്തായായിരുന്ന കാർഡിനൽ ഗ്രിഫിൻ ഏതാണ്ട് ഏഴായിരത്തോളം വരുന്ന ബ്രിട്ടനിലെ കത്തോലിക്കസ്ത്രീകളോടു 1950-ൽ ഉപദേശിക്കുകയുണ്ടായി: "ഒരു അമ്മയായിത്തീരുക എന്നതാണ് ഓരോ സ്ത്രീയുടേയും 'വിളി' എന്നാണല്ലോ നമ്മുടെ പരിശുദ്ധ പിതാവു പറഞ്ഞിരിക്കുന്നതു്. മൂന്നുരംഗങ്ങളിൽ ഇതിനെ പ്രാവൎത്തികമാക്കുവാൻ ഒരു സ്ത്രീക്കു കഴിയും. ഒന്ന്: ആധ്യാത്മികരംഗത്തു്. സന്യാസഭവനങ്ങളിൽ ജീവിതം നയിക്കുന്ന കന്യാസ്ത്രീകൾക്കാണ് ഇപ്രകാരം മാതാവാകുവാൻ സാധിക്കുക. രണ്ട്: സാമൂഹികരംഗത്തു്. സാമൂഹികപദ്ധതികളിൽ സജീവമായി പങ്കെടുത്തുകൊണ്ട് അവശരുടേയും ആലംബഹീനരുടേയും മാതാവായിത്തീരുകയാണു മററു ചിലർ. മൂന്ന്: കുടുംബരംഗത്തു്. കുടുംബിനി എന്ന നിലയിൽ, ഈ രാജ്യത്തിലെ ഇളംതലമുറയെസ്സംബന്ധിച്ചു വളരെവലിയ ഒരു ചുമതലയാണു നിങ്ങളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നതു്. കാരണം, സാന്മാൎഗ്ഗികമായും ആ

ധ്യാത്മികമായും അവരെ ഉത്തമപൗരന്മാരാക്കിത്തീർക്കു വാൻ നിങ്ങൾക്കേ കഴിയൂ. നിങ്ങളുടെ കുടുംബജീവിതം പരിശുദ്ധിയുടെ നിറകുടമായി നിലനിറുത്തുക. കുടുംബത്തെ താറുമാറാക്കുന്ന വിചിത്രനിയമങ്ങൾക്കെതിരേ സംഘടിക്കുക, പ്രതിഷേധസ്വരമുയർത്തുക. നിങ്ങളുടെ കുഞ്ഞുങ്ങൾക്കു കത്തോലിക്കമതപഠനം ചെറുപ്പത്തിലേ നല്കുക."

## വിവാഹം സ്ത്രീയെയാണു കൂടുതൽ സഹായിക്കുക

വിവാഹം പുരുഷനേയും സ്ത്രീയേയും തുല്യമായ നിലയിൽത്തന്നെ ബാധിക്കുന്നുവെങ്കിലും പുരുഷനെക്കാൾ കൂടുതൽ അതു സഹായകമാകുക സ്ത്രീക്കുതന്നെയാണ്. പ്രകൃതിനിയമങ്ങൾ വച്ചുനോക്കിയാലും ഈ പ്രസ്താവന തികച്ചും ശരിയാണെന്നു കാണാം. വിവാഹം സ്ത്രീത്വത്തെ പൂർണ്ണിമചൂടിക്കുന്നു; അവളെ കൂടുതൽ ധന്യയാക്കിത്തീർക്കുന്നു.

ദാമ്പത്യജീവിതം പരിശുദ്ധമായ ആനന്ദത്തിന്റെ കുഞ്ഞലകൾ സൃഷ്ടിക്കുന്നു. അഭിരാമമായ അനുഭൂതി കൊണ്ടു ദാമ്പത്യവല്ലരിയെ അതു തളിരണിയിക്കുന്നു. ശരിതന്നെ. പക്ഷേ, ഈ ആനന്ദത്തിനെല്ലാം അവർ നല്ല വില നല്കേണ്ടിയിരിക്കുന്നു. ആനന്ദത്തെക്കാൾ ഒരു പടികൂടി കൂടുതലായിരിക്കും സാധാരണ അതിനു വേണ്ടി വരുന്ന സഹനത്തിന്റേയും ത്യാഗത്തിന്റേയും ആകെത്തുക.

വിലക്കപ്പെട്ട കനി ഭക്ഷിച്ച ഹാവായോടു ദൈവം കല്പിച്ച വാക്കുകൾ ഓരോ തരുണിയുടേയും ശ്രവണപുട

ത്തിൽ മാറെറാലിക്കൊള്ളട്ടെ. ദൈവം സ്ത്രീയോടു പറഞ്ഞു: "ഞാൻ നിൻെറ കഷ്ടപ്പാടുകളെ വർദ്ധിപ്പിക്കും.... വേദനയിൽ നീ ഗർഭംധരിക്കുകയും പ്രസവിക്കുകയും ചെയ്യും. നീ നിൻെറ ഭർത്താവിന് എപ്പോഴും അധീനയായിരിക്കും. അവനു നിൻെറമേൽ അധികാരം ഉണ്ടായിരിക്കുകയും ചെയ്യും" (സൃഷ്ടി. 3: 16). ദൈവത്തിൻെറ ഈ അരുളപ്പാടുകളെ ശ്രവിക്കാതേയും ഹൃദിസ്ഥമാക്കാതേയും വിവാഹവേദിയിലേക്കു തിടുക്കംവച്ചു കയറുന്നവരാണു്, പിൽക്കാലത്തു തങ്ങളുടെ ദുർവിധിയെ ഓർത്തു പരിതപിക്കേണ്ടിവരുന്നതു്.

## എന്തിനു് ഈ മുൻസൂചന?

നിങ്ങൾ തെററിദ്ധരിക്കരുതു്. വിവാഹവേദിയിലേക്കു പ്രവേശിക്കുവാൻ കാത്തുനില്ക്കുന്നവരെ യാതൊരു വിധത്തിലും ഭഗ്നാശരാക്കുകയല്ല; പ്രത്യുത, അവർ യുവത്വത്തിൻെറ എടുത്തുചാട്ടങ്ങളെ നിയന്ത്രിക്കണമെന്നു് ഉൽബോധിപ്പിക്കുകയാണു്.

നിങ്ങൾക്കു് ഇവിടെ ഒരു സംശയമുണ്ടായേക്കാം. എന്തിനാണു വിവാഹത്തെപ്പററിപ്പറയുമ്പോൾ ഇത്ര നിശിതമായ താക്കീതുകൾ, മുൻസൂചനകൾ നല്കുന്നതു്? മറിച്ചു്, സന്യസ്തജീവിതപ്രവേശത്തെസ്സംബന്ധിച്ചു പറഞ്ഞപ്പോൾ ഇത്ര ശക്തമായ മുൻസൂചനകളൊന്നും തന്നില്ലല്ലോ. നന്നായി ചിന്തിക്കാതെ ദ്രുതഗതിയിൽ സന്യസ്തജീവിതത്തിലേക്കു പ്രവേശിക്കുക നിഷിദ്ധവും അപകടപൂർണ്ണവുമാണു്. പക്ഷേ, അതു വിവാഹത്തിൽ എന്നതുപോലെ നാശകാരിയല്ല. കന്യകാലയത്തിൽ പ്രവേശിക്കുന്ന ഒരു യുവതിക്കു തൻെറ ദൈവവിളി അതല്ല എന്നു

മനസ്സിലായാൽ തിരികെ പോരുവാൻ സാധിക്കും. എന്നാൽ, വിവാഹത്തിൻെറ അലംഘനീയമായ ഉടമ്പടിയിൽനിന്നു വിവാഹിതരെ വേർതിരിക്കുവാൻ ലോകത്തിൽ ഒരു ശക്തിക്കും സാധിക്കുകയില്ല. ഇതാണു സന്ന്യസ്തജീവിതവും വൈവാഹികജീവിതവും തമ്മിലുള്ള അന്തരം.

## നേരത്തേതന്നെ ശിക്ഷണം ചെയ്യുക

വിവാഹത്തിൻെറ വിശുദ്ധമായ സ്വഭാവത്തേയും ഭാരപ്പെട്ട കടമകളേയും മനസ്സിലാക്കിയിരിക്കുന്ന യുവതീയുവാക്കന്മാർ ഒന്നുകൂടി ധരിക്കേണ്ടതുണ്ട്. വിവാഹം സൗഭാഗ്യത്തിൻെറയും ആനന്ദത്തിൻെറയും ഉറവക്കണ്ണിയാണ്. എന്നാൽ, ആ ആനന്ദം മുഴുവനായും നുകർന്നീടുകുവാൻ അവർ പ്രാപ്തരാകണമെങ്കിൽ കാലേക്കൂട്ടി അതിനു് അണിഞ്ഞൊരുങ്ങുക ആവശ്യകമാണ്. ദാമ്പത്യജീവിതം ആവശ്യപ്പെടുന്നവിധം മനസ്സിൻെറയും ശരീരത്തിൻെറയും ഓരോ ചലനത്തേയും നിയന്ത്രിക്കുന്നതിലാണ് ഈ ഒരുക്കം നിലകൊള്ളുന്നതു്. ഇതു് ഒരു ദിവസംകൊണ്ടോ ഒരു കൊല്ലംകൊണ്ടോ, പ്രാപിക്കാവുന്നതല്ല.

സുപ്രസിദ്ധനായ ഗ്രീക്കു ചിത്രകാരൻ അപ്പെല്ലസിൻെറ വിലപ്പെട്ട വാക്കുകൾ ഇത്തരുണത്തിൽ അവർ സ്മരിക്കട്ടെ. "ഓരോ ദിവസവും മിനുക്കുപണി ചെയ്യുവാനുണ്ടായിരിക്കും." ചായക്കൂട്ടുകൾകൊണ്ടു കാൻവാസിൽ പകർത്തിവച്ചിരിക്കുന്ന ചിത്രത്തിനു വാസനാസമ്പന്നനായ ഒരു ചിത്രകാരൻെറ നോട്ടത്തിൽ എല്ലാ ദിവസവും മിനുക്കുപണിചെയ്യേണ്ടതായിട്ടുണ്ടായിരിക്കും. അതിനതിനു് ആ കലാശില്പം മിഴിവുററതായിത്തീരും. അതുപോലെതന്നെ, ദാമ്പത്യകലാശില്പത്തെ മിഴിവുററതാക്കിത്തീർക്കണ

മെന്നു് അഭിലഷിക്കുന്ന ഓരോ വ്യക്തിയും ശാരീരികമോ മാനസികമോ ആയ ദുഷ്പ്രവണതകളെ നശിപ്പിക്കുവാൻ ഓരോദിവസവും പരിശ്രമിക്കണം. അങ്ങനെ തങ്ങളുടെ ഭാവിവധുവിന്നു് അല്ലെങ്കിൽ, ഭാവിവരന്നു് അഭികാമ്യരായി, അനുയോജ്യരായിബ്ഭവിക്കുവാൻ അവർ തങ്ങളെത്തന്നെ ശിക്ഷണവിധേയരാക്കുക എത്രയോ ആവശ്യകം!

## മൂന്നു നിലകളിൽ

ഒരു യുവാവു് ആദർശയോഗ്യനും അഭികാമ്യനുമായ ഒരു വരനായിത്തീരണമെങ്കിൽ മൂന്നുനിലകളിൽ അയാൾ കഴിവുററവനായിരിക്കണം. ഒന്നു്, അയാൾ ന്യൂറുശതമാനവും ഭർത്താവായിരിക്കണം. രണ്ടു്, അയാൾ ന്യൂറുശതമാനവും പിതാവായിരിക്കണം. മൂന്നു്, അയാൾ ന്യൂറുശതമാനവും പ്രിയതമനായിരിക്കണം. ഒരു യുവതി ആദർശയോഗ്യയായ വധുവായിരിക്കണമെങ്കിൽ അവൾ ന്യൂറുശതമാനവും ഭാര്യയും മാതാവും പ്രേയസിയുമായിരിക്കണം. നമുക്കറിയാം, ഏതെങ്കിലും വിഷയത്തിന്നു് ന്യൂറുശതമാനം മാർക്കുംവാങ്ങി 'ക്ലാസ്സെ'ടുത്തു പാസാകണമെങ്കിൽ കട്ടിയായ പ്രയത്നവും ഒട്ടുവളരെ ബുദ്ധിമുട്ടുകളും ആവശ്യകമാണെന്നു്. കഴിവും കരുത്തുമുള്ള ആദർശയോഗ്യരായ വൈദികന്മാരായി, ദൈവത്തിൻെറ പണിയാളരായി യുവത്തിടമ്പുകളെ വയലിലേക്കു് അയയ്ക്കുന്നതിനു മുൻപു കുറഞ്ഞതു് ഒൻപതു് വർഷത്തെ പരിശീലനവും ശിക്ഷണവും സെമ്മിനാരികളിൽ നല്കപ്പെടുന്നുണ്ടല്ലോ. അതുപോലെ ചില പരിശീലനങ്ങൾ വിവാഹത്തിലേക്കു പ്രവേശിക്കുവാൻ പോകുന്നവക്കും ലഭിച്ചേ മതിയാവൂ. അതു ന

ല്കുവാൻ ആരുമുണ്ടായെന്നും വരുകയില്ല. എങ്കിലും അതവർ സ്വന്തമായിത്തന്നെ സമ്പാദിക്കുവാൻ കടപ്പെട്ടവരാകുന്നു. ആത്മനിയന്ത്രണവും, ഭക്ത്യഭ്യാസങ്ങളിലും സുകൃതകൃത്യങ്ങളിലും തീക്ഷ്ണതയുമുണ്ടെങ്കിൽ ധാരാളംമതി, സ്വഭാവവൈശിഷ്ട്യത്തേയും സുശീലങ്ങളേയും അതു നേടിക്കൊടുത്തുകൊള്ളും. അങ്ങനെ ഭാവിജീവിതം പൂവണിയുവാൻ, ആനന്ദസംദായകമാകുവാൻ ഇവ അവരെ കഴിവുററവരാക്കുകയും ചെയ്യും.

കറയററ സ്നേഹവും കുറയാത്ത ഭക്തിയും എന്തും ചെയ്തുകൊടുത്തു സഹായിക്കുവാൻ സന്നദ്ധതയുമെല്ലാം ഒരു വ്യക്തിയോടുതന്നെ വളരെ നാളത്തേക്കു പ്രദർശിപ്പിച്ചുകൊണ്ടുപോകുക ആയാസകരമാണു്. ഇവയൊക്കെ എളുപ്പമായിത്തീരണമെങ്കിൽ എത്രയും നേരത്തേതന്നെ ഇവ സമ്പാദിക്കുവാൻ ഓരോ വ്യക്തിയും പരിശ്രമിച്ചുതുടങ്ങണം. സ്വഭാവനൈർമ്മല്യത്തിൻെറ ഈ കൈമുതൽ യുവഹൃദയങ്ങൾ കണ്ടെടുക്കേണ്ടതു്, സ്വാർത്ഥതൽപരതപുരളാത്ത പ്രവർത്തനങ്ങൾ, ഔദാര്യം, പരസ്പരം ക്ഷമിക്കുവാനും സഹിക്കുവാനുമുള്ള സന്നദ്ധത മുതലായവയിൽ നിന്നാണു്.

## നന്മയുടെ രത്നച്ചുരുക്കം

ദൈവത്തെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ വ്യാപരിക്കുകയും ചെയ്യുന്നവർ അനുഗൃഹീതരാകുന്നു (സങ്കീ. 127: 1). മേൽപ്പറഞ്ഞ ഗുണവിശേഷങ്ങളെല്ലാം തന്നെ ഈ വാക്കുകളിൽ സംഗ്രഹിച്ചിരിക്കുന്നു. ആദർശയോഗ്യമായ ഒരു വിവാഹജീവിതത്തിലേക്കു പ്രവേശിക്കുവാൻ യുവതീയുവാക്കന്മാർ വളരെ നേരത്തേതന്നെ ഒരു

ങ്ങണമെന്നു സൂചിപ്പിച്ചുവല്ലോ. എന്നാൽ, ജീവിതത്തിൽ അമൂല്യവും അഭികാമ്യവുമായ ഒരു ലക്ഷ്യം പ്രാപിക്കണമെങ്കിൽ നിരന്തരമായ ഉദ്യമം ആവശ്യകമാണ്. വിവാഹത്തെയും സ്പർശിക്കുന്നതാണു ദിവ്യരക്ഷകൻെറ ഈ വാക്കുകൾ: "ഒരു ഗോപുരം പണിയുവാൻ ആഗ്രഹിച്ച് അടിസ്ഥാനമിടുകയും മുഴുവനാക്കുവാൻ തനിക്കു കഴിയാതെ വരുകയുംചെയ്തിട്ട്, കാണുന്നവരെല്ലാം തന്നെ ആക്ഷേപിക്കുകയും, ഈ മനുഷ്യൻ പണിയുവാൻ തുടങ്ങി, എങ്കിലും മുഴുവനാക്കുവാൻ അവനു കഴിഞ്ഞില്ല എന്നു പറയുകയും ചെയ്യാതിരിക്കേണ്ടതിനായി, അതു പൂർത്തിയാക്കുവാൻ തനിക്കു വകയുണ്ടോ എന്ന് അതിൻെറ ചെലവിനെപ്പററി ആദ്യമേതന്നെ ഇരുന്നു കണക്കുനോക്കാത്തവൻ നിങ്ങളിൽ ആരുണ്ട്? (ലൂക്കാ. 14: 28) ഇന്നു വിവാഹിതരാകുന്ന യുവതീയുവാക്കന്മാരിൽ പലരും ഈ ആക്ഷേപത്തിന് അർഹതയില്ലെന്നോ?

## വേദനയുടെ ദിനങ്ങൾ കാത്തുനില്പുണ്ട്

"ഞെരുക്കങ്ങളുടെ സമയം വന്നണയുകയും 'അവ എന്നെ ആനന്ദിപ്പിക്കുന്നില്ല' എന്നു നീ പറയുന്ന കൊല്ലങ്ങൾ സമീപിക്കയും ചെയ്യുന്നതിനു മുൻപു നിൻെറ യുവത്വത്തിൻെറ ദിവസങ്ങളിൽ നീ സ്രഷ്ടാവിനേയും അവിടുന്നു നിനക്കു പ്രദാനം ചെയ്ത ദൈവവിളിയേയും ഓർക്കുക" (പ്രാസം. 12: 1). വിശുദ്ധഗ്രന്ഥം നമുക്കു നല്കുന്ന ഈ അനുശാസനം വിവാഹത്തെസ്സംബന്ധിച്ചു സാരവത്താണ്. നിങ്ങൾ എത്രമാത്രം ജാഗരൂകരായിരുന്നാലും ഞെരുക്കങ്ങളുടേയും വേദനകളുടേയും ചില അവസരങ്ങൾ നിങ്ങളുടെ വിവാഹജീവിതത്തിലേക്കു കടന്നുവരാ

വുന്നതാണു്. വിവാഹജീവിതത്തിലെന്നല്ല, മറേറതു ജീവിതത്തുറയിലും ഈ ദിവസങ്ങൾ നിങ്ങളെ സമീപിക്കാതിരിക്കയില്ല. അഴൽനിറഞ്ഞ ഈ ദിനരാത്രങ്ങൾക്കു നിങ്ങളല്ല കാരണമെന്നു് ഉറപ്പുണ്ടെങ്കിൽ, അവ ക്ഷമാപൂർവ്വം കടത്തിവിടുവാൻ എളുപ്പമായിരിക്കും. മറിച്ചു്, നിങ്ങൾതന്നെയാണു അവയ്ക്കു കളമൊരുക്കിയതെങ്കിൽ, തീർച്ചയായും അവ കയ്പ്പേറിയതും കഷ്ടപ്പാടുകൾ നിറഞ്ഞതുമായി നിങ്ങൾക്കനുഭവപ്പെടും.

## നന്നായി പ്രാർത്ഥിക്കുക

റഷ്യൻജനതയുടെ ഇടയിൽ ഒരു പഴഞ്ചൊല്ലുണ്ടു്: "പടക്കളത്തിലേക്കു പുറപ്പെടുമ്പോൾ ഒരു പ്രാവശ്യം പ്രാർത്ഥിക്കുക; കടൽയാത്രയ്ക്കു പുറപ്പെടുമ്പോൾ രണ്ടു പ്രാവശ്യം പ്രാർത്ഥിക്കുക; കല്യാണംകഴിക്കുവാൻ പുറപ്പെടുമ്പോൾ മൂന്നുപ്രാവശ്യം പ്രാർത്ഥിക്കുക."

തങ്ങളുടെ ദൈവവിളി വൈവാഹികജീവിതത്തിലേക്കാണോ എന്നു തിട്ടപ്പെടുത്തുവാൻ യുവതീയുവാക്കന്മാർ ദൈവത്തോടു വളരെയധികം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ജീവിതാന്ത്യംവരെ നിലനില്ക്കുവാൻ പോകുന്ന ഒരുടമ്പടിയിൽ ഒപ്പുവയ്ക്കുവാൻ തീർച്ചപ്പെടുത്തുകയല്ലേ? നിസ്സാരകാര്യമൊന്നുമല്ലല്ലോ. അതിനാൽ, ദൈവത്തിൻെറ അമൂല്യമായ സഹായം—വരപ്രസാദവർഷം—ഇക്കാര്യത്തിൽ അവർക്കു ലഭിക്കുക അത്യന്താപേക്ഷിതമത്രേ. തൻെറ മകളുടെ വലതുകരം തോബിയാസിൻെറ വലതുകരത്തിൽ പിടിപ്പിച്ചുകൊണ്ടു റഗ്വേലിൻെറ പ്രാർത്ഥന ഇതായിരുന്നു. "........ദൈവം നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

അവിടുന്നു നിങ്ങളെ ഒന്നിപ്പിക്കട്ടെ. അവിടുത്തെ അനുഗ്രഹം നിങ്ങളിൽ നിവൃത്തിയാകുകയും ചെയ്യട്ടെ."

(തോബി. 7: 15)

## ഏറെക്കുറെ ശരിയാണ്

ഒരിക്കൽ ഒരു മെത്രാൻ വേദപാഠക്ലാസ്സിൽ ചോദിച്ചു: "വിവാഹം എന്നാൽ എന്താണെന്നു നിങ്ങൾക്കറിയാമോ?"

"ഞാൻ പറയാം പിതാവേ." ഒരു കൊച്ചുമിടുക്കൻ ചാടിയെഴുന്നേററു.

"തങ്ങളുടെ പാപങ്ങൾക്കു മുഴുവൻ പരിഹാരം ചെയ്തുതീരുന്നതുവരെ ആത്മാക്കളെ വസിപ്പിക്കുന്ന വേദനകളുടെ സ്ഥലമാകുന്നു...."

"മതി, നിറുത്തു്. അതല്ല; നീ പറയുന്നതു ശുദ്ധീകരസ്ഥലം എന്താണെന്നാണ്." അടുത്തുനിന്നിരുന്ന വികാരിയച്ചൻ കുട്ടിയെ തിരുത്തി.

"പോകട്ടെ, സാരമില്ല. അല്ലെങ്കിലും നമുക്കറിയുവാൻ പാടില്ലേ ഈ കുട്ടി പറഞ്ഞതു് ഏറെക്കുറെ ശരിയാണെന്നു്." മെത്രാൻ വൈദികനോടായി ചിരിച്ചുകൊണ്ടു പറഞ്ഞു.

കഷ്ടം! പലക്കും വിവാഹജീവിതം ഒരു ശുദ്ധീകരസ്ഥലമാണ്. ചുരുക്കം ചിലപ്പോൾ ഒരു നരകവും! എന്നാൽ, മിക്കപ്പോഴും ഒരു പറുദീസാ ആയിട്ടാണ് അധികമാളുകൾക്കും അതു് അനുഭവപ്പെടുക. "ദൈവത്തെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ വ്യാപരിക്കുകയും ചെയ്യുന്നവർ അനുഗൃഹീതരാകുന്നു." വിശുദ്ധ ലിഖിതത്തിലേ

ഈ അരുളപ്പാടിനെ വിവാഹത്തിനു മുൻപും പിൻപും പിഞ്ചെല്ലുന്നവരാകുന്നു ഈ ഭൗമികപറുദീസായിലെ 'ആദവും ഹാവായും'

## പറുദീസായിലും കരിനിഴൽ

നിങ്ങളുടെ ദാമ്പത്യജീവിതം തികച്ചും ആനന്ദസംദായകമല്ലെങ്കിൽ, ക്ലേശങ്ങളും വിഷമതകളും കുന്നുകൂടുന്നതായി അതിൽ നിങ്ങൾക്കനുഭവപ്പെടുന്നെങ്കിൽ, അതിനു കാരണം, നിങ്ങൾ വിളിക്കപ്പെടാത്ത ഒരു ജീവിതാവസ്ഥയിൽ പ്രവേശിച്ചിരിക്കുന്നു എന്നതല്ല. ദാമ്പത്യജീവിതത്തിൽ മാത്രമല്ല, മറേറതൊരു ജീവിതാവസ്ഥയിലും പരിപൂർണ്ണമായി ആനന്ദമനുഭവിക്കുന്നവർ ആരുംതന്നെ കാണുകയില്ല. അങ്ങനെ ഒരു ആനന്ദം അവർക്കുണ്ടായിരിക്കണമെന്നു ദൈവം നിശ്ചയിച്ചിട്ടുമില്ല. ബ്രഹ്മചാരികൾക്കും സന്യാസികൾക്കും പുരോഹിതന്മാർക്കും എല്ലാം ഇതുതന്നെ അനുഭവം. കാരണം, ലോകം കണ്ണുനീരിൻെറ ഒരു താഴ്‌വരയാണ്. നിത്യഭവനത്തിലേക്കു യാത്രചെയ്യുന്ന തീർത്ഥാടകരല്ലേ നാമെല്ലാവരും?

പറുദീസായിലുമുണ്ടായിരുന്നു, വിലക്കപ്പെട്ട ഒരു വൃക്ഷവും വഞ്ചകനായ ഒരു സർപ്പവും. അതുപോലെതന്നെ, ദാമ്പത്യജീവിതം എത്ര ആനന്ദസംദായകവുമായിക്കൊള്ളട്ടെ, അവിടെയുമുണ്ട് അപകടങ്ങളും പരീക്ഷണഘട്ടങ്ങളുമൊക്കെ. അവയൊക്കെ ഒഴിച്ചുനിറുത്തിക്കൊണ്ടു ജീവിതാനന്ദം പരിപൂർണ്ണമായി ആസ്വദിച്ചുകളയാമെന്ന് ആരും കരുതേണ്ടാ. എത്രയാണെങ്കിലും, മരണാനന്തരജീവിതത്തിൽ നാമനുഭവിപ്പാനിരിക്കുന്ന അനന്തമായ സൗഭാഗ്യത്തിൻെറ വെറുമൊരു നിഴൽമാത്രമേ ആയിരി

ക്കുകയുള്ളല്ലോ ഈ ലോകസൗഭാഗ്യങ്ങൾ. അതിനാൽ, ജീവിതയാതനകളെ ക്ഷമയോടും സന്തോഷത്തോടുംകൂടി സഹിക്കുമ്പോൾ അതിനനുസരണമായി പാരത്രികസൗഭാഗ്യം നമുക്കു വർദ്ധിക്കുക മാത്രമല്ല, ഈ ലോകത്തിലും നാം സൗഭാഗ്യപൂർണ്ണരായിത്തീരുന്നതിനും അതു ഇടനല്കുന്നു. ദാമ്പത്യജീവിതസുധ നുകരുവാൻ കൊതിച്ചിരിക്കുന്ന യുവഹൃദയങ്ങൾ നന്നായി ഓർത്തിരിക്കേണ്ട ഒരു വസ്തുതയാണിതു്.

## ഒരു രഹസ്യം

തൻെറ വിവാഹത്തിൻെറ സുവർണ്ണജൂബിലി ആഘോഷിച്ച മാതൃകാസമ്പന്നനായ ഒരു കുടുംബനായകൻ പറയുകയുണ്ടായി: "ഒരു വരനെയോ വധുവിനെയോ തിരഞ്ഞെടുക്കുന്നതിൽ തെററു പററാതിരിക്കുവാൻ ഞാൻ നിങ്ങൾക്കു് ഒരു രഹസ്യം പറഞ്ഞുതരാം. വിവാഹത്തിനുമുൻപു നിങ്ങളുടെ കണ്ണു രണ്ടും നന്നായി തുറന്നിരിക്കട്ടെ. എന്നാൽ, വിവാഹത്തിനുശേഷം ഒരുകണ്ണടയ്ക്കുക, മറേറതു പകുതിമാത്രം തുറന്നുപിടിക്കുക. ഈ തത്വമനുസരിച്ചാണു ഞാൻ പ്രവത്തിച്ചിരുന്നതു്. എൻെറ ദാമ്പത്യജീവിതം ഇന്നുവരേയും ആനന്ദസംപുഷ്ടവുമായിരുന്നു."

വിവാഹത്തിനു മുൻപു പ്രേമാന്ധരായി പരസ്പരം ന്യൂനതകളെക്കുറിച്ചു കണ്ണടച്ചുകളയുകയും വിവാഹത്തിനുശേഷം, നിസ്സാരമായ തെററുകളെപ്പോലും വിമർശനബുദ്ധ്യാ വീക്ഷിക്കുകയും ചെയ്യുന്ന ദമ്പതികൾക്കു നല്കുന്ന ഒരു താക്കീതുകൂടിയല്ലേ ഇതു്?

## പകരത്തിനുപകരം

ഒരു പട്ടാളക്കാരൻെറ രസാവഹമായ പ്രേമകഥ

മേൽപ്പറഞ്ഞതിനൊരു ഉദാഹരണമാണ്. അയാൾ ഒരു യുവതിയെ പ്രേമിച്ചു. അവളുടെ ആകാരസുഷമയും വാക്കും നോക്കും നടപ്പുമെല്ലാം അയാളെ ഹഠാദാകർഷിച്ചു. അതുപോലെതന്നെ, അവൾ അയാളിലും അനുരക്തയായി. അവർ തമ്മിലുള്ള വിവാഹവും മോടിയായി നടന്നു. കുറെ നാൾ കഴിഞ്ഞപ്പോഴാണു 'കള്ളി' പുറത്തായത്. അയാളെ ആകർഷിച്ച അവളുടെ കുനുകുന്തളവും മുല്ലമൊട്ടുകൾ പോലെയുള്ള ദന്തനിരയും കണ്ണുകളിലെ തിളക്കംപോലും കൃത്രിമമായിരുന്നുവെന്ന പരമാർത്ഥം അപ്പോൾമാത്രമാണ് അയാൾ മനസ്സിലാക്കുക! മനഃപൂർവം അയാളെ അവൾ ചതിക്കുകയാണു ചെയ്തത്. പക്ഷേ, അയാളും ഒരു വഞ്ചനതന്നെയാണ് അവളോട്ട് കാണിച്ചത്.

"നീ എന്നോടു പ്രവർത്തിച്ചതുപോലെ ഞാൻ നിന്നോടും പെരുമാറുന്നു" എന്നു പറഞ്ഞുകൊണ്ടു തന്റെ ജീവനില്ലാത്ത ഒരു കൈയും ഒരു കാലും ശരീരത്തിൽനിന്നു അയാൾ വേർപെടുത്തി. യുദ്ധത്തിൽ നഷ്ടപ്പെട്ട ആ അവയവങ്ങൾക്കു പകരം റബറുകൊണ്ടുണ്ടാക്കിയ കൃത്രിമാവയവങ്ങളാണ് അയാൾ ഉപയോഗിച്ചിരുന്നതു്.

സൗന്ദര്യത്തിൽ മതിമയങ്ങിയും സമ്പത്തിൽ കണ്ണുവച്ചുകൊണ്ടും വിവാഹിതരാകുന്ന യുവതീയുവാക്കന്മാർ പിന്നീടു മാത്രമായിരിക്കും മനസ്സിലാക്കുക, തങ്ങൾക്കുപറ്റിയ അമളിയെപ്പററി. അന്ധയായ ലിയായെ വിവാഹം കഴിച്ചപ്പോൾ യാക്കോബ്ബ് ഓർത്തതു്, സുന്ദരിയായ റാഹേലിനെയാണു താൻ വിവാഹം കഴിക്കുന്നത് എന്നാണ്. വഞ്ചിതനായ യാക്കോബ്ബ് ആകുലനായി. പക്ഷേ, ദൈവം നിർദ്ദോഷിയായ അയാളെ അനുഗ്രഹിച്ചു. ഈ

ശോയുടെ പിതാമഹന്മാരിൽ ഒരുവനായ യൂദാ ലിയായിൽ നിന്നാണല്ലോ ജനിച്ചതു്! വിവാഹത്തിൽ നാം പലപ്പോഴും കാണുന്ന ഒരു വസ്തുതയാണിതു്—ഒരു കക്ഷിയാൽ മറേറ കക്ഷി വഞ്ചിക്കപ്പെടുമ്പോൾ, ദൈവം തൻെറ പ്രത്യേകാനുഗ്രഹങ്ങൾ വഞ്ചിക്കപ്പെട്ട വ്യക്തിയിൽ വർഷിക്കുന്നു.

## ദാമ്പത്യജീവിതത്തിൽ നിരാശ

വിഭിന്നസ്വഭാവങ്ങളോടുകൂടിയവരാണു മനുഷ്യർ. സ്വഭാവത്തിലും പ്രകൃതിയിലും ഒന്നുപോലെയുള്ള രണ്ടുപേരെ കാണുക സാധ്യമല്ല. അതിനാൽ, ഭാര്യാഭർത്താക്കന്മാർ അന്യോന്യം ഏകീഭവിക്കണമെങ്കിൽ, സ്വഭാവപ്രകൃതികൾ തമ്മിൽ പൊരുത്തപ്പെടുത്തിക്കൊണ്ടു പോകണമെങ്കിൽ, ചിലചില വിട്ടുവീഴ്ചകളും തിരുത്തലുകളും ചെയ്തേ മതിയാവൂ. ഭർത്താവിനുവേണ്ടി അഥവാ, ഭാര്യയ്ക്കുവേണ്ടി ഭാവിയിൽ തൻെറ സ്വഭാവത്തിൽ ചില വ്യതിയാനങ്ങൾ വരുത്തുവാൻ തയ്യാറായിട്ടുള്ളവരുടെ ദാമ്പത്യജീവിതം മാത്രമേ ആനന്ദപ്രദമാവുകയുള്ളൂ. അല്ലാത്തവർക്കു് ആ ജീവിതം നിരാശാജനകമായിരിക്കും.

## "കഴിവതും ഇരുണ്ടതായി ചിത്രീകരിച്ചുകൊള്ളുക"

ചൈനയിലെ ഒരു ഫ്റാൻസിസ്കൻ മിഷനറി മെത്രാൻ സ്വദേശത്തുനിന്നു മിഷനറിമാരെ റിക്രൂട്ടുചെയ്ത വേളയിൽ പറഞ്ഞു: "ചൈനയിലെ പ്രേഷിതപ്രവർത്തനവും ജീവിതസൗകര്യങ്ങളും എത്ര വൈഷമ്യമേറിയതും അന്ധകാരപൂർണ്ണവുമായി നിങ്ങൾക്കു സങ്കല്പിക്കുവാൻ കഴിയു

മോ അങ്ങനെ ചെയ്തുകൊള്ളുക. എന്നിട്ടുവേണം, നിങ്ങളൊരു തീരുമാനമെടുക്കുവാൻ." എന്നിട്ടും തങ്ങളുടെ സങ്കല്പത്തെയൊക്കെ കടന്ന ഒരു അനുഭവമാണ് അവർക്കു പിന്നീട് ഉണ്ടായതു്.

ദാമ്പത്യത്തിന്റെ മധുരിമകളെ കിനാവുകണ്ടുകൊണ്ടിരിക്കുന്ന യുവതിടമ്പുകളും ഈ മാർഗ്ഗം സ്വീകരിക്കുമോ? എന്നാൽ, അവർ സങ്കല്പിക്കുന്നിടത്തോളം വൈഷമ്യം വൈവാഹികജീവിതത്തിൽ അവർക്കു് അനുഭവപ്പെടുകയില്ല.

തങ്ങൾ ആഗ്രഹിച്ചതിൽ കൂടുതലായി ദാമ്പത്യജീവിതത്തെ ആസ്വദിക്കുവാൻ പലർക്കും സാധിച്ചെന്നുവരാം. മാധുര്യപൂർണ്ണമായ ആ ജീവിതത്തെ ആസ്വദിച്ചറിയുന്ന ആ ഭാഗ്യശാലികളും സാബായിലേ റാണിയോടുകൂടി ഉൽഘോഷിക്കും: "എന്റെ കണ്ണുകൾ ദർശിക്കുകയും ഞാൻ അതിലേക്കു വന്നണയുകയും ചെയ്യുന്നതുവരെ എന്നോടു പറഞ്ഞവയൊന്നും ഞാൻ വിശ്വസിച്ചില്ല. ഉള്ളതിന്റെ പകുതിപോലും എന്നോടു പറഞ്ഞിരുന്നില്ല എന്നു് എനിക്കു് ഇപ്പോഴാണു മനസ്സിലാവുക" (രാജാ. 2: 10, 7). സുകൃതചരിതരായി, ആദ്ധ്യാത്മികചൈതന്യത്തോടേ വൈവാഹികജീവിതത്തിൽ പ്രവേശിക്കുന്നവർക്കു മാത്രമായിരിക്കും ഇപ്രകാരം പറയുവാൻ സാധിക്കുക.

## ശിശുവിനെപ്പോലെ ആയിത്തീരുക

സന്യസ്തജീവിതത്തിൽ ഏററവും വൈഷമ്യപൂർണ്ണമായി തോന്നുന്നതെന്താണെന്നു് ഒരിക്കൽ ഒരു വന്ദ്യനായ സന്യാസിയോടു ചോദിച്ചപ്പോൾ അദ്ദേഹം ശാന്തനായി മറുപടി നല്കി: "അനുസരണത്തിൻകീഴ് എപ്പോഴും ഒരു

ശിശുവിനെപ്പോലെ വർത്തിക്കുക, എന്തുചെയ്യണമെങ്കിലും എങ്ങോട്ടുപോകണമെങ്കിലും എപ്പോഴും അനുവാദം വാങ്ങിക്കുക." ഒരു ശിശുവിനെപ്പോലെയുള്ള ഈ പെരുമാററം വൈവാഹികജീവിതത്തിൽ ദമ്പതികൾക്കും അനുകരണാർഹമായിട്ടുള്ളതാണ്. സന്യസ്തജീവിതത്തിലേതുപോലെതന്നെ ഇവിടേയും ഈ ശിശുസ്വഭാവം ആർജ്ജിക്കണമെങ്കിൽ വളരെ പണിപ്പെടേട്ടപററൂ. എന്നാൽ, രണ്ടിടത്തും ഇതു സൗഭാഗ്യദായകമാണ് എന്ന പരമാർത്ഥം വിസ്മരിച്ചുകൂടാ. ഈശോയുടെ തിരുമൊഴികളാണ് ഇത്തരുണത്തിൽ ഓർമ്മയിൽ വരുക: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ വീണ്ടും പൈതങ്ങളെപ്പോലെ ആകയില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" (മത്താ. 18: 3). ഇതു്, സ്വല്പമൊന്നു തിരുത്തി 'നിൻെറ ജീവിതാവസ്ഥയിൽ നീ സൗഭാഗ്യവാനായിരിക്കുകയില്ല' എന്നു നമ്മുടെ വിഷയത്തിനു യോജിപ്പിച്ചുകൊണ്ടു് ഈ വാക്യം പറയുക എത്ര സമുചിതമായിരിക്കും!

## ദൈവം കഴിഞ്ഞാൽപിന്നെ

ജർമ്മനിയിലേ പാർലിമെൻറുമെമ്പറും ഒരു സജീവ കത്തോലിക്കനുമായിരുന്ന ലുഡ്വിഗ് വിൻഡ്തോസ്റ്റിൻെറ ജീവിതകഥയിലേ ഒരു സംഭവം ഇവിടെ എടുത്തുപറയുക സമുചിതമാണ്. കഴിഞ്ഞ നൂററാണ്ടിൽ ജർമ്മനിയിലേ കത്തോലിക്കസഭയേയും അവളുടെ അവകാശങ്ങളേയും പരിരക്ഷിക്കുന്നതിനുവേണ്ടി പടവെട്ടിയവരുടെ കൂട്ടത്തിൽ അഗ്രിമസ്ഥാനം ഈ മഹാപുരുഷനുതന്നെ നല്കാവുന്നതാണ്. തൻെറ വിവാഹത്തിൻെറ സുവർണ്ണജൂബിലി അദ്ദേഹം ആഘോഷിച്ച വേളയിൽ തങ്ങളുടെ മഹാനായ

നേതാവിന്—തിരുസ്സഭയുടെ മഹനീയങ്ങളായ ആദർശങ്ങൾക്കും അവകാശങ്ങൾക്കുംവേണ്ടി ജീവിതത്തിന്റെ അങ്ങേത്തലയ്ക്കൽ ചെന്നെത്തുന്നതുവരെ വീറോടേ പോരാടിയ 'ക്യാപ്റ്റന്'—ഹൃദയം നിറഞ്ഞ ഭാവുകങ്ങൾ ആശംസിക്കുവാൻ ജർമ്മനിയുടെ നാനാഭാഗങ്ങളിൽനിന്നും കത്തോലിക്കർ തങ്ങളുടെ പ്രതിനിധികളെ അയക്കുകയുണ്ടായി. സ്നേഹത്തിന്റേയും ബഹുമാനത്തിന്റേയും കൃതജ്ഞതയുടേയും ഒരു ബഹിഃസ്ഫുരണമാണ് അവിടെ പ്രകടമായത്. ക്രിസ്തുവിന്റെ ആ പോരാളി എല്ലാം ഹൃദയം കുളിക്കെ കണ്ടു് ആനന്ദിച്ചു. എന്തെങ്കിലും രണ്ടു വാക്കു പറയണമെന്ന് അദ്ദേഹത്തോടവർ ആവശ്യപ്പെട്ടു. അദ്ദേഹം എഴുന്നേററു. വാർദ്ധക്യമായിട്ടും യുവതത്തിന്റെ പ്രസരിപ്പും ആരേയും ഹഠാദാകർഷിക്കുന്ന പ്രസംഗപാടവവും അദ്ദേഹത്തെ വിട്ടുമാറിയിരുന്നില്ല.

അദ്ദേഹത്തിന്റെ അരികുചേർന്നു തന്റെ വൃദ്ധയായ സഹധർമ്മിണിയും ഇരിക്കുന്നുണ്ടായിരുന്നു. ആനന്ദനിർല്ലീനരായ അതിഥികളെ അഭിസംബോധനചെയ്തുകൊണ്ടു ഹൃദയം തുറന്നു് അദ്ദേഹം സംസാരിച്ചു. "പ്രിയപ്പെട്ട സുഹൃത്തുക്കളേ, ഈ അവസരത്തിൽ എന്നോടു നിങ്ങൾ പ്രദർശിപ്പിച്ച എല്ലാ സ്നേഹാദരങ്ങൾക്കും ഞാൻ എന്നെന്നും കൃതജ്ഞനാണ്. ഞാനവയെ അതിമാത്രം വിലമതിക്കുന്നു. എന്നാൽ, എനിക്കു നിങ്ങളെ ഒരു രഹസ്യം അറിയിക്കുവാനുണ്ടു്. ദൈവത്തിനും തിരുസ്സഭയ്ക്കും മാതൃരാജ്യത്തിനുംവേണ്ടി എന്തെങ്കിലും അഭിമാനിക്കത്തക്കതായി ഞാൻ ചെയ്തിട്ടുണ്ടെങ്കിൽ, ദൈവം കഴിഞ്ഞാൽപ്പിന്നെ ഞാൻ കടപ്പെട്ടിരിക്കുന്നതു് ഇതാ ഈ ഇരിക്കുന്ന വ്യക്തിയോടാണ്." തൊട്ടടുത്തിരുന്ന സഹധർമ്മിണിയെ ചൂണ്ടി

ക്കാണിച്ചുകൊണ്ട് അദ്ദേഹം തുടന്നു: "അതേ, അഴലിലും ആനന്ദത്തിലും എനിക്കു ജീവിതസഖിയായി ദൈവം നല്കിയ ഈ സ്ത്രീരത്നത്തിനോടാണു ഞാൻ പരിപൂർണ്ണമായി കടപ്പെട്ടിരിക്കുന്നതു്. ഈ മഹതിയുടെ ഉത്തേജനവും പ്രോത്സാഹനവും പ്രേരണയുമില്ലായിരുന്നെങ്കിൽ തീച്ചയായും ഇന്നു ഞാൻ നിങ്ങളുടെ ഈ പ്രശംസകൾക്കൊന്നിനും അർഹനായിത്തീരുകയില്ലായിരുന്നു. അതിനാൽ, എന്നെ ബഹുമാനിക്കണമെന്നു നിങ്ങൾക്കു് ആഗ്രഹമുണ്ടെങ്കിൽ, എന്നെപ്പോലെ ഈ മഹതിയേയും നിങ്ങൾ ബഹുമാനിക്കുക. കാരണം, എന്നെ ഈ ഉന്നതനിലയിലേക്കു കൂട്ടിക്കൊണ്ടുവന്നതു മററാരുമല്ല." മഹാനായ ആ നേതാവിന്റെ വാക്കുകൾ എല്ലാവരും ഹൃദയപൂർവം സ്വീകരിച്ചു ഹാളിലെങ്ങും കരഘോഷമുയന്നു.

## അവർ അന്യോന്യം സഹായിച്ചു

പുരുഷനും സ്ത്രീയും പരസ്പരം സഹായിക്കുക, മാനുഷികമായ പരിപൂർണ്ണതയ്ക്കും സൗഭാഗ്യത്തിനും അവർ അന്യോന്യം പങ്കാളികളാവുക—ദൈവത്തിന്റെ ഈ മഹനീയോദ്ദേശ്യം വൈവാഹികജീവിതത്തിൽ പ്രയോഗത്തിലാക്കുകമാത്രമാണു സൗഭാഗ്യശാലികളായ ഈ ദമ്പതികൾ—വിൻഡ്തോസ്ററും ഭാര്യയും—ചെയ്തതു്. "നീയും പോയി അപ്രകാരം പ്രവത്തിക്കുക" എന്നു്, ദാമ്പത്യവാടിയിലേക്കു കാലുകുത്തിയിരിക്കുന്ന യുവമിഥുനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു്, ഈശോ അരുൾചെയ്യുന്നു.

ഈ പുസ്തകം വായിക്കുന്ന ഭാവിവരന്മാരോടു് ഒരു കാര്യം പറയുവാൻ ആഗ്രഹിക്കുന്നു. സാമുദായികരംഗ

ത്തോ രാഷ്ട്രീയരംഗത്തോ തൊഴിൽരംഗത്തോ നിങ്ങൾക്കു വിജയം വരിക്കണമോ? സാമ്പത്തികമായും മതാത്മകമായും നിങ്ങളുടെ നിലപാടു മെച്ചപ്പെടുത്തണമോ? ഒരു യഥാർത്ഥകത്തോലിക്കനായി, മാതൃകാസമ്പന്നനായ ഒരു ഭർത്താവായി, സ്നേഹമയനായ ഒരു പിതാവായി, ഒരുത്തമ പൗരനായി, നാട്ടിനും നാട്ടാർക്കും അഭിമാനസ്തംഭമായി നിങ്ങൾ വിടിൻവിലസുവാൻ ആഗ്രഹിക്കുന്നുവോ? നിങ്ങളുടെ പിതാക്കന്മാരിൽനിന്നു പകർന്നുകിട്ടിയ വിശ്വാസത്തെ കറകലരാതെ പരിരക്ഷിക്കണമോ? അതേ, ആ നിർമ്മല വിശ്വാസത്തെ അതേപടി നിറംകെടാതെ നിങ്ങളുടെ അരുമക്കിടാങ്ങൾക്കും വീതിച്ചുകൊടുക്കുക എന്ന ആ മഹോന്നതവിജയത്തെ ജീവിതരംഗത്തു നിങ്ങൾക്കു നേടണമോ? എങ്കിൽ, അവ ദൈവംകഴിഞ്ഞാൽപ്പിന്നെ നിങ്ങളുടെ സഹധർമ്മിണികളേയും അവരോടുള്ള നിങ്ങളുടെ പെരുമാററത്തേയും ആശ്രയിച്ചാണിരിക്കുക.

തന്റെ ഹൃദയാഭിലാഷങ്ങളേയും ആത്മപ്രചോദനങ്ങളേയും അഭിലഷണീയമായ വികാരസ്പന്ദനങ്ങളേയും ഒരു സുന്ദരദിനത്തിൽ യുവാവായ നിങ്ങളിൽ നിരുപാധികം അർപ്പിക്കുവാൻ, അതേ, ദൈവത്താൽ ദാനം ചെയ്യപ്പെടുന്ന തന്റെ ഭാവിവരനിൽ നിക്ഷേപിക്കുവാൻ ഒരു കുലകന്യക എവിടെയോ അണിഞ്ഞൊരുങ്ങുന്നുണ്ട്. ആ അർപ്പണംവഴി നിങ്ങളെ കർമ്മധീരനാക്കുന്നതിനും ജീവിതത്തിൽ നിങ്ങൾക്കു പ്രചോദനമരുളുന്നതിനും അങ്ങനെ നിങ്ങളെ സൗഭാഗ്യസോപാനത്തിലേക്കു കൂട്ടിക്കൊണ്ടുവരുന്നതിനും അവൾ കാത്തിരിക്കുകയാണ്. ഒരു ഭാവിവധുവിനോടും ഉറക്കെ പറയുവാനുള്ള രഹസ്യം ഇവയൊക്കെത്തന്നെയാണ്.

## സ്മരണാർഹമായ ആ സുന്ദരദിനം

വിവാഹാഘോഷത്തെപ്പററിയാണ് ഇവിടെ പ്രതിപാദിക്കുവാനുള്ളത്. നിങ്ങളുടെ സാഹചര്യത്തിനും നിലയ്ക്കും വിലയ്ക്കും യോജിച്ച രീതിയിൽ അതിനെ മതാത്മകവും ആദ്ധ്യാത്മികവുമായി കഴിവതും മോടിപിടിപ്പിക്കുക, തികച്ചും അനുമോദനാർഹംതന്നെ. നിങ്ങളുടെ ജീവിതത്തിലെ എണ്ണപ്പെട്ട ഒരുദിനം, മഹത്തായ ഒരുദിനം: അതിനാൽ, അതിനെ ആഘോഷപൂർവം ഒരു മനോജ്ഞദിനമായി കൊണ്ടാടുക. നിങ്ങളുടെ ജീവിതത്തിൽ ഉടനീളം അതിൻെറ മധുരസ്മരണ ആനന്ദജനകവും ആമോദദായകവും സ്വർഗ്ഗീയപരിമളം പരത്തുന്നതുമായി പരിലസിക്കുവാൻ കഴിയുന്നവിധം ഒരു വിശുദ്ധദിനമായി അതിനെ ആചരിക്കുക.

നിങ്ങൾ കണ്ടിട്ടില്ലേ, ഒരു നവവൈദികൻ പ്രഥമദിവ്യപൂജ അർപ്പിക്കുന്ന മനോഹരദിനത്തെ കേമമായി, ആഹ്ളാദപൂർണ്ണമായി, ആഘോഷിക്കുന്നത്? അദ്ദേഹത്തിൻെറ സ്മരണാമണ്ഡലത്തിൽ എന്നെന്നും കതിർവീശുന്ന, അദ്ദേത്തിൻെറ ജീവിതത്തെ പൂവണിയിക്കുന്ന പൊൻദിനമാണത്. നിങ്ങളുടെ ജീവിതത്തേയും പൂവണിയിക്കുവാൻ പോകുന്ന ആ സുന്ദരദിനത്തെ—നിങ്ങളുടെ വിവാഹദിനത്തെ അപ്രകാരം സ്മരണാർഹമായി നിങ്ങളും പകർത്തുക. വിശുദ്ധ ബലിയോടുകൂടി നിങ്ങളുടെ വിവാഹം മംഗളപൂർണ്ണമായിത്തീരട്ടെ!

സമയംപോലെ ഇടവകവികാരിയെ നിങ്ങൾ സന്ദർശിക്കുക. നിങ്ങളുടെ വിവാഹകാര്യത്തെപ്പററി അദ്ദേഹത്തോടു പറയുക. ഇക്കാര്യത്തിൽ അദ്ദേഹത്തിനു ചി

ലതെല്ലാം നിങ്ങളോടുപദേശിക്കുവാനുണ്ടാവും. അദ്ദേഹത്തിൻെറ വാക്കുകൾക്കു വിലകല്പിക്കുക. നാട്ടുനടപ്പനുസരിച്ചും സഭാനിയമങ്ങൾക്കനുസൃതമായും ചിലചില ആചാരോപചാരങ്ങൾ നിങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ട്. അവ അദ്ദേഹം വിശദമായി പറഞ്ഞുതരാതിരിക്കുകയില്ല.

യോഗ്യതാപൂർവം ഫലദായകമായി വിവാഹമെന്ന കൂദാശയെ സ്വീകരിക്കുവാൻ പ്രസാദവരത്തിലായിരിക്കുക അനുപേക്ഷണീയമാണ്. അതിനാൽ, വിവാഹത്തിനു മുൻപു കുമ്പസ്സാരത്താൽ ആത്മാവിനെ പ്രസാദവരത്തിൻെറ ശുഭ്രവസ്ത്രമണിയിക്കുക ആവശ്യകംതന്നെ. അനുതാപപൂർണ്ണവും ആത്മാർത്ഥത നിറഞ്ഞതുമായിരിക്കട്ടെ, നിങ്ങളു കുമ്പസ്സാരം. വിഷയാസക്തി ഇതിനകം നിങ്ങളെ ഗ്രസിച്ചുപോയിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ചു കൂടുതൽ മനസ്താപപ്പെടുവാനും കുമ്പസ്സാരത്തിൽ അതു വെളിപ്പെടുത്തുവാനും വിട്ടുപോകരുത്. വരനും വധുവും മാത്രമല്ല, വിവാഹത്തിൻെറ സാക്ഷികൾകൂടി അന്നു ദിവ്യകാരുണ്യം സ്വീകരിക്കുന്നതു മാതൃകാപരമാണ്. നവദമ്പതികളുടെമേൽ ദൈവാനുഗ്രഹം നിരവധികമായി വർഷിക്കപ്പെടുന്നതിനും അതു് ഇടയാക്കും.

# VII

## ദാമ്പത്യമലക്കാവിൽ

### ആനന്ദത്തിന്റെ അച്ചാരം

വിഷാദംനിറഞ്ഞ മുഖവുമായിട്ടാണു വികാരിയച്ച ന്റെ മുറിയിലേക്കു ആ യുവാവു കടന്നുവന്നതു്. ഏതോ നിരാശയിൽ അയാൾ ചെന്നു കുടുങ്ങിയിരിക്കുകയാണെന്നു പ്രഥമവീക്ഷണത്തിൽത്തന്നെ അച്ചനു മനസ്സിലായി.

"എന്താണു്...." സ്നേഹത്തോടെ അയാളുടെ നേരെ തിരിഞ്ഞുകൊണ്ടു് അച്ചൻ ചോദിച്ചു.

തന്റെ ഹൃദയവ്യഥയുടെ കാരണം നേരിട്ടങ്ങു പറ യുവാൻ ആ യുവാവിനു സങ്കോചം തോന്നി. എങ്കിലും, അതു പറയുവാനായിട്ടാണല്ലോ അയാൾ വന്നതു്. അ പ്പോൾ പറയാതിരുന്നാലോ?

"എന്റെ അച്ചാ, ദാമ്പത്യജീവിതം ഇത്ര ഭാരപ്പെട്ട താണെന്നു ഞാൻ നേരത്തേ അറിഞ്ഞിരുന്നെങ്കിൽ!....സ

മാധാനമില്ലാത്ത ഒരു ജീവിതം...." വളരെ വിഷമിച്ചാണ് അയാളതു പറഞ്ഞുതീർത്തു്.

"എൻെറ കുഞ്ഞേ, പല ദമ്പതിമാരും പറയാറുള്ള പല്ലവിയാണിതു്. അതിനൊരു മറുമരുന്നുമാത്രമേയുള്ളു—ദൈവഭയത്തിൽ വളരുക. എന്നാൽ, ദാമ്പത്യജീവിതത്തിൽ ഒരുനാളും ഈവിധ നിരാശകൾ നാമ്പുനീട്ടുകയില്ല." ക്രിസ്തുവിൻെറ ആ പ്രതിപുരുഷൻ പ്രതിവചിച്ചു.

ജീവിതാനന്ദത്തിൻെറ അച്ചാരമായി ദൈവം അരുൾചെയ്തിരിക്കുന്നതു് ഇപ്രകാരമാണു്: "ദൈവത്തെ ഭയപ്പെടുന്നവർ ഭാഗ്യവാന്മാരാകുന്നു." നിത്യവും യഥാൎത്ഥവും പരിപൂൎണ്ണവുമായ സൗഭാഗ്യത്തിലേക്കുള്ള നടപ്പാത അറിയാവുന്ന ഒരാളുണ്ടെങ്കിൽ അതു ദൈവം മാത്രമാണു്. അവിടുന്നാണു നമുക്കൊരു ഹൃദയം നല്കിയതും ആനന്ദത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ അതിൽ രൂഢമൂലമാക്കിയതും. എന്നാൽ, അവിടുത്തെ മാററിനിറുത്തിക്കൊണ്ടു്, അവിടുത്തെക്കൂടാതെ ഈ ആനന്ദം ഹൃദയത്തിനു കൈവരിക്കുവാൻ കഴിവില്ല. അതേ, യഥാൎത്ഥമായ ജീവിതാനന്ദം ആസ്വാദിക്കുവാൻ ഒരേ ഒരു വഴിയേ ഉള്ളു, ക്രൈസ്തവ ദമ്പതികൾക്കു്—ദൈവഭയം. അവരുടെ ആനന്ദം ശാശ്വതവും സമാധാനപൂൎണ്ണവുമാക്കുവാൻ അതു വെളിച്ചം തെളിക്കാതിരിക്കുകയില്ല.

എങ്ങനെയാണു് ഈ ദൈവഭയത്തിൽ ക്രൈസ്തവ ദമ്പതികൾ വളരേണ്ടതു്? ആദ്യമേതന്നെ, ദൈവാരാധനയിൽ അവർ തീക്ഷ്ണതയുററവരാകണം. എല്ലാ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ദിവ്യബലിയിൽ ഭക്തിപൂർവം അവർ സംബന്ധിക്കട്ടെ. മുടക്കപ്പെട്ട യാതൊരു വേലയും അവരന്നു ചെയ്യരുതു്; തിരുസ്സഭ നിർദ്ദേശിച്ചി

ട്ടുള്ള ദിവസങ്ങളിൽ മാംസവർജ്ജനവും ഉപവാസവും അവർ അനുഷ്ഠിക്കണം; മാസത്തിലൊരിക്കലെങ്കിലും ദിവ്യഭോജനത്തിനു യോഗ്യതയോടെ അണയണം. എന്നാൽ, സൗകര്യവും സാഹചര്യവും ഒത്തുവരുന്നിടത്തോളം അവർ ആഴ്ചതോറുമോ പ്രതിദിനംതന്നെയുമോ ദിവ്യകാരുണ്യനാഥനെ തങ്ങളുടെ ഹൃദയത്തിൻെറ മണിക്കോവിലിലേക്കു കൂട്ടിക്കൊണ്ടു വരുവാൻ മടിക്കരുത്. ഭൗമികാനന്ദത്തിലേക്കും സ്വർഗ്ഗീയസൗഭാഗ്യത്തിലേക്കുമുള്ള അവരുടെ പ്രയാണത്തിൽ സുരക്ഷിതവും സുനിശ്ചിതവുമായ കൈചൂണ്ടിപ്പലകകളാണു ദൈവകല്പനകൾ എന്ന അവബോധം അവരുടെ ഓരോ പ്രവൎത്തനത്തിലും മുന്നിട്ടു നില്ക്കണം.

## ഒന്നിച്ചു പ്രാൎത്ഥിക്കുക

"ഒന്നിച്ചു പ്രാൎത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നില്ക്കുന്നു." സുപ്രസിദ്ധ ജപമാലാപ്രേഷിതനായ ഫാദർ പെയ്റ്ററൻ ജപമാലയെക്കുറിച്ചു നല്കുന്ന പ്രഭാഷണങ്ങളിലെല്ലാം ആവൎത്തിച്ചാവൎത്തിച്ച് ഉൽബോധിപ്പിക്കുന്ന ഒരു വസ്തുതയാണിത്. ദൈവവുമായി സന്തതസമ്പൎക്കത്തിൽ വസിക്കുന്നതിന്, മാധുൎയ്യപൂൎണ്ണമായ കുടുംബജീവിതത്തിൽ കുഴപ്പംപിണയാതിരിക്കുന്നതിനു ദമ്പതിമാർ തങ്ങളുടെ അനുദിനപ്രാൎത്ഥനകൾ—കാലത്തും വൈകിട്ടും ഭക്ഷണത്തിനു മുൻപും പിൻപുമുള്ള പ്രാൎത്ഥനകൾ— മുടക്കംകൂടാതെ ചൊല്ലുക ആവശ്യകമാണ്. ഹൃദയത്തിൽ ഉറഞ്ഞുകിടക്കുന്ന, ദൈവവുമായുള്ള ഈ സ്നേഹവേഴ്ച തനിച്ചുള്ള ഭക്തികൃത്യങ്ങളിൽ അവരെ കർമ്മോജ്ജ്വലരാക്കുക മാത്രമല്ല, എല്ലാ ദിവസവും വൈകിട്ടുള്ള കുടുംബപ്രാൎത്ഥനകളിൽ അവരെ സന്തുഷ്ടചിത്തരാക്കുകകൂടി ചെയ്യുന്നു. അപ്പച്ചനും

അമ്മച്ചിയും അരുമക്കിടാങ്ങളും ഒന്നിച്ചിരുന്നു ജപമാല ചൊല്ലുന്ന ക്രൈസ്തവഭവനങ്ങൾ എത്രകണ്ടു അനുഗൃഹീതമല്ല! അതേ, ദൈവസ്നേഹത്തിലും ദൈവഭയത്തിലും വളർച്ചകൊള്ളുന്ന ഹൃദയങ്ങളിൽനിന്നു അനസ്യൂതം ഉയരുന്ന സ്നേഹത്തിൻെറ ഈരടികൾ ഓരോ ക്രൈസ്തവഭവനത്തേയും ശബ്ദായമാനമാക്കട്ടെ. അപ്പോഴാണു പ്രസാദവരത്തിൻെറ പ്രകാശക്കതിരുകൾ കുടുംബാന്തരീക്ഷത്തിൽ തെളിഞ്ഞുവിളങ്ങുന്നതു് എന്ന കാര്യം ദമ്പതികളുടെ ഓർമ്മയിലിരിക്കട്ടെ.

ഒട്ടുവളരെ പ്രാർത്ഥിച്ചതുകൊണ്ടായില്ല; കുറച്ചുപ്രാർത്ഥിച്ചാലും പ്രാർത്ഥിക്കുന്നതു നന്നായി, ഭക്തിപൂർവം ആയിരിക്കട്ടെ. പ്രാർത്ഥനയുടെ സമയത്തിൽ ചിട്ടയുണ്ടായിരിക്കുവാനും ശ്രദ്ധിക്കണം.

## കൊച്ചിടവക

വിശുദ്ധ ആഗസ്തീനോസു പറയുന്നു, ഓരോ കുടുംബവും ഓരോ കൊച്ചിടവകയാണെന്നു്. മാതാപിതാക്കന്മാരാണു് ആ ഇടവകയിലേ വികാരിയും സഹവൈദികനും. സന്താനങ്ങൾ ഇടവകജനങ്ങളും ഇടവകവൈദികന്മാർ തങ്ങളുടെ സംരക്ഷണത്തിനായി ഭരമേല്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തെ പ്രാർത്ഥനയുടെ മാർഗ്ഗത്തിലൂടെ നയിക്കുവാൻ കടപ്പെട്ടവരാണു്. അതുപോലെ കുടുംബമാകുന്ന ഇടവകയിലേ വൈദികരും തങ്ങളുടെ സംരക്ഷണത്തിനു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തെ—സന്താനങ്ങളെ—പ്രാർത്ഥനയുടെ മാർഗ്ഗത്തിലൂടെ സ്വർഗ്ഗാഭിമുഖമായി നയിക്കട്ടെ. ഈ മഹത്തായ കടമ നിർവഹിക്കുന്നെങ്കിൽ അവർക്കു തികച്ചും അഭിമാനംകൊള്ളാം.

## കത്തോലിക്ക അന്തരീക്ഷത്തിൽ

തങ്ങളുടെ കുഞ്ഞുങ്ങളെ തികച്ചും ഒരു കത്തോലിക്ക അന്തരീക്ഷത്തിൽ വളർത്തുകയും വിദ്യ അഭ്യസിപ്പിക്കുകയും ചെയ്യുക ഓരോ മാതാവിന്റേയും പിതാവിന്റേയും ധർമ്മമാകുന്നു. മതപരമായ വിദ്യാഭ്യാസത്തിനു വിദ്യാലയങ്ങളിൽ സ്ഥാനമില്ലാതിരിക്കുന്ന ഇക്കാലത്തു്, അവരെസ്സംബന്ധിച്ചിടത്തോളം ഈ കടമ ഭാരപ്പെട്ടതായിത്തീരുന്നു. തെളിച്ചു പറഞ്ഞാൽ, ഇതു വെറുമൊരു പഠിത്തത്തിന്റെ പ്രശ്നമായിട്ടല്ല ഉയിർകൊള്ളുക; പ്രത്യുത, നന്നായി ജീവിക്കുവാൻ പഠിക്കുന്നതിന്റെ പ്രശ്നമാണു്. അതായതു്, ഒരുകുട്ടി മാതാപിതാക്കന്മാരുടെ സംരക്ഷണത്തിൽ കൂടി വിദ്യാലയം കടന്നുവരുമ്പോൾ തീക്ഷ്ണതയുററ കത്തോലിക്കനായി ജീവിക്കുവാൻ വേണ്ട കൈമുതൽ അവനുണ്ടായിരിക്കണം; ഒരു സുകൃതജീവിതത്തിനുവേണ്ട ഉൾപ്രവണത ഒരോ കുട്ടിയുടേയും വ്യക്തിത്വത്തിൽ അലിഞ്ഞുചേർന്നിരിക്കണം. നമ്മുടെ തലമുറയിലെ അഭ്യസ്തവിദ്യരിൽ പലരിലും കടന്നുകൂടിയിരിക്കുന്ന ചിന്താക്കുഴപ്പങ്ങളുടെ അടിയിൽ കിടക്കുന്ന പരമാർത്ഥം അവർക്കുമേൽപ്പറഞ്ഞ ഉൾപ്രവണത ലഭിക്കുവാൻവേണ്ട സഹചര്യങ്ങൾ കുടുംബമേഖലയിൽ ലഭിച്ചില്ല എന്നതാണു്. അതിനു് ഉത്തരവാദികളോ? മാതാപിതാക്കന്മാർ!

യഥാർത്ഥവിദ്യാഭ്യാസത്തിന്റെ പ്രയോജനത്തെപ്പററി ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ പറയുന്നു: "മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതിന്റെ മഹനീയമായ ഉദ്ദേശ്യം സാധിക്കുവാൻ അവൻ എന്തായിത്തീരണമോ അതിനും ഈ ഭൂമിയിൽ അവൻ എന്തുചെയ്യണ

മോ അതിനും അവനെ ഒരുക്കുകയെന്നതാണു വിദ്യാഭ്യാസത്തിൻെറ പ്രയോജനം."

എല്ലാ മതാനുയായികളും തങ്ങളുടെ കുഞ്ഞുങ്ങൾക്കു മതാത്മകമായ വിദ്യാഭ്യാസം ചെറുപ്പത്തിലേതന്നെ നല്കുവാൻ ശ്രദ്ധിക്കുന്നു. കാരണം, അതിനെ ആശ്രയിച്ചാണ് ഓരോ കുട്ടിയുടേയും ഭാവിജീവിതം പ്രകാശമാനമാകുവാൻ പോകുന്നതു് എന്നവക്കറിയാം. അപ്പോൾ കത്തോലിക്കമാതാപിതാക്കന്മാർ ഇക്കാര്യത്തിൽ എത്രമാത്രം ശ്രദ്ധപതിച്ചാൽ മതിയാവും!

മുലപ്പാലോടുകൂടിത്തന്നെ മതബോധവും കുഞ്ഞുങ്ങൾക്കു കൊടുക്കുക. വിശുദ്ധരെ വാർത്തെടുത്ത മൂശ മാതാപിതാക്കന്മാരാണെന്നു അവരുടെ ജീവിതകഥകൾ വിളിച്ചറിയിക്കുന്നു. തൻെറ അരുമക്കുഞ്ഞിനെ കൈകളിലേന്തി, കുടുംബത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന സ്നേഹരാജനായ ഈശോയുടെ രൂപം ചൂണ്ടിക്കാണിച്ചുകൊണ്ടു് "ഈശോ....ഈശോ...." എന്നു ചെല്ലിക്കൊടുക്കുന്ന മാതാപിതാക്കന്മാർ എന്തെന്തു ധന്യരല്ല!

## പ്രായോഗികമായി

കുട്ടികൾക്കു ഏററം പ്രിയംകരമായ ഒരു കാര്യമുണ്ടു് കഥ കേൾക്കുക. കഥയെന്നു കേട്ടാൽമതി ഊണുംമറക്കും ഉറക്കവും മറക്കും. എന്നിട്ടു, ചെവികൂർമ്പിച്ചിരുന്നു കേട്ടുകൊള്ളും. അതിനാൽ, കഥകളിൽക്കൂടി അവരെ കാര്യംഗ്രഹിപ്പിക്കുവാൻ വളരെ എളുപ്പമാണു്. ഉണ്ണിയീശോയുടെ ജനനം, ജീവിതം, അത്ഭുതങ്ങൾ മുതലായ സുവിശേഷഭാഗങ്ങൾ കഥാരൂപത്തിൽ കുട്ടികളെ പറഞ്ഞു മനസ്സിലാക്കണം. വിശുദ്ധഗ്രന്ഥം അവരെക്കൊണ്ടു എ

ല്ലാദിവസവും വായിപ്പിക്കുവാൻ മറന്നുപോകരുത്. മതാത്മകമായ ഗ്രന്ഥങ്ങളും വിശുദ്ധരുടെ ജീവിതകഥകളും തുറന്നു അവരുടെ കൈകളിൽ വച്ചുകൊടുക്കുക. ധീരതയെ പൂവിട്ടുപൂജിക്കുന്ന ഇളംമനസ്സുകളിൽ രക്തസാക്ഷികളുടെ അചഞ്ചലവിശ്വാസവും വിശുദ്ധരുടെ തീക്ഷ്ണതയുററ ദൈവസ്നേഹവും ഉണർവരുളുവാൻ, അവയെ തങ്ങളുടെ ജീവിതത്തിലേക്കു പകർത്തിയെടുക്കുവാൻ അതു സൗകര്യം നല്കും.

## "ഞങ്ങൾ അവരിൽനിന്നു പഠിച്ചു"

ഒരു അനുഗൃഹീത ഗ്രന്ഥകാരനായ റവ. ഫാ. റോബർട്ട്നാഷ് എസ്സ്. ജെ. ഒരു സംഭവകഥ പറയുന്നു: "നല്ലയിടയ"ൻ സഭയിലെ ഒരംഗമായ ആസ്ട്രേലിയാക്കാരി ഒരു കന്യാസ്ത്രീ കുറെക്കൊല്ലങ്ങൾക്കുമുൻപു മരിച്ചു. ദൈവത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി അവസാനനിമിഷംവരെ പണിയെടുത്ത ഒരു ജീവിതമാണ് അന്നുപൊലിഞ്ഞുപോയത്!

ആസ്ട്രേലിയായിലെ ഒരു കുഗ്രാമത്തിലാണ് അവൾ ജനിച്ചതും വളർന്നതും. വെറുമൊരു മിഷൻസ്റ്റേഷനായിരുന്ന അവിടെ ആണ്ടിൽ കഷ്ടിച്ചു രണ്ടുപ്രാവശ്യം മാത്രമാണു ഒരു വൈദികൻ എത്തിയിരുന്നത്. എന്നിട്ടും, ക്രിസ്തുവിനുവേണ്ടി തുടിക്കുന്ന ഒരു ഹൃദയം അവളിൽ രൂപംകൊണ്ടു! ക്രിസ്തുവിൻെറ ശമിക്കാത്ത 'ദാഹം' അവളുടെ ഹൃദയത്തിലും ഉയിർകൊണ്ടു! അവളൊരു കന്യാസ്ത്രീയായി. "എനിക്കു ആത്മാക്കളെ തരുക, എനിക്ക് ആത്മാക്കളെ തരുക" എന്നു ഹൃദയമുയർത്തി ഉദീരണം ചെയ്തു വി.

ഫ്റാൻസിസ് സേവിയറിനെപ്പോലെ അവരം തീക്ഷ്ണതയുടെ നിറകതിർ വീശി.

എങ്ങനെ ഇതു സംഭവിച്ചു? അവരംതന്നെ പലപ്പോഴും ഉദ്ദേശപൂർവം മററുള്ളവരോടു പറയാറുണ്ടായിരുന്നു: "ഇവയെല്ലാം എനിക്കു കിട്ടിയതു് എൻെറ സ്നേഹമുള്ള മാതാപിതാക്കന്മാരിൽനിന്നാണു്. ആയിരമായിരം കാതങ്ങരംക്കപ്പുറത്തു സ്ഥിതിചെയ്യുന്ന എൻെറ കൊച്ചുവീടു സജീവവിശ്വാസത്തിൻെറ ഒരു പ്രതീകമായിരുന്നു. അവിടെ ഐക്യവും ശാന്തിയും സമാധാനവും നിറഞ്ഞുനിന്നിരുന്നു. ജപമാല ചെല്ലാത്ത ഒരൊററരാത്രിപോലും ആ ഭാഗ്യപ്പെട്ട ഭവനത്തെ കടന്നുകന്നിരുന്നില്ല. കത്തോലിക്കവിശ്വാസത്തിൻെറ അമൂല്യതയേയും അമേയതയേയും കുഞ്ഞുങ്ങളായ ഞങ്ങളിൽ പകർന്നുവയ്ക്കുവാനുള്ള യാതൊരവസരവും എൻെറ മാതാപിതാക്കന്മാർ പാഴാക്കിയില്ല. ഞങ്ങരം—എൻെറ സഹോദരിമാരും സഹോദരന്മാരും ഞാനും—അവരിൽനിന്നു പഠിച്ചു. എല്ലാക്കാര്യങ്ങളിലും അവർ ഞങ്ങരംക്കു മാതൃകയായിരുന്നു".

അതേ, മാതാപിതാക്കന്മാരാണു കുട്ടികളുടെ പ്രഥമാദ്ധ്യാപകർ. അവരിൽനിന്നാണു കുട്ടികരം തങ്ങളുടെ സ്വഭാവത്തിൻെറ പ്രഥമപാഠങ്ങരം ചെല്ലിപ്പഠിക്കുക. കുടുംബങ്ങളിൽനിന്നു കൊച്ചുന്നാളിൽ പഠിക്കുന്ന ഈ പാഠങ്ങളൊക്കെ അവരുടെ ഭാവിജീവിതത്തിലും സ്വാധീനതാശക്തി ചെലുത്താതിരിക്കുകയില്ല. കാററും കോളും കലന്ന ജീവിതസാഗരത്തിൽ ആടാതെ ഉലയാതെ അവരുടെ ജീവിതനൗക നിത്യത്വത്തിൻെറ തുറമുഖത്തെത്തിച്ചേരണമെങ്കിൽ, ജീവിതവിജയങ്ങരം കൈവരിക്കണമെങ്കിൽ ചെ

രപ്പത്തിലേതന്നെ അതിനുള്ള ശക്തി അവർ പരിശുദ്ധമായ കുടുംബാന്തരീക്ഷത്തിൽനിന്നു സംഭരിച്ചിട്ടുകണം.

## ഉത്തരമില്ലാത്ത ചോദ്യങ്ങൾ

അസഭ്യം പറഞ്ഞതിന് ഒരിക്കൽ ഒരു മാതാവു തൻെറ കുഞ്ഞുമകനെ ശിക്ഷിച്ചു. പറഞ്ഞതു തെററായിപ്പോയി; അതിനാലാണ് അമ്മച്ചി തല്ലിയതു് എന്നവനു മനസ്സിലായി. എങ്കിലും, അവനതിലൊരു 'റിമാർക്ക്'ണ്ടു്: "എന്തുകൊണ്ടു് അച്ചാച്ചൻ ചീത്തപറയുമ്പോൾ അമ്മച്ചി അടിക്കുന്നില്ല?"

വേറൊരു സംഭവം, സ്കൂളിൽനിന്നും തൻെറ കൂട്ടുകാരൻെറ പെൻസിൽ സൂത്രത്തിൽ അടിച്ചുകൊണ്ടുപോന്ന തൻെറ മകനെ ഒരു പിതാവു ശാസിച്ചു: "എൻെറ മകനേ, നീ മോഷ്ടിക്കരുതു്! ഈശോയ്ക്കു് അതൊട്ടും ഇഷ്ടമാവുകയില്ല. കാരണം, അവിടുന്നു നമ്മൾ പ്രവൎത്തിക്കുന്നതൊക്കെ നോക്കിക്കൊണ്ടിരിക്കുകയാണ്." സ്വല്പനേരം മൂകനായിനിന്നതിനുശേഷം ചിന്താശീലനായ ആ കൊച്ചുകുട്ടി പറയുകയാണു്: "അപ്പോൾ, അച്ചാച്ചൻ കള്ളുംകുടിച്ചുവന്നു രാത്രിയിൽ വഴക്കുണ്ടാക്കുന്നതും അമ്മച്ചിയെ തല്ലുന്നതുമെല്ലാം ഈശോ കാണുന്നുണ്ടല്ലോ!"

മറെറാരിക്കൽ ഒരു വേദപാഠക്ലാസ്സിൽ ഒരു കന്യാസ്ത്രീ കുട്ടികളോടു പറഞ്ഞു: "വീട്ടിൽ നിങ്ങൾ ജപമാലയും മററു പ്രാൎത്ഥനകളുമൊക്കെ ചൊല്ലുമ്പോൾ, മാതാപിതാക്കന്മാരുടെ അടുത്തിരുന്നു സ്വരമുയൎത്തി തെളിച്ചുചൊല്ലണം". മുൻ ബെഞ്ചിലിരുന്ന ഒരു കൊച്ചുകുട്ടി ചാടിയെഴുന്നേററു പറയുകയാണ്. "അപ്പച്ചൻ ഒരിക്കലും പ്രാൎത്ഥനയുടെ സമയത്തു വീട്ടിൽ വരുകയില്ല."

കുട്ടികളുടെ ശിക്ഷണത്തിൽ മാതാപിതാക്കന്മാരെ സ്സംബന്ധിച്ചിടത്തോളം ഉപദേശത്തിനാണോ മാതൃകാൎയ്യ ണോ പ്രാധാന്യം? രണ്ടും ഒത്തിണങ്ങിപ്പോകണം. മാതൃ കകാണിക്കാതെയുള്ള ഉപദേശങ്ങൾ കമഴ്ത്തിവച്ചിരിക്കു ന്ന കുടത്തിന്റെ പുറത്തൊഴിക്കുന്ന ജലധാരപോലെയായിരി ക്കും. ഉപദേശം അപ്പോഴപ്പോൾ കൊടുക്കാതെ വെറു തെ മാതൃകമാത്രം കാണിച്ചതുകൊണ്ടും വലിയ ഫലമുണ്ടാ കുമെന്നു കരുതുവാൻ പാടില്ല.

## ഭാവിതലമുറകൾക്കുവേണ്ടി

ഒരിക്കൽ ഒരു കുടുംബനായകൻ ഇടവകയിലെ വികാ രിയച്ചനോടു പറഞ്ഞു: "അച്ചാ, ഞാൻ പള്ളിയിൽ വരു ന്നില്ലെന്നുള്ളതു പരമാൎത്ഥം. പക്ഷേ, എന്റെ ഭാൎയ്യയേ യും കുഞ്ഞുങ്ങളേയും എല്ലാദിവസവുംതന്നെ പള്ളിയിൽ പ്പോകുവാൻ ഞാൻ നിർബന്ധിക്കുന്നുണ്ട്."

അച്ചൻ ചോദിച്ചു: "ഫലമെന്തു്; പ്രായമാകുമ്പോൾ താങ്കളുടെ കുഞ്ഞുങ്ങളും താങ്കളെപ്പോലെ നിരീശ്വരത്വ ത്തിലേക്കു വഴുതിവീഴുകയില്ലെന്നു തീൎത്തുപറയാമോ?" അ സന്മാൎഗ്ഗികളുടെ സന്താനങ്ങളും അസന്മാൎഗ്ഗികളായിത്തീരു മെന്നു് അനുഭവം നമ്മെ പഠിപ്പിക്കുന്നു. തങ്ങൾ ചെയ്യാ ത്തതൊന്നും തങ്ങളുടെ മക്കളിൽനിന്നു മാതാപിതാക്ക ന്മാർ പ്രതീക്ഷിച്ചുകൂടാ.

ഭാൎയ്യയേയും കുഞ്ഞുങ്ങളേയും പള്ളിയിൽപ്പോകാൻ നിർബന്ധിക്കുകയും താൻ ഒരിക്കലും പള്ളിയിൽ പോകാ തിരിക്കുകയും ചെയ്ത ആ പിതാവു സ്വൎഗ്ഗകവാടത്തിലെ ത്തുമ്പോൾ "നിങ്ങളെ ഞാനറിയുകയില്ല, നിങ്ങളുടെ ഭാൎയ്യ യേയും കുഞ്ഞുങ്ങളേയും മാത്രമേ എനിക്കു പരിചയമുള്ളൂ."

എന്നു് സ്വർഗ്ഗത്തിന്റെ താക്കോൽക്കാരൻ പറയുകയില്ലെന്നു് ആരറിഞ്ഞു?

ചുരുക്കിപ്പറഞ്ഞാൽ, ഭവനമാകുന്ന വിശുദ്ധസ്ഥലത്തിലെ നിർമ്മലത നിറംകെടാതെ നിലനില്ക്കണമെങ്കിൽ മാതാപിതാക്കന്മാർ മാതൃകസമ്പന്നരായേ മതിയാവൂ. എങ്കിലേ, ഭാവിതലമുറകൾക്ക വിശുദ്ധിയുടെ വീരമുദ്രകൾ പ്രാപിക്കുവാൻ കഴിവുണ്ടാകയുള്ളൂ.

## ആനന്ദദാതാക്കൾ

ആദ്ധ്യാത്മികനന്മകൾ കൈവരിക്കുവാനും ഭൗതികോൽക്കർഷം പ്രാപിക്കുവാനും മക്കൾ തങ്ങളെ സഹായിക്കുന്നു എന്ന വസ്തുത മനസ്സിലാക്കുന്ന മാതാപിതാക്കന്മാർ എത്രയധികം ആനന്ദമണിയേണ്ടിയിരിക്കുന്നു! മദ്യപനും താന്തോന്നിയുമായ അപ്പച്ചന്റെ മനഃപരിവത്തനത്തിനുവേണ്ടി മനംചുട്ടു പ്രാത്ഥിക്കുന്ന എത്രയെത്ര കൊച്ചുഹൃദയങ്ങൾ കാണുകയില്ല! നിരീശ്വരത്വത്തിലേക്കു് ഇടിഞ്ഞിറങ്ങിയിരിക്കുന്ന വത്സലതാതനെ വിശ്വാസത്തിന്റെ വെള്ളിവെളിച്ചത്തിലേക്കാനയിക്കുവാൻ ഹൃദയംഗമമായി പ്രാർത്ഥിക്കുന്ന എത്രയെത്ര കുഞ്ഞുമക്കൾ കാണുകയില്ല! അല്ലലും അലച്ചിലും കൂടാതെ തങ്ങളുടെ മാതാപിതാക്കന്മാരെ 'മാളികമുകളിൽ'ത്തന്നെ താമസിപ്പിക്കുവാൻ, ലൗകികമായ എല്ലാസൗഭാഗ്യങ്ങളും അവക്കു നേടിക്കൊടുക്കുവാൻ രാപകൽ പണിപ്പെടുന്ന എത്രയെത്ര യുവഹൃദയങ്ങൾ നമ്മുടെ ഇടയിൽത്തന്നെ ഉണ്ടു്. അതേ, ആധ്യാത്മികരംഗത്തും ഭൗതികരംഗത്തും മാതാപിതാക്കന്മാർക്ക ആനന്ദദാതാക്കളാണു് ഉത്തമസന്താനങ്ങൾ അവരുടെ

ഓരോപ്രവൃത്തിയിലും മാതാപിതാക്കന്മാർ ആനന്ദം കണ്ടെത്തും!

## അപ്പച്ചനുവേണ്ടി

റവ. ഫാ. ആൻസലം ജെ. വിയാനോ എസ്സ്. എസ്സ്. പി. തൻെറ അനുഭവത്തിൽനിന്ന് ഒരു സംഭവം വിവരിക്കുന്നു. അദ്ദേഹം സ്കോട്ട്ലണ്ടിൽ ഒരു സ്ഥലത്ത് ഒരു പ്രസംഗപരമ്പര (Preaching) നടത്തുകയായിരുന്നു.

പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനൊരുങ്ങുന്ന കുട്ടികൾക്ക് ഒരു കൊച്ചുപദേശം കൊടുക്കുവാൻ അവിടത്തെ വികാരിയച്ചൻ അദ്ദേഹത്തോടാവശ്യപ്പെട്ടു. മനുഷ്യഹൃദയങ്ങളിൽ ദിവ്യകാരുണ്യനാഥൻെറ സ്നേഹവാഴ്ചയെക്കുറിച്ച് അദ്ദേഹം അവരോടു പ്രസംഗിച്ചു. അദ്ദേഹം അവസാനിപ്പിച്ചതിങ്ങനെയാണ്: "പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, നിങ്ങൾ ഇന്നു വീട്ടിൽ ചെല്ലുമ്പോൾ അമ്മച്ചിയോടു പറയുവിൻ മനുഷ്യഹൃദയങ്ങളിൽ ക്രിസ്തുരാജൻെറ സ്നേഹവാഴ്ചയെക്കുറിച്ചാണു ഞാൻ നിങ്ങളോടു സംസാരിച്ചതു് എന്ന്; നിങ്ങളെല്ലാവരും അവിടുത്തെ പ്രേഷിതരുടെ നിരയിലേക്കു് ഉയരുവാൻ പോകയാണെന്ന്...."

ഉപദേശം തീൎന്നപ്പോൾ ഒരു കൊച്ചുപെൺകുട്ടി അദ്ദേഹത്തിൻെറ അടുക്കൽ ചെന്നു പറയുകയാണ്: "അച്ചാ, എൻെറ അപ്പച്ചൻ ഒരിക്കലും പള്ളിയിൽ പോകുന്നില്ല. അച്ചൻ പറഞ്ഞവയൊക്കെ ഞാൻ അമ്മച്ചിയോടു പറയാം....അപ്പച്ചനുവേണ്ടി ഞാൻ ഇന്നുതൊട്ടു പ്രാൎത്ഥിക്കുവാൻ തുടങ്ങുകയാണ്. ഒരു ദിവസംപോലും ഞാ

നിനി വി. കർബാന കാണുന്നതിൽ മുടക്കംവരുത്തുകയില്ല."

അപ്പച്ചൻെറ മാനസാന്തരത്തിനുവേണ്ടി, അപ്പച്ചൻെറ ഹൃദയത്തിലും സ്നേഹരാജനായ ഈശോയുടെ ഭരണം സമാരബ്ധമാകുവാൻവേണ്ടി അവൾ എല്ലാദിവസവും ഭക്തിപൂർവം ദിവ്യബലിയിൽ സംബന്ധിച്ചു. കൊച്ചുമകളുടെ തീക്ഷ്ണത കണ്ടപ്പോൾ മാതൃഹൃദയം ആനന്ദത്താൽ കോരിത്തരിച്ചു!

മൂന്നുമാസത്തിനുശേഷം അച്ചൻ പിന്നേയും അവളെ കണ്ടുമുട്ടുവാനിടയായി. അപ്പോൾ, അവൾ അദ്ദേഹത്തോടു പറയുകയാണു്: "അച്ചാ, പള്ളിയിൽ പോകാത്ത എൻെറ അപ്പച്ചനെപ്പററി ഞാനന്നു് അച്ചനോടു പറഞ്ഞതു് ഓർക്കുന്നുണ്ടല്ലോ. അച്ചൻെറ അന്നത്തെ ഉപദേശം കഴിഞ്ഞതിൽപ്പിന്നെ ഒററദിവസംപോലും ഞാൻ ദിവ്യബലി മുടക്കിയിട്ടില്ല.

"ഇതാ, ഈശോ ഇവിടെ എഴുന്നള്ളിവരുമ്പോൾ ഞാനെന്താണു് അവിടുത്തോടു പറയുന്നതെന്നറിയാമോ?" അവൾ തൻെറ ഹൃദയത്തിൽ തൊട്ടുകാണിച്ചുകൊണ്ടു അച്ചൻെറ മുഖത്തേക്കുനോക്കി.

"ഞാൻ പറയും: സ്നേഹമുള്ള ഈശോ, ഞാനിതാ, എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിക്കുന്നു; അങ്ങയെ സ്വീകരിക്കുന്നു. എല്ലാം എൻെറ അപ്പച്ചനുവേണ്ടി. ഞാനിതാ അപ്പച്ചൻെറ സ്ഥാനത്തു് അഴിക്കാലിന്നരികെ മുട്ടുകുത്തിനിന്നുകൊണ്ടു് അങ്ങയെ ഹൃദയത്തിൽ സ്വീകരിച്ചിരിക്കുന്നു. സ്നേഹമുള്ള നാഥാ, അദ്ദേഹത്തിൻെറ ഹൃദയത്തേയും അങ്ങു ജയിച്ചടക്കണമേ! എന്നു്."

നിഷ്കളങ്കഹൃദയങ്ങളിൽനിന്നുയരുന്ന ചൂടുള്ള പ്രാർത്ഥനകൾ സ്നേഹരാജനായ ഈശോ കേൾക്കാതിരിക്കുമോ? സുകൃതിനിയായ കൊച്ചുമകളുടെ അഭിനന്ദനാർഹമായ ആ കാൽവയ്പിൽ ആ മാതാപിതാക്കന്മാർ എന്തെന്തു സന്തുഷ്ടരായിക്കാണുകയില്ല.

## ദാമ്പത്യവിശ്വസ്തത

വി. ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു: "പുരുഷൻ തനിയെ ആയിരിക്കുക നല്ലതല്ല. അതിനാൽ, അവനു സഹായത്തിന് അവനെപ്പോലെതന്നെ അവനൊരിണയെ നമുക്കു സൃഷ്ടിക്കാം." പുരുഷനും സ്ത്രീയും തമ്മിൽ വൈവാഹികജീവിതത്തിൽ ഉണ്ടായിരിക്കേണ്ട സുദൃഢബന്ധത്തെപ്പററി ഈ വാക്കുകൾവഴി ദൈവം ഭാവിതലമുറകൾക്കു വ്യക്തമായ ഒരുപദേശം നല്കുകയായിരുന്നു.

തൻെറ ഇണയായി ദൈവം സൃഷ്ടിച്ച ഹാവായെ കണ്ടപ്പോൾ ആദം പറഞ്ഞതു്: "ഇവൾ എൻെറ അസ്ഥിയുടെ അസ്ഥിയും മാംസത്തിൻെറ മാംസവുമാകുന്നു"....എന്നാണല്ലോ?

പുതിയ നിയമത്തിൽ, കർത്താവ് ഈ വാക്കുകളെ ആവർത്തിച്ചു ദൃഢതരമാക്കി. "ആദിയിൽ ദൈവം അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. അതിനാൽ, പുരുഷൻ തൻെറ അപ്പനേയും അമ്മയേയും വിട്ടു ഭാര്യയോടു ചേർന്നിരിക്കും. ഇരുവരും ഒരു ജഡമായിത്തീരും. പിന്നെ അവർ ഒരു ജഡമല്ലാതെ രണ്ടല്ല. അതിനാൽ, ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർതിരിക്കാതിരിക്കട്ടെ"
(മർക്കോ. 10: 6....).

യൗവനപൂൎണ്ണരായ നവദമ്പതികൾ ദാമ്പത്യവിശ്വസ്തതയുടെ നിർമ്മലതയും മാഹാത്മ്യവും വേണ്ടത്ര ഗ്രഹിക്കാതെ വിവാഹിതരാകുക നിമിത്തമാണു് അവരുടെ വൈവാഹികജീവിതം തട്ടിത്തകരുവാൻ ഇടവരുന്നതെന്നു ഫാദർ മാത്യു ജി. മിഹാൻ പറയുന്നു. ആ ബന്ധം ആത്മാക്കൾതമ്മിലും ശരീരങ്ങൾ തമ്മിലും വ്യക്തിത്വങ്ങൾ തമ്മിലും ഉള്ള പരിപൂൎണ്ണയോജിപ്പായിരിക്കണം.

## അഭേദ്യമായ ബന്ധം

വിവാഹം ഒരു ഉടമ്പടിയാണു്. പുരുഷനും സ്ത്രീയും തമ്മിൽ മനുഷ്യവംശത്തിന്റെ നിലനില്പിനുവേണ്ടി സ്വന്തമായ അവകാശങ്ങളേയും സ്വാതന്ത്ര്യങ്ങളേയും പരസ്പരം കൈമാറുന്നു. മരണംവരെ അതിൽ വിശ്വസ്തത പാലിച്ചുകൊള്ളാമെന്നു് അവർ വാഗ്ദാനവും ചെയ്യുന്നു. പ്രകൃതിനിയമമായും ദൈവികനിയമമായും ദൈവം ഈ ഉടമ്പടിയെ അംഗീകരിക്കുന്നു.

ക്രിസ്തുനാഥന്റെ വാക്കുകൾതന്നെ വിവാഹബന്ധത്തിന്റെ അഭേദ്യതയെ നമുക്കു തെളിവായി വെളിപ്പെടുത്തിത്തരുന്നു: "അവൻ അരുൾചെയ്തു: തന്റെ ഭാൎയ്യയെ ഉപേക്ഷിച്ചു വേറൊരുത്തിയെ പരിഗ്രഹിക്കുന്ന ഏവനും വ്യഭിചാരം ചെയ്യുന്നു. ഭാര്യ തന്റെ ഭൎത്താവിനെ ഉപേക്ഷിച്ചു വേറൊരുത്തനു ഭാൎയ്യയായിത്തീൎന്നാൽ, അവളും വ്യഭിചാരം ചെയ്യുന്നു" (മൎക്കോ. 10: 11, 12).

## കുടുംബവലയത്തിൽ

മനുഷ്യർ തമ്മിലുള്ള പ്രാഥമികബന്ധം ഉടലെടുക്കുക കുടുംബവലയത്തിൽനിന്നുതന്നെ. ഒരു പുരുഷനും അവ

ൻെറ ഭാര്യയും അവരുടെ കുഞ്ഞുങ്ങളും തമ്മിലുള്ള നിർമ്മലമായ ബന്ധമാണ് അവിടെ ഉത്തുതമാകുന്നത്. തെളിവാൻ ഈ പരമാർത്ഥത്തിൻെറ നേരേ കണ്ണടച്ചു കളയുന്ന ഏതൊരു സാമുദായിക വ്യവസ്ഥിതിയും കെട്ടുറപ്പില്ലാത്തതാണ്. അധഃപതനത്തിൻെറ ആഴത്തിലേക്ക് ഇഴകിയിറങ്ങുവാൻ സമുദായജീവിയായ മനുഷ്യനെ അത് പ്രേരിപ്പിക്കുന്നു. അതിനാലാണ്, ഏതു സംസ്കാരത്തിൻെറയും മൂല്യവും മാഹാത്മ്യവും അറിയുവാനുള്ള ഉരകല്ല്, അതു വൈവാഹികബന്ധത്തേയും, മാതാപിതാക്കന്മാരും സന്താനങ്ങളും തമ്മിലുള്ള ബന്ധത്തേയും, എപ്രകാരം പുലർത്തിക്കൊണ്ടുപോരുന്നു എന്നറിയുകയാണ്, എന്നു പറയുന്നത്.

സുപ്രസിദ്ധ പണ്ഡിതനും അഗാധചിന്തകനുമായ ലിൻയടാങ്ങ് കുടുംബമേഖലയിൽ ഒളിവീശേണ്ട ബന്ധത്തെപ്പററി പറയുന്ന വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്: "മനുഷ്യർ തമ്മിലുള്ള ബന്ധത്തിൻെറ ഏററവും സ്വാഭാവികവും പ്രകൃത്യനുസൃതവുമായ ബന്ധം കുടുംബത്തിലുള്ളവർ തമ്മിലുള്ള ബന്ധമാണ്. ആ ബന്ധം വിജയകരമാക്കിത്തീർക്കുവാൻ സാധിക്കാത്ത ഒരാൾക്കു ജീവിതരംഗത്തു വിജയം നേടുക പ്രയാസമായിരിക്കും."

## കൂദാശയുടെ അനുഗ്രഹം

വിവാഹം വിശുദ്ധമാണ്. കാരണം, സ്ത്രീപുരുഷന്മാർ തമ്മിലുള്ള മാനുഷികമായ ഈ ഉടമ്പടിയെ ഒരു കൂദാശയുടെ മാഹാത്മ്യത്തിലേക്കു നമ്മുടെ കർത്താവ് ഉയർത്തിയിരിക്കുന്നു. മററെല്ലാ കൂദാശകളിലുമെന്നതുപോലെ കൂദാശയ്ക്കുടുത്ത വരപ്രസാദം ദൈവം വധൂവരന്മാർക്കു

നല്കുന്നു. അവരുടെ സംയുക്തജീവിതത്തിലെ എല്ലാ പ്രശ്നങ്ങളും തരണംചെയ്യുവാൻ വേണ്ട പ്രസാദവരം ഈ കൂദാശയിൽ ദൈവം അവക്കു വാഗ്ദാനം ചെയ്യുന്നു. ചില നിർദ്ദിഷ്ട മാർഗ്ഗങ്ങളിൽക്കൂടി, വിവാഹത്തിൻേറതായ മാർഗ്ഗങ്ങളിൽക്കൂടി വിശുദ്ധജീവിതം നയിക്കുവാനുള്ള ശക്തി, ജീവിതവൈഷമ്യങ്ങളെ ക്ഷമയോടേ പേറുവാനുള്ള ശക്തി കൂദാശയുടെ അനുഗ്രഹം വഴി അവക്കു സംസിദ്ധമാകുന്നു.

കൂദാശയ്ക്കുട്ടത്ത പ്രസാദവരം വിവാഹിതരാകുന്ന സ്ത്രീപുരുഷന്മാക്കെല്ലാവക്കും ലഭിക്കുന്നുണ്ടു്. എന്നാൽ, അതു പ്രയോജനപ്രദമാകുന്നതിന്, ഇരുവരുടേയും ആത്മരക്ഷയ്ക്കുപകരിക്കുന്നതിന്, വേറെ പലതും ആവശ്യമുണ്ടു്. ത്യാഗമാണ് അവയിൽ പ്രധാനം. അങ്ങേയററത്തു രക്തസാക്ഷിത്വംമുതൽ ഇങ്ങേയററത്തു വിവാഹത്തിൻെറ കടമകളുടെ സർവസാധാരണമായ പ്രവൃത്തിവരെ ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും ത്യാഗം പ്രവത്തിക്കുന്നു.

വിവാഹം ഒരു കൂദാശ ആയതുകൊണ്ടുകൂടിയാണ് അഭേദ്യമായിരിക്കുക. നല്കപ്പെട്ട യാതൊരു കൂദാശയും അഴിക്കുവാൻ പാടുള്ളതല്ലല്ലോ. മാമ്മോദീസാ സ്വീകരിച്ച ഒരുവൻെറ മാമ്മോദീസായോ സ്ഥൈര്യലേപനം സ്വീകരിച്ച ഒരുവൻെറ സ്ഥൈര്യലേപനമോ തുടച്ചുമാററുവാൻ ഒരുനാളും സാധിക്കുകയില്ല. ഗുരുപ്പട്ടാഭിഷേകത്തിൽ ഒരു വൈദികനു നല്കപ്പെട്ട അധികാരങ്ങൾ തിരിച്ചെടുക്കുവാനും ആക്കും കഴിവില്ല. അതുപോലെതന്നെ വിവാഹമെന്ന കൂദാശയേയും അഴിക്കുവാൻ യാതൊരാൾക്കും സാധിക്കുകയില്ല. അതായതു്, വിവാഹത്തിൻെറ

സുവർണ്ണശൃംഖലയാൽ ബന്ധിതരായവക്ക് ഒരുനാളും അനുവാദമില്ല, തങ്ങളുടെ പങ്കാളിയെ ഒന്നു മാറിയെടുക്കുവാൻ. ദൈവമാണല്ലോ വിവാഹത്തിൽ ദമ്പതികളെ യോജിപ്പിച്ചിരിക്കുന്നതു്.

## സ്വർഗ്ഗത്തിലാണു്

ആനന്ദപ്രദവും വിജയകരവുമായ വൈവാഹികബന്ധത്തിൽ സൗഭാഗ്യമനുഭവിക്കുന്നവരെ വിരൽചൂണ്ടിക്കൊണ്ടു മററുള്ളവർ പറയാറുണ്ടു്: "അവരുടെ വിവാഹം സ്വർഗ്ഗത്തിലാണു നടന്നതു്" എന്നു്. ശരിയാണു്. കത്തോലിക്കരായ നാം വിശ്വസിക്കുന്നതു്, എല്ലാ വിവാഹങ്ങളും സ്വർഗ്ഗത്തിലാണു നടക്കുന്നതു് എന്നാണു്. ആനന്ദപ്രദങ്ങളായ വിവാഹങ്ങൾ മാത്രമല്ല, അസുഖകരങ്ങളായി പരിണമിക്കുന്ന വിവാഹങ്ങളും അവിടെത്തന്നെയാണു നടക്കുക. കാരണം, ദൈവസവിധത്തിലാണല്ലോ അവരുടെ വിവാഹം ആശീർവദിക്കപ്പെടുന്നതു്.

വിവാഹദിനം വൈദികൻെറ മുൻപിൽ ഒരുമിച്ചു നില്ക്കുന്ന വധൂവരന്മാർതന്നെയാണു, വിവാഹമെന്ന കൂദാശയുടെ കാർമ്മികർ. വൈദികനാണു നിങ്ങൾക്കു മാമ്മോദീസാ നല്കിയതു്. കുമ്പസ്സാരവും കുർബാനയും നല്കുന്നതും അദ്ദേഹംതന്നെ. സ്ഥൈര്യലേപനം നിങ്ങൾക്കു നല്കിയതു മെത്രാനും. പക്ഷേ, നിങ്ങൾ വിവാഹം കഴിക്കുമ്പോൾ വൈദികനല്ല, ആ കൂദാശ നിങ്ങൾക്കു പരികർമ്മം ചെയ്യുന്നതു്. വിവാഹം നടന്നതിൻേറയും വധൂവരന്മാർ ആ കൂദാശ സ്വീകരിച്ചതിൻേറയും ഔദ്യോഗികഒൗക്സാക്ഷിമാത്രമാണു്, ഇവിടെ വൈദികൻ.

വിവാഹത്തിലെ ഉടമ്പടിയുടെ വാക്കുകൾ തെളിച്ചു ച്ചരിച്ചുകൊണ്ടുള്ള വ്യക്തമായ മനസ്സമ്മതത്താൽ വധൂവരന്മാർ പരസ്പരവും സ്വന്തമായും ഈ കൂദാശയുടെ കാർമ്മികരായിബ് ഭവിക്കുന്നു. പരിപാവനമായ ആ വാക്കുകൾ ഉച്ചരിക്കുകയും തങ്ങൾ സ്വീകരിക്കുവാൻ പോകുന്ന ദിവ്യകൂദാശയുടെ കാർമ്മികരായി വർത്തിക്കുകയും ചെയ്യുന്ന വധൂവരന്മാർ പ്രസാദവരത്തിലായിരിക്കുക എത്ര ആവശ്യകം!

## ഭാര്യാഭർത്താക്കന്മാർക്കുള്ള പ്രമാണങ്ങൾ

ഭാര്യാഭർത്താക്കന്മാർ കണിശമായി അനുഷ്ഠിക്കേണ്ട ചില നിയമങ്ങളെ ഇററലിയിലെ മോൺസിഞ്ഞോർ ജീയോവാനി മാറിഷി നിർദ്ദേശിച്ചിട്ടുണ്ട്. കഷ്ടപ്പാടുകളും വിരസതയും മനംമടുപ്പും നിറഞ്ഞ ദാമ്പത്യജീവിതവും പേറിക്കൊണ്ടു മുന്നോട്ടു നീങ്ങുന്ന നമ്മുടെ നാട്ടിലെ വിവാഹിതർക്കും ഈ പ്രമാണങ്ങൾ ആശ്വാസജനകമാകാതിരിക്കുകയില്ല. അവയെ വേണ്ടവണ്ണം വിലയിരുത്തി തങ്ങളുടെ ജീവിതത്തിലേക്കു പകർത്തിയെടുക്കുന്നതിലാണു വിജയം നിലകൊള്ളുന്നതു്.

## ഭാര്യയ്ക്കുള്ള പ്രമാണങ്ങൾ

എപ്പോഴും നിങ്ങൾ സംസാരിച്ചുകൊണ്ടിരിക്കരുതു്. നിങ്ങളുടെ ഭർത്താവിനും എന്തെങ്കിലും പറയുവാനുണ്ടാവും. അതു ശ്രവിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുക.

രുചികരമായ ഭക്ഷണം പാകംചെയ്യുക. സ്നേഹപൂർവം അതു വിളമ്പിക്കൊടുക്കുക. ഭവനത്തിൽ അടുക്കും ചിട്ടയുമുണ്ടായിരിക്കുവാൻ കഴിവതും ശ്രമിക്കുക.

എന്തെങ്കിലും ജോലിയിലിരിക്കുന്ന ഭത്താവിനെ നിങ്ങഠം അലട്ടരുതു്.

അയൽക്കാരുടെ കുററങ്ങഠം പറഞ്ഞുപരത്തുന്ന സ്വഭാവം പാടേ വെടിയണം.

അന്യരുടെ മുൻപിൽ നിങ്ങളുടെ ഭത്താവിനെക്കുറിച്ചു വൻപു പറയരുതു്. അദ്ദേഹത്തെക്കുറിച്ചു നിങ്ങഠംക്കുള്ള ബഹുമാനം പ്രവത്തനങ്ങളിലും പെരുമാററങ്ങളിലും നിഴലിച്ചു നില്ക്കട്ടെ.

ഭത്താവിൻെറ കുററത്തെക്കുറിച്ചു പരാമർശിക്കേണ്ടിവന്നാൽ, സ്നേഹപൂർവം അതു ചൂണ്ടിക്കാണിക്കുക. അതു പുനരാവത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുക.

ഭത്താവിൻെറ കുററങ്ങളിലും കഴിവുകേടുകളിലും ക്ഷമ പ്രദർശിപ്പിക്കുക. ചിലപ്പോഴൊക്കെ അദ്ദേഹത്തിൻെറ ഗുണങ്ങളെ പ്രശംസിക്കുവാനും മറന്നുപോകരുതു്.

ഭത്താവിനെ ഒരു വീട്ടുവേലക്കാരനായി നിങ്ങഠം കണക്കാക്കരുതു്.

കുടുംബനായികയായ നിങ്ങളുടെ ഒന്നാമത്തെ ചുമതല വീട്ടുകാര്യാന്വേഷണമാണു്. അതിലാണു നിങ്ങളുടെ ശ്രദ്ധ കാര്യമായി പതിയേണ്ടതു്; അല്ലാതെ, ആടയാഭരണങ്ങഠം അണിഞ്ഞു നടക്കുന്നതിലായിരിക്കരുതു്.

ചിലപ്പോഠം നിങ്ങളുടെ ഭത്താവു് ഏകാന്തതയിലായിരിക്കുവാൻ ആഗ്രഹിച്ചേക്കാം. അപ്പോഠം അദ്ദേഹത്തെ നിങ്ങഠം അലട്ടരുതു്.

## ഭത്താവിനുള്ള പ്രമാണങ്ങഠം

നിങ്ങഠം വിവാഹദിവസം ഭാര്യയോടു കാണിച്ച ഉപചാരവും സ്നേഹവും ഇന്നും അവളോടു കാണിക്കുക.

ഭാര്യ പാകപ്പെടുത്തിക്കൊണ്ടുവരുന്ന ഭക്ഷണത്തെക്കുറിച്ചു വാക്കുകൊണ്ടോ മുഖഭാവംകൊണ്ടോ അഭിനന്ദനം പ്രദർശിപ്പിക്കുക. ഭക്ഷണം മേശപ്പുറത്തു താനെ വന്നു ചേരുകയില്ലല്ലോ.

നിങ്ങളുടെ ഭാര്യയുടെ വ്യക്തിപരമായ താൽപര്യങ്ങളിൽ ഔൽസുക്യം പ്രദർശിപ്പിക്കുക.

നിങ്ങളുടെ വിഷമതകളിൽ അവളുമായി ആലോചിക്കുകയും നിങ്ങളുടെ ജോലിയെപ്പററി അവളോടു സംസാരിക്കുവാൻ താൽപര്യം പ്രകടിപ്പിക്കുകയും ചെയ്യുക.

നിങ്ങളുടെ ഭാര്യയ്ക്കുണ്ടായിരിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്ന ജീവിതവിശുദ്ധി ആദ്യമേതന്നെ നിങ്ങളിൽ ഉണ്ടാകട്ടെ. അങ്ങനെ, തിന്മയുടേയും കലഹത്തിൻേറയും നഴഞ്ഞുകയററത്തിൽനിന്നു ഒഴിഞ്ഞുമാറുക.

നിങ്ങളുടെ വരുമാനത്തെപ്പററി അവളോടു കള്ളംപറയരുതു്.

കുടുംബസംബന്ധമായ ധനവിനിമയകാര്യങ്ങൾ ഭാര്യയിൽനിന്നു മറച്ചുവയ്ക്കുന്ന ഭർത്താവു ശിക്ഷാർഹനാണെന്നു കരുതുക.

നിങ്ങളുടെ വിവാഹവാർഷികവും കുട്ടികളുടെ ജന്മദിനങ്ങളും മറക്കരുതാത്ത സുദിനങ്ങളാണു്.

ചൂടുപിടിച്ച വാദപ്രതിവാദം ഭാര്യയുമായി നടത്തരുതു്.

ഏതുവാദത്തിലും ഒടുവിൽ പറഞ്ഞുനിറുത്തുന്നതു സ്ത്രീതന്നെയായിരിക്കുമെന്നുള്ള വസ്തുത നിങ്ങൾ മറന്നു പോകരുതു്.

### രണ്ടു മാതൃകകൾ

വിവാഹജീവിതത്തിന്റെ ഇങ്ങേത്തലയ്ക്കൽതൊട്ട് അങ്ങേത്തലയ്ക്കൽവരെ ദമ്പതികൾക്ക് ഉണർവും ഉത്തേജനവും പകരുന്ന രണ്ടു ഉജ്ജ്വലമാതൃകകളുണ്ട്. ഒന്ന്: പരിശുദ്ധ കന്യകയുടേയും യൗസേപ്പുപിതാവിന്റേയും വൈവാഹികജീവിതം. നിർദ്ധനരും അദ്ധ്വാനശീലരുമായിരുന്നു അവർ. വൈവാഹികജീവിതത്തിൽ അവർക്കുമുണ്ടായിരുന്നു വേദനിപ്പിക്കുന്നതും വിഷമിപ്പിക്കുന്നതുമായ പ്രശ്നങ്ങൾ. ദൈവകുമാരനു മണ്ണിൽ പിറക്കുവാൻ ഒരു വിടുതി അന്വേഷിച്ച് അവർ കുഴയുന്നു; കൈക്കുഞ്ഞായ ഈശോയേയുംകൊണ്ട് ഈജിപ്റ്റിലേക്ക് അവർക്ക് ഒളിച്ചോടിപ്പോകേണ്ടിയിരുന്നു! പന്ത്രണ്ടാമത്തെ വയസ്സിൽ ദിവ്യകുമാരൻ ജറൂസലത്തുവച്ച് അവർക്കു നഷ്ടപ്പെടുന്നു! മൂന്നു നീണ്ടദിനങ്ങൾ വേദനതിന്നുകൊണ്ട് അവർ അന്വേഷിച്ചു നടക്കുന്നു! പക്ഷേ, അവരുടെ പരസ്പരസ്നേഹൈക്യവും ദൈവഭയവും എത്ര മഹനീയമായിരുന്നു, പ്രശംസനീയമായിരുന്നു! എല്ലാ പ്രതിസന്ധിഘട്ടങ്ങളേയും അവർ വിജയപൂർവം തരണം ചെയ്തു. ഇവകൊണ്ടൊന്നും അവരുടെ വിവാഹബന്ധം ഉലഞ്ഞില്ല; പ്രത്യുത, കൂടുതൽ കൂടുതൽ ശക്തിപ്പെടുകയേ ചെയ്തുള്ളു.

ദൈവത്തിന്റെ മനുഷ്യാവതാരരഹസ്യത്തെപ്പററി അറിവില്ലാതിരുന്ന വി. യൗസേപ്പ് മറിയത്തെ സംശയിക്കുന്നു. എന്നിട്ടോ? ആ സംശയത്തിൻപേരിൽ അവളെ രഹസ്യമായി ഉപേക്ഷിച്ചുപോകുവാൻപോലും അദ്ദേഹം തയ്യാറെടുക്കുന്നു. എന്നാൽ, ഒരു മാലാഖ നിദ്രാവേളയിൽ അദ്ദേഹത്തിനു പ്രത്യക്ഷനായി യാഥാർത്ഥ്യം ഗ്രഹിപ്പി

ക്കുന്നു. മറിയത്തെ ഉപേക്ഷിക്കരുതെന്നു അദ്ദേഹത്തോ ടുപദേശിക്കുന്നു. സന്ദേഹത്തിൻപേരിൽ മറിയത്തെ വി ട്ടുപേക്ഷിച്ച് അദ്ദേഹം പോയിരുന്നെങ്കിൽ! എങ്കിൽ, അ തിൽമന്തിയ ഒരബദ്ധം അദ്ദേഹം പ്രവൎത്തിക്കുകയില്ലായി രുന്നു. എങ്കിൽ, ഈശോയുടേയും മറിയത്തിന്റേയും ഉസ്നേഹപൂർവകമായ പരിലാളനകളേററ് അവരുടെ പരി ശുദ്ധകരങ്ങളിൽക്കിടന്നു മരണമടയുവാൻ അദ്ദേഹത്തിനു സാധിക്കുകയില്ലായിരുന്നു.

നിങ്ങളുടെ വൈവാഹികജീവിതത്തിലും കരിനിഴലു കറം വീശിയടുത്തേക്കാം. ആകുലരാകാതിരിക്കുക. ശാ ന്തതയോടേ അവയെ നേരിടുവാൻ ശ്രമിക്കുക. ദൈവ ത്തിലുള്ള പതറാത്ത വിശ്വാസവും കുറയാത്ത ഭയവും അ തിനിർമ്മലമായ ദാമ്പത്യപ്രേമവുമാണ് ഈ കരിനിഴലു കളെയെല്ലാം ആട്ടിപ്പായിക്കുവാൻ ഭൎത്താക്കന്മാർക്കു കരറം കരുത്തു പകൻകൊടുക്കേണ്ടതു്. എല്ലാ വൈഷമ്യങ്ങളേ യും തുരത്തേറിയേണ്ടവർ അവരാണ്. വ്യക്തിപരമായ താല്പര്യങ്ങളേയും ഉറംച്ചായ്വുകളേയുമെല്ലാം യഥാസമയം കടിഞ്ഞാണിട്ടുകൊണ്ടു അനുമോദനാർഹമാംവിധം ആത്മ നിയന്ത്രണം പാലിച്ചാൽ അവർ ഉദാരമായി പ്രതിസമ്മാ നിക്കപ്പെടും.

## “മണവാട്ടിയെപ്പോലെ അണിഞ്ഞൊരുങ്ങി”

ദാമ്പത്യജീവിതം നയിക്കുന്നവർക്കുള്ള രണ്ടാമത്തേ മാതൃക ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യമാണ്. ഇ തു് മുൻപറഞ്ഞ മാതൃകയെക്കാറം ഉൽകൃഷ്ടമത്രേ. ഈ ഐക്യം പരമസ്നിഗ്ദ്ധവും സുദൃഢവും അവാച്യമായ മ ധുരിമ പേറുന്നതുമാണെന്നു നമ്മറം മുൻപു കണ്ടുകഴി

ഞ്ഞു. ഈ സ്നേഹൈക്യം ഇരുവർക്കും—ക്രിസ്തുവിനും സഭയ്ക്കും—സ്വർഗ്ഗത്തിലും ഭൂമിയിലും ശാശ്വതമായ മഹിമയും വിജയവും നിർവൃതിയും നല്കുന്ന ഉറവക്കണ്ണിയാണ്.

ഈ സ്നേഹൈക്യം ദമ്പതികൾ തങ്ങളുടെ ജീവിതത്തിലേക്കും പകർത്തിയെടുക്കട്ടെ. അപ്പോൾ, "(പുതിയ ഓർശ്ലേം ആകുന്ന) വിശുദ്ധനഗരം തൻെറ ഭർത്താവിനായി അലംകരിച്ചിരിക്കുന്ന മണവാട്ടിയെപ്പോലെ ഒരുങ്ങിയവളായി സ്വർഗ്ഗത്തിൽനിന്ന്, ദൈവത്തിൽനിന്ന്, ഇറങ്ങുന്നതു ഞാൻ കണ്ടു" എന്ന് വി. യോഹന്നാൻശ്ലീഹാ വെളിപാടിൽ വർണ്ണിച്ചിരിക്കുന്ന സഭയുടെ ഒരു പ്രതീകമായിരിക്കും അവരുടേയും ദാമ്പത്യം.

അങ്ങനെ, തങ്ങളുടെ ദാമ്പത്യമലക്കാവിനെ വിശ്വസ്തതയോടെ കാത്തുസൂക്ഷിച്ചതിനാൽ ദൈവം സമയത്തിൻെറ പൂർണ്ണിമയിൽ സ്വർഗ്ഗീയമലക്കാവിൽ അവരെ ആനന്ദിപ്പിക്കാതിരിക്കുകയില്ല. അതേ, ആനന്ദത്തിൻെറ ആ പ്രദേശത്ത് "അവരുടെ കണ്ണുകളിൽനിന്നു കണ്ണുനീരെല്ലാം നിലച്ചുപോകും. ഇനി മരണം ഉണ്ടാകയില്ല. കരച്ചിലോ, അലച്ചിലോ, മുറവിളിയോ ഇനിയുണ്ടാകയില്ല. കാരണം, ആദ്യത്തേവ കടന്നുപോയി" (വെളി. 21: 4).

*L. D. V. M.*

DC Library
*00004823*
T63.1 K96

T63.1
K96.

Indic Digital Archive Foundation
gpura.org